# നീതിബോധകഥകൾ.

തേലപ്പുറത്തു നാരായണന്നമ്പിയാൽ

പാലിഭാഷയിൽനിന്നു

തർജ്ജമ ചെയ്യപ്പെട്ടതു്.

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുകൂടത്തിൽ

അച്ചടിച്ചതു്.

(All Rights Reserved.)

1091.

വില എട്ടണ.

DEVISAHAYAM. KUTHAZHATHU.

VIVEKANANDA VILASAM LIBRARY. PERINAD. M. KRISHNAN ASAN. VILAYATHU

# പ്രസ്താവന.

ഈ കഥകൾ 'പാലി' ഭാഷയിലുള്ള 'ജാതകകഥ'കളുടെ പരിഭാഷയാകുന്നു. "നീതിബോധകഥകൾ" എന്ന പേർ, ഇവയിലടങ്ങീട്ടുള്ള തത്വങ്ങളെ അടിസ്ഥാനമാക്കി ഞാൻ കല്പിച്ചിട്ടുള്ളതാണ്. "ബുദ്ധാവതാരങ്ങൾ" എന്നു പറയുന്നതിന്നും വിരോധമുണ്ടെന്നു തോന്നുന്നില്ല. മൂലത്തെ അനുസരിച്ച്, ഓരോ കഥകളുള്ള പ്രത്യേകം പേരുകൾ അതാതിന്റെ മുകളിൽ കൊടുത്തിട്ടുമുണ്ട്. ആകെയുള്ള തർജ്ജമയിൽ മൂലത്തിന്റെ അർത്ഥം വിട്ടു സ്വന്തം വല്ല മനോധർമ്മമോ മാററമോ ഞാൻ ചെയ്തിട്ടില്ല. എന്നാൽ, ഒരു കഥ അസ്സലെഴുതുന്ന സമയം മൂലമെന്നല്ല ശരിയായ പകപ്പും കിട്ടാനിടവരാതെ പ്രവൃത്തി മുഴുമിക്കേണ്ടിവന്നിട്ടുണ്ട്. അതും തല്ക്കാലം കയ്യുശത്തിലുണ്ടായിരുന്ന അസ്പഷ്ടമായ ഒരു കുറിപ്പിനെ ആസ്പദമാക്കിക്കൊണ്ടുതന്നെയാണ്. അതുകൊണ്ട് ആ കഥയിൽ മാത്രം മൂലവുമായി ചുരുക്കം ചില വ്യത്യാസങ്ങൾ കണ്ടേക്കാം. അവ കഥാശരീരത്തെ ബാധിക്കുകയുമില്ല. ഈ പുസ്തകത്തിലുള്ള പദ്യ[illegible]ള്ളാം നേരുതർജ്ജമതന്നെയാണ്.

നീതിബോധകഥകളിൽ ചിലതിന്റെ ഛായയുള്ള കഥകൾ പഞ്ചതന്ത്രത്തിലും മററും കണ്ടിട്ടുണ്ട്. അതുകളെത്തന്നെ ഉൽകൃഷ്ടങ്ങളായ നീതിസാരങ്ങളാണെന്നു വിദ്വാന്മാർ കല്പിച്ചിരിക്കുന്നു. ആ സ്ഥിതിക്കു, ജാതകകഥകൾ പഞ്ചതന്ത്രത്തിൽനിന്നോ മററൊ ഗ്രഹിച്ചു പരിഷ്കരിച്ചവയാണെന്നു വന്നുകൂടയോ? എന്ന ശങ്കയ്ക്കു വകാശമില്ല. ജാതകകഥകളുടെ പ്രാചീന[illegible]മാലോചിച്ചാൽ പഞ്ചതന്ത്രം മുതലായവ ഇവയിൽനിന്നെ[illegible]ത്തതാണെന്നേ വരുവാൻ തരമുള്ളൂ. പാലിഭാഷ ഇന്ത്യയിൽ പ്രചരിച്ചിരുന്നതു ബുദ്ധമുനിയുടെ കാലത്തും അതിനു[illegible]വുമാണല്ലോ. ഏതുവിധം ആലോചിച്ചാലും ഈ കഥകൾ[illegible]റവും പ്രാചീനങ്ങളാണെന്നു കാണുന്നുണ്ട്.

നീതിയേയും ധർമ്മത്തെ[illegible]ത്യാശ്ചര്യരീതിയിൽ വെളിപ്പെടുത്തുന്നവയായ ജാതകകഥകളിലെ സാരങ്ങൾ ഏതുമനുഷ്യനും പഠിച്ചറിയേണ്ടവയാണെന്നുള്ള ബോധം അവ വായിച്ച കാലത്ത് എനിക്കുണ്ടാവുകയും അതനുസരിച്ച് എന്റെ നാട്ടുകാൎക്കു പരക്കെ സൌകര്യം വരത്തക്കവിധം ഞാൻ തർജ്ജമതുടങ്ങി ഒരുവിധം മുഴുമിക്കുകയും ചെയ്തു. ചില യോഗ്യന്മാരെ കാണിച്ച് അവരുടെ അഭിപ്രായമറിഞ്ഞല്ലാതെ പ്രസിദ്ധപ്പെടുത്തുന്നതല്ലെന്നു[illegible] അ

തിന്നു സൌകൎയ്യം വരാതെ കുറേക്കാലം പുസ്തകം സൂക്ഷിച്ചു വെക്കുകയാണ് പിന്നെയുണ്ടായത്. അങ്ങിനെയിരിക്കെ 1914 അക്ടോബർമാസത്തിൽ തൃശ്ശിവപേരൂരിൽവെച്ചു കൂടിയ ബ്രഹ്മവിദ്യാസമാജത്തിന്നു പോവാൻ എനിക്കിടവന്നു. അപ്പോൾ കഥകളുടെ പകൎപ്പും എടുത്തിട്ടുണ്ടായിരുന്നു. ആ പകൎപ്പ് അവിടെവെച്ചു എന്റെ ഒരു മാന്യമിത്രമായ ടി. സി. പരമേശ്വരൻ മൂസ്സതവർകളെ കാണിക്കുകയും അദ്ദേഹം അതിലെ ചില കഥകൾ വായിച്ചു തൃപ്തിപ്പെടുകയുമുണ്ടായി. ഇതു തീൎച്ചയായും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഭാരതവിലാസം അച്ചുക്കൂടം മാനേജരുമായി അച്ചടിക്കുവേണ്ടുന്ന ഒത്താശകൾ ചെയ്തതും മററും ആ മഹാൻതന്നെയാണ്. അഭിനവവാചസ്പതിയെന്ന ബിരുദത്തിന്ന് അൎഹനായ മൂസ്സതവർകളുടെ അനുമോദനം മാത്രമെ ഇതിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ ധൈൎയ്യപ്പെടുത്തുന്നുള്ളു.

ഞാൻ പാലിഭാഷ പഠിപ്പാനും ഈ തൎജ്ജമകൾ പുറപ്പെടുവാനും ഇടവന്നതു മഹാമഹിമശ്രീ രാജാ കേ. സി. മാനവേദൻ തമ്പുരാൻ തിരുമനസ്സിലെ ഉപദേശവും സഹായവും നിമിത്തമാണെന്നുള്ള വാസ്തവവും ഇവിടെ കൃതജ്ഞതാപൂൎവ്വം പറഞ്ഞുകൊള്ളുന്നു. ഈ കഥകൾ വായിക്കുന്നതിൽനിന്നു മലയാളികൾക്കു സ്വല്പം ഗുണമെങ്കിലും ഉണ്ടാകുമെങ്കിൽ എന്റെ പ്രയത്നം സഫലമായിവരുന്നതാണ്.

T. N. N.

KARTHYAYENI VILAYATHU-HOUSE PERINAD QUILON.
VIVEKANANDA VILASAM LIBRARY. PERINAD. C. KRISHNAN ASAN. VILAYATHU.

ബുദ്ധാവതാരങ്ങൾ

[illegible] ല്ലുകിൽ

# നീതിബോധകഥകൾ.

## ൧. ബകപക്ഷി.

പണ്ട് ഒരു കാനനദേശത്തിൽ ശോഭിക്കുന്ന പത്മസരസ്സിന്റെ തീരത്തിലുള്ള വൃക്ഷത്തിന്മേൽ ബോധിസത്വൻ വൃക്ഷദേവതയുടെ രൂപം ധരിച്ചു പാൎക്കുകയുണ്ടായി. അക്കാലത്ത് അതിന്നേതാണ്ടടുത്തു ചെറിയൊരു തടാകത്തിലെ ജലം വേനൽബാധകൊണ്ടു കുറഞ്ഞു വരികയാൽ അതിലുള്ള മത്സ്യങ്ങൾക്കു പാൎക്കാൻ സ്ഥലം പോരാതെ വന്നു. ആയവസരം കണ്ടുകൊണ്ടിരുന്ന ഒരു ബകപക്ഷി എന്നാൽ കൊക്ക്, ഉപായത്തിൽ ഈ മത്സ്യങ്ങളെ കബളിച്ചു ഭക്ഷിക്കണമെന്നാഗ്രഹിച്ചുകൊണ്ട്, ആ കുളത്തിന്നു സമീപം ചെന്നു ധ്യാനിയെപ്പോലെ കണ്ണടച്ചിരിപ്പായി.

സമാധിനിരതനായ പക്ഷിയെ പതിവായി കാണുകയാൽ ഒരിക്കൽ മത്സ്യങ്ങൾ അടുത്തുചെന്ന് "ആൎയ്യ! എന്താണെപ്പോഴും ഉള്ളിൽ ധ്യാനിച്ചിരിക്കുന്നത്" എന്നു ചോദിച്ചു.

ബകം—എന്റെ ഉള്ളിൽ നിങ്ങളെക്കുറിച്ചുള്ള ചിന്തമാത്രമാണ്. അല്ലാതെ മറ്റൊരു ധ്യാനമില്ല.

മത്സ്യങ്ങൾ— എന്താണത്?.

ബകം— "ഈ കുളത്തിൽ വെള്ളം തീരെ വററാനടുത്തു. വേനലിന്നു ക്ഷണം തോറും ശക്തിയും കൂടുന്നു. ഇതിലെ മത്സ്യങ്ങൾ ഇനിയെന്തു ചെയ്യും." എന്നുള്ള ആലോചന തന്നെ.

മത്സ്യങ്ങൾ— എന്നാൽ അങ്ങുന്നേ! ആലോചിച്ചിട്ടു വല്ല വഴിയും കാണുന്നുണ്ടോ?.

ബകം—എന്റെ വാക്കനുസരിക്കുന്നതായാൽ എല്ലാം ക്ഷേമമാക്കാം. അല്പം അകലെ പഞ്ചവർണ്ണപത്മഭാസുരമായ വലിയൊരു സരസ്സുണ്ട്. ഞാൻ നിങ്ങളെ ഓരോരുത്തരെയായി കൊക്കുകൊണ്ടെടുത്ത് അതിൽ കൊണ്ടാക്കാം.

മത്സ്യങ്ങൾ— ആശ്ചര്യ! നല്ല യുക്തി!! അങ്ങേയ്ക്കു ഞങ്ങളെ എല്ലാം തിന്നൊടുക്കാൻ ഇതു നല്ല വിദ്യ തന്നെ. ഒരു കൊക്കു മത്സ്യങ്ങളെ എത്ര കണ്ടു സ്നേഹിക്കും?

ബകം— ഓഹോ ഇങ്ങിനെയോ! നിങ്ങളെ വിശ്വസിപ്പിക്കണമെന്ന് എനിക്കാഗ്രഹമില്ല. ജീവകാരുണ്യം നിമിത്തം പറഞ്ഞു എന്നേ ഉള്ളു. ഇതിൽ സന്ദേഹമുണ്ടെങ്കിൽ ഏതെങ്കിലും ഒരുത്തൻ എന്റെ ഒരുമിച്ചു പോന്നുനോക്കട്ടെ! സരസ്സു കാണിച്ചുകൊടുത്ത് ഇവിടെ കൊണ്ടുവരാം.

“ഈ പക്ഷി ജലത്തിലും സ്ഥലത്തിലും ഒരേവിധം പരിചിതനാണല്ലോ” എന്ന് ഓർക്കുകയാൽ മത്സ്യങ്ങൾക്ക് അവന്റെ വാക്കിൽ അല്പം വിശ്വാസമാകയും ഒരു കുരുടൻമത്സ്യത്തെ കാണിച്ചുകൊടുത്ത് “ഇവനെ കൊണ്ടുപോവാ”മെന്നു പറകയും ചെയ്തു.

കൊക്കു കുരുടനെയും എടുത്തുകൊണ്ടുപോയി ചെന്നു സരസ്സിലെത്തിച്ചു. ആ പൊയ്കയുടെ വലിപ്പവും ജലത്തിന്റെ സുഭിക്ഷതയും നല്ലവണ്ണം മനസ്സിലാക്കിയെന്നു മത്സ്യത്തെ പകട്ടി തിരികെ കൊണ്ടുവന്നു മററുള്ള മത്സ്യങ്ങൾക്കരികേവിട്ടു. അവനിൽനിന്നു സരസ്സിലെ സമൃദ്ധി കേട്ടറികയാൽ “ഞാൻ മുമ്പെ ഞാൻ മുമ്പെ” എന്ന നിലയിൽ എല്ലാ മത്സ്യങ്ങളും പോവാനൊരുങ്ങി.

ഭാഗ്യവാനായ ബകമാകട്ടെ, ഒന്നാമത്തു കുരുടൻമത്സ്യത്തെ തന്നെയെടുത്തു സമീപമുള്ള ഒരു മരുതുവൃക്ഷത്തിന്മേൽ കൊണ്ടുവെച്ചു മൃഷ്ടഭോജനം ചെയ്തു മടങ്ങിച്ചെന്നു. “അവനെ കൊണ്ടാക്കി ഇനിയൊരാൾ പോരട്ടെ” എന്നായി. ഇങ്ങിനെ ഉപായം പറഞ്ഞ് ആ വിദ്വാൻ കുറെ ദിവസങ്ങൾകൊണ്ടു മത്സ്യങ്ങളെയെല്ലാം കൊണ്ടുപോയി തിന്നുകഴിഞ്ഞു. ആ കുളത്തിൽ പിന്നെ ഒരു ഞണ്ടുമാത്രം ബാക്കിയുണ്ട്. അതിനേയും തിന്നാനാഗ്രഹിച്ചുകൊണ്ട് അടു

ണ്ടുവചന്ന് "എടോ താനും വരുന്നില്ലേ? മത്സ്യങ്ങൾക്കെല്ലാം ഞാൻ നല്ല സുഖമാക്കി" എന്നു പറഞ്ഞു.

ഞണ്ട്—എന്നെ എങ്ങിനെയാണ് നീ കൊണ്ടുപോവുന്നത്?

ബകം—കൊക്കുകൊണ്ടെടുത്തിട്ട്.

ഞണ്ട്—നല്ല കാൎയ്യം. നീയെന്നെ ഇങ്ങിനെ കൊണ്ടുപോവുന്നതായാൽ ഇടക്കു തള്ളിവിട്ടെങ്കിലോ വേണ്ടവേണ്ട: ഞാൻ നിന്റെ കൂടെ വരുന്നില്ല.

ബകം—പേടിക്കണ്ട; ഞാൻ തന്നെ വേദനിക്കാതെ നല്ലവണ്ണം സൂക്ഷിച്ചെടുത്തുകൊണ്ടു പോവാം.

"ഈ വിദ്വാൻ മത്സ്യങ്ങളെ എടുത്തുകൊണ്ടു പോകുന്നതല്ലാതെ സരസ്സിൽ കൊണ്ടാക്കുകയെന്നത് അസംഭവം തന്നെ. ആകട്ടെ; എന്റെ കാൎയ്യമോ? ഇവൻ അവിടെ എത്തിച്ചാൽ കുശലമായി; അതില്ലാത്ത പക്ഷം എനിക്കു ഇവനെ കഴുത്തിറുക്കി മുറിച്ചു കൊന്നുകളകയും ചെയ്യാം." ഇങ്ങിനെ നിശ്ചയിച്ചുകൊണ്ടു ഞണ്ടു പറഞ്ഞു. "സൌമ്യ! ബകപക്ഷി! നിനക്കെന്നെ കൊണ്ടുപോകുമ്പോൾ നല്ലവണ്ണം പിടിച്ചോതുക്കുവാൻ സാധിക്കയില്ല. എന്റെ ജാതിക്കാൎക്കു അങ്ങോട്ട് ആരെയും പിടിപ്പാൻ സൌകൎയ്യവുമുണ്ട്. അതിനാൽ എന്റെ പിൻകാലുകൾകൊണ്ടു നിന്റെ കഴുത്തിൽ പിടിക്കട്ടെ. എന്നാൽ വീണുപോകയില്ലല്ലൊ."

തന്നെ വഞ്ചിക്കാനാണെന്ന വിചാരമില്ലാതെ ബകം ആ ജലജന്തുവിന്റെ വാക്കു വിശ്വസിച്ചെടുത്തു. ഞണ്ടു തന്റെ ഇറുക്കുകാലുകൾക്കിടയിൽ കൊക്കിന്റെ കഴുത്തു കണിയിലെന്നപോലെ കുരുക്കിക്കൊണ്ട് "എന്നാലിനി പോകയല്ലേ" എന്നു ചോദിക്കുകയും പക്ഷി പറന്നു മരുതിന്റെ അഭിമുഖമായി തിരിക്കുകയും ചെയ്തു.

ഞണ്ട്—അമ്മാമാ! ഇതെന്താണ്? ഇവിടെയാണോ സരസ്സ്? നിങ്ങളെന്താണ് എന്നെയും എടുത്തു മരത്തിന്റെ നേരെ തിരിയുന്നത്?

ബകം—മരുമകനേ! നീയാദ്യം എന്നെയൊന്നു തോല്പിക്കാൻ നോക്കി. അതു പാറിയില്ല. അതാ മരച്ചുവട്ടിലേക്കു നോക്കു. കാണു

ന്നതെല്ലാം മീനുകളുടെ എല്ലാണ്. അവരെയൊക്കെ ഞാൻ തിന്നു. നിന്നെയും അതേവിധം തന്നെയാണ് ഭാവിക്കുന്നത്.

ഞണ്ട്—അതു പററിയില്ല. മത്സ്യങ്ങൾക്കു കഥയില്ലായ്കയാൽ നിന്റെ ചതി പററി. ഞാനോ! ഇതു മുമ്പെ കരുതിയിരിക്കുന്നു. എന്നെ കൊല്ലാനയക്കില്ലെന്നല്ല, നിന്നെ ഞാൻ കൊല്ലുകയും ചെയ്യും. നീയൊരു വിഡ്ഢിയാകയാൽ എന്റെ ചതി നീയറിഞ്ഞില്ല. പക്ഷേ നോം രണ്ടാളും ചത്തുവെന്നും വരാം. ഇതാ നിന്റെ കഴുത്തിപ്പോൾ മുറിച്ചു നിലത്തിടുകയായി.

എന്നു പറഞ്ഞു തന്റെ ഇറുക്കുകാൽകൊണ്ടു തുക്കുകയർകൊണ്ടെന്നപോലെ കൊക്കിന്റെ കഴുത്തു വല്ലാതെ മുറുക്കിത്തുടങ്ങി. ആ പക്ഷിയാകട്ടെ മുഖം വിളറി കണ്ണീർ പൊഴിച്ചു മരണഭീതനായിട്ടു "സ്വാമിൻ! ഞാനങ്ങയെ ഉപദ്രവിക്കയില്ല! എന്നെ കൊല്ലരുതേ" എന്നപേക്ഷിച്ചു. "എന്നാൽ എന്നെ തടാകത്തിൽ കൊണ്ടാക്കുക" എന്നു ഞണ്ടു പറകയും ബകം വേഗത്തിൽ തടാകത്തിന്നരികിൽ എത്തിക്കുകയും ചെയ്തു. ഞണ്ടാകട്ടെ അരുവാൾകൊണ്ട് ആമ്പൽത്തണ്ടിനെയെന്നപോലെ അവന്റെ കഴുത്തു മുറിച്ചിട്ടുശേഷം താൻ ക്ഷണത്തിൽ വെള്ളത്തിലേക്കു ചാടി.

ഈ ആശ്ചര്യസംഭവത്തെ കണ്ടുകൊണ്ടിരിക്കുന്ന മരുതുവൃക്ഷത്തിലെ ദേവതയായ ബോധിസത്വൻ വനപ്രദേശം മുഴുവൻ കേൾക്കുമാറ് ഇങ്ങിനെയൊരു ഗാഥ ചൊല്ലി.

"എന്നുംനികൃതിചെയ്വാനായോർത്താൽമാത്രംസുഖംവരാ
ഞണ്ടുകൊക്കിനെയാമ്മട്ടു നികൃതിജ്ഞൻതുടർന്നിടും."

## ൨. നൃത്തം.

ഒന്നാം കല്പകാലത്തിൽ നാല്ക്കാലിമൃഗങ്ങളെല്ലാംകൂടി സിംഹത്തെ രാജാവാക്കി വരിച്ചു. മത്സ്യവർഗ്ഗങ്ങൾ ആനന്ദമത്സ്യത്തെയും രാജാവാക്കി. പറവജാതികളിൽ സുവർണ്ണഹംസവും രാജാവായി. അങ്ങിനെയിരിക്കുമ്പോൾ പക്ഷിരാജാവായ ഹംസത്തിന്നു വളരെ

സുന്ദരിയായ ഒരു പുത്രിയുണ്ടായി. അവൾ അദ്ദേഹത്തിന്റെ പ്രേമഭാജനമായിരുന്നു. അതിനാൽ ബോദ്ധ്യപ്രകാരം ഏതെങ്കിലും ഒരു പക്ഷിയെ ഭൎത്താവാക്കിക്കൊൾവാൻ അവൾക്കു സ്വാതന്ത്ര്യം കൊടുത്തിരുന്നു. അവൾ പലരെയും നോക്കിത്തൃപ്തിപ്പെടാതെ അച്ഛനോടൊരുമിച്ചുതന്നെ ഹിമവൽപൎവ്വതത്തിലെത്തിച്ചേൎന്നു. അവിടെ ഹംസമയൂരാദികളായ അനേകം പക്ഷിവൃന്ദങ്ങളുള്ളവയ്ക്കു മദ്ധ്യേ, ഹംസരാജാവ് ഒരു പാറമേലിരുന്നുകൊണ്ട് "ഇവരിൽവെച്ചു നിനക്കു ഇഷ്ടമുള്ളവരെ വരിക്കാം" എന്നു കല്പിച്ചു. അവൾ പക്ഷികളെയെല്ലാം പ്രത്യേകം സൂക്ഷിച്ചുനോക്കിയതിൽ ഇന്ദ്രനീലഗ്രീവനും ചിത്രപ്രേക്ഷണനുമായ മയിലിനെ കണ്ട് അവനെ താൻ വരിക്കുന്നുവെന്നു പറഞ്ഞു. ശേഷമുള്ള പക്ഷികൾ ആ മയിലിനോടു "ഹേ ഭാഗ്യജീവി! രാജവത്സലയായ ഈ കന്യക താങ്കളെ വിവാഹം ചെയ്വാനിഷ്ടപ്പെടുന്നു" എന്നറിയിച്ചു. ഇതു കേൾക്കയാൽ മയിൽ സന്തോഷാകുലനായിത്തീൎന്നു. "എന്റെ സൌന്ദൎയ്യം മാത്രം കണ്ടപ്പോഴേക്കു ഇവൾ ഇത്രകണ്ടു ഭ്രമിച്ചിരിക്കുന്നു; ഇനി വിദ്യയും ഒന്നു കാണിച്ചുകൊടുക്കട്ടെ" എന്നു നിശ്ചയിച്ചു ആ പക്ഷികളുടെ നടുവിൽ മയിൽ നിൎല്ലജ്ജനായി നൃത്തം വെക്കുവാൻ തുടങ്ങി. അവന്റെ ദേഹം ഇത്രയേ ഉള്ളുവെന്നും ഘോഷമായി കാണുന്നതെല്ലാം പീലിയാണെന്നുമുള്ള ഉള്ളുകള്ളി അതിനാൽ വെളിവായി. ഹംസരാജാവ് ഇതു കണ്ടു ലജ്ജിച്ചുകൊണ്ടു "കണ്ടാൽ നല്ല അഴകുള്ള കൂറ്റനാണെങ്കിലും ലജ്ജയും ഒതുക്കവും ഈ ജന്തുവിന്നു ലേശമില്ല; അതുകൊണ്ട് ഇവന്നു മകളെ കൊടുത്തുകൂട." എന്നിങ്ങിനെ വിചാരിച്ച് അദ്ദേഹം പക്ഷിസംഘത്തിൽ വെച്ച് ഈ പദ്യം ചൊല്ലി.

"മനോജ്ഞശബ്ദം നിറമുള്ള പൃഷ്ഠം
കഴുത്തു വൈഡൂൎയ്യസമാനവൎണ്ണം
വിശേഷമാണക്ഷികളെങ്കിലും നിൻ
നൃത്തം നിമിത്തം മകളെത്തരാ ഞാൻ."

അതിന്നുശേഷം ഹംസരാജാവു സ്വന്തം മരുമകനായ ഒരു ഹംസകുമാരനെക്കൊണ്ടു ആ പക്ഷിക്കൂട്ടത്തിൽവെച്ചു തന്നെ പു-

ത്രിയെ വിവാഹം ചെയ്യിക്കുകയും അതുകണ്ടു മയിൽ ലജ്ജാവശനായി അവിടെനിന്നു പറന്നുപോവുകയും ചെയ്തു. ഹംസരാജാവായ ബോധിസത്വൻ സ്വസ്ഥാനത്തിലേക്കു പോയി.

## ൩. ശിംശുമാരൻ.

പണ്ടു ബ്രഹ്മദത്തനെന്ന രാജാവു കാശിരാജ്യം ഭരിച്ചിരുന്ന കാലത്തു ബോധിസത്വൻ ഹിമവൽപ്രദേശത്തിൽ ഒരു വാനരനായി ജനിക്കുകയും ബലം ധൈര്യം ദേഹപുഷ്ടി സൌഭാഗ്യം ഇവ കൊണ്ടെല്ലാം അതിയായ മഹത്വം സിദ്ധിച്ചുകൊണ്ടു ഗംഗാതീരത്തിലുള്ള ഒരു അരണ്യക്ഷേത്രത്തിൽ പാർത്തുവരികയും ചെയ്തു.

അക്കാലത്തു ഗംഗയിൽ ഒരു ശിംശുമാരൻ(ആൺമുതല)പാർക്കുന്നുണ്ടായിരുന്നു. അവന്റെ ഭാര്യ ബോധിസത്വന്റെ ഭംഗിയും പുഷ്ടിയുമേറിയ ദേഹത്തെ നിത്യതകണ്ടു വരികയാൽ അദ്ദേഹത്തിന്റെ ഹൃദയമാംസം ഭക്ഷിക്കണമെന്നാഗ്രിച്ചു തുടങ്ങി. ഒരിക്കൽ അവൾ ഭർത്താവിനോടു പറഞ്ഞു. "നാഥ! എനിക്കു ആ വാനരശ്രേഷ്ഠന്റെ ഹൃദയമാംസം തിന്നാൻ വളരെ ആഗ്രഹമുണ്ടു്; അതെങ്ങിനെയെങ്കിലും സാധിപ്പിച്ചുതരണം".

ശിംശുമാരൻ—ഭദ്രേ! നാം ജലജന്തുക്കളാണു്. അവൻ സ്ഥലഗോചരനുമാണല്ലോ. എങ്ങിനെ നമുക്കവനെ പിടിക്കാൻ കിട്ടും?

ഭാര്യ—എന്തുപായംകൊണ്ടെങ്കിലും പിടിച്ചുകൊണ്ടു വരണം. അവന്റെ ഹൃദയമാംസം കിട്ടിയില്ലെങ്കിൽ ഞാൻ മരിക്കയാണു നിശ്ചയം.

ഇങ്ങിനെയുള്ള വാശി കാണ്കയാൽ താനേതുവിധമെങ്കിലും അവളുടെ അഭീഷ്ടം സാധിപ്പിച്ചുകൊള്ളാമെന്നു പറഞ്ഞാശ്വസിപ്പിച്ച ശേഷം ശിംശുമാരൻ അവിടെനിന്നു തിരിച്ചു. ബോധിസത്വൻ ഗംഗയിൽനിന്നു വെള്ളം കുടിച്ചു കരയിലിരിക്കുന്നതായ തക്കംനോക്കി അവൻ അടുത്തുചെന്നു് ഇങ്ങിനെ പറഞ്ഞു. "ഹേ വാനരേന്ദ്ര! ഈ ശൂന്യപ്രദേശത്തു ദുസ്സ്വാദുഫലങ്ങളെ ഭക്ഷിച്ചുകൊ

ണ്ട് അങ്ങുന്നതിന കഷ്ടപ്പെടുന്നു? ഗംഗയുടെ അക്കരെ മാമ്പഴം മുന്തിരിങ്ങ ഈത്തപ്പഴം മുതലായ മധുരഫലങ്ങൾ സമൃദ്ധിയായുണ്ടല്ലോ. അവിടെ ചെന്ന് ആ വക ഭക്ഷിച്ചുകൂടയോ?

വാനരൻ—കുംഭീലരാജ! അത്യഗാധമായ ഈ നദി കടന്ന് എങ്ങിനെ ഞാൻ മറുകരയിലെത്തും?

ശിംശു— അങ്ങക്കാഗ്രഹമുണ്ടെങ്കിൽ ഞാൻ വഴിയുണ്ടാക്കാം. എന്റെ പുറത്തു കയറിക്കൊള്ളു.

ഈ ലൌകികംകേട്ടു ബോധിസത്വൻ മുതലയുടെ പുറത്തു കയറി. അവനാകട്ടെ അല്പം കൊണ്ടുപോയശേഷം വെള്ളത്തിൽ താഴുവാൻ തുടങ്ങി. "എന്താണിത് എന്നെ വെള്ളത്തിൽമുക്കുന്നത്?" എന്നു വാനരൻ ചോദിച്ചതിന്നു ശിംശുമാരന്റെ ഉത്തരം ഇതാണ്. "ധർമ്മബുദ്ധിയോടെ നിന്നെകൊണ്ടുപോകയല്ല ഞാൻ ചെയ്യുന്നതെന്ന് ഇനിയെങ്കിലും മനസ്സിലാക്കിക്കൊൾക." എന്റെ ഭാര്യക്കു നിന്റെ ഹൃദയമാംസം തിന്നാൽ വേണ്ടിയില്ലെന്നൊരാഗ്രഹമുണ്ടായി അതിന്നു വേണ്ടിയാണ് നിന്നെ കൊണ്ടുപോകുന്നത്.

വാനരൻ—എന്നാൽ അങ്ങുന്നു മഹാവിഡ്ഢിത്വമാണു പ്രവൃത്തിച്ചത്. ഹൃദയമാംസം എന്റെ വശത്തില്ല. മരക്കൊമ്പുകളിൽ ചാടിനടക്കുന്ന ഞങ്ങളാൽ ചിലരുടെ ഹൃദയമാംസം ദേഹത്തിലാക്കിക്കൊണ്ടു നടന്നാൽ അതു തവിടുപൊടിയായിത്തീരുമല്ലോ.

ശിംശു— എന്നാൽ പിന്നെ അതു സൂക്ഷിച്ചുവെച്ചതെവിടെയാണ്

വാനരൻ—കുറെദൂരത്തു പക്വഫലങ്ങളാൽ പരിവൃതമായി നില്ക്കുന്ന ഒരു അത്തിമരത്തെ കാണിച്ചുകൊടുത്ത് "നോക്കു! എന്റെ ഹൃദയം അതാ ഒരു അത്തിമരത്തിൽ തൂങ്ങിനില്ക്കുന്നു" എന്നു പറഞ്ഞു.

ശിംശു—എന്നാൽ അവിടെ ചെന്നു അതു കാട്ടിതന്നേക്കു; ഞാൻ നിന്നെ കൊല്ലുന്നില്ല.

അങ്ങിനെയാട്ടെ എന്നു ബോധിസത്വൻ സമ്മതിച്ചു ഉടനെ ശിംശുമാരൻ അദ്ദേഹത്തെ കരയ്ക്കൽതന്നെ കൊണ്ടാക്കി. ആ

വാനരൻ മുതലയുടെ പൃഷ്ഠത്തുനിന്നൊരു ചാട്ടംചാടി അത്തിവൃക്ഷത്തിലെത്തിയ ശേഷം ശിംശുമാരനെ നോക്കി ഇങ്ങിനെ പറഞ്ഞു; സൌമ്യ! ശിംശുമാരബാല! എന്നെപ്പോലെയുള്ള ജന്തുക്കളുടെ ഹൃദയംവൃക്ഷാഗ്രത്തിലാണെന്നതുസത്യമാണ്. എന്നാൽ നീ മഹാവിഡ്ഢിതന്നെ. നീയെന്നെ വഞ്ചിച്ചു. ഞാൻ നിന്നെയും വഞ്ചിച്ചു. നീ നിന്റെ ഗുണദോഷഫലങ്ങളെ നീതന്നെ അനുഭവിച്ചുകൊള്ളുക. നിന്റെ ദേഹം കൂററനാണെങ്കിലും അതിനുള്ളിൽ പ്രജ്ഞ ലേശവുമില്ല. എന്തുചെയ്യും? എന്നു പറഞ്ഞ് ഈ പദ്യങ്ങൾ ചൊല്ലി.

എനിക്കുനീചൊന്നതേന്മാമ്പഴമാദികൾവേണ്ടടോ
അവയക്കരെനില്ക്കട്ടെ യിപ്പോളത്തിപ്പഴംമതി.
"ദേഹംകണ്ടാൽകൂററനാംനീ പ്രജ്ഞയില്ലാത്തവിഡ്ഢിതാൻ
മുതലേ!നിന്നെവഞ്ചിച്ചേനിനിപ്പോകയഥാസുഖം."

കണക്കില്ലാത്ത തോല്വി പററിയ ശിംശുമാരനാകട്ടെ, ദുഃഖിച്ചും കരഞ്ഞും മനോരാജ്യം വിചാരിച്ചും വിഷണ്ണനായ്ത്തീർന്നു സ്വന്തം വാസസ്ഥലത്തേക്കുതന്നെ നടന്നു.

## ൪. വാനരേന്ദ്രൻ.

ബ്രഹ്മദത്തന്റെ കാലത്ത് ബോധിസത്വൻ കാശിയിൽ ഒരു വാനരനായി ജനിച്ചു. ഒരു കൂററൻകുതിരക്കുട്ടിപോലെ ദേഹപുഷ്ടിയും നല്ല ബലവും വിശേഷബുദ്ധിയുമുള്ള ആ വാനരൻ ഒരു നദീതീരത്തിൽ സ്വൈരമായി ക്രീഡിച്ചുകൊണ്ടു കാലക്ഷേപം ചെയ്യു. ആ നദിയുടെ മദ്ധ്യത്തിൽ നാനാപ്രകാരമുള്ള ആമ്രപനസാദിവൃക്ഷങ്ങളാൽ സമ്പന്നമായ ഒരു ദ്വീപുണ്ടായിരുന്നു. ഗജത്തെപ്പോലെ ബലവാനും ധീരനുമായ ബോധിസത്വൻ പതിവായി നദിയുടെ വക്കത്തുനിന്നു, വക്കിന്നും ദ്വീപിന്നും നടുവിലുള്ള ഒരു പാറമേലേക്കും അവിടെ നിന്നു ദ്വീപിലേക്കും ചാടിയെത്തുക പതിവാണ്. ആ തുരുത്തിലുള്ള തേന്മാവു, പനസം മുതലായതിന്റെ

ഫലങ്ങളെ യഥേഷ്ടം ഭക്ഷിച്ചു സന്ധ്യയാകുമ്പോൾ മുൻ വിവരിച്ച പാറയെത്തന്നെ ഒന്നാമത്തെ ചാട്ടത്തിന്നു ലാക്കാക്കിക്കൊണ്ട് വാനരൻ തന്റെ വാസസ്ഥലത്തേക്കു പോകയും ചെയ്യും. ഇങ്ങിനെ, രാവിലെ ദ്വീപിലേക്കു പോയി വൈകുന്നേരം മടങ്ങിവരികയെന്നത് ഒരു കൃത്യമായിത്തീൎന്നു.

അങ്ങിനെ കഴിഞ്ഞുവരുമ്പോൾ ആ നദിയിൽ പാൎത്തുവരുന്ന ഒരു പെൺമുതലെക്കു ബോധിസത്വന്റെ ഹൃദയമാംസം ഭക്ഷിപ്പാനാഗ്രഹം വരികയും അവൾ തന്റെ ഭൎത്താവോടു ഏതുവിധവും ആ ആഗ്രഹം സാധിപ്പിച്ചു കൊടുക്കണമെന്നപേക്ഷിക്കുകയും ചെയ്തു. അവനതു സമ്മതിച്ചു പലവഴിയും ആലോചിച്ചതിൽ വാനരൻ ദ്വീപിൽനിന്നു മടങ്ങിവരുന്ന വഴിക്കു പിടിക്കാൻ സൌകൎയ്യമുണ്ടെന്ന് ഒടുവിൽ തീൎച്ചയാക്കി. അതിനു വേണ്ടി വേഗേന അവിടെനിന്നിറങ്ങി മുൻ വിവരിച്ച പാറമേൽ ചെന്ന് അനക്കമില്ലാതെ കിടക്കുകയും ചെയ്തു.

നേരം അസ്തമിക്കാറായി, ബോധിസത്വൻ ദ്വീപിൽനിന്നു മടങ്ങുവാൻ തുടങ്ങുമ്പോൾ ഒന്നാം ചാട്ടത്തിന്നുള്ള സ്ഥലമായ പാറ കുറെ ഉയൎന്നതായി കണ്ടു. പുഴയിലെ വെള്ളത്തിന്നു മേലെ പാറ എത്രത്തോളം എകന്നു നില്ക്കുമെന്നു നിത്യപരിചയത്താൽ അദ്ദേഹത്തിന്നറിവുണ്ട്. "എന്താണിത്ര കുറെ പൊങ്ങിക്കാണുന്നത്? അല്പസമയംകൊണ്ടു വെള്ളം ഇത്രക്കു വാറവാനിടയില്ല. പാറ പതിവിലധികം പൊങ്ങിക്കാണുന്നു! കാരണം എന്തായിരിക്കും? എന്നെ പിടിക്കാനായി മുതലയോ മറ്റോ പാറിക്കൂടിയതായിരിക്കുമോ? അറിയട്ടെ!" എന്നിങ്ങിനെ വിചാരിച്ചുകൊണ്ട് "പാറേ! പാറേ!" എന്നിങ്ങിനെ വിളിച്ചു. പാറയോടു സംസാരിക്കുന്ന രീതിയിൽ പിന്നെയും തുടങ്ങി. "എടോ പാറേ! ഇന്നെന്താണ് നീ വിളി കേൾക്കാത്തത്? എന്നോടൊന്നും മിണ്ടില്ലെ?"

"ശരി! എല്ലാ ദിവസവും ഈ പാറ വാനരനോടു സംസാരിക്കാറുണ്ട്. ഇന്ന് അതില്ലാഞ്ഞാൽ ഇവന്നു സംശയമാവും. അതിനാൽ ഞാനും മിണ്ടാതിരിക്കുന്നില്ല" എന്നുറച്ചു മുതല "എന്താണ് വാനരേന്ദ്ര" എന്നു ചോദിച്ചു.

വാനരൻ—നീയാർ?

മുതല—ഞാൻ കുംഭീലൻ.

വാന—ഇവിടെ എന്തിനു വന്നു?

മുത—നിന്റെ ഹൃദയമാംസത്തിന്നു വേണ്ടി. എന്റെ ഭാൎയ്യക്കു് അതിന്മേൽ കൊതിയായിരിക്കുന്നു.

ഇതു കേട്ടപ്പോൾ ബോധിസത്വൻ തനിക്കു പോവാൻ മാൎഗ്ഗം വേറെയില്ലാത്തതിനാൽ മുതലയെ ചതിക്കാമെന്നുറച്ച് ഇങ്ങിനെ പറഞ്ഞു. സൌമ്യകുംഭീല! എന്റെ ദേഹത്തെ ഞാൻ നിനക്കായി സമൎപ്പിക്കാം! നീ വായ്പിളൎന്നുകൊണ്ടിരിക്കു; ഞാനടുത്തുവരുകയായി; പിടിച്ചുകൊള്ളുക."

വാനരന്റെ ഈ ഔദാൎയ്യം കേട്ടമാത്രയിൽ മുതല വായ്പൊളിച്ചു. മുതലകൾക്കു വായ്പിളൎന്നാൽ കണ്ണുകളടയുമെന്നു സമ്പ്രദായമാണു്. അതാലോചിക്കാതെയാണു് ആ വിഡ്ഢി വായ് തുറന്നതു്. അപ്പോൾ കണ്ണിന്നു കാഴ്ചയില്ലാതായി. വായും പൊളിച്ചു കണ്ണും ചിമ്മിയുള്ള അവന്റെ കിടപ്പു കണ്ടപ്പോൾ വാനരൻ തിരുത്തിൽനിന്നു ചാടി പാറമേൽ മുതലയുടെ തലയിൽ ചവിട്ടിക്കൊണ്ടു മിന്നൽപോലെ ശോഭിച്ചുകൊണ്ടുയൎന്നു ക്ഷണത്തിൽ നദിയുടെ തീരത്തിലെത്തിക്കഴിഞ്ഞു. ഈ സംഭവം കാണുകയാൽ മുതലയ്ക്കു വളരെ ആശ്ചൎയ്യമുണ്ടായി. അവൻ ബോധിസത്വനോടു് ഇങ്ങിനെ പറഞ്ഞു. "ഭോ വാനരേന്ദ്ര! ലോകത്തിൽ ചതുൎവ്വിധധൎമ്മങ്ങളെക്കൊണ്ടു വിശിഷ്ടപ്പെട്ടവൻ ഏതു് അമിത്രത്തെയും ജയിക്കുന്നതാണു്. അങ്ങിനെയുള്ള ധൎമ്മങ്ങൾ നാലും അങ്ങയുടെ ഉള്ളിലുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്?" അതോടുകൂടി ഈ ഗാഥയെ ചൊല്ലി.

"വാനരേന്ദ്ര! ഭവാനുള്ള നാലുധൎമ്മങ്ങളേവനോ?
സത്യം, ധൎമ്മം, ധൃതി, ത്യാഗമവൻ ദ്വിഷ്ടമണഞ്ഞിടും"

എന്നിങ്ങിനെ വാനരേന്ദ്രനെ പ്രശംസിച്ചുകൊണ്ടു മുതല തന്റെ വഴിക്കു പോവുകയും ചെയ്തു.

—ഠഠഠ—

## ൩. കുരംഗമൃഗം.

കാശിരാജ്യത്തു ബ്രഹ്മദത്തരാജാവിന്റെ കാലം, ബോധിസത്വൻ കുരംഗമൃഗമെന്ന ഒരുവക മാനുകളുടെ വർഗ്ഗത്തിൽ ജനിച്ചു. ആ മൃഗം കാട്ടിൽ നല്ലൊരു പൊയ്ക്കയ്ക്കരികെ വള്ളിക്കുടിലിൽ സ്ഥിരതാമസവുമായി. പൊയ്ക്കക്ക് ഏതാണ്ടു സമീപം ഒരു മരത്തിന്മേൽ മരങ്കൊത്തിയെന്ന ഒരു പക്ഷിയും പൊയ്ക്കയിൽ ഒരാമയും അക്കാലത്തുണ്ടായിരുന്നു. ഇവർ മൂന്നുപേരും അന്യോന്യം വളരെ സ്നേഹത്തിലുമാണ്.

ഒരിക്കൽ ഒരു കാട്ടാളൻ കാട്ടിൽകൂടി നടക്കുമ്പോൾ പൊയ്ക്കക്കു സമീപം ബോധിസത്വന്റെ കാലടികൾ പതിഞ്ഞു കാണുകയാൽ, "നല്ലൊരു മാൻ" ഈ ദിക്കിലുണ്ടെന്നു കരുതി അതിനെ പിടിപ്പാനായി അവിടെയെല്ലാം വലവെച്ചു. രാത്രിയുടെ ആദ്യയാമത്തിൽ ബോധിസത്വൻ വെള്ളം കുടിപ്പാനിറങ്ങിച്ചെന്ന സമയം ആ വലയിൽ കുടുങ്ങിപ്പോയി. വല ഇരിമ്പുപോലെ ഉറപ്പേറിയതായിരുന്നു. എന്തു ചെയ്തിട്ടും വിട്ടുപോവാൻ കഴിയാതെ ആ മാൻ നിലവിളിക്കുകയിൽ ആ ശബ്ദം കേട്ടു വൃക്ഷാഗ്രത്തിൽനിന്നു മരങ്കൊത്തിയും വെള്ളത്തിൽനിന്ന് ആമയും എത്തി സ്നേഹിതനെ ആപത്തിൽനിന്നു മോചിപ്പാനുള്ള വഴികളെ ആലോചിച്ചുതുടങ്ങി.

മരങ്കൊത്തി—(ആമയോടു) "സ്നേഹിതാ! തനിക്കു പല്ലുണ്ടല്ലോ. ഈ കയർ കടിച്ചുമുറിക്കു. ഞാൻ പോയി കാട്ടാളനെ ഇങ്ങോട്ടു വരാനയക്കാതെയാക്കട്ടെ. നാം രണ്ടാളും കൂടി സഹായിച്ചാൽ നമ്മുടെ സ്നേഹിതനു ബന്ധനത്തിൽനിന്നു വിട്ടുപോകാം." എന്നു പറഞ്ഞ് ഒരു പദ്യം ചൊല്ലി.

"ഇവനെക്കെട്ടിയ കയറാമേ! ഛേദിക്കു പല്ലിനാൽ
കാട്ടാളനെത്താത്ത വിധമാക്കാം ഞാൻ വല്ലമട്ടിലും".

ആമ വല കടിച്ചു പൊട്ടിക്കാൻ തുടങ്ങി. മരങ്കൊത്തി കാട്ടാളന്റെ കുടിലിലേക്കു ചെന്നു രാത്രിയിൽ ഒരു മരത്തിന്മേലിരുന്നു. പുലച്ചക്കു കാട്ടാളനെഴുനേററു തന്റെ ആയുധങ്ങളും സഞ്ചിയുമെ

ടുത്തു കിഴക്കേ ഉമ്മരത്തുകൂടി പുറത്തു പുറപ്പെട്ടപ്പൊഴും പക്ഷി ചിറകടിച്ചുകൊണ്ടു മുമ്പിൽ ചെന്നു മുഖത്തു ചിറകുകൊണ്ടു് ഒരടിയടിച്ചു. "ഏയ്! ഈ മാററിയാൻപക്ഷി തൊട്ടതൊരു ചീത്തശ്ശകുനമായി" എന്നു നിശ്ചയിച്ചു് അവൻ മടങ്ങി വീട്ടിൽത്തന്നെ ചെന്നു കിടന്നശേഷം വീണ്ടും ആയുധമെടുത്തു പുറപ്പെട്ടു. ആ വിദ്വാൻ ആദ്യം കിഴക്കുവഴിക്കു പുറപ്പെട്ടു മടങ്ങി; ഇനി എന്നെ പേടിച്ചു പടിഞ്ഞാട്ടായിരിക്കും പുറപ്പെടുന്നതു് എന്നു വിചാരിച്ചു് മരംകൊത്തി വീട്ടിന്റെ പടിഞ്ഞാറഭാഗത്തു ചെന്നിരുന്നു. പറഞ്ഞതുപോലെ, "ആ ഏഴവു കിഴക്കോട്ടിറങ്ങാൻ അയച്ചില്ല. ഇനി പടിഞ്ഞാറപുറത്തൂടെ പുറപ്പെടാം" എന്നു നിശ്ചയിച്ചു കാട്ടാളൻ ആ വഴിക്കിറങ്ങി. മരംകൊത്തി മുന്നെപ്പോലെ ചെന്നു മുഖത്തടിച്ചു. "ഇതെന്നെ പോവാനയക്കുന്നില്ലല്ലൊ; ദുർഘടമായി! ഇനി ഏതായാലും വെളിച്ചമാവട്ടെ" എന്നുറച്ചു കാട്ടാളൻ വീട്ടിൽ പോയി കിടക്കുകയും പുലരുമ്പോൾ പിന്നെയും പുറപ്പെടുകയും ചെയ്തു.

പക്ഷി മുൻകൂട്ടി പറന്നുചെന്നു കാട്ടാളന്റെ വരവു ബോധിസത്വന്നറിയിച്ചു. അപ്പൊഴക്കും ആമ വലക്കണ്ണികൾ കടിച്ചു കടിച്ചു് ഒന്നൊഴികെ എല്ലാം മുറിച്ചു കഴിഞ്ഞിരിക്കുന്നു. ആമയുടെ പല്ലുകൊഴിഞ്ഞു മുഖം ചുവന്നുവശായിരിക്കുന്നു. കാട്ടുദുഷ്ടധൂർത്തൻ ആയുധധാരിയായി വജ്രംപോലെ ഉഴറിവരുന്നതുകണ്ടപ്പോൾ ബോധിസത്വൻ ബാക്കിയുള്ള കെട്ടും മുറിഞ്ഞിരുന്നതിനാൽ ക്ഷണേന കാട്ടിലേക്കോടിപ്പോയി. മരംകൊത്തി മരത്തിൻമുകളിലുമായി. ബലം കുറഞ്ഞ ആമക്കു ഓടിപ്പോവാൻ കഴിയായ്കയാൽ അവിടെത്തന്നെ കിടക്കേണ്ടിവന്നു. മാൻ ഓടിപ്പോയതുകണ്ടു വ്യാധൻ പരിഭവിച്ചുകൊണ്ടു നടക്കുമ്പോൾ ആമയെ കണ്ടെത്തി. അതിനെ എടുത്തു ഒരു മരക്കൊമ്പത്തു തൂക്കുകയും ചെയ്തു.

മൃഗരൂപിയായ ബോധിസത്വന്നു ഈ സംഭവം വളരെ സങ്കടകരമായിരുന്നു. തന്നെ സഹായിച്ച മിത്രത്തെ സ്വന്തം ജീവനൊഴിച്ചും സഹായിപ്പാനായി അദ്ദേഹം ഉറച്ചു. ഉടനെ താൻ ബലമില്ലാത്തൊരു മൃഗമാണെന്നു തോന്നത്തക്കവിധം കാട്ടാളന്റെ

മുൻഭാഗത്തു ചെന്നുകൂടി. "തരംകിട്ടി. ഇവന് ഓടാൻ കഴികയില്ല. ഇപ്പോൾ കൊല്ലാം" എന്നുറച്ചു കാട്ടാളൻ ആയുധവുമായി വഴിയെ ചെന്നു. ബോധിസത്വൻ അധികം അടുത്തും അകന്നുമല്ലാതെ നടന്നുകൊണ്ടു കാട്ടാളനെ കാട്ടിലേക്കാകർഷിച്ചുകൊണ്ടുപോയി. അവൻ വളരെ ദൂരത്തിലായശേഷം ബോധിസത്വൻ വായുവേഗേന മറെറാരുവഴിയായി മടങ്ങിയെത്തുകയും ആമയെ തൂക്കിയ സഞ്ചി തന്റെ കൊമ്പുകൊണ്ടു താഴെ തള്ളിയിട്ടു കുത്തിക്കീറി അതിനെ പുറത്താക്കുകയും ചെയ്തു. അപ്പോഴേക്കു മരംകൊത്തിയും ഇറങ്ങിവന്നു. ആ സമയം ബോധിസത്വൻ പറഞ്ഞു.

"നിങ്ങടെ സഹായത്താലാണ് ഞാൻ ജീവിച്ചുപോന്നതു്. അതിനാൽ നിങ്ങൾക്കു ഞാൻ കടപ്പെട്ടിരിക്കുന്നു. എന്നാൽ കാട്ടാളൻ ഇപ്പോളെത്തി നമ്മളെ പിടിക്കാൻ നോക്കും. അതിനാൽ എന്റെ പക്ഷിസ്നേഹിതാ! താൻ കുടുംബസഹിതം മറെറാരു രാജ്യത്തിലേക്കു പോണം. ആമേ! നീ വെള്ളത്തിൽ വേഗം മുങ്ങുകയും വേണം."

"ആമവെള്ളത്തിനുള്ളിൽപോയ് മാനുംകാട്ടുകരേറിനാൻ
മരംകൊത്തിയപായംവി ട്ടെത്തിദ്ദൂരെസ്സബാന്ധവൻ."

കാട്ടാളൻ അവിടെ വന്നുനോക്കുമ്പോൾ ആരെയും കാണാതെ സഞ്ചിമാത്രം കീറിക്കിടക്കുന്നതുകണ്ടു് വളരെ വളരെ വിഷണ്ണനായി വീട്ടിലേക്കു മടങ്ങിപ്പോയി. മേൽ വിവരിച്ച മൂന്നു ജന്തുക്കളും മരിക്കുംവരെ അന്യോന്യസ്നേഹത്തിൽ കഴിഞ്ഞുവന്നു.

## ൬. ഉലൂകം (കൂമൻ)

എല്ലാ ജ്ഞാതികളുംകൂടി എന്നാദിയായ പദ്യം കാകോലൂകകലഹത്തെക്കുറിച്ചു ഭഗവാൻ ജേതവനത്തിൽവെച്ചു ചൊല്ലിയതാണ്.

ആ കാലത്തു പകൽസമയം വളരെ കാക്കകൾകൂടി കൂമന്മാരെ കടിക്കും. അതിന്നു പകരമായി സൂര്യാസ്തമനശേഷം കൂമന്മാർ കൂട്ടംകൂട്ടമായിക്കൂടി അവിടവിടെയുള്ള മരങ്ങളിൽ കിടക്കുന്ന കാക്ക

കളെ കൊത്തി തലയറുത്തു വിടുകയും ചെയ്യും. അങ്ങിനെയിരിക്കുമ്പോൾ ദ്വൈതവനത്തിന്നു സമീപം ഒരാശ്രമത്തിൽ പാൎക്കുന്ന ഭിക്ഷുവിന്റെ ഗൃഹാങ്കണത്തിൽ അടുത്തുള്ള മരങ്ങളിൽനിന്നു് അസംഖ്യം കാകത്തലകൾ ദിവസവും വന്നുവീഴുന്ന പതിവുണ്ടായിരുന്നു. അവയെല്ലാം പെറുക്കിക്കളഞ്ഞു സ്ഥലം ശുദ്ധമാക്കാൻ ഭിക്ഷുവിന്നു വളരെ ബുദ്ധിമുട്ടേണ്ടിവന്നു. തന്റെ ആ കഷ്ടപ്പാടിനെ അദ്ദേഹം ഒരിൽ ഭിക്ഷുക്കളെ ചെന്നറിയിച്ചു. അനന്തരം ധൎമ്മസഭയിൽ അനേകം ഭിക്ഷുക്കൾ ചേൎന്നിരിക്കുമ്പോൾ "ഈ ഭിക്ഷുവിന്റെ ഗൃഹത്തിൽ ദിനംപ്രതി വളരെ കാകശിരസ്സുകൾവന്നു വീഴുന്നുവല്ലോ അതിന്റെ കാരണമെന്തായിരിക്കും" എന്നിങ്ങിനെ ആലോചിക്കയുണ്ടായി. അപ്പോഴക്കും മുനീന്ദ്രനായ ബോധിസത്വഭഗവാൻ അവിടെ എത്തി കാകയും കൂമനും തമ്മിലുണ്ടായ കലഹകാരണത്തെ ഭിക്ഷുക്കൾക്കു് ഇങ്ങിനെ പറഞ്ഞു മനസ്സിലാക്കി.

"ഒന്നാമത്തെ കല്പകാലത്തിൽ മനുഷ്യവൎഗ്ഗങ്ങളെല്ലാം യോഗംചേൎന്നു് അവരുടെ ഇടയിൽനിന്നു യോഗ്യനും സുഭഗനും സൎവ്വാകാരപരിപൂൎണ്ണനും ആജ്ഞാസമ്പന്നനുമായ ഒരു പുരുഷനെ തിരഞ്ഞെടുത്തു തങ്ങൾക്കെല്ലാം രാജാവാക്കിവെച്ചു. അതുപോലെ നാല്ക്കാലിമൃഗങ്ങൾ യോഗംചേൎന്നു സിംഹത്തെ അവൎക്കു രാജാവാക്കി. മത്സ്യങ്ങൾ ആനന്ദമത്സ്യത്തെയും രാജസ്ഥാനത്തിരുത്തി. അങ്ങിനെയിരിക്കുമ്പോൾ പക്ഷിസംഘങ്ങൾ ഹിമവൽപൎവ്വതത്തിലുള്ള വലിയൊരു പാറമേൽ യോഗംകൂടി ആലോചനയായി. "മനുഷ്യരിലും നാല്ക്കാലികളിലും മത്സ്യങ്ങളിലും രാജാവുണ്ടു്. എന്നാൽ നമ്മുടെ ഇടയിൽ രാജാവെന്ന ഒരു സ്ഥാനിയില്ലതാനും. ആജ്ഞാശക്തിയുള്ള ഒരാളില്ലാഞ്ഞാൽ നമ്മുടെ സംഘത്തിന്നു ബലം തികയുന്നതല്ല. നമുക്കു് ഒരു രാജാവുണ്ടെങ്കിൽ പല അഭിവൃദ്ധിയും വരുവാനുണ്ടു്. അതിനാൽ ഒരാളെ രാജാവായി തിരഞ്ഞെടുക്കണം."

ഈ ആലോചനയ്ക്കനുസരിച്ചു കൂമനെ രാജാവാക്കിവെക്കുകയെന്നു സൎവ്വസമ്മതമാവുകയും ചെയ്തു. അനന്തരം ഒരു പക്ഷി എഴുന്നേറ്റു സംഘത്തിൽ നടന്നുകൊണ്ടു "കൂമനെ രാജാവാക്കുന്നു എല്ലാവൎക്കും സമ്മതമല്ലേ?" എന്നു ആവൎത്തിച്ചു പറഞ്ഞുതുടങ്ങി. മൂന്നു

പ്രാവശ്യം ഇതാവൎത്തിച്ചിട്ടും എതിൎക്കാൻ ആളുണ്ടായില്ലെങ്കിൽ സ്ഥിരപ്പെടുത്തുമെന്നു നിശ്ചയവും ചെയ്തിരുന്നു. അതനുസരിച്ചു മൂന്നാമത്തു വിളിച്ചുപറയുമ്പോഴേക്കു ഒരു കാക്ക എഴുനേററ "നില്ക്കണം. രാജാവാവാൻ പോകുന്ന ഇദ്ദേഹത്തിന്റെ രാജ്യാഭിഷേകകാലമായ ഇപ്പോഴത്തെ മുഖസമ്പ്രദായം നോക്കുക. ഇപ്പോൾതന്നെ പ്രസാദമില്ലാതെ മൂടിക്കൊണ്ടിരിക്കുന്ന ഈ മുഖംകൊണ്ടു ഇവൻ ക്രോധസമയം നമ്മെ നോക്കുന്നതായാൽ നാം ഏതുനിലയിലിരിക്കേണ്ടിവരും. ചുട്ടുപഴുപ്പിച്ച കപാലത്തിലിട്ട എൾവിത്ത് എന്നപോലെ ആ സമയം നാം വിറച്ചുപോകേണ്ടിവരുമല്ലോ. അതിനാൽ ഇവനെ രാജാവാക്കാൻ എനിക്കിഷ്ടമില്ല." ഈ അഭിപ്രായത്തെ ആ പക്ഷി ഒരു പദ്യംകൊണ്ടും വെളിവാക്കി.

"എല്ലാജ്ഞാതികളുംകൂടി കൂമനെബ്ഭൂപനാക്കവേ
ഒരുവാക്കുണ്ടിനിക്കോതാനിവ സമ്മതമേകിയാൽ."

അപ്പോൾ പക്ഷികൾ ഇങ്ങിനെ സമ്മതം കൊടുത്തു.

"സമ്മതം! ചൊല്ലെടോ സൌമ്യ! ധൎമ്മാൎത്ഥങ്ങളെയോൎത്തു നീ
അഴകും പ്രജ്ഞയുംചേൎന്നിട്ടുണ്ടല്ലോ പലപക്ഷികൾ"

ഇതു കേട്ട കാക്ക പിന്നെയും ഒരു പദ്യം ചൊല്ലി.

"കൂമനെബ്ഭൂപനാക്കുന്ന കാൎയ്യംസമ്മതമല്ലമേ
ക്രോധിക്കാത്തമുഖംനോക്കു ക്രോധിച്ചാലിവനേവനോ"

ഇതു കേട്ടപ്പോൾ "എനിക്കും സമ്മതമല്ല" "എനിക്കും സമ്മതമല്ല" എന്നു പറഞ്ഞ് എല്ലാവരും ആകാശത്തിലേക്കു പറന്നു. കൂമനും അവിടം വിട്ടുപോയി. അതുമുതല്ക്കാണ് കൂമനും കാക്കയും പരസ്പരം ശത്രുക്കളായതു്. പക്ഷികൾ ഗരുഡനെ രാജാവാക്കുകയും ചെയ്തു.

## ൭. ജപശകുനം.

ബ്രഹ്മദത്തന്റെ കാലത്തു ബോധിസത്വൻ ഹിമവച്ശിഖരത്തിൽ ഒരു വേഴാമ്പൽ പക്ഷിയായി പാൎത്തിരുന്നു.

ഒരിക്കൽ അവിടെയൊരു കാട്ടിലുള്ള സിംഹം മാംസം തിന്നുമ്പോൾ ഒരെല്ലു തൊണ്ടയിൽ കുടുങ്ങിപ്പോയി. സിംഹത്തിന്ന് അതെടുത്തുകളവാൻ കഴിഞ്ഞില്ലെന്നല്ല ശ്വാസം വിടുവാൻ വയ്യാതെയുമായി. വേദനയും കഠിനമായി തുടങ്ങി. ഇങ്ങിനെ കഷ്ടത്തിലായ ആ മൃഗശ്രേഷ്ഠനെ കാണ്കയാൽ മരത്തിന്മേൽ ഇരിക്കുന്ന പക്ഷി "സൌമ്യ! എന്തു ആപത്താണ് അങ്ങേക്കു പറ്റിയത്" എന്നു ചോദിച്ചു. സിംഹം വാസ്തവമെല്ലാം പറകയും ചെയ്തു. അപ്പോൾ വേഴാമ്പൽ "ഞാൻ ഈ അസ്ഥിയെടുത്തു ആപത്തു തീൎക്കാം. എന്നാൽ നീ എന്നെ കടിച്ചുവെങ്കിലൊ എന്നുള്ള ശങ്കകൊണ്ടു നിന്റെ വായക്കുള്ളിൽ തലയിടുവാൻ എനിക്കു ഭയവുമുണ്ട്" എന്നു പറഞ്ഞു.

സിംഹം— അയ്യോ! ഇങ്ങിനെയൊന്നും പറയരുതെ. ഇത്ര ഉപകാരിയായ അങ്ങയെ ഞാൻ വല്ലതും ഉപദ്രവിക്കുമൊ? എങ്ങിനെയെങ്കിലും എന്റെ പ്രാണൻ രക്ഷിച്ചുതരണെ.

ഈ ദീനപ്രലാപം കേൾക്കുകയാൽ ബോധിസത്വൻ അവനെ സഹായിക്കാമെന്നുറച്ച് അതിലേക്കുള്ള ഉപായമാലോചിച്ചു. സിംഹത്തിന്റെ മേലെയും താഴെയും ചുണ്ടുകൾ തമ്മിൽ കൂട്ടുവാൻ കഴിയാത്തവിധം അകത്തി ഒരു വടിമുറികൊണ്ട് ആപ്പു തള്ളുകയും പക്ഷി വായക്കകം പ്രവേശിച്ചു നീളമേറിയ കൊക്കുകൊണ്ട് അസ്ഥി കൊത്തിയെടുത്തു പുറത്തുപോരികയും ചെയ്തു. പിന്നെ ആപ്പു തട്ടിക്കളഞ്ഞു മരത്തിൽ കയറി ഇരുപ്പുമായി. സിംഹം ബാധയൊഴിഞ്ഞു സുഖമായി കാട്ടിൽ സഞ്ചരിച്ചു.

മറ്റൊരു കാലത്ത് ആ സിംഹം കാട്ടിൽ വെച്ച് ഒരു പോത്തിന്റെ മാംസം തിന്നുകയായിരുന്നു. അതു ബോധിസത്വൻ കാണ്കയാൽ അവൻ തന്നെ മറന്നുവൊ എന്നു പരീക്ഷിപ്പാനായി അല്പം മാംസം ചോദിക്കുന്ന രീതിയിൽ ഇങ്ങിനെയൊരു പദ്യം ചൊല്ലി.

"ഉപകാരംചെയ്തിതെന്നാലാവുംവണ്ണംനിനക്കുഞാൻ
സിംഹരാജ! നമസ്കാരം തെല്ലെനിക്കുതരല്ലമൊ?

ഇതു കേട്ട സിംഹം മറെറാരു പദ്യം ചൊല്ലി.

"മാംസാശിയാമെൻെറപല്ലി ന്നിടയിൽപ്പൂക്കനിന്നെഞാൻ
കടിച്ചുകൊല്ലാത്തതിനാ ലല്ലോനീയിന്നിരപ്പതും."

അപ്പോൾ ബോധിസത്തൻ രണ്ടു ശ്ലോകവുംകൂടി ചൊല്ലി.

"അകൃതജ്ഞനകൎത്താവു കൃത്യംചെയ്യാതിരിപ്പവൻ
കൃതജ്ഞതപെടാതുള്ളോനവനിൽസ്സേവനിഷ്ഫലം."

"മിത്രധൎമ്മത്തിൻെറചിഹ്നം മുഖത്തില്ലാതിരിപ്പവൻ
നിന്ദാസൂയാദിരഹിത ധൎമ്മംചേരാത്തദുഷ്ടനാം."

പിന്നെ പറന്നുപോകയും ചെയ്തു.

## ൬. പക്ഷിയില്ലാത്ത രാജ്യം.

കാശിയിൽ ബ്രഹ്മദത്തരാജാവിൻെറ കാലത്തു ബോധിസത്വൻ ഒരു മയിലായി ജനിച്ചു. വിശേഷബുദ്ധിയും സൌഭാഗ്യവുമുള്ള ആ കൌതുകപക്ഷി അരണ്യത്തിൽ സഞ്ചരിച്ചിരുന്നു. അക്കാലത്തൊരിക്കൽ ചില കപ്പൽക്കച്ചവടക്കാർ യാത്രാസമയം ഒരു കാക്കയെ പിടിച്ചു കപ്പലിൽ കെട്ടുകയും അവർ ബവ്വേരമെന്ന രാജ്യത്തിലെത്തിച്ചേരുകയുമുണ്ടായി. ആ രാജ്യത്തു് അക്കാലങ്ങളിൽ പക്ഷി എന്നൊരു ജീവിതന്നെയില്ല. അതിനാൽ കച്ചവടക്കപ്പലിൻെറ പാമരത്തിന്മേൽ കാക്കയെ കാണ്മാൻ ഇടവന്ന നാട്ടുകാരെല്ലാം വല്லാതെ ആശ്ചൎയ്യപ്പെട്ടുപോയി. "നോക്കു അതിൻെറ ഒരു നിറം! മുഖത്തു് ഇരിമ്പുകൊക്കുകളും രത്നഗുളികകൾക്കു തുല്യമായ കണ്ണുകളും കാണുന്നു" എന്നും മററുമായി അവർ കാക്കയെ വൎണ്ണിച്ചശേഷം കപ്പൽക്കാരുടെ അടുക്കൽ ചെന്നു് ഇങ്ങിനെ പറഞ്ഞു.

"വൎത്തകരെ! ഈ പക്ഷിയെ ഞങ്ങൾക്കു തരണം. ഞങ്ങൾക്കു് ഇതിനെക്കൊണ്ടു വളരെ ആവശ്യമുണ്ടു്. നിങ്ങളുടെ ആവശ്യത്തിന്നു് ഇനിയും നാട്ടിലുണ്ടല്ലോ."

കച്ചവടക്കാർ വിലയ്ക്കു കൊടുക്കാമെന്നു പറഞ്ഞു. നൂറു പവൻ വിലയ്ക്കു കാക്കയെ അവർ വിററു.

നാട്ടുകാർ അതിനെ കൊണ്ടുപോയി ഒരു സ്വർണ്ണക്കൂട്ടിലാക്കി പാൽ, പഴം, മത്സ്യം, മാംസം മുതലായതു കൊടുത്തു സംരക്ഷിച്ചു പോന്നു. ആ രാജ്യം പക്ഷിയില്ലാത്ത രാജ്യമാകയാൽ പല ദുർഗ്ഗുണങ്ങളുമുള്ള കാക്കയ്ക്കു് അവിടെ സിദ്ധിച്ച ബഹുമാനവും ഉപചാരവും ചില്ലറയല്ലായിരുന്നു. അങ്ങിനെ കുറേക്കാലം കഴിഞ്ഞു. മുൻ വിവരിച്ച കച്ചവടക്കാർ വീണ്ടും വ്യാപാരത്തിന്നിറങ്ങി. അവർ കാട്ടിൽനിന്നു പിടിച്ചതും മുമ്പെ വിവരിച്ചതുമായ ഒരു മയിലായിരുന്നു അക്കുറി അവർ കപ്പലിന്മേൽ കെട്ടിയ പക്ഷി. ആ മയൂരരാജാവ് ഏതാണ്ട് അക്ഷരരീതിയിൽ ശബ്ദിക്കും. മനുഷ്യർ കൈകൊണ്ട് അടയാളം കാണിച്ചാൽ നൃത്തം വെക്കും. ഇങ്ങിനെയുള്ള അഭ്യാസങ്ങളെല്ലാം ശീലമുള്ളതായിരുന്നു. വിവരം കേട്ട് മഹാജനങ്ങൾ എത്തിച്ചേർന്ന സമയം ആ പക്ഷി ചിറകുകൾ വിടർത്തി ഭംഗിയിൽ ഒരു നൃത്തം ചെയ്തു.

വിസ്മയഭരിതന്മാരായ നാട്ടുകാർ "പഠിപ്പുള്ള ഈ പക്ഷിയെ ഞങ്ങൾക്കു തരണം" എന്നപേക്ഷിച്ചു.

"ഞങ്ങൾ മുമ്പൊത്തക്കുറി ഒരു കാക്കയെ കൊണ്ടുവന്നതു നിങ്ങൾക്കു തന്നു. ഇപ്പോൾ ഈ മയിലിനെയും നിങ്ങൾ ആവശ്യപ്പെടുന്നു. ഈ രാജ്യത്തു പക്ഷികളില്ലാത്തത് ഉണ്ടാക്കുവാൻ ഞങ്ങൾക്കു പ്രയാസമാണ്."

ഇങ്ങിനെ കച്ചവടക്കാർ പറഞ്ഞുവെങ്കിലും നാട്ടുകാർ വീണ്ടും വീണ്ടും അപേക്ഷിക്കയും ആയിരം പവൻ കൊടുത്ത് അതിനെ വാങ്ങുകയും ചെയ്തു.

അതിന്നു ശേഷം അവർ മയിലിനെ സപ്തരത്നവിചിത്രിതമായ ഒരു കൂട്ടിൽ പാർപ്പിച്ച് തേൻ, മലർ, ശക്കര, പാനകം മുതലായവ കൊടുത്തു പരിപാലിച്ചുവന്നു. നാട്ടുകാർ ആ മയിലിന്നു സൌഖ്യം വരുത്തുവാൻ തന്നെ എപ്പൊഴും ശ്രദ്ധിക്കുക എന്ന

നിലയായി. അതിനാൽ കാക്കയ്ക്കുള്ള സല്ക്കാരം കുറഞ്ഞുവരികയും ചെയ്തു. അതിനെ നോക്കുവാൻകൂടി ആൎക്കും ആഗ്രഹമില്ലാതായി. ഭക്ഷണാദികൾ യാതൊന്നും കിട്ടാതായപ്പോൾ കാക്ക ഉപായത്തിൽ കൂട്ടിൽനിന്നു പുറത്തിറങ്ങി യഥേഷ്ടം പറന്നുപോകയും ചെയ്തു.

"പീലിയുംശബ്ദഗുണവുമുള്ളമെലില്ലയാൎക്കയാൽ
കാക്കയെയത്രപൂജിച്ചു പക്വമാംസാദിയാൽജനം.
"സ്വരസമ്പന്നനാംമെലു ബബ്ബരദ്വീപിലെത്തവെ
ലാഭസൽക്കാരങ്ങൾപിന്നെ കാക്കക്കില്ലാതെയായിതെ.
"തേജസ്വിധൎമ്മരാജാവു ബുദ്ധനുണ്ടായിട്ടുംവരെ
അന്യന്മാരെപ്പൂജചെയ്യാർ ശ്രമണബ്രാഹ്മണാദികൾ.
"സ്വരസമ്പന്നനാംബുദ്ധൻ ധൎമ്മബോധംവരുത്തവെ
ലാഭസൽക്കാരങ്ങളന്യ ഭിക്ഷുക്കൾക്കില്ലയാതെയായ്.

—ഠോഠ—

## ൯. ന്യഗ്രോധമൃഗം.

ബ്രഹ്മദത്തരാജാവിന്റെ കാലത്തു ബോധിസത്വൻ വാരാണസിരാജ്യത്തിൽ ഒരു മൃഗമായി ജനിച്ചു. മാതൃഗൎഭത്തിൽനിന്നു ജനിക്കുമ്പോൾ തന്നെ ആ മൃഗത്തിന്റെ ദേഹം സ്വൎണ്ണവൎണ്ണവും കണ്ണുകൾ രത്നഗുളികാസമാനങ്ങളും കൊമ്പുകൾ രജതവൎണ്ണങ്ങളും മുഖം കംബളവൎണ്ണവുമായിരുന്നു. അവന്റെ കാലും കയ്യും ശാഖകൾ പോലെ നീണ്ടവയും വാൽ ചാമരവും ദേഹം നല്ലൊരു കുതിരക്കുട്ടിയുടെ വലുപ്പവും ബലവുമുള്ളതുമാണ്. കാലക്രമേണ അവൻ അഞ്ഞൂറു മൃഗങ്ങൾക്കധിപതിയാവുകയും "ന്യഗ്രോധമൃഗ"മെന്ന സംജ്ഞ ലഭിക്കുകയും ചെയ്തശേഷം ആ മൃഗങ്ങളാൽ പരിവൃതനായി ഒരു കാട്ടിൽ പാൎത്തുവന്നു. ആ പ്രദേശത്തിന്നേതാണ്ടടുത്തു മറെറാരു കാട്ടിൽ ഇതുപോലെ അഞ്ഞൂറു മൃഗങ്ങൾക്കധിപതിയായി "ശാഖാമൃഗ"മെന്നു പേരോടുകൂടി വേറെയൊരു മാനും ഉണ്ടായിരുന്നു. അതും സ്വൎണ്ണവൎണ്ണവും ഭംഗിയുമുള്ളതുമാണ്.

അക്കാലത്തൊരിക്കൽ കാശിരാജാവു മൃഗവധത്തിൽ അത്യുത്സുകനായിത്തീൎന്നു. മൃഗമാംസം കൂടാതെ അദ്ദേഹത്തിന്നു ഭക്ഷണമില്ലെന്നായി. ദിവസവും നായാട്ടുചെയ്തു രാജാവിന്നു മാംസം എത്തിക്കേണ്ടുന്ന ചുമതല നാട്ടുകാൎക്കു വന്നു. അതിനാൽ പലൎക്കും തങ്ങളുടെ സ്വന്തം ജോലികൾക്കു വീഴ്ചവരികയാൽ ഒരു നിവൃത്തി കിട്ടേണ്ടതിലേക്കായി നാട്ടുകാരെല്ലാവരുംകൂടി ആലോചനയായി. ഒടുവിൽ എല്ലാവരും ചേൎന്ന് ഇങ്ങിനെയൊരു നിശ്ചയംചെയ്തു.

"ഇപ്പോൾ രാജാവിന്നുവേണ്ടി നമ്മുടെ സ്വന്തം തൊഴിലെല്ലാം ഉപേക്ഷിക്കേണ്ടിവരുന്നു. അധികം മൃഗങ്ങളെ ഒന്നായി കാട്ടിൽനിന്ന് ആട്ടിക്കൊണ്ടുവന്നു രാജധാനിക്കു സമീപമുള്ള ഉദ്യാനത്തിലാക്കിക്കൊടുക്കുക മാത്രമാണ് ഇതിന്നൊരു പരിഹാരമുള്ളത്. ഉദ്യാനത്തിൽ അവയെ ആകൎഷിക്കാനായി വിശേഷ പാനീയങ്ങളും കുടുങ്ങുവാനുള്ള കുഴികളും മറ്റും തയ്യാറായിരിക്കണം. അധികം മാനുകളെ ഒന്നായി ഉദ്യാനത്തിലെത്തിച്ചാൽ പുറത്തേക്കുള്ള ദ്വാരങ്ങളെല്ലാം അടക്കുക. എന്നാൽ കുറെ കാലത്തിന്നു നമുക്കു ബുദ്ധിമുട്ടു തീരുന്നതാണ്."

അനന്തരം അവർ ഉദ്യാനത്തിൽ വേണ്ടുന്ന ഒരുക്കമെല്ലാം ചെയ്തു മുസലം, മുൽഗരം മുതലായ ആയുധങ്ങളും ധരിച്ചു കാട്ടിലേക്കു പോയി. അവിടെ മൃഗങ്ങളധികമുള്ള പ്രദേശം നോക്കി ഒരു യോജന സ്ഥലത്തിന്നു ചുറ്റും അവർ വളയുകയും ന്യഗ്രോധമൃഗം, ശാഖാമൃഗം അവരുടെ അനുചരന്മാർ ഇവരെല്ലാം ആ യോജനസ്ഥലത്ത് ഉൾപ്പെടുകയും ചെയ്തു. അങ്ങിനെ അനവധി കാട്ടുമൃഗങ്ങളെ ഒന്നിച്ചു കണ്ടശേഷം മനുഷ്യർ മരം പൊന്ത മുതലായതിന്മേലെല്ലാം വടികൊണ്ടടിച്ചും മറ്റും ലഹള കൂട്ടി. അപ്പോൾ ഒളിവിലുള്ള ജന്തുക്കളെല്ലാം വെളിവിലുമായി. ഉടനെ വാൾ വേൽ തുടങ്ങിയുള്ള ആയുധങ്ങളേന്തിക്കൊണ്ടു നാട്ടുകാർ തങ്ങൾക്കിഷ്ടമുള്ള ദിക്കിലേക്കു മൃഗങ്ങളെ ഓടിക്കുകയും അവയെ നിഷ്പ്രയാസമായി വിസ്തീൎണ്ണമായ രാജോദ്യാനത്തിലെത്തിച്ചു പുറത്തിറങ്ങാൻ കഴിയാത്ത വിധം ദ്വാരങ്ങളടക്കുകയും ചെയ്തു. നാട്ടുകാർ

ഉടനെ രാജപാൎശ്വത്തിൽ ചെന്ന് അറിയിച്ചു. "ദേവ! ദിവസവും നായാട്ടിന്നു പോകുന്നതിനാൽ ഞങ്ങൾക്കു വരുന്ന ബുദ്ധിമുട്ടു തീരാനായി അസംഖ്യം മാനുകളെ ഒന്നായി ഉദ്യാനത്തിൽ കൊണ്ടാക്കിയിരിക്കുന്നു. ഇനി അധികം കാലത്തേക്കു മാംസത്തിന്നു വേറെ വഴി അന്വേഷിക്കേണ്ടതില്ല."

അവരുടെ വാക്കു കേൾക്കയാൽ രാജാവ് ഉദ്യാനത്തിൽ ചെന്നു നോക്കി. മൃഗങ്ങളുടെ ഇടയിൽ രണ്ടു സ്വൎണ്ണമൃഗങ്ങളെ കണ്ടു ആശ്ചൎയ്യപ്പെടുകയും അവ രണ്ടിനേയും കൊല്ലരുതെന്നു നിൎബ്ബന്ധിക്കുകയും ചെയ്തു. അന്നു മുതൽക്കു ദിനംപ്രതി അവയിൽ നിന്ന് ഓരോന്നിനെ കൊന്നു രാജാവിൻെറ ഭക്ഷണത്തിന്ന് ഉപയോഗിച്ചു തുടങ്ങി. അങ്ങിനെ ഒരു ദിവസം വെപ്പുകാരൻ ചെന്ന് ഒരു മാനിനെ വെട്ടിക്കൊന്നാൽ പിറേറദിവസം ഒരു ഭൃത്യനായിരിക്കും ആ പണി ചെയ്യുക. അങ്ങിനെ ക്രമേണ മൃഗവധത്തിൽ യാതൊരു ക്ലിപ്തവുമില്ലാതായി. ഘാതകന്മാർ വില്ലും അമ്പും കൊണ്ടുവരുമ്പോൾ മൃഗങ്ങൾ പേടിച്ചോടുന്നതുകൊണ്ട് ഒന്നിനെ പിടിക്കേണ്ടതിന്നു ചിലപ്പോൾ അധികം സംഖ്യയുടെ നേരെ ആയുധപ്രയോഗം വേണ്ടിവരുന്നതു അപൂൎവ്വമല്ലെന്നായി. അതിനാൽ വ്യൎത്ഥമായും അധികം മൃഗങ്ങൾ മരിച്ചു പോകേണ്ടി വരുന്നു. ഈ സങ്കടം അറിഞ്ഞു ബോധിസത്വൻ ശാഖാമൃഗത്തെ കണ്ട് ഇങ്ങിനെ പറഞ്ഞു. "സ്നേഹിതാ! ദിവസവും നമ്മുടെ കൂട്ടത്തിൽ ഓരോ ആൾ മാത്രമെ മരിക്കേണ്ടതുള്ളു. അതിലേക്കുവേണ്ടി ഇപ്പോൾ അനേകം പേർ നശിച്ചുപോകുന്നു. അതിനാൽ മേലിൽ ഒരു സ്ഥലം നിശ്ചയിച്ചു ദിവസവും അവിടെ ഊഴപ്രകാരം ഓരോരുത്തൻ ചെല്ലുവാൻ ഏൎപ്പാടു ചെയ്ക. ഒരു ദിവസം എൻെറ വൎഗ്ഗക്കാരുടെ ഊഴമാണെങ്കിൽ പിറേറന്നാൾ അങ്ങയുടെ വൎഗ്ഗത്തിൻേറതാവട്ടെ. ഊഴപ്രകാരമുള്ള മൃഗം വദ്ധ്യസ്ഥാനത്തിൽ ചെന്നു തല താഴ്ത്തി കിടന്നുകൊള്ളണം." ഈ അഭിപ്രായം ശാഖാമൃഗത്തിന്നും സമ്മതമായി. അതു മുതൽക്കു ദിവസവും ഓരോ മാനുകൾ നിശ്ചയപ്രകാരം വദ്ധ്യസ്ഥലത്തു ചെല്ലുകയും വെപ്പുകാരൻ അതിനെ കൊന്നെടുക്കുകയും പതിവായി.

കുറെ കാലം കഴിഞ്ഞപ്പോൾ ശാഖാമൃഗത്തിന്റെ കൂട്ടത്തിൽ ഗർഭിണിയായ ഒരു മാനിന്റെ ഊഴം വന്നു. അവൾ തന്റെ സംഘാധിപതിയുടെ അടുക്കൽ ചെന്ന് ഇങ്ങിനെ അപേക്ഷിച്ചു. "സ്വാമിൻ ഇന്നെന്റെ വാരമാണ്. ഇപ്പോൾ ഞാൻ നശിക്കുന്നതോടുകൂടി രണ്ടു ജീവൻ നശിക്കുന്നു. എന്റെ ഈ ദിവസം ഒന്നു നീണ്ടുകിട്ടിയാൽ നമ്മുടെ കൂട്ടത്തിൽ ഒരംഗം കൂടിയുണ്ടാവുന്നതാണല്ലോ. ഇതിലേക്കൊരു ദയവുണ്ടാവണം." ഇതു കേട്ടു ശാഖാമൃഗം "ഭദ്രേ! നീ പോയ്ക്കൊള്ളു; ഞാൻ വിചാരിച്ചാൽ ഊഴം മാറ്റുവാൻ കഴിയില്ലെന്നു നിനക്കറിയാമല്ലോ." എന്നു പറഞ്ഞയച്ചശേഷം ദുഃഖിതയായ അവൾപോയി ന്യഗ്രോധമൃഗത്തെ വിവരമറിയിച്ചു. "ആകട്ടെ, നീ പൊയ്ക്കോ, നിന്റെ ഊഴം ഞാൻ നീട്ടിത്തന്നു എന്നു പറഞ്ഞ് അവളെ അയക്കുകയും ബോധിസത്വൻ തന്നെ അന്നു വധസ്ഥാനത്തു ചെന്നു കിടക്കുകയും ചെയ്തു." "അഭയം കൊടുക്കപ്പെട്ട സ്വർണ്ണമൃഗം വധസ്ഥാനത്തു വന്നു കിടക്കുന്നു"വെന്നു രാജാവിനെ ആ പരിചാരകന്മാർ ചെന്നറിയിച്ചു. രാജാവു ക്ഷണത്തിൽ പരിവാരസമേതം രഥാരൂഢനായി ആ സ്ഥലത്തെത്തി നോക്കുമ്പോൾ ബോധിസത്വനെ കണ്ടു വല്ലാതെ വിസ്മയിച്ചുനിന്നു.

രാജാ—സൌമ്യ! മൃഗരാജ! നിനക്കു ഞാൻ അഭയം തന്നിട്ടുണ്ടല്ലോ. പിന്നെ എന്തിനാണ് ഇവിടെ വന്നു കിടക്കുന്നത്?

ന്യഗ്രോധമൃഗം—മഹാരാജാവേ! ഇന്നത്തെ ഊഴക്കാരിയായ ഒരു ഗർഭിണീമൃഗം അവളുടെ ഊഴം നീട്ടിക്കൊടുപ്പാനായി എന്നോടാവശ്യപ്പെട്ടു. ഞാനാകട്ടെ, ഒരാൾക്കു വരേണ്ടും മരണദുഃഖം മറ്റൊരാളിൽ നിക്ഷേപിക്കുവാൻ ശക്തനുമല്ല. അതിനാൽ എന്റെ ജീവനെ അവൾക്കു കൊടുത്തു മരണത്തെ പകരം വാങ്ങി വന്നിരിക്കയാണ്.

രാജാ—ഭദ്ര! സുവർണ്ണമൃഗരാജ! വളരെ സന്തോഷം. ഒരു മൃഗമായ അങ്ങയ്ക്കുള്ളതുപോലെ ക്ഷാന്തി ദയ മുതലായ ഉത്തമഗുണങ്ങൾ ഞാൻ മനുഷ്യരിലും കണ്ടിട്ടില്ല. അതിനാൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. എഴുന്നേല്ക്കൂ. നിനക്കും അവൾക്കും ഞാൻ അഭയം തരുന്നു.

ന്യ—മൃ· ഞങ്ങൾ രണ്ടാൾക്കു മാത്രമായാൽ ബാക്കിയുള്ളവരുടെ കഥയോ?

രാജാ—അവക്കും അഭയം കൊടുക്കാം.

ന്യ—മൃ· ഉദ്യാനത്തിലുള്ള മൃഗങ്ങൾക്കൊക്കയുമോ?

രാജാ—അതെ സകലത്തിന്നും.

ന്യ—മൃ· മാനുകളായ ഞങ്ങൾക്കിതു വലിയ അനുഗ്രഹമായി. ഇനി മററുള്ള നാല്ക്കാലികൾക്കോ?

രാജാ—എല്ലാ നാല്ക്കാലികൾക്കും പക്ഷികൾക്കും ഇന്നു മുതൽക്ക് അഭയം കൊടുക്കുന്നു.

ന്യ—മൃ· സ്ഥലജന്തുക്കൾക്കിപ്പോൾ ക്ഷേമം വന്നു. ജലജന്തുക്കളായ മത്സ്യങ്ങൾക്കോ?

രാജാ—ഈ നിശ്ചയം അവക്കും ബാധകം തന്നെ.

മഹാസത്വനായ ബോധിസത്വൻ ഇപ്രകാരം രാജാവിനെക്കൊണ്ടു സവ്വജന്തുക്കൾക്കും അഭയം കൊടുപ്പിച്ചശേഷം എഴുന്നേററിരുന്നു രാജാവിൻെറ അപേക്ഷപ്രകാരം പല ധമ്മമാർഗ്ഗങ്ങളേയും അദ്ദേഹത്തിന്നുപദേശിച്ചു. “മഹാരാജാവേ! അങ്ങുന്നു ധമ്മത്തെ അനുഷ്ഠിക്കണം. മാതാപിതാക്കളിലും പുത്രകളത്രങ്ങളിലും നൈഗമജനപദങ്ങളിലും ധമ്മം നടത്തി സമഭാവനയോടുകൂടി അങ്ങുന്ന് ഇരിക്കണം. എന്നാൽ ദേഹാപായത്തിൽ സൽഗതി ലഭിച്ചുകൊള്ളും.” ബുദ്ധധമ്മപ്രകാരമുള്ള ഈ വക ഉപദേശങ്ങളെ കേൾക്കുകയാൽ രാജാവ് ഏററവും സന്തോഷിച്ചു. ന്യഗ്രോധമൃഗം രാജാവിന്നു പിന്നെയും ഉപദേശങ്ങൾ ചെയ്തുകൊണ്ടു താമസിക്കുകയും ഒടുവിൽ യാത്ര പറഞ്ഞു മൃഗസംഘപരിവൃതനായി പിരിഞ്ഞുപോവുകയും ചെയ്തു.

ഒരു കാലത്തു കാട്ടിൽ വിശിഷ്ടയായ ഒരു മാൻപേട സരോജകണ്ണികപോലെ പ്രഭയുള്ള ഒരു മാൻകുട്ടിയെ പ്രസവിക്കയുണ്ടായി. കുട്ടിക്കാലത്ത് ആ മൃഗബാലൻ കളിച്ചു നടക്കുന്ന കൂട്ടത്തിൽ ശാഖാമൃഗത്തിൻെറ അരികിൽ പോവുക പതിവായിരുന്നു. ഒരു നാൾ അവൻെറ അമ്മ അവനെ വിളിച്ചു വരുത്തി സദുപദേശം ചെയ്തുകൊണ്ട് ഈ പദ്യം ചൊല്ലി.

"സേവിക്കനെ ന്യഗ്രോധമൃഗം ശാഖാമൃഗമൊഴിക്കുക
ന്യഗ്രോധത്തിൻമതംമാന്യം മററതോവ്യർത്ഥജീവിതാൻ."

കാലക്രമേണ മൃഗങ്ങളെല്ലാം രാജാവിൽനിന്ന് അഭയം കിട്ടിയതുകൊണ്ടു മദമത്തന്മാരായി മനുഷ്യരുടെ കൃഷികൾ തിന്നു നശിപ്പിക്ക എന്ന നിലയായി. രാജാജ്ഞയെ സ്മരിക്കയാൽ കൃഷിഉടമസ്ഥർ മൃഗങ്ങളെ കൊല്ലാനൊ ഉപദ്രവിപ്പാനോ ശക്തരായതുമില്ല. അവർ വളരെ പേർ കൂടി ചേൎന്നു രാജാവിനെ സങ്കടമറിയിച്ചു.

രാജാവിൻെറ ന്യായമിതായിരുന്നു. "ഞാൻ ന്യഗ്രോധമൃഗത്തിലുള്ള സ്നേഹത്താൽ എല്ലാ മൃഗങ്ങൾക്കും അഭയം കൊടുത്തിരിക്കുന്നു. രാജ്യം ഉപേക്ഷിക്കുന്നതായാൽ പ്രതിജ്ഞയെ ഞാൻ ഉപേക്ഷിക്കുന്നതല്ല. നിങ്ങൾ പൊയ്ക്കൊൾവിൻ, മൃഗങ്ങളെ ഉപദ്രവിക്കരുത്."

ഈ വർത്തമാനം കേട്ട ന്യഗ്രോധമൃഗം മററുള്ള മൃഗങ്ങളെയെല്ലാം വിളിച്ച് "നിങ്ങൾ മനുഷ്യരുടെ കൃഷിസാധനങ്ങളൊന്നും തിന്നരുത്" എന്നാജ്ഞാപിച്ചു. "ഇന്നു മുതൽക്കു കൃഷിക്കാൎക്കു വേലി കെട്ടേണ്ടുന്ന പണിയും കൂലിച്ചിലവും വേണ്ട. കൃഷിസ്ഥലങ്ങൾക്കെല്ലാം ആച്ഛാദനമായി ചുററും ഇലകളോ മററോ വെച്ചുകെട്ടിയാൽ മതി" എന്നു മനുഷ്യരോടും പറഞ്ഞേല്പിച്ചു. അതിന്നുശേഷം കൃഷി നിലങ്ങളുടെ അതിരുകളായ ഇലകളെ തൊടുവാനും കൂടി ഒരു മൃഗമുണ്ടായില്ല.

ഇപ്രകാരം ബോധിസത്വൻ മൃഗങ്ങൾക്കു നേതാവായി വളരെക്കാലം ജീവിച്ചിരുന്ന ശേഷം സൽഗതി ലഭിച്ചു. ബോധിസത്വൻെറ ഉപദേശങ്ങൾ കേട്ടു നടന്ന രാജാവിന്നും സിദ്ധി വന്നു.

## ൧൦. ശീലവിമൎശം.

"നോക്കു ശ്രദ്ധയെഴും ശീലം" എന്നതു ജൈത്രവനവിഹാരിയായ ഭഗവാൻ ഒരു ഉപാസകനോടു പറഞ്ഞ കഥയാണ്. ശ്രദ്ധാലുവും പ്രസന്നഹൃദയനുമായ ആൎയ്യശ്രാവകൻ ഒരിക്കൽ ജൈ

തവനത്തിന്നു പോകുമ്പോൾ അചിരവതീനദിയുടെ കരക്കെത്തിയ നേരം സന്ധ്യയായി. കടവുകാർ തോണി നിൎത്തി കുടികളിൽ പോയിരുന്നു. തോണിയില്ലാത്തതിനാൽ നദി കടക്കാൻ ഉപായം കണ്ടില്ല. ഒടുവിൽ അദ്ദേഹം ബുദ്ധാനുശാസനത്തെ സ്മരിച്ചുകൊണ്ടു നദിയിലേക്കിറങ്ങി. അതിനാൽ അതിലെ വെള്ളം അദ്ദേഹത്തിന്റെ കാൽകൂടി നനച്ചില്ല. ഭൂമിയിൽഎന്നപോലെ നദിയിൽ കാൽനടയായി നടപ്പാൻ അദ്ദേഹത്തിന്നു കഴിഞ്ഞു. നടുവിലെത്തിയപ്പോഴക്കാ ഉള്ളിലുള്ള ദൃഢസ്മരണ അല്പം അഴിഞ്ഞുതുടങ്ങിയിരുന്നു. അപ്പോൾ തിരമാലകൾ കണ്ടുതുടങ്ങുകയും കാലിന്മേൽ കുറേശ്ശ വെള്ളം കയറുകയും ചെയ്തു. ആ സമയം അദ്ദേഹം അനന്യമനസ്സായി ബുദ്ധസ്മരണത്തെ ഏററവും ദൃഢീകരിക്കുകയും നിഷ്പ്രയാസം നദി കടക്കുകയും ചെയ്തു. പിന്നെ ജൈതവനത്തിൽ എത്തി ഭഗവാനെ വന്ദിച്ചശേഷം ഭഗവാൻ അദ്ദേഹത്തെ അരികിൽ ഇരുത്തി.

ഭഗവാൻ—ഉപാസക! താൻ ഏതു് എളുപ്പവഴിക്കാണു പോന്നതു്. കണ്ടാൽ അധികം ക്ഷീണം തോന്നുന്നില്ലല്ലൊ.

ഉപാസകൻ—സാധാരണവഴിക്കു തന്നെ. എന്നാൽ ബുദ്ധാത്മാവിനെ കുറിച്ചുള്ള സ്മരണനിമിത്തം പ്രവാഹം അധികരിച്ച അചിരവതി നദി ഇറങ്ങി കടന്നാണു് പോന്നതു്.

ഭഗവാൻ—എടൊ ഉപാസക! ഇതാശ്ചൎയ്യമല്ല. ബുദ്ധാനുസ്മരണയാൽ നദി ഇറങ്ങി കടന്നിട്ടുള്ളതു താൻ മാത്രമല്ല, പണ്ടുള്ളവരും ഉണ്ടായിട്ടുണ്ടു്.

ഇതു കേട്ടപ്പോൾ ആ കഥ കേൾപ്പാൻ ഉപാസകൻ ആവശ്യപ്പെട്ടു. ഭഗവാൻ ഇങ്ങിനെ പറയുകയും ചെയ്തു. "പണ്ടു കശ്യപബുദ്ധന്റെ കാലത്തു ശ്രോതാപത്തിനിയമിയായ ഒരു ഉപാസകവൎയ്യന്നു സംഗതിവശാൽ കപ്പൽയാത്ര ചെയ്യേണ്ടിവന്നു. ഒരുമിച്ചു ഒരു സ്നാതകദ്വിജനും വന്നുകൂടി. കപ്പൽ കയറുന്നസമയം "ആൎയ്യാ! ഇയ്യാളുടെ സുഖദുഃഖങ്ങളെല്ലാം അങ്ങയുടെ കയ്യിലാണെ." എന്നു സ്നാതകന്റെ പത്നി പറഞ്ഞേല്പിച്ചിട്ടും ഉണ്ടായിരുന്നു.

അവരുടെ യാത്രയിൽ ഏഴാം ദിവസം കഴിയുമ്പോൾ എന്തോ കാരണത്താൽ കപ്പൽ പൊളിഞ്ഞുപോയി. ഒരു പലക കിട്ടിയതിന്മേൽ അവർ രണ്ടാളും പററിക്കൂടി വളരെ പണിപ്പെട്ട് ഒരു ദ്വീപിൽ എത്തിച്ചേൎന്നു. അവിടെവെച്ച് സ്നാതകൻ വിശപ്പു കലശലാകയാൽ ചില പക്ഷികളെ കൊന്നു പാകംചെയ്തു തിന്നു കുറെ ഉപാസകന്നു കൊടുത്തതിൽ അദ്ദേഹം ആവശ്യമില്ലെന്നു പറഞ്ഞു തള്ളി. അനന്തരം ഉപാസകൻ ഇങ്ങിനെ ചിന്തിച്ചു. "ഈ ദ്വീപിൽ ഞങ്ങൾക്കു യാതൊരു ഗതിയും ഇല്ല. രത്നത്രയത്തെ* സ്മരിക്കയല്ലാതെ ഇവിടെ മറെറാന്നിനാലും ശരണംകിട്ടുകയില്ല." ഇങ്ങിനെ നിശ്ചയിച്ചു മൂന്നു രത്നങ്ങളുടെ ഗുണങ്ങളെ അദ്ദേഹം വഴിപോലെ സ്മരിച്ചു. ആ സ്മരണയെ അദ്ദേഹം ഉറപ്പിച്ചുകൊണ്ടിരിക്കയാൽ ദ്വീപിൽ നിവസിക്കുന്ന നാഗരാജാവു പ്രത്യക്ഷനായിട്ടു തന്റെ ദേഹത്തെ വലിയൊരു കപ്പലിന്റെ ആകൃതിയാക്കി. അപ്പോഴക്കു സമുദ്രദേവത കപ്പിത്താനായും വന്നു. കപ്പലിന്റെ പാമരം, അമിക്കയർ മുതലായതെല്ലാം രത്നം, പൊൻ, വെള്ളി എന്നിവകൊണ്ടായിരുന്നു.

സമുദ്രദേവത കപ്പലിൽ ഇരുന്നുകൊണ്ടു "ജംബുദ്വീപിലേക്കു പോകുന്നു" എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. "ഞങ്ങൾക്കുടി ഉണ്ടെ"ന്ന് ഉപാസകൻ മറുവടി പറഞ്ഞതു കപ്പിത്താനു സമ്മതമായി. കപ്പലിൽ കയറുവാൻ തുടങ്ങുമ്പോൾ ഉപാസകൻ സഖാവായ സ്നാതകനേയും കയററുവാൻ തുടങ്ങിയതു കണ്ടു, "പാടില്ല അങ്ങക്കു മാത്രമെ അനുവാദമുള്ളു" എന്നു കപ്പിത്താൻ വിലക്കി. സ്നാതകനെ നിരോധിപ്പാൻ കാരണമെന്തെന്ന് ഉപാസകൻ ചോദിച്ചതിന്നു ശീലഗുണാചാരമില്ലാത്തതുകൊണ്ടാണെന്നു കപ്പിത്താൻ പറഞ്ഞു.

ഉപാസകൻ— തരക്കേടില്ല. എന്നാൽ ഞാൻ ചെയ്ത ദാനങ്ങൾക്കും പരിപാലിച്ചുപോന്ന ശീലത്തിന്നും ഉള്ള ഫലം ഇയ്യാൾക്കു കൊടുക്കുന്നു.

"എന്നാൽ പോവുക" എന്നു പറഞ്ഞു സമുദ്രദേവത ര

* രത്നത്രയസ്മരണം ബുദ്ധമതപ്രകാരമുള്ള ഒരു സൽക്കൎമ്മമാകുന്നു.

ണ്ടാളെയും കപ്പൽകയററികൊണ്ടുപോയി, ആവശ്യമുള്ള കരക്കൽ കൊണ്ടിറക്കിയശേഷം ഉപാസകനും സ്നാതകനും നദീമാൎഗ്ഗമായി ശ്രീകാശിയിൽ എത്തിച്ചേൎന്നു. ഉപാസകൻ തന്റെ മാഹാത്മ്യത്താൽ ആ സ്നാതകന്നു ഗൃഹവും വേണ്ടുന്ന ധനവുമെല്ലാം ഉണ്ടാക്കി കൊടുക്കുകയും ചെയ്തു.

പണ്ഡിതന്മാരുമായിത്തന്നെ വേണം സംസൎഗ്ഗം. എന്തുകൊണ്ടെന്നാൽ, ഈ സ്നാതകന്ന് ഉപാസകന്റെ സംസൎഗ്ഗം ലഭിച്ചിരുന്നില്ലെങ്കിൽ കടലിൽ നശിച്ചുപോകതന്നെ ഫലമായിരുന്നു.

"നോക്കുശ്രദ്ധയെഴുംശീലം ത്യാഗമെന്നിവതൻഫലം.
സൎപ്പംകപ്പൽസപത്രപംവു ണ്ടുപാസകനെയേററിനാൻ.
സജ്ജനത്തോടുതാൻചേരു സത്തുക്കളൊക്കൊത്തുമൈത്രിയും
സൽസംസൎഗ്ഗംതാൻനിമിത്തം സ്നാതകൻക്ഷേമമേല്ക്കുവാൻ."

ഇതു സമുദ്രദേവത ആകാശത്തിൽനിന്നു ചൊല്ലിയ ഗാഥകളാണ്. ആ ദേവത പിന്നെ നാഗരാജാവൊരുമിച്ചു വിമാനത്തിൽ കയറിപോവുകയും ചെയ്തു".

ഈ കഥ അവസാനിപ്പിച്ചു ഭഗവാൻ ഒടുവിൽ ഇങ്ങിനെ പറഞ്ഞു. "ആ ശ്രോതാവത്യുപാസകൻ നിൎവ്വാണം പ്രാപിച്ചു. നാഗരാജാവു ശാരിപുത്രനായി ജനിച്ചു. സമുദ്രദേവത ഞാൻ തന്നെയാകുന്നു."

## ൧൮. ചമ്മധാരി.

ഒരിക്കൽ ഭഗവാൻ ദ്വൈതവനത്തിൽവെച്ചു "കല്യാണമെയ്യുത്തമിച്ചതുഷ്ടം" എന്നാദിയായ ഒരു പദ്യം ചൊല്ലി ചമ്മശാടകനെന്ന ഭിക്ഷുവിന്റെ കഥ പറകയുണ്ടായി. ചമ്മശാടകൻ ഉടുക്കുന്നതും ഉത്തരീയമിടുന്നതും എല്ലാം തോലായിരുന്നു. അദ്ദേഹം പരിവ്രാജകാരാമത്തിൽ നിന്നിറങ്ങി ശ്രാവസ്തിനഗരിയിൽ ഭിക്ഷയുമെടുത്തു നടക്കുന്നതിനിടയിൽ ഒരിക്കൽ മദമത്തന്മാരായ ചില കൊററനാടുകൾ തങ്ങളിൽ പൊരുതുന്ന സ്ഥലത്തുകൂടി കടന്നു

പോകയുണ്ടായി. ആ ബീഭത്സവേഷനെ കണ്ടപ്പോൾ ഒരാട്ടുകുത്താൻ തക്കവണ്ണം തലതാഴ്ത്തിക്കൊണ്ടു അദ്ദേഹത്തിന്നു നേരിട്ടു. "ഇവൻ താഴ്മയോടെ എന്നെ പൂജിക്കാൻ വരികയാണ്" എന്നുറച്ചു ഭിക്ഷു പൂജ സ്വീകരിക്കാൻ തക്കവണ്ണം അനങ്ങാതെ നിന്നു. അപ്പോൾ ആ ജന്തു അയാളുടെ തുടമേൽ കുത്തി തള്ളിവിട്ട് അതിന്റെ വഴിക്കു കടന്നുപോയി. അദ്ദേഹത്തിന്ന് അകപ്പെട്ട ഈ കഠിനസംഭവത്തെ കുറിച്ചു ധർമ്മസഭയിൽ ഭിക്ഷുസംഘത്തിൽവെച്ചു സംവാദമുണ്ടായി. "ചർമ്മശാടകഭിക്ഷുവിന്നു പിണഞ്ഞ ആപത്തിന്നു കാരണമെന്തായിരിക്കും" എന്നു ചിലർ ചെയ്ത ചോദ്യത്തിന്നു ആ ചോദ്യംതന്നെ ആവർത്തിച്ചതല്ലാതെ ഉത്തരം പറവാൻ ആളുണ്ടായില്ല. അപ്പോഴക്കു ഭഗവാൻ ബുദ്ധൻ എത്തിച്ചേരുകയും അവക്കു സംശയം തീരുമാറ് ഇപ്രകാരം പറകയും ചെയ്തു. ഭിക്ഷുക്കളേ! ഈ ശ്രാവകൻ അശാന്തപ്രഗ്രഹനാകയാൽ ഇപ്പോൾ മാത്രമല്ല, മുമ്പും ഇങ്ങിനെയുള്ള വ്യാപത്ത് അനുഭവിച്ചവനാകുന്നു." ഇതു കേൾക്കുകയാൽ "അതെങ്ങിനെ" എന്നു ഭിക്ഷുക്കൾ ചോദ്യമായി. ഭഗവാൻ ഇങ്ങിനെ തുടന്നു.

"പണ്ടു ബ്രഹ്മദത്തൻ കാശിരാജ്യം ഭരിച്ചിരുന്ന കാലം ബോധിസത്വൻ ആ ദിക്കിൽ ഒരു കച്ചവടക്കാരന്റെ മകനായി ജനിച്ചു കച്ചവടത്തൊഴിലിൽ ഏർപ്പെട്ടു കാലക്ഷേപം ചെയ്തുവരികയുണ്ടായി. അക്കാലത്തൊരിക്കൽ ഒരു ചർമ്മശാടകപരിവ്രാജകൻ ഭിക്ഷ വാങ്ങി നടക്കുമ്പോൾ കുറെ കൊറ്റനാടുകൾ തമ്മിൽ യുദ്ധം ചെയ്യുന്നതു നോക്കിനിന്നു. അപ്പോൾ അതിലൊരാട് തന്റെ നേരെ തിരിയുന്നതു കണ്ടു. "ഹാ! ഇത്ര മനുഷ്യർ ഇവിടെ ഉണ്ടായിട്ടും ഈ മൃഗമാണല്ലോ എന്റെ യോഗ്യതയറിഞ്ഞു പൂജിപ്പാനുണ്ടായത്" എന്നു കരുതി അതിന്നഭിമുഖമായി അഞ്ജലിബന്ധത്തോടെ നിന്ന് ഇങ്ങിനെയൊരു പദ്യം ചൊല്ലി.

"കല്യാണമെയ്യുള്ളുത്തമിച്ചതുഷ്പദൻ
സുഭദ്രനെന്നല്ലതിപേശലാംഗകൻ
ഈയാടുജാത്യുത്തമനാം ദ്വിജേശ്വരൻ
വരുന്നെമ്പഴക്കത്തുടരുന്നുപൂജയേ."

ആ സമയത്തിൽ അങ്ങാടിയിലിരിക്കുന്ന പണ്ഡിതനായ കച്ചവടക്കാരൻ പരിവ്രാജകനെ അധിക്ഷേപിച്ചുകൊണ്ട് ഇങ്ങിനെയൊരു പദ്യം ചൊല്ലി.

“ഹേബ്രാഹ്മണാ!മട്ടിത്തുകാങ്കമൂലാ
നീവിശ്വസിക്കേണ്ട ചതുഷ്പദത്തെ
ഇവൻകഠോരംപ്രഹരിപ്പതിന്നായ്
തുനിഞ്ഞടുക്കുന്നിതുസുപ്രഹാരൻ.”

അദ്ദേഹം ഇതു പറഞ്ഞുനില്ക്കുമ്പോഴേക്കും ആടടുത്തെത്തി പരിവ്രാജകന്റെ തുടകൾ കുത്തിക്കഴിഞ്ഞു. ആയാൾ നിലവിളിച്ചു നിലത്തുവീണു. ആ സംഗതിയെ വിവരിച്ചുകൊണ്ടു ഭഗവാൻ വീണ്ടും ഒരു പദ്യംചൊല്ലി.

“ഊരുദ്വന്ദ്വംപൊട്ടിമാലേറിവന്നു
ഭഗ്നാസർവ്വാംബ്രാഹ്മണൻഭിന്നദേഹൻ
കഷ്ടംപൊക്കിക്കേണിടുന്നൂജനൌഘം
ദൂരെപ്പോവിൻകൊന്നിതീവണ്ണിതന്നെ.

പരിവ്രാജകൻ നാലാമതൊരു പദ്യം ചൊല്ലി.

“അപൂജ്യന്നുള്ളോരപ്പൂജയീമട്ടായ്തന്നെവന്നിടും
കുത്തിക്കൊന്നിതുദുർബ്ബുദ്ധിയാമെന്നെക്കൂറനാടിവൻ”.

ആ ചർമ്മശാടകനാണ് ഈ ഭിക്ഷു. കച്ചവടക്കാരൻ ഞാനുമാണ്. എന്നിങ്ങിനെ പറഞ്ഞു ഭഗവാൻ വിരമിച്ചു.

## ൧൨. ഉത്സാഹം.

ജേതവനവിഹാരിയായ മുനീന്ദ്രൻ “പുത്രൻ മടിയിലുണ്ടല്ലോ” എന്നാദിയായ ശ്ലോകം ചൊല്ലി ഒരു നാട്ടുകാരിയുടെ കഥ പറകയുണ്ടായി.

“ഒരു കാലത്തു കോസലരാജ്യക്കാരായ മൂന്നാളുകൾ ഒരു കാ

ട്ടിൽ കൃഷിചെയ്തു പാർത്തിരുന്നു. ആയിടയിൽ ആ നാട്ടിലെ ചില കള്ളന്മാർ എവിടെയൊ കളവുചെയ്തു ചാടിപ്പോകയാൽ പല ജനങ്ങളും കള്ളന്മാരെ തിരഞ്ഞു പുറപ്പെട്ടു. കാട്ടിൽ കൂടി കള്ളനെ തിരഞ്ഞു നടക്കുന്നവർ മൂന്നു കൃഷിക്കാരെ അവിടെ കണ്ട സമയം അവർതന്നെ കള്ളന്മാരാണെന്നുറച്ചു. "ഇവർ തങ്ങളുടെ ദുഷ്പ്രവൃത്തി മറച്ചുകൊണ്ട് ഇവിടെ വന്നു കൃഷിചെയ്കയാണ്" എന്നു പറഞ്ഞ് കൃഷിക്കാരെ പിടിച്ചു വേഗേന കോസലരാജാവിൻെറ സന്നിധാനത്തിലേക്കു കൊണ്ടുചെന്നു. രാജധാനിയിൽ ഇവർ കടക്കുമ്പോഴക്കും ഒരു സ്ത്രീ ഗോപുരത്തിൽ വന്ന് "ആച്ഛാദനം തരണേ! ആച്ഛാദനം തരണേ!" എന്നു നിലവിളിക്കുന്നുണ്ടായിരുന്നു. ആ ശബ്ദം കേൾക്കുകയാൽ പരമകാരുണികനായ രാജാവു് "എടോ! അവൾക്കു് ആച്ഛാദനത്തിന്നു് വസ്ത്രംകൊടുക്കുക" എന്നു കല്പിച്ചു. കിങ്കരന്മാർ വസ്ത്രവുമായി വന്നു. "ഇതല്ല ഞാനാവശ്യപ്പെട്ടത്" എന്നാണപ്പോൾ അവൾ പറഞ്ഞത്. "നിനക്കു പിന്നെ എന്തൊരാച്ഛാദനമാണ് വേണ്ടതെ"ന്നു ചോദിച്ച അവരോടു, എൻെറ നാഥനാണ് എനിക്കു ആച്ഛാദനമെന്നായിരുന്നു അവളുടെ ഉത്തരം. ആ വിവരം അവർ രാജാവിനെയും അറിയിച്ചു. രാജാവ് അവളെ വരുത്തി നീ പറഞ്ഞതിൻെറ സാരമെന്താണെന്നു ചോദിച്ചു.

സ്ത്രീ—അതെ രാജാവേ! സ്ത്രീക്കു് ആച്ഛാദനമെന്നാൽ തൻെറ നാഥൻതന്നെ. അനാഥയായവൾ ആയിരം പവൻ വിലയുള്ള വസ്ത്രമുടുത്താലും നഗ്നയാകുന്നു.

എങ്ങിനെയെന്നാൽ,

"നഗ്നതാൻനിർജ്ജലനദീനഗ്നംരാജ്യമരാജകം
പത്താങ്ങളകളുണ്ടെന്നാകിലുംവിധവനഗ്നതാൻ"

ഇതുകേട്ടു രാജാവു വളരെ പ്രസാദിച്ചു. ആ മൂന്നു കൃഷിക്കാരെ അറിയുമോ എന്ന് അവളോടു ചോദിച്ചതിൽ തൻെറ ഭർത്താവും സോദരനും പുത്രനുമാണെന്ന് അവൾ പറഞ്ഞു.

രാജാ—ഞാൻ നിന്നെപ്പററി വളരെ സന്തോഷിക്കുന്നു. ഈ മൂ

ന്നാളിൽ ഒരാളെ ശിക്ഷിക്കാതെ നിനക്കു തരാം. ആരെയാണ് വേണ്ടതെന്നു പറക.

സ്ത്രീ—രാജാവേ! അടിയൻ ജീവിക്കുന്നതായാൽ ഒരു ഭർത്താവിനെ കിട്ടാൻ പ്രയാസമില്ല. പെററു കുട്ടികളുമുണ്ടാകും. സോദരനുണ്ടാവാൻ മാർഗ്ഗമില്ല. അതിനാൽ അവനെ തന്നാൽമതി.

രാജാവ് അതുകേട്ടു വളരെ വളരെ സന്തോഷിക്കുകയും മൂന്നു കൃഷിക്കാരെയും അവൾക്കുവേണ്ടി വിട്ടുകൊടുക്കുകയും ചെയ്തു. അവളുടെ ബുദ്ധിഗുണത്താൽ ഇങ്ങിനെ മൂന്നു ജീവികൾ രക്ഷപ്പെട്ടു.

ഈ സംഭവം നാട്ടിലെല്ലാം പ്രസ്താവമായി. കോസലരാജാവ് ഒരു ഉത്തമസ്ത്രീക്കുവേണ്ടി മൂന്നു തടവുകാരെ വിട്ടയച്ചു എന്നുള്ള വിവരം ധർമ്മസഭയിലുള്ള ഭിക്ഷുക്കൾകൂടി സംസാരിച്ചുവന്നു. ആ സംസാരം ഒരിക്കൽ കേട്ടപ്പോൾ ഭിക്ഷുക്കൾ എന്തു കഥയാണ് പറയുന്നത് എന്നു ഭഗവാൻ ചോദിച്ചതിൽ ആ സ്ത്രീയുടെ യോഗ്യതയെ അവർ വിശേഷമായി വർണ്ണിച്ചു.

ഭഗവാൻ—ഭിക്ഷുക്കളെ! ആ സ്ത്രീ ഇപ്പോൾമാത്രമല്ല മൂന്നാളുകളെ ദുഃഖത്തിൽനിന്നു മോചിച്ചിട്ടുള്ളത്. മുമ്പും ഇങ്ങിനെയൊരു സംഭവം ഉണ്ടായിട്ടുണ്ട്.

ഭിക്ഷുക്കൾ ആ കഥ കേൾക്കാനാഗ്രഹിക്കുകയാൽ ഭഗവാൻ പറഞ്ഞു.

"പണ്ടു കാശിയിൽ ബ്രഹ്മദത്തൻെറ അടുക്കൽ ഇതേവിധം മൂന്നു കൃഷിക്കാരെ പിടിച്ചുകൊണ്ടുചെന്നു. ഒരു സ്ത്രീ വഴിയെ നിലവിളിച്ചു ചെല്ലുകയുമുണ്ടായി.

അപ്പോൾ "ഈ മൂന്നാളിൽ നിനക്കാരെയാണ് വേണ്ടതെ"ന്നു രാജാവു ചോദിച്ചു.

സ്ത്രീ—മൂന്നാളെയും ഒഴിച്ചുകൂടാ.

രാജാ—അതു സാധിക്കില്ല.

സ്ത്രീ—എന്നാൽ സോദരനെ തരണം.

രാജാ—മകനെയോ ഭർത്താവിനെയോ അല്ലേ വേണ്ടത്? അതിലധികമാണോ സോദരൻ?

സ്ത്രീ—ഇവരെ രണ്ടാളെയും സുലഭമായി കിട്ടും. സോദരൻ അങ്ങിനെയല്ല. പ്രമാണം പറയാം.

"പുത്രൻമടിയിലുണ്ടല്ലോഭത്താവുണ്ടാംവഴിക്കലും
സ്വാമിൻസോദരനെക്കിട്ടുംദേശമെങ്ങറിയില്ലഞാൻ"

രാജാവു് ഇവൾ പറയുന്നതു സത്യമാണെന്നു സഭ്യന്മാരോടു വളരെ ശ്ലാഘിച്ചശേഷം ബന്ധനാഗാരത്തിൽനിന്നു മൂന്നാളെയും വിട്ടുകൊടുത്തു.

അന്നത്തെ നാലുകൾ ഇവർതന്നെ. രാജാവു ഞാനുമാകുന്നു.

## ൧൩. പിതൃഭോജനം.

പിതൃഭോജനത്തെക്കുറിച്ചു "എന്നും സക്തരണഞ്ഞീടും" എന്നാദ്യമായ ഒരു പദ്യം ചൊല്ലിക്കൊണ്ടു ഭഗവാൻ ജൈതവനത്തിൽവെച്ചു് ഒരുകഥ പറകയുണ്ടായി. ആ കാലങ്ങളിൽ മനുഷ്യർ മരിച്ചുപോയ ജ്ഞാതികൾക്കു ഭോജനമാണെന്നു കല്പിച്ചു് അനേകമനേകം ആട്ടുമാട്ടുകളെ കൊന്നു ബലികൊടുക്കുന്നതു സമ്പ്രദായമായിരുന്നു. അതേപ്രകാരം ജീവഹിംസകൾ ചെയ്യുന്ന മനുഷ്യരുടെ സ്ഥിതിയെന്തായിരിക്കുമെന്നു ഭിക്ഷുക്കൾ ഒരുദിവസം ഭഗവാനോടു ചോദിച്ചു. ഭഗവാൻ മനുഷ്യർ വളരെ ജന്തുക്കളെ വധിച്ചു മൃതന്മാക്കു ഭോജനം കൊടുക്കുന്നുണ്ടല്ലോ. ഇതുകൊണ്ടു വല്ല ഫലവുമുണ്ടോ?

ഭഗവാൻ—മരിച്ചവക്കു ഭക്ഷണം കൊടുക്കുന്നതിന്നുവേണ്ടി ചെയ്യുന്ന പ്രാണിവധംകൊണ്ടു യാതൊരു ഗുണവുമില്ല. എന്തെന്നാൽ, പൂവ്വന്മാരായ പണ്ഡിതന്മാർ നിമ്മിച്ചിട്ടുള്ള ധമ്മദശ്നങ്ങളിൽ പ്രാണിഹിംസാത്മകമായ ബലികമ്മത്തെ ബലമായി നിഷേധിച്ചിരിക്കുന്നു. കാലശക്തിയാൽ ഇപ്പോഴും ഈ നടപടി നടന്നുവരുന്നു എന്നേ ഉള്ളൂ. ഇതിലെക്കൊരു കഥപറയാം.

"പണ്ടു കാശിയിൽ മൂന്നു വേദങ്ങളുടെയും പാരംഗതനും ശ്രോത്രിയനുമായ ഒരു പുരോഹിതബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേ

ഷം ഒരിക്കൽ പിതൃബലിക്കായി ഒരാടിനെ വാങ്ങി കൊണ്ടുവന്നു. ഉടനെ ശിഷ്യരെ വിളിച്ച് അതിനെ കുളിപ്പിച്ചു കഴുത്തിൽ മാലയിടീച്ച് അലങ്കരിച്ചു കൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

അവർ അതിനെ നദിയിൽ കൊണ്ടുപോയി കുളിപ്പിച്ചു ഭംഗിയിൽ അലങ്കരിപ്പിച്ചു തീരദേശത്തു നിൎത്തി. അപ്പോഴക്കു ആ ജന്തുവിന്നു തന്റെ പൂൎവ്വജന്മസ്മരണയുണ്ടാകയാൽ അതു ഉറക്കെ ഒന്നു ചിരിക്കയും ഉടനെ കരയുകയും ചെയ്തു. അതുകണ്ടു ബ്രാഹ്മണശിഷ്യന്മാർ ആശ്ചൎയ്യത്തോടെ, സൌമ്യ! നീ ചിരിച്ചതിന്നും കരഞ്ഞതിന്നും കാരണമെന്താണെന്നു ചോദിച്ചു. "ഇതു നിങ്ങൾ നിങ്ങളുടെ ഗുരുനാഥനോടു ചോദിച്ചുകൊൾവിൻ" എന്നു മാത്രമേ ആടു സമാധാനം പറഞ്ഞുള്ളു. അവർ ആടിനേയും കൂട്ടിക്കൊണ്ടു ആചാൎയ്യസന്നിധാനത്തിലെത്തി വിവരം പറഞ്ഞു. അതു കേട്ടു ബ്രാഹ്മണൻ ആടിനോടുതന്നെ ചോദിച്ചു.

"നീ കാരണം കൂടാതെ ചിരിച്ചുവെന്നും കരഞ്ഞുവെന്നും ഇവർ പറയുന്നുവല്ലോ. അതിന്നു ഹേതുവെന്ത്?"

ആടിന്നു പൂൎവ്വജന്മസ്മരണ അപ്പോഴും ഉണ്ടായിരുന്നു. അതിനാൽ ഇങ്ങിനെ പറഞ്ഞു: "ബ്രാഹ്മണ! പണ്ടൊരുകാലം ഞാനും അങ്ങെയെപ്പോലെ ഒരു ശ്രോത്രിയബ്രാഹ്മണനായിരുന്നു. ഒരിക്കൽ പിതൃഭോജനത്തിന്നുവേണ്ടി ഞാനും ഒരാടിനെ വിലക്കു വാങ്ങി കൊന്നിട്ടുണ്ട്. ആ പാപംനിമിത്തം നാനൂററിത്തൊണ്ണൂറെറാമ്പതു ജന്മങ്ങളിലായി ഇപ്പോഴും ഭാവിക്കാൻ പോകുന്ന ശിരച്ഛേദത്തെ ഞാനനുഭവിച്ചു വരുന്നു. ഇത്തവണയും കൂടിയായാൽ എന്റെ സങ്കടം അവസാനിച്ചുവെന്നു കരുതിയിരിക്കയും ഇതുപോലെയുള്ള സങ്കടങ്ങളെ ഇനി അങ്ങുന്നും അനുഭവിക്കണമല്ലോ എന്നു കരുതി കരകയുമുണ്ടായതാണ്".

ബ്രാഹ്മ— സാധുമൃഗമേ! പേടിക്കണ്ട. നിന്നെ ഞാൻ കൊല്ലുന്നില്ല.

ആട്— ബ്രാഹ്മണ! എന്താണങ്ങിനെ പറയുന്നത്? അങ്ങുന്നു കൊന്നാലും കൊന്നില്ലെങ്കിലും എനിക്കിന്നു മരിക്കാനുള്ള യോഗം നീക്കത്തക്കതല്ല.

ബ്രാഹ്മ— ഭയം വേണ്ട. ഏതുവിധവും ഇന്നു ഞാൻ നിന്നെ രക്ഷിക്കും. നിന്നെ കാത്തുകൊണ്ട് ഒരുമിച്ചുതന്നെ നടക്കും.

ആട്— വേണ്ട ബ്രാഹ്മണാ! അങ്ങയുടെ ഈ ഉദ്യമം നിസ്സാരമാണ്.

ബ്രാഹ്മണൻ ആടിനെ അഴിച്ച് "ഇതിനെ ഞാൻ കൊല്ലാൻ അയക്കില്ല" എന്നു ശിഷ്യന്മാരോടു പറഞ്ഞു. അതു നടക്കുന്നതിനു ഒരുമിച്ച് അദ്ദേഹവും നടന്നുതുടങ്ങി. കയർവിട്ട ഉടനെ ആടു പുല്ലു തിന്നാനായി ഒരു പാറമേൽ കയറി അടുത്തുള്ള വള്ളി കുടിലിലേക്ക തലയിട്ടു. അതേസമയം ആ പാറയിൽ ഇടിമിന്നൽ വീഴുകയാൽ പാറപൊളിഞ്ഞ് ഒരു കല്ലും ആടിൻെറ കഴുത്തിൽ ഏററ് ഉടലും കഴുത്തും വേറിട്ടു വീണു.

അവിടെ ബോധിസത്വൻ വൃക്ഷദേവതാസ്വരൂപത്തിൽ പ്രത്യക്ഷനായി. ദേവതാ പ്രഭാവമുള്ള അദ്ദേഹം ജനങ്ങൾക്ക കാണത്തക്കവിധം ആകാശദേശത്ത് ഒരു പർവ്വതത്തിൽ ഇരുന്നുകൊണ്ട് ജനങ്ങൾ ഇതേവിധമുള്ള പാപഫലം അറിയുന്നതായാൽ പ്രാണിഹിംസ ചെയ്യുന്നതല്ലെന്ന അൎത്ഥത്തിൽ മധുരസ്വരമായി ഒരുഗാഥ ചൊല്ലി.

"ജാതിസ്മരണയീവണ്ണം മനുഷ്യൎക്കുളവാകിലോ
ജീവിജീവിയെഹിംസിക്കാ ഹിംസിച്ചാൽദുഃഖമാംഫലം".

അതോടുകൂടി ബോധിസത്വൻ നരകത്തിൻെറ വിവരണം ചെയ്തു ജനങ്ങൾക്ക മനസ്സിലാക്കി. മനുഷ്യർ അതു കേട്ട നരകഭയഭീതന്മാരായിട്ട് അന്നു മുതൽ പ്രാണിവധത്തിൽനിന്നു വിരമിക്കുകയും ചെയ്തു.

ബോധിസത്വനും ജനങ്ങൾക്ക ശീലപരിപാലനത്തിന്നു വേണ്ടുന്ന ധൎമ്മദൎശനത്തെ മനസ്സിലാക്കിയശേഷം നിൎവ്വാണം പ്രാപിച്ചു. മഹാജനങ്ങൾ എല്ലാം അദ്ദേഹത്തിൻെറ ഉപദേശപ്രകാരം ദാനാദിപുണ്യങ്ങളെ അനുഷ്ഠിക്കയാൽ സൽഗതിയെ ലഭിച്ചു".

കഥ അവസാനിച്ചശേഷം ആ വൃക്ഷദേവത ഞാനായിരുന്നു എന്നും ഭഗവാൻ പറഞ്ഞു.

—ംശംം—

## ൧൪. ശശപണ്ഡിതൻ.

പണ്ടു ബ്രഹ്മദത്തന്റെ കാലത്തു ബോധിസത്വൻ കാശി രാജ്യത്തിൽ ഒരു മുയലായി ജനിച്ച് അവിടെയൊരു കാട്ടിൽ പാർത്തുവന്നു. ആ കാട്ടിന്റെ ഒരുഭാഗത്ത് ഒരു മലച്ചെരിവും ഒരു ഭാഗത്തു ഒരു നദിയും മറ്റൊരു ഭാഗത്തു മ്ലേച്ഛഗ്രാമവുമുണ്ട്. മുയൽ വലിയ അറിവുള്ളവനാകയാൽ ശശപണ്ഡിതനെന്നു പ്രസിദ്ധനായിത്തീർന്നു. പണ്ഡിതന്നു കുറുക്കൻ, കുരങ്ങു, കഴുത എന്നിങ്ങിനെ മൂന്നുസ്നേഹിതന്മാരുണ്ടായിരുന്നു. അവരും പണ്ഡിതരിൽനിന്ന് ഓരോ അറിവുകൾ സമ്പാദിച്ച നല്ല പാണ്ഡിത്യമുള്ളവരായി. അവർ പകൽ സമയം തങ്ങൾക്കു സഞ്ചാരയോഗ്യമായ ഭൂമിയിൽ നടന്ന് ഇര സമ്പാദിക്കുകയും രാത്രിയിൽ ഒരു സ്ഥലത്തു സംഘം കൂടുകയും പതിവാണ്. സംഘത്തിൽ അഗ്രാസനാധിപത്യം ശശപണ്ഡിതന്നു തന്നെ. ദാനത്താലുള്ള സുകൃതം ശീലരക്ഷണത്തിന്റെ ഫലം ഉപാസകമ്മത്തിന്റെ മഹത്വം ഇതെല്ലാം അഗ്രാസനർ ഊഹാപോഹങ്ങൾക്കു സമാധാനത്തോടെ വിശദമായി വിവരിച്ചു സ്നേഹിതന്മാരെ ധരിപ്പിക്കും. അവർ ഉപദേശങ്ങളെ അംഗീകരിച്ചശേഷം തങ്ങളുടെ വസതികളിൽപോയി പാർക്കുകയുംചെയ്യും. ഇതു സാധാരണ പതിവായിരുന്നു.

ഇങ്ങിനെ കഴിഞ്ഞു വരുമ്പോൾ ഒരു രാത്രിയിൽ ബോധിസത്വൻ ആകാശത്തു ചന്ദ്രനെ നോക്കീട്ടു ഉപവാസദിവസം അടുത്തുവെന്നുറച്ച് സ്നേഹിതന്മാരോടിങ്ങിനെ പറഞ്ഞു. "ഉപാസകന്മാക്കുള്ള വിശേഷദിവസം സമീപിച്ചു. നിങ്ങൾ മൂന്നാളും ശീലസമ്പന്നന്മാരായി ഉപാസകവ്രതരെ ആദരിക്കണം. ധമ്മശീലത്തെ രക്ഷിക്കണം. അതിന്നുള്ള ഫലം മഹത്താണ്. യാചകന്മാരാരെങ്കി

ലും നിങ്ങടെ അടുക്കൽ വന്നാൽ ക്ഷണം കൊടുത്ത് അവരെ തൃപ്തരാക്കണം”

അവർ ഇപ്രകാരമുള്ള കല്പനയെ ആദരവൂർവ്വം സ്വീകരിച്ചുകൊണ്ടു തങ്ങളുടെ വാസസ്ഥലങ്ങളിലേക്കു പോയി.

പിറേറന്നാൾ രാവിലെ കഴുത ഇരതേടുവാനായി ഗംഗാതീരത്തിലെത്തി. അവിടെ ഒരു മീൻപിടിയൻ ഏഴു സ്രാവുമത്സ്യങ്ങളെ പിടിച്ചു വള്ളികൊണ്ടു കെട്ടി ചില ഇലകൾക്കിടയിൽ മൂടിവെച്ചതു ഗർദ്ദഭത്തിന്റെ ദൃഷ്ടിയിൽ പെട്ടു. മീൻപിടിയൻ തന്റെ പ്രവൃത്തിക്കുപോയ സമയമായിരുന്നു. “ഈ മത്സ്യങ്ങൾക്ക് ഉടമസ്ഥനുണ്ടോ” എന്ന് ആ ജന്തു ഉറക്കെ വിളിച്ചു ചോദിച്ചതിന്നു മറുപടിയുണ്ടായില്ല. കഴുത ആ മത്സ്യക്കെട്ടു കടിച്ചെടുത്തു സ്വന്തം വാസസ്ഥലമായ കുടിലിൽ കൊണ്ടുചെന്ന് ആവശ്യം വരുമ്പോൾ ഉപയോഗിക്കാമെന്ന നിലയിൽ സൂക്ഷിച്ചുവെച്ചു. കുറുക്കനും രാവിലെ പുറപ്പെട്ടു ഭക്ഷണമന്വേഷിച്ചു നടക്കുകയായിരുന്നു. അങ്ങിനെ ഒരു കൃഷിക്കാരൻ ഇടയന്റെ കുടിലിലെത്തി. അവിടെ ആരെയും കണ്ടില്ല. എന്നാൽ രണ്ട് ഉണങ്ങിയ മാംസക്കഷണങ്ങൾ ഒരു തയിർക്കുടം, ഒരു കൈവാർ ഇതെല്ലാം അവിടെയുണ്ട്. അ വസ്തു് ഉടമസ്ഥരുണ്ടോ എന്നു നോക്കിയതിൽ കാണായ്കയാൽ കുടത്തിന്മേലുള്ള കയർ തന്റെ കഴുത്തിൽ കുടുക്കി കൈവാറും മാംസക്കഷണങ്ങളും കടിച്ചുകൊണ്ടു സ്വന്തം ശയനഗുല്മത്തിലെത്തിച്ചു; ആവശ്യംവരുമ്പോൾ ഉപയോഗിക്കാമെന്നുറച്ച് അവിടെ സൂക്ഷിക്കുകയും ചെയ്തു.

കാട്ടിൽ ചാടിനടക്കുന്ന വാനരന്നു കുറെ മാമ്പഴങ്ങൾ കിട്ടി. അവൻ അതു കൊണ്ടുവന്നു തന്റെ വാസസ്ഥലത്തും ഭദ്രമായി വെച്ചു. ഇവരെല്ലാം ശശപണ്ഡിതന്റെ ഉപദേശം വഴിപോലെ നിറവേററണമെന്ന് ഉറപ്പായി വിശ്വസിച്ചിരുന്നു. അനന്തരം ശശരൂപിയായ ബോധിസത്വനാകട്ടെ ഉപവാസദിവസം പ്രഭാതമായാൽ പുറത്തുപോയി ദർഭ തിന്നാമെന്നുറച്ചു. അദ്ദേഹം തന്റെ വള്ളിക്കുടിലിലിരുന്നു വീണ്ടും മനോരാജ്യം തുടങ്ങി. എന്റെ അടുക്കൽ ഒരതിഥിവന്നാൽ അദ്ദേഹത്തിന്നു ഞാൻ ഭക്ഷിക്കുന്ന പുല്ല്

കൊടുത്താൽ പോര. പിന്നെയൊ? തിലതണ്ഡുലാദികളൊന്നും എനിക്കില്ല താനും. അതിനാൽ ഒരു ഭക്ഷണാൎത്ഥി ഇവിടെ വരുന്നതായാൽ എന്റെ ശരീരമാംസംതന്നെ അദ്ദേഹത്തിന്നു കൊടുക്കാം; എന്നിങ്ങിനെ ആത്മബലിക്കു തീൎച്ചപ്പെടുത്തിയ ബോധിസത്വന്റെ ശീലതേജസ്സ് ഉയൎന്നുപോകയാൽ ദേവലോകത്തു ശുഭ്രകംബളശിലാസനത്തിലിരിക്കുന്ന ദേവേന്ദ്രന്ന് ഉഷ്ണം തട്ടുകയും തൽക്ഷണം കാൎയ്യം മനസ്സിലാക്കി ഈ ശശപണ്ഡിതനെയൊന്നു പരീക്ഷിക്കണമെന്നുറച്ച് അദ്ദേഹം ഭൂമിയിലിറങ്ങുകയും ചെയ്തു. അവിടെ ഇന്ദ്രൻ ഒരു ബ്രാഹ്മണവേഷം ധരിച്ച് ആൎത്ത്യമായി കഴുതയുടെ അടുക്കൽ ചെന്നുനിന്നു.

കഴുത— എന്താണു വേണ്ടതു ബ്രാഹ്മണ?

ബ്രാഹ്മണൻ— ഉപാസകധൎമ്മം സ്വീകരിക്കേണ്ടതിലേക്കു അല്പം ഭക്ഷണം കിട്ടിയാൽ നന്നു.

കഴുത— നല്ലത്. അങ്ങക്ക് ആഹാരം ഞാൻ തരും. എങ്ങിനെയെന്നാൽ,

“വെള്ളത്തിൽനിന്നുകിട്ടീട്ടുണ്ടേഴുരോഹിതമീനുകൾ
ഇതെൻബ്രാഹ്മണ!ഭക്ഷിച്ചിട്ടങ്ങുകാട്ടിൽനടക്കുക”.

“സന്തോഷം! ഇപ്പോളിതിവിടെ ഇരിക്കട്ടെ; ഞാൻ പിന്നെ വന്നുകൊള്ളാം” എന്നും പറഞ്ഞു ബ്രാഹ്മണൻ അവിടെ നിന്നിറങ്ങി കുറക്കന്റെ സമീപത്തു ചെന്നു. അവിടെയും ഭക്ഷണം യാചിച്ചു. അപ്പോൾ കുറക്കൻ ഒരു പദ്യം ചൊല്ലി.

“ക്ഷേത്രപാലന്റെകുടിലിൽ നിന്നുഞാൻകൊണ്ടുവന്നവ
മാംസഭക്ഷണങ്ങൾ, കൈവറ, തയിർക്കുടമിതൊക്കെയും
എനിക്കുണ്ടെൻബ്രാഹ്മണാ!നീ തിന്നുകാട്ടിലിരിക്കുക”.

“ഇരിക്കട്ടെ” എന്നും പറഞ്ഞു ബ്രാഹ്മണൻ അവിടെനിന്നുമിറങ്ങി. പിന്നെ മക്കടനെച്ചെന്നുകണ്ടു ഭക്ഷണം ചോദിച്ചപ്പോൾ അവൻ മറ്റൊരു ശ്ലോകം ചൊല്ലി.

“തണുത്തമാമ്പഴച്ചാറു ശീതച്ഛായമനോരമം
ഇതെബ്രാഹ്മണ! നാക്കുള്ള ഭക്ഷിച്ചങ്ങുനവാഴുക”.

ബ്രാഹ്മണൻ നല്ല വാക്കുപറഞ്ഞ് അവിടെ നിന്നും ഇറങ്ങി ശശപണ്ഡിതനെ കാണ്മാൻ ചെന്നു. ശശപണ്ഡിതനും ആവശ്യമെന്താണെന്നു ചോദിച്ചപ്പോൾ ബ്രാഹ്മണൻ ഭക്ഷണമാവശ്യപ്പെട്ടു. പണ്ഡിതൻ വളരെ സന്തോഷിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു. "അങ്ങുന്ന് ആഹാരത്തിന്നായി, എന്റെ അടുക്കെ വന്നതു വളരെ നന്നായി. എന്നാൽ ഞാൻ ഒരപൂൎവ്വദാനം ചെയ്യാനാണ് ഇപ്പോൾ തുടങ്ങുന്നത്. അങ്ങുന്നു വിശന്നു ബുദ്ധിമുട്ടരുത്; വേഗത്തിൽ കുറച്ചു വിറകു കൊണ്ടുവന്നു തീക്കത്തിച്ചു തരണം. എന്റെ ദേഹത്തെ അതിലിട്ടുകൊള്ളാം. വെന്തു പാകംവന്നാൽ അതു ഭക്ഷിച്ച് അങ്ങുന്നു ശ്രമണധൎമ്മത്തെ സ്വീകരിച്ചുകൊള്ളുക". പിന്നെ ഒരു പദ്യവും ചൊല്ലി.

"മുയലിന്നെള്ളുകൂട്ടീടാ മുൽഗവുംതണ്ഡുലാദിയും
ഇത്തീയ്യിൽവെന്തൊരെന്നെത്തി ന്നങ്ങുകാട്ടിൽവസിക്കുക"

ഇതു കേട്ട ദേവേന്ദ്രൻ അവിടെനിന്നിറങ്ങി ദിവ്യശക്തികൊണ്ടു വിറകുവരുത്തി തീക്കത്തിക്കുകയും മുയലിന്നു വിവരമറിയിക്കുകയും ചെയ്തു. മുയൽ ഭദ്രശിലാശയനത്തിൽ നിന്നെഴുനീററ് അഗ്നിക്കടുത്തുചെന്നു. "എന്റെ രോമാന്തരങ്ങളിലെങ്കിലും പ്രാണനുണ്ടെങ്കിൽ ഞാൻ മരിക്കരുത്." എന്നിങ്ങിനെ മൂന്നുപ്രാവശ്യം ഉച്ചരിച്ചും, ദേഹം കുടഞ്ഞും, ദേഹംദാനദ്രവ്യമാണെന്നു സങ്കല്പിച്ചും പ്രമുദിതനായിട്ടു രാജഹംസം പത്മപുഞ്ജത്തിലേക്കെന്നപോലെ അംഗാരരാശിയിലെക്കു പതിച്ചു. അഗ്നിയ്ക്കാകട്ടെ, ബോധിസത്വശരീരത്തിലെ ഒരു രോമകൂപംപോലും ഉഷ്ണിപ്പിക്കാൻ കഴിഞ്ഞില്ല. പണ്ഡിതന്നു താൻ മഞ്ഞിൻകട്ടയിൽ വീണിരിക്കയാണെന്നവിധം തണുപ്പുണ്ടായി.

പണ്ഡിതൻ— ബ്രാഹ്മണ! അങ്ങുന്നു കത്തിച്ച തീയിനാൽ എന്റെ ഒരു രോമത്തിൽകൂടി ചൂടുതട്ടുന്നില്ലല്ലോ. ഇതെന്താണ്?

ബ്രാഹ്മ— പണ്ഡിതവര! ഞാൻ ബ്രാഹ്മണനല്ല; ദേവേന്ദ്രനാണ്. അങ്ങയെ പരീക്ഷിക്കാൻ വരികയാണുണ്ടായത്.

പണ്ഡിതൻ— ആഹാ! എന്താണിന്ദ്ര! എന്റെ ദാനശീലത്തെ ഒരാൾ പരീക്ഷിക്കയോ? അതിൽ സംശയമുണ്ടല്ലൊ.

ദേവേന്ദ്രൻ— ശശപണ്ഡിത! ക്ഷമിക്കണം. മേലാൽ അങ്ങയുടെ യോഗ്യത ലോകങ്ങളെല്ലാം കാണത്തക്ക നിലയിലായിവരട്ടെ.

എന്നുപറഞ്ഞ് അവിടെനിന്നെഴുനേററപ്പോൾ അടുത്തുള്ള ഒരു പർവ്വതം പിളരുകയും അതിൽനിന്നു കിട്ടിയ പർവ്വതരസത്തെ കൊണ്ടുവന്ന് അതുകൊണ്ടു ചന്ദ്രമണ്ഡലത്തിൽ ഒരു മുയലിന്റെ രൂപം വരക്കുകയുംചെയ്തു. അനന്തരം ശശപണ്ഡിതനുമായി വളരെനേരം സ്നേഹസല്ലാപംചെയ്ത് ആ ചെറുമൃഗത്തെ തരുണദർഭശയനത്തിൽ കിടത്തി യാത്രപറഞ്ഞു സ്വർഗ്ഗത്തിലേക്കു പോവുകയുംചെയ്തു. ഉപാസകന്മാരായിത്തീൎന്ന ആ നാലു സ്നേഹിതന്മാൎക്കും ഒടുവിൽ സൽഗതിവന്നു.

## ൧൩. വരാഹം.

പണ്ടു താമ്രവൎണ്ണദ്വീപിൽ "ശിരീഷവസ്തു" എന്നു പേരായ ഒരു യക്ഷനഗരമുണ്ടായിരുന്നു. അതിൽ സ്ഥിരതാമസമായി അനേകം യക്ഷികളുണ്ട്. അവരുടെ സമ്പ്രദായം ഇങ്ങിനെയാണ്: സമുദ്രയാത്രയിൽ കപ്പലുകൾ പൊളിഞ്ഞ് ഏതുവിധമെങ്കിലും മനുഷ്യർ രക്ഷപ്പെടുവാനായി ആ ദ്വീപിലെത്തിച്ചേൎന്നാൽ സൎവ്വാഭരണഭൂഷിതകളായ യക്ഷികൾ പലരും ഒത്തുചേൎന്നു ഭക്ഷണപാനീയാദികളോടു കൂടിച്ചെന്ന് അവരെ സ്വീകരിക്കും. കടലിൽ മുങ്ങിച്ചാവുമെന്നുറച്ചിരുന്ന മനുഷ്യരെ, തങ്ങൾ മനുഷ്യവാസസ്ഥലത്താണ് എത്തിയതെന്നു തോന്നിച്ചു സന്തോഷിപ്പിക്കും. അതിന്നു വേണ്ടുന്നതായ കൃഷിഗോരക്ഷാദിസാമഗ്രികകളെല്ലാം മായകൊണ്ടു കാണിക്കും. ഭൃത്യന്മാർ പശുക്കൾ നായ്ക്കൾ മുതലായവയെല്ലാം അവിടെയുണ്ടായിരിക്കും. ഇങ്ങിനെ യക്ഷികൾ കരയ്ക്കണഞ്ഞ കച്ചവടക്കാരുടെ മുമ്പിൽചെന്നു ഭംഗിയായി ലൌകികം പറയുന്നു. "ഇതാ കഞ്ഞി തയ്യാർ; ചോറ വേണമെങ്കിൽ അതുമുണ്ട്. കറി

ഇഷ്ടമുള്ളതെടുക്കാം. പലഹാരങ്ങളും ഇതാ. നിങ്ങൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നുവല്ലൊ". ഈ വക ആദരവു കാണുമ്പോൾ മനുഷ്യർ തങ്ങൾ നരകഗഹ്വരത്തിൽനിന്ന് ഒന്നായി സ്വർഗ്ഗത്തിൽ കയറിയെന്നു വിചാരിക്കുകയും വാസ്തവമറിയാതെ യക്ഷികൾ കൊടുത്തതു രസത്തിൽ ഭക്ഷിക്കുകയും ചെയ്യുന്നു. ഭക്ഷണം കഴിഞ്ഞു വിശ്രമിക്കുമ്പോൾ സംഭാഷണം ചെയ്വാനും യക്ഷികളെത്തുന്നു. "നിങ്ങളേതു രാജ്യക്കാരാണ്; ഇവിടെ എന്തിനു വന്നു? എങ്ങോട്ടാണ് പോണത്; എവിടെനിന്നു വന്നു?" എന്നും മററുമുള്ള ചോദ്യങ്ങൾക്കു ഉത്തരമായി തങ്ങൾക്കു കപ്പലിൽ പിണഞ്ഞ അബദ്ധങ്ങളേയും കഷ്ടതയേയും യാത്രക്കാർ വർണ്ണിക്കുന്നു. ഇതു കേട്ടു യക്ഷികൾ പറയുന്നു: "മഹാന്മാരെ! നല്ലത്. ഞങ്ങടെ ഭർത്താക്കന്മാരും കപ്പൽ കേറിപ്പോയിട്ടു രണ്ടുമൂന്നു കൊല്ലം കഴിഞ്ഞു; യാതൊരു വിവരവും അവരെപ്പററിയില്ല. ഇപ്പോൾ മരിച്ചിരിക്കും. നിങ്ങളും കച്ചവടക്കാരാണല്ലൊ. അനാഥമാരായ ഞങ്ങൾ നിങ്ങളുടെ പാദശുശ്രൂഷ ചെയ്തുകൊള്ളാം". ഇങ്ങിനെയുള്ള സല്ലാപങ്ങൾ ചെയ്ത് ആ സ്ത്രീകൾ സ്ത്രീജനസുലഭമായ ഹാവഭാവവിലാസങ്ങളെക്കൊണ്ട് അവരെ പ്രലോഭനം ചെയ്തു യക്ഷനഗരത്തിലെക്കു കൂട്ടിക്കൊണ്ടു പോകുന്നു. ഇതുപോലെ മുമ്പു കൊണ്ടുപോകപ്പെട്ട ചില മനുഷ്യർ അപ്പോൾ അവിടെയുണ്ടായിരിക്കും. പുതിയ കൂട്ടരറിയാതെ അവരെ കയ്യാമം വെച്ചു നിലവറകളിലിട്ടു പൂട്ടി യക്ഷികൾ പുതിയ ഭർത്താക്കന്മാരോടു ചേർന്നു രമിക്കുന്നു. ഇവരിൽ ആഗ്രഹം കുറഞ്ഞു തുടങ്ങിയാൽ യക്ഷികൾ വീണ്ടും പുതിയ മനുഷ്യരെ തിരഞ്ഞു സമുദ്രതീരത്തിലേക്കു തന്നെ പോകും. ഇതു വളരെക്കാലമായിട്ടു നടന്നുവന്ന നിയമമാകുന്നു.

ഒരു കാലത്തു കപ്പൽ നശിച്ചുപോയ അഞ്ഞൂറു കച്ചവടക്കാർ വളരെ കഷ്ടപ്പെട്ട് ആ ദ്വീപിലെത്തിച്ചേർന്നു. യക്ഷികൾ പതിവുപ്രകാരം അവരെ യക്ഷനഗരത്തിന്നു കൊണ്ടുപോകയും അവിടെ മുമ്പുള്ള മനുഷ്യരെ ചങ്ങലയിട്ടു തുറുങ്കിലാക്കുകയും ചെയ്തു. കൂട്ടത്തിൽ വലിയ യക്ഷി കച്ചവടക്കാരിൽ പ്രധാനിമയേയും മററ

ള്ളവർ വയസ്സിന്റെ ക്രമംപോലെ ശേഷമുള്ളവരെയും ഭർത്താക്കന്മാരാക്കി. ഇങ്ങിനെ അഞ്ഞൂറു കച്ചവടക്കാരും സുന്ദരിമാരായ ഭാര്യമാരെ കിട്ടിയതിനാൽ സന്തോഷിച്ചു.

അന്നസ്തമിച്ചു കച്ചവടസ്ഥലത്തിലെ പ്രമാണി ജ്യേഷ്ഠത്തി യക്ഷിയൊരുമിച്ചും ശേഷമുള്ളവർ തങ്ങളുടെ ഭാര്യമാരൊരുമിച്ചും കിടന്നുറങ്ങുന്നു. തന്റെ ഭർത്താവുറങ്ങിയെന്നു കണ്ടപ്പോൾ വലിയ യക്ഷി എഴുന്നേററു നില വരയിൽപോയി ഒരു തടവുകാരന്റെ മാംസം തിന്നു മടങ്ങിവന്നു. മററുള്ളവരും ഈ തന്ത്രം എടുത്തിരിക്കുമല്ലോ. മാംസം ഭക്ഷിച്ചു വന്നു കിടന്ന സമയം അവളുടെ ദേഹം അതിയായ ശൈത്ര്യം ബാധിച്ചു പ്രകൃതിമാററം വന്നിരുന്നു. ബുദ്ധിമാനായ ആ കച്ചവടക്കാരനു കാര്യം മനസ്സിലായി. ഇവർ യക്ഷികളാണെന്നും തങ്ങളെ വഞ്ചിച്ചുവെന്നും കഴിയുന്ന വേഗത്തിൽ തങ്ങൾക്കും അവിടംവിട്ടു പോകേണമെന്നും വിചാരിച്ചുകൊണ്ട് അദ്ദേഹം രാത്രി കഴിച്ചുകൂട്ടി. പുലരുമ്പോൾ ദേഹശുദ്ധി ചെയ്വാനെന്നുപറഞ്ഞു പുറത്തിറങ്ങി അദ്ദേഹം തന്റെ കൂട്ടുകാരെയെല്ലാം വിവരം പറഞ്ഞു മനസ്സിലാക്കി. "ഇവർ യക്ഷികളാണ്; മനുഷ്യസ്ത്രീകളല്ല. കപ്പൽ നാശംപററിയ ഒരു കൂട്ടർ ഇനി ഇവിടെ എത്തിച്ചേന്നാൽ അവരെപ്പിടിച്ചു നമ്മെ ഇവർ കൊന്നുതിന്നും. അതിനാൽ നമുക്കു ക്ഷണത്തിൽ ഇവിടംവിടണം".

"ഇവരെ ജയിച്ചുപോവാൻ നമുക്കു കഴിയില്ല. അതിനാൽ ഞങ്ങൾ പോരുന്നില്ല. നിങ്ങളുടെ കാര്യം ഇഷ്ടംപോലെയാവാം" എന്നു പറകയാണ് അഞ്ഞൂറിൽ മൂന്നൂറെററാളുകളും ചെയ്തത്. ബാക്കി നൂററിത്തൊണ്ണൂറെറാന്നുപേരും മൂപ്പനും തങ്ങൾ യക്ഷികൾക്ക് ആഹാരമായിത്തീരരുതെന്നുറച്ച് അവിടെനിന്നിറങ്ങി.

അപ്പോഴക്കം ബോധിസത്വൻ ഒരു പന്നിയായി ജനിച്ചിരുന്നു. വെളുത്തവർണ്ണം, കറുത്ത ശിരസ്സ്, മുഞ്ജകേശം ഇങ്ങിനെയുള്ള ഉന്നത സ്വത്രൂപത്തോടുകൂടിയ ആ വരാഹം അപ്പോൾ ഹിമവല്പാർശ്വത്തിൽ ക്രീഡിക്കയായിരുന്നു എങ്കിലും കച്ചവടക്കാർപുറപ്പെടുന്ന സമയത്തേക്കു ആകാശമാർഗ്ഗേണ യാത്രചെയ്ത് താമ്രവർണ്ണീദ്വീ

പിൽ ചെന്നിറങ്ങി അവിടെ മുളച്ചുനില്ക്കുന്ന കൃഷിധാന്യങ്ങളെ തിന്നുകൊണ്ടു നടന്നുകൊണ്ടിരുന്നു. അവർ ഒളിച്ചോടിപ്പോവുന്നതു കാൺകയാൽ "നാട്ടുപുറങ്ങളിലേക്ക് ആരെങ്കിലുമുണ്ടോ?" എന്നു ആ വരാഹം കരുണയോടെ മൂന്നുതവണ വിളിച്ചു ചോദിച്ചു. ഏതെങ്കിലും അവിടം വിടുകതന്നെയെന്നു നിശ്ചയിച്ചു തങ്ങൾ പോരുന്നുവെന്നും പറഞ്ഞു കച്ചവടക്കാർ അതിന്റെ അടുത്തു ചെന്നു. ആ മൃഗം എല്ലാവരോടും തന്റെ പുറത്തു കയറിക്കൊള്ളാൻ സമ്മതം കൊടുത്തു. ഉടനെ ചിലർ മുതുകിൽകയറി; ചിലർ വാലിന്മേൽ തൂങ്ങി; ചിലർ തലയിലുമായി. ഇങ്ങിനെ അവരെല്ലാം തന്റെ ദേഹത്തിലായശേഷം ബോധിസത്വൻ ഉയൎന്നുപോയി അവരെയെല്ലാം സ്വരാജ്യത്തു കൊണ്ടിറക്കി.

യക്ഷികളാകട്ടെ പിന്നെയും ചില മനുഷ്യർ അവിടെ എത്തിയശേഷം മുൻ വിവരിച്ച മൂന്നൂറെറട്ടാളുകളേയും കൊന്നുതിന്നുകയും ചെയ്തു.

## ൧൩. രാജാപവാദം.

പണ്ടു ബോധിസത്വൻ ബ്രഹ്മദത്തനെന്ന കാശിരാജാവിന്റെ പട്ടമഹിഷിയുടെ ഗൎഭത്തിൽ പ്രവേശിച്ചു ശുഭദിവസത്തിൽ ജനിക്കുകയും ബ്രഹ്മദത്തകുമാരനെന്ന പേരോടുകൂടി വളൎന്നുവരികയും ചെയ്തു. അങ്ങിനെ ബ്രഹ്മദത്തകുമാരന്നു പതിനാറു വയസ്സു പ്രായമായി. അതിന്നിടയ്ക്കു സകല ശാസ്ത്രങ്ങളും ശില്പാദികലാവിദ്യകളും ഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നു. അക്കാലത്ത് അച്ഛൻ മരിച്ചുപോകയാൽ ബ്രഹ്മദത്തകുമാരൻ രാജ്യത്തിന്നവകാശിയുമായി. അനന്തരം ധൎമ്മത്തോടെ പ്രജാപരിപാലനം ചെയ്തുവന്നു. അദ്ദേഹം അമാത്യസഹിതനായിട്ടു നീതിന്യായത്തോടെ വാസ്തവസ്ഥിതിയറിഞ്ഞു വിനിശ്ചയം ചെയ്യുന്ന സകല വ്യവഹാരങ്ങളുംസത്യത്തിൽ പൎയ്യവസാനിച്ചു. ആ നാട്ടിൽ കൂടച്ഛത്മകരാദികൾ ഉണ്ടായതെയില്ല. രാജാങ്കണത്തിൽ സങ്കടക്കാരുടെ വരവു തീരെ മാറി. കച്ചേരിസ്ഥലങ്ങളും മററും യാതൊരു പരാതിയും കേൾക്കാനിടവരാതെ നിശ്ശബ്ദതയിലായിത്തീൎന്നു. മന്ത്രികളെല്ലാം സ്വസ്ഥന്മാരായി. അതുനിമിത്തം ബോധിസത്വന്ന് ഇങ്ങിനെയുള്ള ആ

ലോചനയായി. ഞാൻ ധർമ്മശ്രദ്ധയോടെ രാജ്യം ഭരിക്കകനിമിത്തം അന്യായക്കാരും സങ്കടക്കാരുമായ പൌരന്മാരില്ലാത്തതിനാൽ കച്ചേരി തുടങ്ങിയുള്ള സ്ഥലങ്ങളിലെങ്ങും യാതൊരു തിരക്കും കാണുന്നില്ല. എന്നാലും എന്നെക്കുറിച്ച ദുർഗ്ഗുണപ്രസ്താവം ജനങ്ങളുടെ ഇടയിലുണ്ടോ എന്നറിഞ്ഞ് ഉണ്ടെങ്കിൽ പരിഹരിക്കാൻ നോക്കണം".

അതുമുതല്ക്കു തന്നെക്കുറിച്ചു ദുഷ്പ്രസ്താവം ചെയ്യുന്നവർ വല്ലവരുമുണ്ടോ എന്നു രാജാവു ഗൂഢാന്വേഷണം തുടങ്ങി. സ്വന്തം അരമനയിലുള്ള ഉദ്യോഗസ്ഥന്മാരുടെ ഇടയിലെല്ലാം അന്വേഷിച്ചതിൽ സകലരും തന്റെ ഗുണങ്ങളെ മാത്രമേ ഘോഷിക്കുന്നുള്ളു. "എന്നെ ഭയപ്പെട്ടിട്ടായിരിക്കാം ഇവർ അഗ്ഗുണങ്ങളൊന്നും പറയാതിരിക്കുന്നതെന്നു കരുതി അദ്ദേഹം നഗരത്തിൽ അന്വേഷണം ചെയ്തു. നഗരബഹിർഭാഗങ്ങളിലും മനസ്സിരുത്തി നോക്കി. നാലു വഴിയിലുമുള്ള അയൽഗ്രാമങ്ങളിലൊന്നും ഒരു അഗ്ഗുണവാദിയെ കണ്ടുകിട്ടിയില്ല. ഇനി നാട്ടുപുറങ്ങളിലും നോക്കണമെന്നുറച്ചു രാജാവു രാജ്യഭാരം അമാത്യന്മാരിലേല്പിച്ചശേഷം ഒരു വണ്ടിയിൽ കയറി സാരഥിമാത്രം സഹായത്തോടെ വേഷച്ഛന്നനായി പുറപ്പെട്ടു. എല്ലാനാട്ടുപുറങ്ങളിലും വേണ്ടതുപോലെ അന്വേഷണം കഴിച്ചു. തനിക്കൊരു ദുർഗ്ഗുണമുണ്ടെന്ന് ഒരാളും പറയായ്കയാലും സൽഗുണങ്ങളെ പുകഴ്ത്തുകയാലും അദ്ദേഹം തൃപ്തിപ്പെട്ടു രാജധാനിക്കുതന്നെ മടങ്ങുകയായി. അക്കാലത്തു കോസലരാജ്യത്തിൽ മല്ലികനെന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹവും ധർമ്മത്തോടെ രാജ്യഭാരം ചെയ്തു കീർത്തി സമ്പാദിക്കുകയും തന്നെക്കുറിച്ചു ദുഷ്പ്രസ്താവമുണ്ടോ എന്നറിവാനായി രാജധാനി നഗരം മുതലായ സ്ഥലങ്ങളിലെല്ലാം ഗൂഢാന്വേഷണംചെയ്തു ബ്രഹ്മദത്തനെപ്പോലെ നാട്ടുപുറങ്ങളിലും പോയി നോക്കി തൃപ്തിപ്പെട്ടു സ്വരാജ്യത്തിലേക്കു മടങ്ങുകയും ചെയ്കയായിരുന്നു. ആ യാത്ര ബ്രഹ്മദത്തന്നഭിമുഖമായിത്തീർന്നു. പാതയിൽ ഇറക്കായുള്ള ഒരു സ്ഥലത്താണ് ഇവർ രണ്ടുപേരുടെയും വണ്ടികൾ ഒരുമിച്ചു കൂടിയത്. അപ്പോൾ മല്ലികന്റെ വ

ണ്ടിക്കാരൻ കാശിരാജാവിന്റെ സൂതനോടു വണ്ടി തിരിച്ചുനിൎത്താൻ പറഞ്ഞു.

“നിന്റേതു തിരിച്ചുനിൎത്തണം; ഇതു കാശിയിലെ ബ്രഹ്മദത്തമഹാരാജാവ് എഴുന്നെള്ളുന്ന രഥമാണെ”ന്നാണ് അവനതിനു ഉത്തരം പറഞ്ഞത്. കോസലരാജാവിന്റെ വണ്ടിക്കു മറ്റേവണ്ടി സ്ഥലം കൊടുക്കണമെന്നു മല്ലികന്റെ വണ്ടിക്കാരനും ശഠിച്ചു.

അപ്പോൾ കാശിരാജാവിന്റെ സാരഥി ആലോചിച്ചു. “ഇതും ഒരു തുല്യരാജാവാണ്. അതിനാൽ രണ്ടു രാജാക്കന്മാരുടേയും വയസ്സുനോക്കി കാരണവസ്ഥാനമുള്ളാൾക്കു മറ്റാൾ തിരിയുക എന്നുവെക്കാം” എന്നുറച്ചു കോസലരാജാവിന്റെ വയസ്സു ചോദിച്ചു. വയസ്സുനോക്കുമ്പോൾ രാജാക്കന്മാർ രണ്ടാളും തുല്യന്മാരാണ്. പിന്നെ രാജ്യത്തിന്റെ വലിപ്പം, ബലം, ധനം, യശസ്സ്, ജാതി, ഗോത്രം, കുലം ഇതെല്ലാം അന്യോന്യം ചോദിച്ചറിഞ്ഞു. മുപ്പതീത യോജനയിലുള്ള രാജ്യങ്ങൾക്കു ആധിപത്യം രണ്ടാൾക്കുമുണ്ട്. മറ്റുള്ള യോഗ്യതകൾകൊണ്ടും തമ്മിൽ ഭേദമില്ല. “എന്നാൽ ശീലഗുണമേറിയവൎക്കു കുറഞ്ഞവർ വഴികൊടുക്കുക” എന്നായി. “എടോ തന്റെ സ്വാമിക്കു ശീലാചരണങ്ങൾ എങ്ങിനെയിരിക്കുന്നു” എന്നു ബ്രഹ്മദത്തസാരഥി മറ്റവനോടു ചോദിച്ചു. മല്ലികന്റെ സാരഥിയാകട്ടെ തന്റെ രാജാവിനുള്ള ഗുണങ്ങളെ വിവരിച്ചുകൊണ്ട് ഒരു ഗാഥ ചൊല്ലി.

“ദൃഢനിൽദൃഢനാകുന്നുതാഴുംതാഴ്ന്നോരിൽമല്ലികൻ
നല്ലോരെനന്മയാൽവെല്ലുമസാധുത്വമസാധുവെ.
എൻസ്വാമിയീനിലക്കാരൻവഴിതെറ്റുകസാരഥേ!”

കാശിരാജസാരഥി—ഓഹോ! ഇതെല്ലാമാണോ നിന്റെ സ്വാമിയുടെ ഗുണങ്ങൾ?

കോ—സാ—അതെ.

കാ—സാ—ഈ പറഞ്ഞതെല്ലാം ഗുണങ്ങളാണെങ്കിൽ അഗുണമെന്നൊരു വസ്തു ലോകത്തിലുണ്ടോ?

കൊ- സാ— (പരിഭവിച്ചുകൊണ്ട്) എന്നാൽ ഇതൊക്കെ തുഗു ണങ്ങളായി ഇരുന്നോട്ടെ. തന്റെ രാജാവിന്നുള്ള ഗുണങ്ങൾ എന്തെല്ലാമാണ്?

"കേൾപ്പിക്കാം" എന്നു പറഞ്ഞു കാശിരാജസാരഥിയും ഒരു പദ്യം ചൊല്ലി.

"ക്രോധത്തെ വെല്ലുമക്രോധാൽ സാധുത്വത്താലസാധുവെ.
ദാനത്താൽ കാതരനെയും നേരാലനൃതവാദിയെ
ഈരാജാവിത്രമെൽമാന്യൻ വഴിനൽകുകസാരഥേ".

ഇതു സാരഥി പറയുമ്പോഴക്കും മല്ലികരാജാവും സൂതനും ഇറങ്ങി കുതിരകളെ വിട്ടു ബ്രഹ്മദത്തന്റെ രഥത്തിന്നു വഴികൊടുത്തു. അതോടുകൂടി ബ്രഹ്മദത്തനെ വന്ദിക്കുകയും രാജാക്കന്മാർ തങ്ങളിൽ വളരെ സംസാരിക്കുകയുമുണ്ടായി. "ഇത് കത്തവ്യം; ഇത് അകത്തവ്യം" എന്നുള്ള വളരെ ധമ്മങ്ങളെ ബ്രഹ്മദത്തൻ കൊസലനുപദേശിച്ചു. അനന്തരം അത്യന്തം സൌഹാദ്ദചിത്തന്മാരായി തങ്ങളുടെ രാജ്യങ്ങളിലേക്കു മടങ്ങുകയും ചെയ്തു. കാശിരാജാവു ദാനാദിസൽക്കമ്മങ്ങൾ ചെയ്തു ഒടുവിൽ നിവ്വാണം പ്രാപിച്ചു. മല്ലികൻ സ്വരാജ്യത്തെത്തി തന്നെക്കുറിച്ചു ദുർഗ്ഗുണപ്രസ്താവം ചെയ്യുന്നവരില്ലെന്നറിഞ്ഞു സന്തോഷിച്ചുകൊണ്ടു ബോധിസത്വന്റെ ഉപദേശപ്രകാരമുള്ള സൽക്കമ്മങ്ങളെ ചെയ്തുവരികയും ഒടുവിൽ സൽഗതി ലഭിക്കുകയും ചെയ്തു.

---

## ൨൧. ദധിവാഹനൻ

ഭഗവാൻ വേണുവനത്തിൽ അസംഖ്യം ഭിക്ഷുക്കൾക്കു ധമ്മോപദേശം ചെയ്തുകൊണ്ടു വിഹരിക്കയായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ കേൾക്കാനായി വന്നു ചേന്നിട്ടുള്ളവരോട് ഇപ്രകാരം പറകയുണ്ടായി. "ഭിക്ഷുക്കളെ! അസജ്ജനസേവ പാപവും ആപൽക്കരവുമാണ്. വിശേഷിച്ചും പാപിക

ളോടിടപെടുന്നതിനാൽ പല അനൎത്ഥങ്ങളും വരുവാനുണ്ട്. അ് തിമധുരങ്ങളായ ഫലങ്ങളോടുകൂടിയ തേന്മാവിന്നു വേപ്പുമരത്തോടു ചേരുകയാൽ പഴങ്ങൾക്കുള്ള മാധുൎയ്യം നശിച്ചുപോകയുണ്ടായി.” “അതെങ്ങിനെ”യെന്നു ഭിക്ഷുക്കൾ ചോദിച്ചപ്പോൾ ഭഗവാൻ ഒരു കഥ പറഞ്ഞു.

“പണ്ടു ബ്രഹ്മദത്തരാജാവിന്റെ കാലത്തു കാശിരാജ്യത്തു ജ്യേഷ്ഠാനുജന്മാരായ നാലു ബ്രാഹ്മണർ ഋഷിപ്രവ്രജ്യയനുഷ്ഠിച്ചുകൊണ്ടു ഹിമവൽപ്രദേശത്തുചെന്നു പൎണ്ണശാലകെട്ടി താമസിച്ചിരുന്നു. കാലക്രമേണ അവരിൽ ജ്യേഷ്ഠൻ മരിക്കുകയും കൎമ്മശക്തിയാൽ ദേവേന്ദ്രപദവിയെ ലഭിക്കുകയും ചെയ്തു. എന്നാൽ പൂൎവ്വസ്മരണയുള്ള അദ്ദേഹം സോദരന്മാരെ കാണ്മാൻ ഇടക്കിടക്കു വരിക പതിവായിരുന്നു. അങ്ങിനെ ഒരു ദിവസം അവരിൽ ജ്യേഷ്ഠതാപസനോട് “അങ്ങേക്കു ആവശ്യമുള്ള വസ്തു എന്താണെ”ന്നു ദേവേന്ദ്രൻ ചോദിക്കയുണ്ടായി. അതിന്നു പാണ്ഡുരോഗിയായ ആ താപസൻ ഇങ്ങിനെയാണ് പറഞ്ഞത്. എനിക്കു തീക്കായുകയല്ലാതെ വേറെ യാതൊന്നും ആവശ്യമില്ല. ഞാൻ തീയിനാണ് ഇഷ്ടപ്പെടുന്നത്.”

“നല്ല ആഗ്രഹം!” എന്നു പറഞ്ഞു ശക്രൻ അദ്ദേഹത്തിന്നു ഒരു കയ്മഴു കൊടുത്തു. “ഇതുകൊണ്ട് എനിക്ക് ആരാണ് വിറകു വെട്ടികൊണ്ടുതരുവാൻ” എന്നു താപസൻ ചോദിച്ചപ്പോൾ ദേവേന്ദ്രൻ പറഞ്ഞു “അങ്ങേക്കു തീയുകൊണ്ട് ആവശ്യംവരുമ്പോൾ, ഈ മഴുവോടു ‘വിറകുവെട്ടി തീയുകൂട്ടുക’ എന്നു പറഞ്ഞാൽ മതി; എന്നാൽ ഇതു ചെയ്തുകൊള്ളും.”

ദേവേന്ദ്രൻ അവിടെനിന്നും രണ്ടാമത്തെ താപസന്റെ ആഗ്രഹം ചോദിച്ചു.

അയാളുടെ ആശ്രമത്തിന്നു കാട്ടാനകളെക്കൊണ്ടു ദ്രോഹം തട്ടുന്നുണ്ട്. അതിനാൽ ആനകളെ ആട്ടിക്കളഞ്ഞാൽ മതിയെന്നായിരുന്നു ആ ഋഷിയുടെ ആവശ്യം. അതിലേക്ക് ഒരു ചെണ്ട കൊടുത്തു ദേവേന്ദ്രൻ പറഞ്ഞു. “ആനകൾ വരുമ്പോൾ ഇതു കൊട്ടിക്കൊള്ളൂ. എന്നാൽ ഇതിൽനിന്നു ചതുരംഗസൈന്യം പു

റപ്പെട്ട് ആനകളെ ഓടിച്ചുകൊള്ളും". ഇതും കഴിഞ്ഞ് അനുജ താംപസൻെറ അടുക്കൽ ചെന്ന് ആഗ്രഹമെന്താണെന്നു ചോദി ച്ചു. അദ്ദേഹവും ഒരു തരം രോഗിയാണ്. തൈർക്കൂട്ടി ഉണ്ടാൽ വേണ്ടില്ല എന്ന് ആഗ്രഹിച്ചുകൊണ്ടിരിക്കുമ്പോഴാണ് ചോദ്യംവ ന്നത്. തൻെറ ആഗ്രഹത്തെ മറച്ചുവെക്കാതെ ദേവേന്ദ്രൻ ഒരു തൈർക്കുടം സമ്മാനിച്ച് ഇങ്ങിനെ പറഞ്ഞു "ഇതിനോട് ആ വശ്യപ്പെട്ടാൽ എത്ര വേണമെങ്കിലും തൈർകിട്ടും. എന്നല്ല ഇ തിൽനിന്നു മഹാനദിയായി തൈർ പ്രവഹിച്ചു അങ്ങക്കു പല സൌകൎയ്യങ്ങളും സഹായങ്ങളും ചെയ്യുതരും. ഈ കുടം ഒരാൾക്കു രാജ്യാധിപത്യം കിട്ടുവാനുള്ള ശക്തികൂടി ഉണ്ടാക്കി തീക്കുന്നു." ഇ തുംപറഞ്ഞു ദേവേന്ദ്രൻ പോയി.

അന്നുമുതൽ ജ്യേഷ്ഠഭിക്ഷു മഴുവിനോടു കല്പിച്ചു തീയുണ്ടാക്കി; രണ്ടാമൻ ചെണ്ടകൊട്ടി ആനകളെ ഓടിച്ചു; അനുജൻ ഇഷ്ടംപോ ലെ തൈരും കുടിച്ചു സുഖിച്ചു.

ആ കാലത്തു ജീൎണ്ണമായ ഒരു പുരാതനഗ്രാമത്തിൽകൂടെ ഒരു വരാഹം (പന്നി) സഞ്ചരിക്കുമ്പോൾ ദിവ്യമായ ഒരു കൊടമണി അവിടെ കിടക്കുന്നതു കണ്ടു. അവൻ അതു കടിച്ചു എടുത്ത പ്പോൾ അതിൻെറ മാഹാത്മ്യത്താൽ ആകാശത്തിലേക്കു പൊങ്ങുമാ റായി. ആ വഴിയെ പറന്നു സമുദ്രത്തിൻെറ മീതെപോയി ഒരു ദ്വീപിൽ ചെന്നിറങ്ങി. "ഇവിടെ കുറച്ചു നടക്കട്ടെ" എന്നു വിചാരിച്ച് ആ ജന്തു നിൎബ്ബാധമായി സഞ്ചരിച്ചുവന്നു. അവൻ ഒരു ദിവസം ഉച്ചസമയം ഒരു അത്തിവൃക്ഷത്തിൻെറ ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു. അതിന്നിടയിൽ ഒരു സംഭവവും കൂടി യുണ്ടായിട്ടുണ്ട്. കാശിരാജ്യക്കാരനായ ഒരുവൻ തറവാട്ടിലേക്കു പകാരിയല്ലെന്ന നിലയിൽ അച്ഛനമ്മമാർ വിട്ടൊഴിക്കുകയാൽ വീ ട്ടുവിട്ടു കപ്പൽക്കാരുടെ കൂലിക്കാരനായി പാൎത്തിരുന്നു. ഒരു ദിവ സം കപ്പൽയാത്ര ചെയ്യുമ്പോൾ കപ്പൽ പൊളിഞ്ഞുപോയി. ഇ വൻ ഒരു പലകമേൽ പററിക്കൂടി എങ്ങിനെയൊ മേൽ വിവരിച്ച ദ്വീപിൽ എത്തിച്ചേൎന്നു. വിശന്നു വലഞ്ഞുംകൊണ്ടു ഭക്ഷണത്തി ന്നുഫലമൂലങ്ങളെ അന്വേഷിച്ചു നടക്കുന്ന ആ മനുഷ്യൻ

അത്തിവൃക്ഷത്തിന്റെ ചുവട്ടിലെത്തുമ്പോൾ അവിടെ ക്രൂരനായ ഒരു പന്നി കിടന്നുറങ്ങുന്നതു കണ്ടു. അരികെ ഒരു മണിയും കിടക്കുന്നുണ്ട്. അയാൾ വേഗത്തിൽ മണി ചെന്നെടുത്തസമയം തന്നെത്താൻ ആകാശത്തിലേക്കു പൊങ്ങിത്തുടങ്ങി. ആ വഴിക്കു അത്തിവൃക്ഷത്തിന്മേൽകയറിയിരുന്ന് ഇങ്ങിനെ മനോരാജ്യം തുടങ്ങി. "ഈ മണിയുടെ ദിവ്യത്വം കൊണ്ടാണ് ഈ കാട്ടുപന്നി സമുദ്രംകടന്ന് ഇവിടെ എത്തി ചേൎന്നിട്ടുള്ളത്. ഏതായാലും ആദ്യം ഇതിന്റെ മാംസം തിന്നശേഷം വേണ്ടുന്ന കാൎയ്യം ആലോചിക്കാം". എന്നുറച്ച് ഒരു മരക്കൊമ്പു പറിച്ചു പന്നിയുടെ തലക്ക് ഒന്നു പ്രഹരിച്ചു. അതുണൎന്നു നോക്കുമ്പോൾ മണി കാണാഞ്ഞും വേദനകൊണ്ടും പരിഭ്രമിച്ച് അങ്ങുമിങ്ങും ഓടുന്നതുകാൺകയാൽ മരത്തിന്മേലിരിക്കുന്ന മനുഷ്യൻ ചിരിച്ചു. അതുനോക്കി ക്രോധാക്രാന്തനായ ആ മൃഗം തേറ്റകൊണ്ടു വൃക്ഷത്തിന്മേൽ ഒരു കുത്തുകുത്തി അപ്പോഴക്കം ചത്തു നിലത്തുവീണു.

ആ മനുഷ്യൻ ഇറങ്ങി തീ ശേഖരിച്ചു പന്നിമാംസം പാകം ചെയ്തു ഭക്ഷിച്ചു. അനന്തരം ആകാശത്തിലുയൎന്നു ഹിമവന്മസ്തകപാൎശ്വത്തിൽ സഞ്ചരിക്കുമ്പോൾ മുമ്പേ വിവരിച്ച മൂന്നു താപസന്മാരുടെ ആശ്രമപദങ്ങളെ കണ്ട് അവിടെക്കിറങ്ങിച്ചെന്നു.

ആദ്യം ജ്യേഷ്ഠന്റെകൂടെ സ്വല്പദിവസം താമസിക്കയാൽ അദ്ദേഹത്തിന്റെ കയ്യിലുള്ള ദിവ്യമായ മഴുവിന്റെ മഹത്വമറിവാനിടയായി. ഇതുപററിക്കണമെന്നുറച്ചു തന്റെ കയ്യിലുള്ള കൊടമണിയുടെ മാഹാത്മ്യത്തെ ഭിക്ഷുവിന്നും മനസ്സിലാക്കി. ആകാശയാനത്തിൽ ഉത്സുകനായ ആ ബ്രാഹ്മണന്നു മണി കൊടുത്തു മഴു പകരം വാങ്ങി. പിന്നെ ആയാൾ അല്പം ദൂരത്തുചെന്ന് "ആയുധമേ! നീ ജ്യേഷ്ഠതാപസന്റെ തലവെട്ടി മണിയെടുത്തു കൊണ്ടുവാ" എന്നു പറഞ്ഞയക്കുകയും മഴു പോയിജ്യേഷ്ഠതാപസനെകൊന്നു മണിയോടുകൂടി മടങ്ങിയെത്തുകയും ചെയ്തു.

അദ്ദേഹം മഴു ഒരിടത്തു ഗുപ്തമായി വെച്ചശേഷം രണ്ടാമത്തെ ഭിക്ഷുവിന്നടുക്കൽ ചെന്നു. അവിടെനിന്നു ചെണ്ടയുടെ യോ

ഗൃത മനസ്സിലാക്കിയ ശേഷം കൊടമണി കൊടുത്തു ചെണ്ട പകരം വാങ്ങി. മുൻതോതിൽ മഴുവിനെ അയച്ചു ബ്രാഹ്മണനെ കൊല്ലിക്കുകയും മണി തിരികെ വാങ്ങുകയും ചെയ്തു. അതിന്നുശേഷം അനുജതാപസന്റെ ഒരുമിച്ചുകൂടി തയിർക്കുടത്തിന്റെ മഹിമ മനസ്സിലാക്കി. അവിടെനിന്നും മുൻതന്ത്രങ്ങളെ പ്രയോഗിച്ചു തയിക്കുടവും വഴിയെ ബ്രാഹ്മണനെ വധിച്ചു മണിയും സ്വാധീനിച്ചു.

പിന്നെ ആ മനുഷ്യൻ ഈ അത്ഭുത സാധനങ്ങളെ എല്ലാമെടുത്തുകൊണ്ട് മണിയുടെ പ്രഭാവത്താൽ ആകാശമാർഗ്ഗത്തിൽ കൂടി പോയി കാശിരാജ്യത്തിന്നു സമീപം എത്തിച്ചേർന്നു. അവിടെ താമസിച്ചുകൊണ്ട് "യുദ്ധമോ രാജ്യമോ രണ്ടിലൊന്നുതരണം" എന്ന് ഒരു ദൂതൻ മുഖേന കാശിരാജാവിനെ അറിയിച്ചു.

അസാധാരണമായ ആ കല്പന കേൾക്കുകയാൽ കാശിരാജാവു കോപാന്ധനായി "ആ കള്ളനെ പിടിക്ക" എന്നു പറഞ്ഞു സൈന്യസമേതം പുറപ്പെട്ടു. അതു കണ്ടു പോരിന്നുവിളിച്ച സമർത്ഥൻ ചെണ്ടയെടുത്തു കൊട്ടി. തൽക്ഷണം അസംഖ്യം ചാതുരംഗസൈന്യം വന്നു രാജാവോടെതിർത്തു തുടങ്ങി. അതിന്നു വഴിയെ അവൻ തയിക്കുടവുമെടുത്തു രാജസൈന്യത്തിന്നു നേരെ കാണിച്ചു. അതിൽനിന്നു മഹാനദിപോലെ തയിർ ഒഴുകിത്തുടങ്ങി. അല്പനേരംകൊണ്ടു രാജഭടന്മാരെല്ലാം തയിർവെള്ളത്തിൽ മുങ്ങി നിലകിട്ടാതെ പരവശന്മാരായി. കഥാനായകൻ അതുകൊണ്ടും അടങ്ങാതെ "ആ രാജാവിന്റെ തല കൊയ്തുവരിക" എന്നു മഴുവിനോടു കല്പിച്ചയക്കുകയാൽ ക്ഷണനേരംകൊണ്ടു രാജശിരസ്സു അവന്റെ പാദമൂലത്തിലെത്തി. പിന്നെ സൈന്യങ്ങളിലാരും എതിർക്കാൻ ശക്തന്മാരായതുമില്ല.

ആ മഹാൻ ഉടനെ മഹത്തായ ജയത്തോടുകൂടി നഗരത്തിൽ കടന്നു രാജ്യാഭിഷേകം ചെയ്തു. അന്നു മുതൽ ദധിവാഹനനെന്നു പേർ പ്രസിദ്ധമായി. ദധിവാഹനൻ ധർമ്മാനുഷ്ഠാനത്തിന്നു ലേശവും പിഴവുവരാതെ രാജ്യം രക്ഷിച്ചു വാണു.

അങ്ങിനെ കുറെക്കാലം കഴിഞ്ഞു. അതിന്നിടയിൽ ആ രാജ്യത്തുള്ള വലിയൊരു പുഴയിൽ ഒരു മുക്കുവൻ മീൻ പിടിക്കുമ്പോ

ൾ വിശിഷ്ടവും ദേവഭോഗ്യവുമായ ഒരു മാമ്പഴം അവന്നു വലയിൽ കിട്ടി. അവൻ പണിനിൎത്തി ആ പഴവുംകൊണ്ടുചെന്നു രാജാവിന്നു കാഴ്ചവെച്ചു. ഒരു കുടംപോലെ വലുപ്പവും സ്വൎണ്ണനിറവുമുള്ള ആ പഴം എന്താണെന്നു മനസ്സിലാവാതെ രാജാവു കാട്ടുജാതിക്കാരെ വരുത്തി ചോദിച്ചതിൽ തേൻമാമ്പഴമാണെന്നു മനസ്സിലാക്കിയശേഷം സ്വാദേറിയ ആ പഴം ഭക്ഷിച്ച് അതിന്റെ ബീജം (അണ്ടി) തന്റെ ഉദ്യാനത്തിൽ കുഴിച്ചിട്ടു.

അതു മുളച്ചു മരമായി മൂന്നാം കൊല്ലത്തിൽ കായ്ച്ചു തുടങ്ങി. ദധിവാഹനൻ ആ വൃക്ഷത്തിന്നു പാൽകൊണ്ടു നനച്ചും വാസനദ്രവ്യങ്ങളേല്പിച്ചും മാലകൾ ചാൎത്തിയും ഗന്ധതൈലം പകന്ന വിളക്കുകൾ സമീപത്തുവെച്ചും സാമ്പ്രാണി പുകച്ചും ഇങ്ങിനെ പലവിധത്തിലും ഉപചരിച്ചുവന്നു. അതും ശുശ്രൂഷകൾക്കനുസരിച്ചു ഫലവത്തായിത്തീൎന്നു. അത്യന്തം മധുരങ്ങളും സ്വൎണ്ണവൎണ്ണങ്ങളുമായ ഫലങ്ങൾ ധാരാളമുണ്ടായിത്തുടങ്ങി. ദധിവാഹനരാജാവാകട്ടെ മാമ്പഴങ്ങളെ താൻ യഥേഷ്ടം ഭക്ഷിക്കുന്നതു കൂടാതെ മററുള്ള രാജാക്കന്മാൎക്കും ധാരാളം കൊടുത്തയച്ചു തുടങ്ങി. എന്നാൽ അവർ മരമുണ്ടാകരുതെന്നു കരുതി അണ്ടിക്കു നാശം വരുത്തിക്കൊണ്ടായിരുന്നു അവയെ അയച്ചു കൊടുത്തിരുന്നത്. രാജാക്കന്മാർ പഴത്തിന്നുള്ള സ്വാദോൎക്കുകയാൽ മരമുണ്ടാക്കാനായി ശ്രദ്ധിച്ച് അണ്ടികൾ നട്ടു നോക്കിയെങ്കിലും ഫലമുണ്ടായില്ല. സൂക്ഷ്മപരിശോധന ചെയ്തപ്പോൾ അവൎക്കു കാരണം മനസ്സിലാവുകയാൽ ദധിവാഹനന്നുള്ളമാമ്പഴസമൃദ്ധിയെ ഇല്ലായ്മചെയ്വാൻ വഴികളാലോചിച്ചുവന്നു.

കാലം അങ്ങിനെ കഴിയുമ്പോൾ ഒരു രാജാവു തന്റെ ഉദ്യാനപാലകനെ വിളിച്ചു "ദധിവാഹനന്റെ ഉദ്യാനത്തിലുള്ള മാമ്പഴങ്ങൾക്കെല്ലാം കയ്പുരസമാക്കിത്തീൎക്കാൻ സാധിക്കുമോ" എന്നു ചോദിച്ചതിന്നു തന്നാലതു നിഷ്പ്രയാസം സാധിക്കാമെന്ന് അവൻ പറകയാൽ അദ്ദേഹം പല സമ്മാനങ്ങളും കൊടുത്ത് ദധിവാഹനന്റെ അടുക്കലേക്ക് അയക്കുകയുണ്ടായി. അവൻ കാശിയിലെത്തിയ ശേഷം പല കൌശലവും പ്രയോഗിച്ചു ദധിവാഹനരാജാവിന്റെ തിരുമുമ്പാകെ ചെല്ലുവാനുള്ള അവസരവും ലഭിച്ചു.

ആ ഉദ്യാനപാലന്റെ സാമൎത്ഥ്യത്തെപ്പററി ദധിവാഹനൻ ചോദിച്ചതിൽ അവൻ വിസ്തരിച്ചു പറഞ്ഞു. വാഗ്ദാടിയിൽ ഭ്രമിച്ചുപോയ രാജാവു തന്റെ തോട്ടക്കാരനൊരുമിച്ചു പണിയെടുത്തു പാൎത്തുകൊള്ളാനായി കല്പനകൊടുത്തു. അന്നുമുതൽ ദധിവാഹനന്റെ ഉദ്യാനത്തിൽ രണ്ടുപേർ ഉദ്യാനപാലന്മാരുണ്ടായി.

പുതിയ ഉദ്യാനപാലൻ ലതാദികൾക്കു അകാലത്തു പുഷ്പങ്ങളുണ്ടാക്കുകയും വൃക്ഷങ്ങളിൽ അകാലഫലങ്ങളെ കാണിക്കുകയും ചെയ്തുകൊണ്ട് ഏററവും പ്രസിദ്ധനായിത്തീൎന്നു. ഉദ്യാനം പൂൎവ്വാധികം രമണീയവുമായി. രാജാവ് അവന്റെ നേരെ പ്രസന്നനായിട്ടു മുമ്പുള്ള ഉദ്യാനപാലനെ പിരിച്ച് ഇവന്നുതന്നെ ഉദ്യാനത്തിൽ ആധ്യക്ഷം നൽകി.

അവനാകട്ടെ ഉദ്യാനമെല്ലാം തന്റെ അധീനത്തിലായെന്നു കണ്ടുശേഷം തേൻമാവു മരങ്ങൾക്കൊരുമിച്ചു വേപ്പുമരങ്ങൾ നടുകയും മാവുകളിൽ കയ്പുവള്ളികൾ പടൎത്തുകയും ചെയ്തു വന്നു. ക്രമേണ തോട്ടത്തിൽ വേപ്പുമരങ്ങൾ വൎദ്ധിച്ചുവശായി. വേപ്പും മാവും തമ്മിൽ വേരോടു വേരും കൊമ്പോടുകൊമ്പും ഇടകലൎന്നു യോജിച്ചു നിന്നു. കയ്പുവള്ളികൾ ഈ യോജിപ്പിന്നു വലിയ സഹായവും ചെയ്തു. തന്നിമിത്തം കാലംകൊണ്ടു മാവിന്റെ രസം മാറിത്തുടങ്ങി. മധുരമായ മാമ്പഴം കയ്പേറിയ വൃക്ഷലതകളുടെ സംസൎഗ്ഗത്താൽ കയ്പുരസം തന്നെയായി തീൎന്നു. ഉദ്ദേശം ഫലിച്ചു എന്നു കണ്ടപ്പോൾ ഉദ്യാനപാലകൻ അവിടംവിട്ടു പോകയും ചെയ്തു.

ദധിവാഹനൻ ഒരു ദിവസം തോട്ടത്തിൽ ചെന്ന് ഒരു മാമ്പഴം ഭക്ഷിക്കുമ്പോൾ അതു വേപ്പിൻപഴംപോലെ കയ്പുരസമുള്ളതാകയാൽ ഇറക്കാൻ കഴിയാതെ ഛൎദ്ദിച്ചുകളഞ്ഞു. നോക്കുമ്പോൾ എല്ലാ മാമ്പഴങ്ങളും അങ്ങിനെതന്നെയായിരുന്നു. അവിടെയുള്ളവരോടു ആ അസാധാരണ സംഭവത്തിന്റെ കാരണമന്വേഷിച്ചതിൽ ആൎക്കും വിവരമുണ്ടായില്ല. അക്കാലത്തു ബോധിസത്വൻ അവിടെ രാജാവിന്നു ധൎമ്മോപദേഷ്ടാവായി പാൎക്കുകയായിരുന്നു. രാജാവ് അദ്ദേഹത്തെ വരുത്തി പൂജിച്ചിരുത്തിയശേഷം ഇ

ങ്ങിനെ ചോദിച്ചു. ശാസ്ത്രികളേ! ഈ പഴം മുമ്പും ഇപ്പോഴും കാഴ്ചയിൽ യാതൊരു ഭേദവും തോന്നുന്നില്ല. എന്നാലും സ്വാദു മാറി വല്ലാത്ത കയ്പായിരിക്കുന്നുവല്ലോ. എന്താണിതിന്നുകാരണം?

"നിറംമണംസ്വാദിതെല്ലാം മെച്ചമായുള്ളൊരിപ്പലം
ശുശ്രൂഷതെററാതേററിട്ടുമിന്നെന്താണിഥകയ്ക്കുവാൻ?"

ഇതു കേട്ടപ്പോൾ ബോധിസത്വൻ ഒരു പദ്യം ചൊല്ലി

"ദധിവാഹന!നിൻമാവോടൊത്തുവേപ്പുചുഴന്നതേ
വേരുംവേരുംതമ്മിലൊന്നായ് കൊമ്പുംകൊമ്പുമതേവിധം
അസത്തിൻസന്നിവാസത്താൽ മാമ്പഴത്തിന്നുകയ്പുമായ്."

വേപ്പു മാവിന്നു സമ്പൎക്കം ചുററപ്പെട്ടുകയാലാണ് ഇങ്ങിനെ വന്നതെന്നുള്ള വാസ്തവമറികയാൽ രാജാവ് മാവോട്ടചേൎന്ന വേപ്പുമരങ്ങളും കയ്പു വള്ളികളും ഉടനെ നീക്കം ചെയ്യിച്ചതിന്നുശേഷം മുൻതോതിൽ പാൽകൊണ്ടു നനക്കുകയും ധൂപങ്ങൾ പുകക്കുകയും മററും വേണ്ടുന്ന പരിചയ്യകളെ ചെയ്യുവന്നു. കുറച്ചുകാലം ചെല്ലുമ്പോൾ മധുരസംസൎഗ്ഗത്താൽ മാമ്പഴവും മധുരമായി. രാജാവു പണ്ടത്തെ ഉദ്യാനപാലകനെത്തന്നെ ഉദ്യോഗത്തിൽ നിയമിച്ചു വളരെ കാലം സുഖിക്കുകയും ചെയ്തു.

ദധിവാഹനൻെറ ധൎമ്മോപദേഷ്ടാവായ പണ്ഡിതൻ ഞാനായിരുന്നു." എന്നു പറഞ്ഞുകൊണ്ടു ഭഗവാൻ കഥയവസാനിപ്പിച്ചു.

---

## ൧൮. ചതുൎദ്വാരം.

പണ്ടു കശ്യപദശബാലൻെറ കാലത്തു ശ്രീകാശിയിൽ അശീതികോടി (എമ്പതുകോടിദ്രവ്യത്തിന്നാസ്ഥയുള്ള) ശ്രേഷ്ഠിക്കു മിത്രവിന്ദകനെന്നുപേരായൊരുപുത്രനുണ്ടായി.മിത്രവിന്ദൻെറമാതാപിതാക്കന്മാർ ശ്രോതാപന്മാരെന്ന ഭക്തന്മാരായിരുന്നുവെങ്കിലും അവൻ

ദുശ്ശീലനും അശ്രദ്ധനുമായിത്തീൎന്നു. കാലംകൊണ്ടു മിത്രവിന്ദന്റെ അഛൻ മരിച്ചു കുടുംബകാൎയ്യങ്ങളെ അമ്മ നോക്കി വരികയായി. ഒരു ദിവസം അമ്മ മകന്റെ ദുസ്സ്വഭാവമാലോചിച്ചു ക്ലിഷ്ടഹൃദയയായിട്ടു അവനെ വിളിച്ചിരുത്തി ഇങ്ങിനെ പറഞ്ഞു. "മകനേ! ദുൎല്ലഭമായ മനുഷ്യജന്മമാണു നിനക്കു കിട്ടീട്ടുള്ളത്. അതിനാൽ നീ ദാനത്തിൽ ശ്രദ്ധ വെക്കുകയും ഉപാസകത്വം ദീക്ഷിക്കുകയും ധൎമ്മവാദത്തെ ശ്രവിക്കുകയും വേണം".

മിത്രവിന്ദകൻ—അമ്മേ! ദാനാദികൾകൊണ്ട് എനിക്കു യാതൊരാവശ്യവുമില്ല. എന്നോട് അതിനെപ്പററി യാതൊന്നും പറയരുത്. ഞാൻ എന്റെ പാടുനോക്കി പൊയ്ക്കൊള്ളാം.

തന്റെ വാക്ക് ഇങ്ങിനെ ധിക്കരിച്ചിട്ടും പുത്രസ്നേഹവശംവദയായ അവന്റെ അമ്മ ഒരു പുണ്യദിവസത്തിൽ ഈ വിധം പറഞ്ഞു. "മകനേ! ഇന്ന് ഉപവാസം ചെയ്യേണ്ടുന്ന വലിയൊരു പുണ്യദിവസമാണ്. നീയിന്നുപവസിച്ചു വിഹാര(ദേവാലയ)ത്തിൽ ചെന്നു രാത്രിമുഴുവനും ധൎമ്മവാദം കേട്ടിരിക്കണം. എന്നാൽ ഞാൻ നിനക്ക് ആയിരം പവൻ സമ്മാനിക്കാം.

ദ്രവ്യലോഭത്താൽ അവൻ അങ്ങിനെ തന്നെയെന്നു സമ്മതിച്ചു. വ്രതാരംഭത്തിലുള്ള പാരണയും കഴിച്ചു ദേവാലയത്തിൽ ചെന്നു പകൽസമയം പോക്കി. രാത്രിയിൽ ധൎമ്മപദത്തിലെ ഒരക്ഷരവും ചെവിയിലെത്താൻ കഴിയാത്തവിധം ദൂരത്തിൽ ചെന്നു കിടന്നുറങ്ങുകയും ചെയ്തു. പിറേറന്നാൾ രാവിലെ ദേഹശുദ്ധി ചെയ്തു അമ്മയുടെ അടുക്കലേക്കു ചെന്നു.

അമ്മയാകട്ടെ, "ഇന്നെന്റെ മകൻ ധൎമ്മപദം കേട്ട് അതിലെ സാരം മനസ്സിലാക്കി വൃദ്ധനായ ധൎമ്മകഥകനെയും കൂട്ടിക്കൊണ്ടു വരു"മെന്നോൎച്ചുകൊണ്ടു രാവിലെ കഞ്ഞിയും മററു ഭക്ഷണസാധനങ്ങളും തയ്യാറാക്കി ഇലയും പലകയും വെച്ചു കാത്തിരിപ്പാൻ. മകൻ ഏകാകിയായി വരുന്നതു കണ്ടപ്പോൾ "മകനേ! ധൎമ്മകഥ പറഞ്ഞ ശാസ്ത്രികളെ കൂട്ടിക്കൊണ്ടു വരാഞ്ഞതെന്തേ?" എന്നു ചോദിച്ചു.

മിത്ര—എനിക്കു ശാസ്ത്രികളെക്കൊണ്ടാവശ്യമില്ല.

അമ്മ—ആകട്ടെ! എന്നാൽ കഞ്ഞി കുടിച്ചുകൊള്ളു.
മിത്ര—എനിക്കു നിശ്ചയിച്ച പവൻ തന്നാൽ കഞ്ഞികുടിക്കാം.
അമ്മ—കഞ്ഞികുടി കഴിയട്ടെ. പവൻ തരാം.
മിത്ര—അതു വേണ്ട; പവൻ കിട്ടീട്ടു മതി കഞ്ഞി.

അവന്റെ നിർബ്ബന്ധംകൊണ്ട് ആ സ്ത്രീ പവൻ കൊണ്ടുവന്ന് അരികിൽ വെച്ചു. അപ്പോൾ മിത്രവിന്ദകൻ കഞ്ഞി കുടിച്ചു.

അതിന്നുശേഷം അവൻ ദ്രവ്യംകൊണ്ടു വ്യാപാരം ചെയ്വാൻ തുടങ്ങി. കുറച്ചു കാലത്തിന്നുള്ളിൽ ആയിരം പവൻ ഇരുപതിനായിരമായി വർദ്ധിക്കുകയും ചെയ്തു.

കുറച്ചു ദിവസം കഴിയുമ്പോൾ കപ്പൽ കച്ചവടം ചെയ്താൽ അധികം ആദായമുണ്ടാകുമെന്നു തോന്നുകയാൽ മിത്രവിന്ദകൻ അമ്മയോടു സമ്മതം ചോദിക്കയുണ്ടായി. "വേണ്ട മകനേ! നീയെന്റെ ഒററപുത്രനാണ്. വേണ്ടതിലധികം മുതൽ ഇവിടത്തന്നെയുണ്ട്. കടൽയാത്ര ചെയ്താൽ ദോഷം വരാനാണെളുപ്പം. ഏതായാലും നീ പോയ്ക്കൂടാ" എന്നു പറഞ്ഞ് അവനെ മുടക്കുകയാണ് അമ്മ ചെയ്തത്. മിത്രവിന്ദകൻ പോവാൻ തുടങ്ങുമ്പോൾ അമ്മ പിടിച്ചുവെച്ചു. അവൻ അമ്മയുടെ പിടിത്തം വിടുത്തി അവളെ നാലു പ്രഹരിച്ചു തള്ളിയിടുകയും അവിടെ നിന്നിറങ്ങി വേഗത്തിൽ കപ്പൽ കയറി പോകയും ചെയ്തു.

മിത്രവിന്ദകൻ കയറിപ്പോകുന്ന കപ്പൽ പുറപ്പെട്ടതിന്റെ ഏഴാം ദിവസം രാത്രിയായപ്പോൾ ഇളകാതെ സമുദ്രത്തിൽ ഉറച്ചു നില്പായി. കപ്പൽക്കാർ അതിന്നൊരു പരിഹാരമാലോചിക്കുന്നതിന്നിടയിൽ മിത്രവിന്ദകന്റെ മേൽ ഒരു കാലൻകോഴി പറന്നുവന്നിരുന്നു. ആട്ടിയോടിച്ചപ്പോൾ പറന്നുപോയെങ്കിലും മൂന്നു പ്രാവശ്യം അതു വന്നിരിക്കയുണ്ടായി. ഈ ദുർന്നിമിത്തം കാണുകയാൽ യാത്രക്കാർ മിത്രവിന്ദകനെ വെറുത്ത് "ഈ അനർത്ഥക്കാരനെ കടലിലിട്ടു പോക" എന്നു അഭിപ്രായപ്പെട്ടു. മിത്രവിന്ദകനെ ഒരു ചെറിയ ഓടത്തോടുകൂടി കപ്പൽക്കാർ കടലിലേക്കു തള്ളിയപ്പോൾ കപ്പൽ ജവഗതിയായി യാത്ര ചെയ്തു.

പൊങ്ങുതടി ആശ്രയിച്ചു യാത്രചെയ്യുന്ന മിത്രവിന്ദകൻ ഒരു

ദ്വീപിലെത്തിച്ചേൎന്നു. അവൻ അവിടെ ചുററി നടക്കുന്നതിന്നിടയിൽ ഒരു സ്ഫടികസൌധം കാണുകയാൽ അതിൽ കേറിച്ചെന്നു. അവിടെയുള്ള സൎവ്വാംഗസുന്ദരികളായ ഏഴു സ്ത്രീകളുമായി മിത്രവിന്ദകന്നു പരിചയം സിദ്ധിച്ചു. ആ സ്ത്രീകൾ ഏഴു ദിവസം ദുഃഖവും ഏഴു ദിവസം സുഖവും ഇടകലൎന്നു് അനുഭവിച്ചു വരുന്നവരാണ്. അവൻ അവരുമായി ഏഴു ദിവസത്തെ ദിവ്യഭോഗമനുഭവിച്ചു. അതിന്നുശേഷം ദുഃഖമനുഭവിപ്പാൻ തുടങ്ങുന്ന അവർ "സ്വാമിൻ! ഞങ്ങൾ ഇനി ഏഴു ദിവസം കഴിഞ്ഞാൽ വരും. അതുവരെ ഞങ്ങളെ കരുതി ദുഃഖിക്കാതിരിക്കണം." എന്നു പറഞ്ഞു പോയി.

അവരുടെ വിരഹം മിത്രവിന്ദകന്നു ദുസ്സഹമായി. അവൻ മുമ്പത്തെ ഓടത്തിൽ തന്നെ കരേറി സമുദ്രയാത്രചെയ്തു മററൊരു ദ്വീപിലെത്തിച്ചേൎന്നു. അവിടെ വെള്ളിസ്സൌധങ്ങളിൽ എട്ടു സുന്ദരിമാരെ കാണുകയും അവൻ അവരൊരുമിച്ചു എട്ടു ദിവസത്തെ സുഖമനുഭവിച്ചു താമസിക്കുകയും ചെയ്തു. അവർ തങ്ങടെ ഊഴപ്രകാരം എട്ടു ദിവസത്തെ ദുഃഖാനുഭവത്തിന്നു പോയപ്പോൾ മിത്രവിന്ദകൻ ആ സ്ഥലവും വിട്ടു സമുദ്രമാൎഗ്ഗമായി വേറെയൊരു ദ്വീപിലും ചെന്നു കയറി. അവിടത്തെ സൌധം രത്നമയമാണ്. സ്ത്രീകൾ പതിനാറുണ്ട്. സുഖദുഃഖങ്ങൾ പതിനാറുദിവസമാണ്. മിത്രവിന്ദകൻ അവരുടെ സുഖദിവസങ്ങൾ കഴിയുന്നതുവരെ അവിടെയും പാൎത്തു. അവർ പോയ തക്കത്തിൽ പിന്നെയും പോയി ഒരു ദ്വീപിലെത്തി. അവിടെ സ്വൎണ്ണസൌധത്തിൽ മുപ്പത്തിരണ്ടു സ്ത്രീകളാണുള്ളത്. അവിടെ മുപ്പത്തിരണ്ടു ദിവസത്തെ സുഖവും അനുഭവിച്ചു കഴിഞ്ഞശേഷം മിത്രവിന്ദകൻ അവിടം വിട്ടു പിന്നെയും ഒരു ദ്വീപിൽ ചെന്നു കയറി. അവിടെ പ്രാകാരപരിക്ഷിപ്തമായും ചതുൎദ്വാരമായുമുള്ള ഒരു നഗരം കാണപ്പെട്ടു. അതു നരകമനുഭവിക്കുന്ന അസംഖ്യം സത്വങ്ങളുടെ അധിവാസസ്ഥലമായിരുന്നു. എന്നാൽ അവിടം പുറമേ ഏററവും ഭംഗിയുള്ളതും അലംകൃതവുമായിട്ടാണ് മിത്രവിന്ദകന്നു തോന്നിയത്. നിൎബ്ബാധമായ ആ നഗരത്തിൽ ചെന്നു രാജാവായി ഇരിക്കാമെന്ന വിചാരത്തോടുകൂടി മിത്രവിന്ദകൻ അകത്തു കടന്നു. അവിടെ ഒരു മനുഷ്യൻ കഠിന

മായ നരകാവസ്ഥയനുഭവിക്കുന്നുണ്ടായിരുന്നു. ക്ഷുരചക്രമെന്നുള്ള വലിയൊരു ആയുധയന്ത്രം അതിന്റെ തലയിലുണ്ട്. തലദഹിക്കുംപോലെയുള്ള ചൂടോടുകൂടിയ ആ ആയുധം ആ ജന്തുവിന്റെ പ്രാണനെ പിടപ്പിച്ചിരുന്നു. എന്നാൽ അതു കണ്ടപ്പോൾ, മനുഷ്യൻ ശിരസ്സിൽ നല്ലോരു താമരപ്പൂ വെച്ചിരിക്കയാണെന്നു മിത്രവിന്ദകന്നു തോന്നി. പിന്നെ ആ നരകവാസിയിൽ നെഞ്ചു പിളക്കുന്നതും കഠിനവേദനയുണ്ടാകുന്നതുമായ പഞ്ചാംഗിബന്ധനം കണ്ടപ്പോൾ ആയാൾ പട്ടുത്തരീയം ധരിച്ചിരിക്കയാണെന്നു മിത്രവിന്ദകൻ മനസ്സിലാക്കി. ദേഹത്തിലൊലിച്ച രക്തം കളഭക്കൂട്ടായും അവന്നു തോന്നി. ആ മനുഷ്യന്റെ നിലവിളി മിത്രവിന്ദകന്റെ ചെവിട്ടിൽ മധുരഗാനമായും പ്രവേശിച്ചു. ഉടനെ മിത്രവിന്ദകൻ അടുത്തുചെന്നു "ഹേ പുരുഷ! കുറെ നേരമായല്ലൊ താങ്കൾ ആ വിശേഷപുഷ്പം ധരിക്കുന്നു. അതെനിക്കും ഒന്നു തരു" എന്നു പറഞ്ഞു.

പുരുഷൻ— സൌമ്യ! ഇതു പുഷ്പമല്ല ക്ഷുരചക്രമെന്ന ആയുധമാണ്.

മിത്ര—മനസ്സിലായി. എനിക്കു തരാനുള്ള മടികൊണ്ടല്ലേ ഇങ്ങിനെ പറയുന്നത്?

ഇതു കേട്ടപ്പോൾ "എന്റെ കർമ്മം അവസാനിച്ചുപോയിരിക്കാം. അല്ലെങ്കിൽ ഇവനും എന്നെപ്പോലെ അമ്മയെ പ്രഹരിച്ചു വന്നവനായിരിക്കും" എന്നിങ്ങിനെ വിചാരിച്ച് "എന്നാൽ എടുത്തുകൊള്ളൂ" എന്നു പറഞ്ഞു ക്ഷുരചക്രം മിത്രവിന്ദകന്റെ തലയിൽ വെച്ചു. അതുവരെയും അവന്റെ മസ്തകം പിളക്കുന്ന വിധം അത്ര സങ്കടപ്പെടുത്തിക്കൊണ്ടിരുന്ന അതു തന്റെ തലയിലായപ്പോഴാണ് മിത്രവിന്ദകന്നു കാൎയ്യം മനസ്സിലായത്. "അയ്യോ!! ഇത് അങ്ങുതന്നെ എടുത്തുകൊള്ളണേ" എന്നുറക്കെ നിലവിളിക്കുമ്പോഴേക്കും അതുവരെ അതേററിയിരുന്നവൻ ഓടിപ്പൊയ്ക്കളഞ്ഞു.

## ൯൯. സുസ്സാരകൻ.

പണ്ടു "ഭരു" എന്ന രാജ്യത്തിൽ ഭരുഎന്നു പേരുള്ള ഒരു രാജാവുണ്ടായി; ഭരു കച്ഛമെന്നൊരു പട്ടണവുമുണ്ട്. അക്കാലത്തു ബോധിസത്വൻ ഭരുകച്ഛത്തിലുള്ള ഒരു മുക്കുവന്നു പ്രഥമപുത്രനായി ജനിച്ചു. അവൻ നല്ല പ്രസാദശീലനും സൽസ്വഭാവിയും പ്രഭയേറിയ ദേഹത്തോടുകൂടിയവനുമായിരുന്നു. "സുസ്സാരക"നെന്നു പേരുമാണ്. സുസ്സാരകൻ അനേകം ചങ്ങാതിമാരൊരുമിച്ചു വളൎന്നുവരികയും പതിനാറു വയസ്സായപ്പോഴക്കും തോണിതുഴയുന്നതിൽ വളരെ വിദഗ്ദ്ധനായി തീരുകയും ചെയ്തു. അപ്പൊഴക്ക് അച്ഛൻ മരിച്ചു മുക്കുവന്മാരിൽ "മൂപ്പൻ" എന്നുള്ള സ്ഥാനവും കിട്ടി; സ്ഥാനപ്രകാരമുള്ള ഉദ്യോഗത്തെ വഴിപോലെ നോക്കിവന്നു. അവൻ വലിയ പണ്ഡിതനും ആജ്ഞാസമ്പന്നനുമായിരുന്നു. താൻ ഒരു തോണിയിൽ കയറിയാൽ ആ തോണിക്കു വ്യാപത്തെന്നത് ഇല്ലാതെയായി. അങ്ങിനെയിരിക്കുമ്പോൾ ഒരു തോണിയാത്രയിൽ ഉപ്പുവെള്ളം തട്ടുകയാൽ കണ്ണുരണ്ടും പൊട്ടിപ്പോയി. അതുമുതല്ക്കു സ്ഥാനം ലിലനിൎത്തുവാൻ തന്നെക്കൊണ്ടു കഴിയാതെയാകയാൽ ഇനി രാജസേവകൊണ്ടു കാലയാപനം ചെയ്യാമെന്നു കരുതി സുസ്സാരകൻ രാജസന്നിധാനത്തിൽ ചെന്നുചേൎന്നു. രാജാവ് അവനെ ഉദ്യോഗസ്ഥനാക്കിവെച്ചു. ഓരോ പ്രധാനസാധനങ്ങളെ വിലയ്ക്കു വാങ്ങുന്ന പ്രവൃത്തിയാണ് അദ്ദേഹത്തിന്നു കിട്ടിയതു്. സുസ്സാരകൻ ഉദ്യോഗത്തിലിരുന്നുകൊണ്ട് അശ്വരത്നങ്ങൾ ഹസ്തിരത്നങ്ങൾ മുതലായി ഭൂമിയിലുണ്ടാകുന്നവയേയും മുത്തുതുടങ്ങി സമുദ്രജാതങ്ങളായ ശ്രേഷ്ഠരത്നങ്ങളേയും വിലയ്ക്കു വാങ്ങിവന്നു. സുസ്സാരകപണ്ഡിതനെന്നായിരുന്നു ആ ദിക്കിൽ അദ്ദേഹത്തിന്നുള്ള പേർ.

ഒരുദിവസം രാജാവിന്നു മംഗലഹസ്തിയാക്കി സ്വീകരിക്കുവാൻവേണ്ടി വലിയ കരിമ്പാറപോലെയുള്ള ഒരു ഗജത്തെ കൊണ്ടുവന്നു. രാജാവ് അതിനെ പണ്ഡിതന്റെ അടുക്കലേക്കയച്ചു;

പണ്ഡിതൻ ആ ഗജത്തെ കൈകൊണ്ടു തടവിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു.

“ഇതു മംഗലഹസ്തിയാക്കത്തക്കതല്ല. ഇതിന്റെ പിൻഭാഗത്തു വാമനകധാതു എന്നൊരു ദുല്ലക്ഷണമുണ്ട്. ഇതിനെ കുട്ടിക്കാലത്തു തള്ളക്കു പുറത്തേററാൻ കഴിയായ്കയാൽ കുട്ടി പിൻ ഉറപ്പിച്ചു നടന്നുവരികയും അതിനാൽ പിൻഭാഗത്തെ ധാതുക്കൾ ഹ്രസ്വങ്ങളായിത്തീരുകയും ചെയ്തു. അതുകൊണ്ടാണ് ഈ അപകടം വന്നത്” ഈ വത്തമാനം ആനയെ കൊണ്ടുവന്നവരോടു ചോദിച്ചതിൽ പണ്ഡിതൻ പറഞ്ഞതെല്ലാം ശരിയാണെന്നു തെളിവായി. അതിനാൽ രാജാവ് അത്യന്തം സന്തുഷ്ടനായിട്ടു പണ്ഡിതന്നു എട്ടു പണം സമ്മാനം കൊടുത്തു.

മറെറാരു ദിവസം മഹാരാജാവിന്നു മംഗലാശ്വമായി സ്വീകരിക്കേണ്ടുന്നതിന്നു വലിയ ഒരു കുതിരയെ കൊണ്ടുവന്നു. അതിനേയും രാജാവു പണ്ഡിതന്റെ പരിശോധനക്കയച്ചു. സൂസ്ഥാരകൻ അതിന്റെ പുറത്ത് ഉഴിഞ്ഞുകൊണ്ട് അതു മംഗലാശ്വമാക്കത്തക്കതല്ലെന്നും അതിനെ പ്രസവിച്ചദിവസംതന്നെ തള്ള മരിച്ചുപോകയാൽ മുല കുടിക്കാനിടവരാത്തതുകൊണ്ടു വളച്ച്ച നന്നായിട്ടില്ലെന്നും പറഞ്ഞു. കാൎയ്യം അതാ യഥാൎത്ഥമായിരുന്നു. രാജാവു വളരെ സന്തോഷിച്ച് അപ്പൊഴും എട്ടു പണം സമ്മാനിച്ചു.

പിന്നെയൊരിക്കൽ മംഗലരഥമാക്കി നിൎത്തേണ്ടതിന്നു നല്ലൊരു തേർ ഉണ്ടാക്കിക്കൊണ്ടുവന്നു. രാജാജ്ഞപ്രകാരം പണ്ഡിതൻ അതു കൈകൊണ്ടു തൊട്ടുനോക്കീട്ടു “പുഴ തുളച്ചിട്ടുള്ള വൃക്ഷം കൊണ്ടുണ്ടാക്കിയ ഈ രഥം രാജയോഗ്യമല്ലെ”ന്നുപറഞ്ഞു. അതും വാസ്തവമായിരുന്നു. അതിന്നും രാജാവ് എട്ടു പണം സമ്മാനിച്ചു.

പിന്നെ വിശേഷമായ ഒരു പരമധാനികൊണ്ടുവന്നതിനേയും പണ്ഡിതൻ കൈകൊണ്ടു തൊട്ടു “ഇതിൽ എവിടേയൊ എലി വെട്ടീട്ടുണ്ട്” എന്നുപറഞ്ഞു. അതും കാൎയ്യമൊത്തു. രാജാവിന്റെ സമ്മാനം അപ്പൊഴും എട്ടുപണംതന്നെ.

അതിൽപിന്നെ പണ്ഡിതന്നു് ഇങ്ങിനെ തോന്നി. "ഇപ്രകാരമുള്ള ആശ്ചര്യങ്ങളെല്ലാം ഞാൻ കാണിച്ചിട്ടും രാജാവു തരുന്ന സമ്മാനം എട്ടുപണം മാത്രമാണ്. ഇത് ഇദ്ദേഹം എത്രയൊ നിസ്സാരന്മാൎക്കും കൊടുത്തുവരുന്ന ഒരു സംഖ്യയായിട്ടേ ഉള്ളൂ. ഇത്ര ലുബ്ധനായ ഒരു രാജാവിനെ സേവിച്ചിട്ട് എന്തൊരു പ്രയോജനമാണ് എനിക്കുള്ളത്? വീട്ടിൽതന്നെ പോയിരിക്കയാണ് ഇതിലും നല്ലത്" എന്നുറച്ചു സുസ്ഥാരകൻ ഭരുകച്ഛപട്ടണത്തിലേക്കു തന്നെ പോയി.

പണ്ഡിതൻ അവിടെ എത്തി പാൎത്തുവരുന്ന കാലത്ത് ഒരുകൂട്ടം കച്ചവടക്കാരുടെ സംഘം കപ്പലോടിക്കുവാൻ തുടങ്ങി. ആരെയാണ് അതിൽ കപ്പിത്താനാക്കേണ്ടതെന്ന് അവർ ചിന്തിച്ചതിൽ, സുസ്ഥാരകപണ്ഡിതൻ കയറിയ കപ്പലിന്നു ഹാനിയില്ലെന്നും ഉപായകുശലനായ ആ പണ്ഡിതൻ അന്ധനാണെങ്കിലും അദ്ദേഹത്തെ മേലാളായി വെക്കുന്നതാണ് ഉത്തമമെന്നു തീൎച്ചയാക്കുകയും ആ വിവരം അദ്ദേഹത്തോടു ചെന്ന് അപേക്ഷിക്കുകയും ചെയ്തു.

സുസ്ഥാരകൻ— "കുട്ടികളെ! ഞാൻ കണ്ണുപൊട്ടനാകയാൽ ഒരു പണിക്കും കൊള്ളില്ലല്ലോ".

കച്ചവടക്കാർ— "സ്വാമി! പണിയൊന്നും വേണ്ടാ. കണ്ണുപൊട്ടനായാലും അങ്ങെയാണ് ഞങ്ങൾക്കു വേണ്ടത്".

അവർ വീണ്ടും വീണ്ടും അപേക്ഷിച്ചശേഷം "നല്ലതു കുട്ടികളെ! എന്നാൽ നിങ്ങൾ എന്നെ അടയാളം കാണിച്ചു മനസ്സിലാക്കണം. നിയാമകകൎമ്മം ഞാൻ വഹിച്ചുകൊള്ളാം" എന്നു സമ്മതിച്ചു പുറപ്പെടുകയും ചെയ്തു. അവർ കപ്പലിലേറി വമ്പിച്ച കടലിൽ യാത്രയാരംഭിച്ചു. ഏഴു ദിവസത്തേക്കു കപ്പലിന്നു യാതൊരു തകരാറും ഉണ്ടായില്ലാ. ഏഴാം ദിവസം അകാലികമായ ഒരു കൊടുങ്കാറ്റുണ്ടായി. അതിനാൽ കപ്പൽ വളരെ ദൂരത്തു പോവുകയും നാലു മാസത്തേക്ക് അതിന്ന് അറിവില്ലാത്ത പല സമുദ്രങ്ങളിലും സഞ്ച

രിക്കേണ്ടിവരികയും ചെയ്തു. അങ്ങിനെ ആ കപ്പൽ ക്ഷുരമാലമെന്ന ഒരു കടലിൽ എത്തിച്ചേൎന്നു—ആ കടലിലെ മത്സ്യങ്ങൾ മനുഷ്യതുല്യശരീരികളും അവരുടെ മൂക്കുകൾ കത്തിപോലെ മൂൎച്ചയേറിയവയുമായിരുന്നു. അവ വെള്ളത്തിൽ മുങ്ങിയും പൊങ്ങിയും കളിച്ചിരുന്നു. അതെല്ലാം കണ്ടു കച്ചവടക്കാർ ആ സമുദ്രത്തിന്റെ പേരെന്താണെന്നു ഇങ്ങിനെ ചോദിച്ചു”.

“പൊങ്ങിടുന്നൂതാണിടുന്നൂക്ഷുരനാസികർമനുഷർ
ചോദിക്കസ്സുസ്ഥാരകനോടേതാണിക്കടലെന്നതായ്”.

ഈ പദ്യം കേട്ടു പണ്ഡിതൻ ഉത്തരമായി ഒരു പദ്യം ചൊല്ലി.

“മുതൽനേടാനോൎത്തഭരുകച്ഛക്കാർവൎത്തകക്കിഹ
കപ്പൽനഷ്ടപ്പെട്ടതീട്ടുംക്ഷുരമാലമിതോൎക്കുവിൻ”.

അതിന്നു വഴിയെ വജ്രരത്നങ്ങൾ പൊങ്ങിവന്നുതുടങ്ങി. അവ വജ്രങ്ങളാണെന്നു പറഞ്ഞാൽ ലോഭികളായ ഇക്കൂട്ടർ അധികരത്നങ്ങളെടുത്തിട്ടു കപ്പലിന്നു ഘനംകൂട്ടുമെന്നു കരുതിക്കൊണ്ടു നസ്സ്ഥാരകൻ ഉപായത്തിൽ ഒരമിക്കയൊഴിച്ചു മീൻപിടിക്കാൻ വലവീശുകയാണെന്ന നാട്യത്തിൽ വെള്ളത്തിൽ താഴ്ത്തിയും കുറെയധികം വിശേഷവജ്രങ്ങളെടുത്തു ഭാണ്ഡമാക്കി കപ്പലിൽ ഗുപ്തമായി സൂക്ഷിക്കുകയും ചെയ്തു.

കപ്പൽ ആ സമുദ്രവും കടന്നുപോയി അഗ്നിമാലമെന്ന സ്ഥലത്തെത്തി. അവിടം കത്തിയെരിയുന്ന അഗ്നിപോലെയും മദ്ധ്യാഹ്നസൂൎയ്യനെപ്പോലെയും പ്രജ്വലിച്ചിരുന്നു. അതുകണ്ടു കച്ചവടക്കാർ.

“അഗ്നിസൂൎയ്യസമാനാഭം സമുദ്രംകാണ്മതുണ്ടിഹ
ചോദിക്കാംസുസ്ഥാരകനോ ടേതാണിക്കടലെന്നതും.”

പണ്ഡിതൻ പറഞ്ഞു.

“ഭരുകച്ഛക്കാർധനൈഷി വണിക്കുകൾഗമിക്കവേ
കപ്പൽനാശംവരുത്താനുള്ളഗ്നിമാലമിതായ്വരും.”

അവിടെ സ്വൎണ്ണം വളരെയുണ്ട്. മുൻ വിവരിച്ചതുപോലെ പണ്ഡിതൻ ഉപായത്തിൽ സ്വൎണ്ണമെടുത്തു ഭാണ്ഡമാക്കി കപ്പലിൽ സൂക്ഷിച്ചു. കപ്പൽ അവിടവുംവിട്ടു ക്ഷീരംപോലെയും ദധിപോലെയുമിരിക്കുന്ന ദധിമാലസമുദ്രത്തിലെത്തിച്ചേൎന്നു. അപ്പോൾ കച്ചവടക്കാർ—

"തയിർപാലിവയെപ്പോലെ സമുദ്രംകാണ്മതുണ്ടിഹ
ചോദിക്കാംസുസ്സാരകനോടേതാണിക്കടലെന്നതും."

സുസ്സാരകൻ.

"ഭരുകച്ഛക്കാർധനൈഷി വണിക്കുകൾഗമിക്കവേ
കപ്പൽ നാശംവരുത്തീടും ദധിമാലമിതായ്വരും."

ആ കടലിൽ അധികമുള്ളതു വെള്ളിയാണ്. പണ്ഡിതൻ സ്വകാൎയ്യത്തിൽ അതും കുറെയെടുത്തു സൂക്ഷിച്ചു. കപ്പൽ ആ സമുദ്രവും കടന്നു നീലകുശതൃണസമാനവും സസ്യസമൃദ്ധസമ്പന്നമെന്നപോലെ നീലവൎണ്ണവുമായിരിക്കുന്ന കുശമാലസമുദ്രത്തിലെത്തി. അപ്പോൾ—

കച്ചവടക്കാർ.

"കൃഷിമട്ടിൽകുശതൃണം തിങ്ങുംവൻകടൽകാണ്മതും
ചോദിക്കാംസുസ്സാരകനോടേതാണിസ്ഥലമെന്നതും.

അതിനുത്തരം.

"ഭരുകച്ഛക്കാർധനൈഷി വൎത്തകന്മാർഗമിക്കവെ
കപ്പൽനാശത്തിനായുള്ള കുശമാലയിതായ്വരും."

ആ കടലിൽ സുലഭമായുള്ള നീലക്കല്ലുകളെ പണ്ഡിതൻ ഉപായത്തിലെടുത്തു ധാരാളം ശേഖരിച്ചു. കപ്പലവിടവും കടന്നു നളവനംപോലെയും വേണുവനംപോലെയുമിരിക്കുന്ന നളമാലസമുദ്രത്തിലെത്തി. കച്ചവടക്കാർ—

"രാമച്ചമുളകൾനിറഞ്ഞ സമുദ്രംകാണ്മതുണ്ടിഹ
ചോദിക്കാംസുസ്സാരകനോടേതാണിക്കടലെന്നതും."

അതിനുത്തരം.

"ഭരുകച്ഛക്കാർധനൈഷി വൎത്തകന്മാർഗമിക്കവെ

കപ്പൽനഷ്ടം വരുത്തീടും നളമാലമിതോൎക്കണം.”

അവിടെ വൈഡൂൎയ്യരത്നങ്ങൾ വളരെയുണ്ടായിരുന്നു. സുപ്പാരകൻ അവയും ഉപായത്തിലെടുത്തുവെച്ചു.

വൎത്തകന്മാരുടെ കപ്പൽ നളമാലവും കടന്നു വളഭാമുഖമെന്നുപേരായ ഉഗ്രസമുദ്രത്തെ കണ്ടു. അവിടുത്തെ ജലം കട്ടകട്ടയായി പൊങ്ങി സകല ദിക്കിലും നടക്കുകയും വക്കുകൾകൂടി പുഴങ്ങി വീഴത്തക്കവണ്ണം തിരമാലകളോടും ഭയങ്കരശബ്ദത്തോടുംകൂടി നിലത്തു പതിക്കയും ചെയ്യുന്നു. ആ സ്ഥലം കണ്ടപ്പോഴേക്ക് അവരുടെ ചെവികളടഞ്ഞും ഹൃദയം ഭേദിച്ചും പരിഭ്രമിച്ചവരായി. അനന്തരം ഇങ്ങിനെ ചോദിച്ചു.

“മഹാഭയംഭീഷണമായ് കേൾക്കുന്നുമാനുഷസ്വനം
സ്വൎഭ്രപാതസമാനാഭം സമുദ്രംകാണ്മതുണ്ടിഹ
ചോദിക്കാംസുപ്പാരകനോടേതാണിക്കടലെന്നതും.”

പണ്ഡിതൻ.

“ഭരുകച്ഛരക്കാർധനൈഷി വണിക്കുകൾഗമിക്കവെ
കപ്പൽനാശത്തിനായുള്ള വളഭാമുഖിയാണിതു”

പിന്നെയും അദ്ദേഹം പറഞ്ഞു. “കുട്ടികളെ! ഈ വളഭാമുഖസമുദ്രത്തിലെത്തിയാൽ പിന്നെ മടങ്ങിപ്പോകുന്ന കപ്പലില്ല. എല്ലാം മുങ്ങിച്ചാവുകയാണു പതിവ്.”

ആ കപ്പലിൽ എഴുനൂർ ആളുകളുണ്ട്. ഇത് അറികയാൽ ഇവർ എല്ലാവരുംകൂടി മരണഭീതന്മാരായിട്ടു രൌരവനരകപ്രാപ്തരായ ശപ്തന്മാരെപ്പോലെ അതികരുണമായി ഉറക്കെ നിലവിളിച്ചു.

പണ്ഡിതനാകട്ടെ താനല്ലാതെ ഇവരെ രക്ഷിപ്പാൻ ആളില്ലെന്നും സത്യക്രിയയാൽ രക്ഷിച്ചുകൊള്ളാമെന്നും ഉറച്ച് അവരോട് ഇങ്ങിനെ പറഞ്ഞു. “കുട്ടികളെ! നിങ്ങൾ എന്നെ ഗന്ധോദകംകൊണ്ടു കുളിപ്പിച്ച് വിശിഷ്ടവസ്ത്രങ്ങൾ ഉടുപ്പിച്ചു മംഗലദ്രവ്യങ്ങൾ കയ്യിൽത്തന്നു കപ്പലിന്റെ മുകളിൽ നിൎത്തുവിൻ!

അവർ ക്ഷണത്തിൽ അപ്രകാരമെല്ലാം ചെയ്തു. മഹാനായ ബോധിസത്വനാകട്ടെ രണ്ടു കയ്യുകളിലും പുണ്യവസ്തുക്കൾ ധരിച്ചു

കൊണ്ടു കപ്പലിൻെറ മേൽത്തട്ടിൽനിന്നു സത്യത്തെ സ്മരിച്ചുകൊണ്ട് ഇങ്ങിനെ ഒരു പദ്യം ചൊല്ലി.

"ഏതിനാലോൎപ്പനാത്മാവെ ഏതിനാൽവിജ്ഞനായിഞാൻ
ഓൎത്തിട്ടുമറിയുന്നില്ല പ്രാണനൊന്നുമൊഴിക്കുവാൻ
ഈസത്യവജ്രത്താൽകപ്പൽ സ്വസ്ഥിയാന്നുമടങ്ങണം."

നാലു മാസംമുഴവനും വിദേശസമുദ്രങ്ങളിൽ ചുററി അലഞ്ഞിരുന്ന കപ്പലതാ അദ്ദേഹത്തിൻെറ മാഹാത്മ്യത്താൽ ഋദ്ധിമാനെന്നപോലെ ഒരു ദിവസംകൊണ്ടു ഭരുകച്ഛനഗരത്തിലെത്തി. എന്നുമാത്രമല്ല, അതു സ്ഥലമാൎഗ്ഗമായും സഞ്ചരിച്ചു. മുക്കുവൻെറ ഗൃഹദ്വാരത്തിൽ ചെന്നു വിശ്രമിക്കുകയും ചെയ്തു. ബോധിസത്വൻ ആ കച്ചവടക്കാൎക്കെല്ലാം സ്വൎണ്ണം വെള്ളി പവിഴം മുതലായതു ദാനം ചെയ്തു. സ്വാദുഭക്ഷണങ്ങളെ സൽക്കരിച്ചും അവിടെ കുറച്ചു താമസിപ്പിച്ചു. പിന്നെ "നിങ്ങൾക്കു ഈ ദ്രവ്യം മതി. ഇനി സമുദ്രയാത്ര ചെയ്യരുത്; എന്നുപദേശിച്ചു സ്വരാജ്യങ്ങളിലേക്കു മടക്കിയയക്കുകയും ചെയ്തു.

താൻ സൽക്കൎമ്മം ചെയ്തിരുന്ന് ഒടുവിൽ സ്വൎഗ്ഗലോകം പ്രാപിക്കയും ചെയ്തു.

## ൨൦. വൈദൎഭമന്ത്രം.

പണ്ടു ബ്രഹ്മദത്തൻെറ കാലത്തു കാശിയിലെ ഒരു ഗ്രാമവാസിയായ ബ്രാഹ്മണൻ വൈദൎഭമെന്നു പേരായ ഒരു മന്ത്രം അറിഞ്ഞിരുന്നു. ആ മന്ത്രത്തെ നക്ഷത്രയോഗസമയത്ത് ആകാശത്തേക്കു നോക്കി ജപിക്കുന്നതായാൽ ആകാശം സപ്തരത്നങ്ങളെ വൎഷിക്കുന്നതാണ്. അങ്ങിനെയൊരു മഹത്വം ആ മന്ത്രത്തിനുണ്ട്.

അക്കാലത്തു ബ്രാഹ്മണവംശത്തിൽ ജനിച്ചിരുന്ന ബോധിസത്വൻ മേൽപറഞ്ഞ ബ്രാഹ്മണരിൽനിന്നു ശില്പവിദ്യ പഠിക്കാനായി അദ്ദേഹമൊരുമിച്ചു താമസിച്ചിരുന്നു. ഒരു ദിവസം ബ്രാഹ്മണ

ന്നു കാര്യവശാൽ സ്വന്തഗ്രാമത്തിൽ നിന്നു ചേദിരാജ്യത്തോളം പോകേണ്ടതായി വന്നു. ഒന്നിച്ചു ബോധിസത്വനെയും കൊണ്ടു പോയി.

അവർ പോകുമ്പോൾ പ്രേഷണകന്മാരെന്ന ഒരു കൂട്ടം കള്ളന്മാരെ കണ്ടുമുട്ടി. കള്ളന്മാർ അഞ്ഞൂറാളുകളുണ്ട്. അവർക്കു വഴിയാത്രക്കാരെ പിടിച്ചുപറിക്കയാണ് നിത്യത്തൊഴിൽ. പ്രേഷണകചോരന്മാരെന്ന് അവർക്കു പേർവരാനുള്ള കാരണം ഇതാണ്. ഒരു യോഗത്തിൽ രണ്ടാൾ പോകുന്നതു കണ്ടാൽ അവരെ അവർ പിടിച്ച് തങ്ങൾക്കു മുതൽ കൊണ്ടുവരാനായി ഒരാളെ അയയ്ക്കുകയും മറ്റെയാളെ ബന്ധനത്തിൽ വെക്കുകയും ചെയ്യുന്നു. പ്രേഷിച്ചു മുതൽ വരുത്തുന്നതുകൊണ്ടാണ് കള്ളന്മാർക്കു പ്രേഷണകചോരന്മാരെന്നു പേർ സിദ്ധിച്ചത്. അച്ഛനും മകനും കൂടി കള്ളന്മാർക്കധീനമായാൽ മകനെ നിർത്തീട്ടു ഞങ്ങൾക്കു മുതൽ കൊണ്ടുവന്നു തന്നാൽ മകനെ വിട്ടുതരാമെന്നു പറഞ്ഞു അച്ഛനെ അയയ്ക്കുന്നു. അമ്മയേയും മകനേയും കൂടിയാണ് പിടിച്ചതെങ്കിൽ ഈ നിലയ്ക്കു വിട്ടയക്കുക അമ്മയെയായിരിക്കും. ജ്യേഷ്ഠാനുജന്മാരെ പിടിച്ചാൽ ജ്യേഷ്ഠനെ വിടുന്നു. ഗുരുശിഷ്യന്മാരെയാണെങ്കിൽ ശിഷ്യനെയാണ് വിടുന്നത്. ഈ സമ്പ്രദായമനുസരിച്ചു കള്ളന്മാർ വൈദർഭ്ബ്രാഹ്മണനെ പിടിച്ചു വെക്കുകയും ധനാഹരണത്തിന്നായി ബോധിസത്വനെ വിട്ടയക്കയും ചെയ്തു. പോകുന്ന സമയം ശിഷ്യൻ ഗുരുവോട് ഇങ്ങിനെ പറഞ്ഞിട്ടുണ്ടായിരുന്നു. "ഞാൻ രണ്ടുദിവസത്തിലകം വന്നുകൊള്ളാം. ഗുരുനാഥൻ ഭയപ്പെടരുത്. എന്റെ വാക്കു വിശ്വസിച്ചാൽ ആപത്തൊന്നും വരികയില്ല. ഇന്നു രത്നവർഷത്തിനിടയുള്ള നക്ഷത്രയോഗമുണ്ട്. അതിനാൽ ദുഃഖിച്ചിരിക്കുന്ന അങ്ങുന്നു മന്ത്രം ജപിച്ചു രത്നം വർഷിപ്പിച്ചു കള്ളന്മാരിൽ നിന്നു "വിട്ടുപോവാൻ ശ്രമിക്കരുത്. അങ്ങിനെ ചെയ്താൽ ആപത്തിന്നിടയായിത്തീരും. ബോധിസത്വന്റെ വാക്കു തെറ്റിക്കയില്ലെന്ന് അദ്ദേഹം ഏല്ക്കുകയും ചെയ്തു.

അന്നു രാത്രിയായപ്പോൾ കള്ളന്മാർ ബ്രാഹ്മണനെ കെട്ടിയി

ട്ടു. ആ സമയം പ്രാചീനലോകധാത്തുവിൽനിന്നു പരിപൂർണ്ണമായ ചന്ദ്രമണ്ഡലം പൊങ്ങിവന്നു. അനന്തരം ബ്രാഹ്മണൻ ആകാശത്തു നക്ഷത്രം നോക്കിക്കൊണ്ട് ഇങ്ങിനെ ആലോചിച്ചു. "ധനവർഷത്തിന്നു യോഗമായ നക്ഷത്രയോഗം ഇപ്പോഴാണ്. എന്തിന്നിനി ഞാൻ ദുഃഖമനുഭവിക്കുന്നു? മന്ത്രം ജപിച്ചു രത്നം വർഷിപ്പിച്ചാൽ കള്ളന്മാർ സന്തോഷിച്ച് എന്നെ വിട്ടയക്കും. എനിക്കു സുഖമായി പോകയും ചെയ്യാം". ഈ വിധം ഉറച്ചശേഷം ബ്രാഹ്മണൻ കള്ളന്മാരോടു ചോദിച്ചു.

"മഹാന്മാരേ! നിങ്ങളെന്നെ കെട്ടിയിട്ടതെന്തിനാണ്"?

"ഞങ്ങൾക്കു മുതൽ കിട്ടണം; അതിനാണ്".

"മുതൽ വേണമെങ്കിൽ ഇപ്പോൾതന്നെ തരാം. അതിലേക്കു എന്നെ അഴിച്ചുവിട്ട് ഒന്നു കുളിക്കാൻ സൌകര്യം വരുത്തണം. പിന്നെ ശുഭവസ്ത്രം ധരിച്ചു വിശേഷപുഷ്പങ്ങൾ ചൂടി കളഭം കുറിയിട്ടു ഇവിടെ നില്ക്കാനിടയാക്കണം". എന്നാൽ എത്രമുതൽ വേണമെങ്കിലും ഇവിടെ വരുത്താം.

ദ്രവ്യലോഭത്താൽ അവർ ബ്രാഹ്മണന്നു പറഞ്ഞവിധം ഉപചാരങ്ങളെല്ലാം ചെയ്തു. ബ്രാഹ്മണൻ ആകാശത്തെനോക്കി മന്ത്രം ജപിച്ചുതുടങ്ങി. തൽക്ഷണം അസംഖ്യമസംഖ്യം രത്നങ്ങൾ മഴപോലെ പെയ്തുതുടങ്ങി. കള്ളന്മാർ സന്തോഷിച്ച് അതെല്ലാം സമ്പ്രപിച്ചെടുത്തു ഭാണ്ഡംകെട്ടി അവിടെനിന്നു നടപ്പായി. ബ്രാഹ്മണനും അവരുടെ വഴിയെ പോയി. കുറെ പോകുമ്പോൾ മറെറാരു പിടിച്ചുപറിക്കാരുമായി ഈ കള്ളന്മാർ കൂട്ടിമുട്ടി. അവരും അഞ്ഞൂറാളുകളാണ്. അവർ പ്രേഷണകചോരന്മാരെ തോല്പിച്ചു മുതൽ പിടിച്ചുപറിക്കാൻ തുടങ്ങിയപ്പോൾ അവർപറഞ്ഞു, "എന്തിനാണപദ്രവിക്കുന്നത്? നിങ്ങൾക്കു മുതൽ വേണമെങ്കിൽ ഇയ്യാളെ പിടിച്ചുകൊൾവിൻ. ഈ ബ്രാഹ്മണൻ ആകാശത്തു നോക്കേണ്ടുന്ന താമസമേ ഉള്ളൂ. എന്നാൽ രത്നം വർഷിക്കയായി. ഞങ്ങൾക്കിതെല്ലാം തന്നത് ഇയ്യാളാണ്".

ഇതു കേൾക്കയാൽ അവർ കള്ളന്മാരെ വിട്ടു ബ്രാഹ്മണനെ

പിടികൂടി. "ഞങ്ങൾക്കും ധനവൎഷം ചെയ്യിക്കുക" എന്നു നിൎബ്ബന്ധിച്ചു.

ബ്രാഹ്മണൻ— ഞാൻ നിങ്ങൾക്ക വേണമെങ്കിൽ എത്രയെങ്കിലും ധനം വൎഷിപ്പിക്കാം. എന്നാലതു നക്ഷത്രയോഗസമയത്തേ സാധിക്കയുള്ളു. അതിന്നിനി ഒരു സംവത്സരം കഴിയണം. അതുവരെ ക്ഷമിച്ചിരുന്നാൽ മതി.

കള്ളന്മാരതുകേട്ടു ക്രോധിച്ച് എടാ ദുഷ്ടബ്രാഹ്മണ! മററെക്കൂട്ടൎക്കായി ഇന്നുതന്നെ ഇഷ്ടംപോലെ ദ്രവ്യം വരുത്തിച്ച നീ ഞങ്ങൾക്കായപ്പോൾ—ഇനിയത്തെ സംവത്സരത്തിലെന്നോ പറയുന്നത്"? എന്നും പറഞ്ഞു വാളെടുത്തു വൈദഭ്ബ്രാഹ്മണന്റെ കഴുത്തറുത്തശേഷം പ്രേഷണകചോരന്മാരെ പിൻതുടൎന്നു. വേഗത്തിൽ അവരെ കണ്ടുപിടിച്ച് അവരെയും കൊന്നു മുതലെല്ലാം പിടിച്ചുപറിച്ചു. അതിന്നുശേഷം ഈ കള്ളന്മാർതന്നെ മുതലിനെ സംബന്ധിച്ചു കലഹമായി. എന്തിനു വളരെ പറയുന്നു? അവർ ഓരോ ചേരിയായി തിരിഞ്ഞു തമ്മിൽ യുദ്ധം ചെയ്കയും അധികംപേർ മരിക്കയും പിന്നെയും തമ്മിലെതിൎക്കുകയും വളരെപ്പേർ മരിക്കുകയും വേഗത്തിൽകഴിഞ്ഞു. ഇങ്ങിനെ രണ്ടുമൂന്നുതവണ കഴിഞ്ഞപ്പോഴക്ക രണ്ടാൾമാത്രം ബാക്കിയായി. മററെല്ലാം ചത്തുകഴിഞ്ഞു.

ശേഷിച്ച രണ്ടുപേരും കൂടി മുതലെല്ലാമെടുത്തു പോയി ഒരു ഗ്രാമത്തിന്നു സമീപമുള്ള വിജനസ്ഥലത്തു കൊണ്ടുചെന്നു വിശ്രമിച്ചു. ഇവർ അപ്പോഴക്കും ക്ഷീണിച്ചിരുന്നു. അതിനാൽ ഒരാൾ വാളും ധരിച്ചു മുതൽ കാത്തുനില്ക്കയും മററയാൾ ഭക്ഷണം പാകം ചെയ്തു കൊണ്ടുവരുവാനായി ഗ്രാമത്തിലേക്ക പോകയുംചെയ്തു.

"ലോഭാഖ്യമീവസ്തുവിനാശമൂലം"

സ്നേഹിതൻ പോയ മാത്രയിൽ കാവല്ക്കാരന്ന് ഇങ്ങിനെതോന്നി. "അവൻ മടങ്ങിവന്നാൽ ഈ മുതൽ രണ്ടായി ഭാഗിക്കേണ്ടിവരും. അതെന്തിന്? അവൻ ഓൎക്കാതെ വന്നു കേറുമ്പോൾ ഈ വാൾകൊണ്ടു കഴുത്തുവെട്ടിക്കളയാം. എന്നാൽ ഭാരം തീൎന്നുവ

ല്ലോ" എന്നു തീൎച്ചയാക്കി ചങ്ങാതിയുടെ വരവും പ്രതീക്ഷിച്ചു നിന്നു.

വെപ്പിന്നു പോയവനും ഇങ്ങിനെ വിചാരിച്ചു. "മുതൽ രണ്ടോഹരിയാക്കേണ്ടിവരും. അതുകൂടാതെ കഴിക്കാൻ ചോററിൽ വിഷംചേൎത്ത് അവനു കൊണ്ടുകൊടുക്കാം. അവൻ തീരട്ടെ. മുതൽ എനിക്കുതന്നെ എടുക്കാമെല്ലോ" ഇപ്രകാരം ഉറച്ച് താൻെറ ഊണു കഴിഞ്ഞശേഷം ബാക്കിയുള്ള ചോററിൽ വിഷം കലൎത്തി അതുമെടുത്തു കൂട്ടുകാരൻെറ അടുക്കൽ ചെന്നു. ചോർ നിലത്തുവെച്ചു നിവരുന്നതിനിടയിൽ ഖഡ്ഗധാരി കഴുത്തു വെട്ടിക്കളഞ്ഞു. ഉടലും തലയും ഒരിടത്തു ഒളിച്ചു വെച്ചശേഷം അവൻ കൈകഴുകി ചോറെടുത്ത് ഭക്ഷിക്കയും താമസം കൂടാതെ താനും അവിടെക്കിടന്നു മരിക്കുകയും ചെയ്തു. ധനലോഭത്താൽ അവരെല്ലാവരും ഇങ്ങിനെ പ്രാണൻ കളഞ്ഞു.

ബോധിസത്വനും ഒന്നുരണ്ടു ദിവസംകൊണ്ടു ഗുരുനാഥനെ വീണ്ടെടുക്കത്തക്കവണ്ണമുള്ള ദ്രവ്യം സമ്പാദിച്ചു പ്രേഷണകചോരന്മാരുടെ സ്ഥലത്തുചെന്നു. അവിടെ ആരുമില്ല. രത്നങ്ങൾ ചിതറിക്കിടക്കുന്നുണ്ട്. "എൻെറ വാക്കു കേൾക്കാത്തതിനാൽ ഗുരുനാഥൻ അബദ്ധം പ്രവൎത്തിച്ചു നശിച്ചുപോയിരിക്കുമല്ലോ" എന്നു കരുതി അദ്ദേഹം കാട്ടുവഴിയിൽകൂടെ നടന്നു. കുറച്ചു ചെല്ലുമ്പോൾ ഗുരുനാഥനെ രണ്ടായി മുറിച്ചിട്ടതുകണ്ടു. അതിനാൽ ബോധിസത്വൻ വളരെ വ്യസനിച്ചു വിറകുംകൊണ്ടുവന്നു ചിതകൂട്ടി കാട്ടുപുഷ്പങ്ങളെ ശേഖരിച്ചു വേണ്ട വിധം ഗുരുനാഥനെ സംസ്കരിച്ചു. പിന്നെയും കുറച്ചു ദൂരം പോയപ്പോൾ അഞ്ഞൂറാൾ ചത്തുകിടക്കുന്നതും വഴിയെ രണ്ടുമൂന്നു സ്ഥലങ്ങളിലായി നാനൂററിതൊണ്ണൂറെറട്ടാളുകളുടെ ശവങ്ങളുംകണ്ടു. രണ്ടാളുകൾ പോയ അടയാളമെ അവിടെനിന്നു കാണുന്നുള്ളു. "കഷ്ടം! ആയിരത്തോളംപേർ നശിച്ചുകഴിഞ്ഞു. ഇനി ആ രണ്ടാളുടെകഥയെന്തായിരിക്കും" എന്നാലോചിച്ചുകൊണ്ടു ബോധിസത്വൻ നടക്കുമ്പോൾ ഒരിടത്തു മുതലെല്ലാം വെച്ചതും ഒരാൾ ചോറുരുള കയ്യിലെടുത്തു ചത്തു കിടക്കുന്ന

ത്തും കണ്ടു. മറെറയാളെ തിരഞ്ഞുനോക്കിയതിൽ മറച്ചുവെച്ച ശവവുംകിട്ടി.

"കഷ്ടമേ! എൻെറ വാക്ക വിലവെക്കായ്കയാൽ ഗുരുനാഥനും ആയിരം മനുഷ്യരും നശിച്ചുവല്ലോ. ഉപായമറിയാതെ അകാരണമായി ആത്മാവിന്ന് അഭിവൃദ്ധിയെ കാംക്ഷിക്കുന്നവൎക്കുള്ള ഫലം ഇതു തന്നെയായിരിക്കും". എന്നിങ്ങിനെ വിചാരിച്ചു ബോധിസത്വൻ ഒരു ഗാഥചൊല്ലി.

"ഉപായമറിയാതൎത്ഥമാശിപ്പോൻനാശമാൎന്നിടും
ചോരർവൈദർഭനെക്കൊന്നാരവരുംഹന്തനഷ്ടരായ്"

"നമ്മുടെ ആചാൎയ്യനെപ്പോലെ ബുദ്ധിക്കാപ്പില്ലാത്തവർ തങ്ങൾക്കെന്നല്ല അന്യന്മാൎക്കും നാശകാരികളായിത്തീരുന്നു". എന്നും മററും അവിടെവെച്ചു ബോധിസത്വൻ തന്നെത്താൻ ധൎമ്മദൎശനം ചെയ്തു. അതു മറഞ്ഞിരുന്നു കേട്ടുവന്ന ദേവതമാർ ഒടുവിൽ നന്ദിപറകയും ചെയ്തു.

അതിന്നുശേഷം ബോധിസത്വൻ ധനമെല്ലാം തൻെറ ഗൃഹത്തിലെത്തിക്കുകയും അവയെ ദാനം ചെയ്തുകൊണ്ടു പാൎത്തുവരികയും ചെയ്തു.

## ൫൧. മഹാശീലവാൻ.

ഒരിക്കൽ ബോധിസത്വൻ കാശിരാജാവായ ബ്രഹ്മദത്തൻെറ പട്ടമഹിഷിയിൽ പുത്രനായിജനിച്ചു. പുത്രന്നു പിതാവു നാമകരണം ചെയ്തതു ശീലവാൻ എന്നായിരുന്നു. ശീലവാൻ പതിനാറു വയസ്സായപ്പോഴേക്കും പഠിപ്പെല്ലാം കഴിഞ്ഞു യോഗ്യനായതോടുകൂടി അച്ഛൻെറ അപായത്താൽ രാജ്യഭാരം കയ്യേല്ക്കുകയും ചെയ്തു. വിശിഷ്ടമായ ധാൎമ്മികത്വം നിമിത്തം ശീലവാൻ മഹാശീലവാനെന്നു പ്രസിദ്ധരാജാവായിത്തീൎന്നു. അദ്ദേഹം തൻെറ നഗരമദ്ധ്യത്തിങ്കലും നഗരത്തിന്നു പുറമേ നാലുഭാഗത്തിലും ഓരോ ദാനശാലകളു

ഏറ്റെപ്പട്ടത്തിയും മററു പലവിധത്തിലും അഗതികൾക്ക സഹായം ചെയ്തുവന്നു. മഹാശീലവാൻ ഒരു പുണ്യവാനായ ഉപാസകന്റെ നിലയിൽ ധമ്മം രക്ഷിച്ചും ക്ഷമാഗുണസമ്പന്നനായും മക്കളെ മടിയിലിരുത്തി ലാളിക്കുന്നതുപോലെ സകല പ്രജകളേയും സന്തോഷിപ്പിച്ചുകൊണ്ടുമിരുന്നു.

അങ്ങിനെയിരിക്കുമ്പോൾ തന്റെ മന്ത്രിമാരിലൊരാൾക്ക അന്തഃപുരത്തിൽ ഗൂഢസേവയുണ്ടെന്നു ചില അമാത്യന്മാർ ധരിപ്പിക്കുകയും ആ കാൎയ്യം രാജാവിന്നുതന്നെ ദൃഷ്ടാന്തപ്പെടുകയുമുണ്ടായി. ആയപരാധി മരണശിക്ഷയ്ക്കർഹനാണെങ്കിലും ശീലവാൻ ആയാളെവിളിച്ച് ഇങ്ങിനെ പറകയാണുണ്ടായത്. "കഥയില്ലാത്ത വിഡ്ഢി! നീ ഏതായാലും ഇനി എന്റെ കീഴിലിരിക്കണ്ട; മുതലുകളും കുടുംബവുമെല്ലാം ചേൎന്നു മററുവല്ലരാജ്യത്തും പൊയ്ക്കൊള്ളുക" അതുകേട്ട് ആ മന്ത്രി അവിടംവിട്ടു കോസലരാജ്യത്തിൽ ചെന്നു പാൎത്തുവരികയും അവിടത്തെ രാജാവിന്നു ഏററവും വിശ്വസ്തനായിത്തീരുകയും ചെയ്തു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ആയാൾ കോസലരാജാവിനെ ഇങ്ങിനെ അറിയിച്ചു. "സ്വാമിൻ! കാശിയിലെ രാജാവു തീരെ അപ്രാപ്തനാകയാൽ ആ രാജ്യം ഇപ്പോൾ ഈച്ചകളൊഴിഞ്ഞ തേൻകൂട്ടുപോലെ പിടിച്ചടക്കുവാൻ എളുപ്പനിലയിലാണിരിക്കുന്നത്." ഈ വാക്കുകൾ കോസലരാജാവിന്ന് അശേഷം ബോധിച്ചില്ല. ഈ അമാത്യൻ കാശിരാജാവിന്റെ വല്ല ചാരപുരുഷനും ആയിരിക്കുമോ എന്നു സംശയിക്കുകകൂടി ചെയ്തു. "ഐശ്വൎയ്യബലങ്ങൾ തികഞ്ഞ കാശിരാജാവിനെ എളുപ്പത്തിൽ ജയിക്കാമെന്നുപദേശിക്കുന്ന താൻ നല്ല വിശ്വസ്തനോ എന്നു സംശയിക്കുന്നു" എന്നാണ് രാജാവ് ഉത്തരം പറഞ്ഞത്.

"കഷ്ടം കഷ്ടം! ഇങ്ങിനെയാണെങ്കിൽ തിരുമേനി ഒന്നു പരീക്ഷിക്കുകതന്നെ. ഇവിടെ നിന്നു കുറെ ആളുകളെ കാശിരാജ്യത്തേക്കയക്കുക. അവർ അവിടെ വല്ല അയൽഗ്രാമങ്ങളിലും കൊള്ളചെയ്യട്ടെ. ആ വൎത്തമാനം കാശിരാജാവറിഞ്ഞാൽ കൊള്ളക്കാരെ ഒന്നും ചെയ്കയില്ല. അതിന്ന് ആ രാജാവു വിചാരിച്ചാൽക്ക

ഴിയില്ല. അടിയനോട. പക്ഷെ വല്ല സമ്മാനവും കൊടുത്തയച്ചേക്കുമെന്നുകൂടി തോന്നുന്നുണ്ട്. അങ്ങിനെയായാൽ അദ്ദേഹത്തിന്റെ ഔദാൎയ്യം വെളിവാകുന്നതാണല്ലൊ."

"ഇതൊന്നു പരീക്ഷിക്കതന്നെ" എന്നുറച്ചു കോസലരാജാവ് കാശിരാജ്യത്തേക്ക കൊള്ളക്കാരെ അയച്ചു. അവർ അവിടെ ഒരു ഗ്രാമത്തിൽ കടന്നു കവൎച്ചതുടങ്ങി. ഉടനെ കാശിരാജഭടന്മാർ അവരെ പിടിച്ചു രാജസന്നിധിയിൽ കൊണ്ടുപോയി. "നിങ്ങൾ ഇങ്ങിനെ പരോപദ്രവം ചെയ്യുന്നതെന്തിനാണ്" എന്നു രാജാവ് അവരോടു ചോദിച്ചപ്പോൾ, രാജാവേ! ഞങ്ങൾക്ക കഴിഞ്ഞുകൂടുവാൻ വകയില്ലാഞ്ഞിട്ടയാൽ പിടിച്ചു പറിക്കാൻ പുറപ്പെട്ടതാണെ"ന്ന് അവർ ഉത്തരം പറഞ്ഞു. ഇത് അവർ മുൻകൂട്ടി കരുതിവെച്ചിരുന്ന ഉത്തരമായിരുന്നു. അതുകേട്ടു രാജാവു തന്റെ ഭണ്ഡാരം വരുത്തി കള്ളന്മാർ ആവശ്യപ്പെട്ടുംപോലെയുള്ള ദ്രവ്യം കൊടുത്ത് അവരെ അയക്കുകയും ചെയ്തു.

ഇതറിഞ്ഞിട്ടും കോസലരാജാവ് നല്ല ബോദ്ധ്യം വരാതെ ഒന്നുരണ്ടു പരീക്ഷകൾ കൂടി ചെയ്തു. എല്ലാം കൂടി മഹാശീലവാനെ ജയിക്കാൻ ലേശവും പ്രയാസമില്ലെന്നുറച്ചു കോസലൻ സൈന്യസമേതം കാശിരാജ്യത്തേക്ക യാത്രയാരംഭിച്ചു.

കോസലരാജാവു യുദ്ധത്തിന്നു വരുന്നുവെന്ന വിവരം കാശിയിലുള്ളവരറിഞ്ഞു. കാശിരാജാവിന്നു ബലമേറിയ അസംഖ്യം സൈന്യങ്ങളുള്ളതിന്നുപുറമെ ബുദ്ധിയും സ്വാമിഭക്തിയുമുള്ള അമാത്യന്മാരും വളരെയുണ്ട്. അവരെല്ലാംകൂടി രാജാവിന്റെ മുമ്പാകെ ചെന്ന് അറിയിച്ചു.

"സ്വാമിൻ! കോസലരാജാവ് ഈ രാജ്യം പിടിക്കാൻ വരുന്നു. അതുകൊണ്ടു നമ്മുടെ രാജ്യത്തിന്റെ അതൃത്തിയിലേക്ക സൈന്യങ്ങളെ അയച്ചു ശത്രുക്കളെ ഓടിക്കുകയല്ലേ"

മഹാശീലവാൻ—ഒന്നും വേണ്ട, എനിക്ക വേണ്ടി അന്യന്മാർ ക്ലേശിക്കേണ്ടതിന്നു ഞാൻ പറയില്ല. യുദ്ധമാവുമ്പോഴേക്ക എത്രയോ അധികം മരണവും വേണ്ടിവരും. അതു പാടില്ല-രാജ്യം വേ

ണ്ടവർ എന്തെങ്കിലും ചെയ്തുകൊള്ളട്ടെ. നാം യുദ്ധം ചെയ്കയും രാജ്യം ഒഴിഞ്ഞുകൊടുക്കുകയും വേണ്ട.

കോസലരാജാവും സൈന്യവും അടുത്തെത്തി. മന്ത്രിമാരുടെ അപേക്ഷ എന്തായിട്ടും ശീലവാൻെറ ശീലത്തിന്നു മാററം വന്നില്ല. "രാജ്യമോ യുദ്ധമോ!" എന്നു കോസലരാജാവു ദൂതൻമുഖേന അയച്ച ചോദ്യത്തിന്നു "ഏതുവിധവും യുദ്ധമില്ല" എന്നു പറഞ്ഞയക്കുകയാണ് കാശിരാജാവു ചെയ്തത്. പിന്നെ അദ്ദേഹം യുദ്ധത്തിന്നൊരുക്കമൊ മററൊ ഒന്നും കൂടാതേയും നഗരദ്വാരങ്ങളെല്ലാം അടക്കാതേയും പ്രധാനഗോപുരത്തിൻെറ മുകളിൽ കയറിയിരുന്നു. അപ്പോഴയ്ക്കു അമാത്യന്മാരും ചെന്നു രാജാവിൻെറ ചുററം കൂടി. കോസലരാജാവും ഭടന്മാരും എതിരാളികളില്ലാത്ത നഗരത്തിൽ യഥേഷ്ടം കടന്ന ഉടനെ നിർദ്ദോഷിയായ ശീലവാനേയും മന്ത്രിമാരേയും തടവുകാരാക്കി. ഉടനെ കിങ്കരന്മാരെ വിളിച്ച് ഇങ്ങിനെ പറഞ്ഞു. "ഈ കുററക്കാരെയെല്ലാം ദൃഢമായി പിൻകെട്ടു കെട്ടി അടുത്തുള്ള മഹാശ്മശാനത്തിൽ കൊണ്ടുപോയി കഴുത്തോളം ആഴത്തിൽ കുഴിച്ചിടുവിൻ. ഇവർ കൈകൊണ്ടും കാൽകൊണ്ടും എന്തു പ്രവൎത്തിച്ചാലും കുഴിയിൽനിന്ന് ഇളകിപ്പോവരുത്. രാത്രിയിൽ ക്രോഷ്ടാക്കൾവന്ന് ഇവരെക്കൊണ്ടു യഥേഷ്ടം വിശപ്പു മാററിക്കൊള്ളട്ടെ."

കല്പനകേട്ടു കിങ്കരന്മാർ മഹാശീലവാനേയും അമാത്യരേയും ബന്ധിച്ചു. ആ അമാത്യന്മാർ ശൂരന്മാരും പരാക്രമികളുമായിരുന്നു എങ്കിലും ഇത്രമേൽ വിശിഷ്ടനായ തങ്ങളുടെ സ്വാമി അനുഭവിക്കുന്ന കഷ്ടപ്പാടിൽ തങ്ങളും പങ്കുകൊള്ളേണ്ടതാണെന്നുള്ള വിശ്വാസത്താൽ കോസലഭടന്മാർ ചെയ്തു ധിക്കാരങ്ങളെല്ലാം സഹിക്കുകതന്നെയാണുണ്ടായത്. ശീലവാൻെറ പ്രകൃതിരഞ്ജനത്തിൻെറയും ആജ്ഞാശക്തിയുടേയും മഹത്വം ഇതിൽനിന്നൂഹിക്കാമല്ലൊ.

ഇവരെ കൊണ്ടുചെന്നപ്പോഴക്കും ശ്മശാനത്തിൽ കുഴികളൊരുക്കിയിരുന്നു. എല്ലാവരേയും കഴുത്തുവരെ ഉറപ്പിൽ കുഴിച്ചിട്ടശേഷം ആ ഭൃത്യന്മാർ മടങ്ങിപ്പോവുകയും ചെയ്തു. "സ്നേഹിതന്മാരേ!

നിങ്ങൾ കോസലരാജാവിനോടു കോപിക്കരുതേ! ക്ഷമിച്ചിരുന്നുകൊൾവിൻ' എന്നു തന്റെ അമാത്യന്മാരോടുപദേശിക്കയാണു് അപ്പോഴും ശീലവാൻ ചെയ്തതു്.

അന്നു് അർദ്ധരാത്രിയായി. അപ്പോഴേക്കു മാംസം തിരഞ്ഞു പല കുറുനരികളും എത്തിത്തുടങ്ങി. തങ്ങളുടെ അടുക്കൽ ജന്തുക്കളെത്തുമ്പോൾ കുഴിയിലാഴ്ത്തപ്പെട്ടവർ ഉറക്കെ ഒച്ചയിടുകയാൽ ക്രോഷ്ടാക്കളോടിപ്പോയി. പിന്നാലെ ആളുകൾ ചെയ്യുന്നില്ലെന്നു കണ്ടപ്പോൾ അവ പിന്നെയും ചുടലയിലേക്കു തന്നെ വന്നു. രണ്ടാമൂന്നോ പ്രാവശ്യം മനുഷ്യരുടെ ഒച്ചയാൽ കുറുനരികൾ മടങ്ങുകതന്നെ ചെയ്തു. പിന്നെ ഒച്ചയിടുന്ന കൂട്ടം ബന്ധസ്ഥന്മാരാണെന്നറിഞ്ഞു് ആ ജന്തുക്കൾ ഒഴിച്ചുപോവാതെ ഇവരുടെ നേക്കു തിരിഞ്ഞു. കൂട്ടത്തിലെ വലിയ കുറുക്കൻ രാജാവിന്നും മററുള്ളവർ അമാത്യന്മാരുടേയും നേരെ തിരിഞ്ഞു. ആ സമയം താൻനിമിത്തമായി സാധുവൃത്തന്മാരായ അമാത്യന്മാക്കു അകപ്പെടുന്ന പ്രാണവേദനയെ ഓമ്മ വന്നപ്പോൾ ഉപായകുശലനായ രാജാവു് ഒരു യുക്തി പ്രവത്തിച്ചു. തന്റെ മുഖത്തു കടിക്കാൻ തുടങ്ങുന്ന ആ ജന്തുവിന്റെ നീണ്ട മുഖത്തെ തന്റെ താടിയെല്ലുകൊണ്ടു നിലത്തമത്തു. അപ്പോൾ വേദനപ്പെട്ടു കടിക്കാൻ സാധിക്കാതെ കുറുക്കൻ പരിഭ്രമിച്ചു ദീനസ്വരം പുറപ്പെടുവിക്കുകയും അതു കേൾക്കുകയാൽ തങ്ങളെ ഉപദ്രവിക്കുവാൻ ചില മനുഷ്യർ അവിടെയുണ്ടെന്നു കരുതി കൂടെയുള്ള ക്രോഷ്ടാക്കൾ ഓടിപ്പോകയും ചെയ്തു. രാജാവിന്റെ കുടുക്കിൽപ്പെട്ട ജന്തു അദ്ദേഹത്തിന്റെ മീതെയും മററും കടന്നുപിടിച്ചു നാലുകാലുകൾകൊണ്ടും പലപരാക്രമങ്ങളും കാണിച്ചു. അപ്പോഴേക്കു കുഴിയിലെ മണ്ണു, രാജാവിന്റെ കെട്ടും ഏതാണ്ടിളകിക്കഴിഞ്ഞു. രാജാവു് അതിനെ പിടുത്തത്തിൽ നിന്നുവിട്ടു. അതു ക്ഷണത്തിൽ ഓടിക്കളകയും ചെയ്തു. പിന്നെ ബലത്തോടെ ഒന്നു വലിഞ്ഞപ്പോൾ രാജാവു താനെത്താൻ ബന്ധനത്തിൽ നിന്നു വിമുക്തനായി. ദയാപരവശനായ അദ്ദേഹം വേഗത്തിൽ കുഴിയിൽനിന്നു കയറുകയും അമാത്യന്മാരെ ഓരോരുത്തരെയായി ബന്ധനം തീത്തുകരേറ്റുകയും ചെയ്തു.

അതിന്നിടയ്ക്കു ആ ശ്മശാനത്തിൽ ചില മനുഷ്യർ ഒരു ശവം വിട്ടേച്ചുപോയിരുന്നു. അക്കാലത്തു ശവത്തെ യക്ഷന്മാൎക്കു ഭക്ഷിക്കാൻ കൊടുക്കുക പതിവായിരുന്നു. അതിനാൽ യക്ഷന്മാർ പലരും അവിടെ എത്തിച്ചേൎന്നു. ശവം ഭാഗിച്ചെടുക്കുന്ന കാൎയ്യത്തിൽ അവർ തമ്മിൽ കുറെ തൎക്കമായി. ആ സമയം മഹാശീലവാൻ ആ ശ്മശാനത്തിലുണ്ടെന്ന് അവർ ദിവ്യദൃഷ്ടിയാൽ അറിയുകയും അതു വാദത്തിന്നിടവരാത്തവിധം ഭാഗിച്ചുകൊടുക്കേണ്ടതിന്ന് അപേക്ഷിക്കുകയും ചെയ്തു. അതിന്നു രാജാവു പറഞ്ഞു. "യക്ഷന്മാരേ! നിങ്ങളുടെ ഇഷ്ടം സാധിപ്പിക്കാം. എന്നാൽ ഞാനിപ്പോൾ ശുദ്ധം മാറിയിരിക്കയാൽ ഒന്നു സ്നാനം ചെയ്യുന്നു. മാലിന്യംതീരാതെ ഒരു കാൎയ്യവും ചെയ്വാൻ നിവൃത്തിയില്ല. സ്നാനംകഴിഞ്ഞാൽ എല്ലാം ശരിയാക്കാം." രാജാവ് ഇങ്ങിനെ പറഞ്ഞപ്പോൾ ദിവ്യപ്രഭാവമുള്ള യക്ഷന്മാർ ഇപ്പോൾ ഒരുക്കിക്കളയാമെന്നു പറഞ്ഞു പുറപ്പെട്ടു. കോസലരാജാവിന്നു സ്നാനത്തിന്നായി പരിഷ്കരിക്കപ്പെട്ട സുഗന്ധവാസിതമായ നാല്പാമരവെള്ളം അവർ ക്ഷണേന കൊണ്ടുവന്നു. അതിന്നുപുറമെ കോസലരാജാവിന്നുള്ള വിശേഷവസ്ത്രങ്ങൾ, കുറിക്കൂട്ടുകൾ, പുഷ്പങ്ങൾ മുതലായവയും കൊണ്ടുവന്നു. മഹാശീലവാൻ കുളികഴിഞ്ഞു ദേഹം അലങ്കരിച്ചപ്പോഴക്കും സ്വൎണ്ണപാത്രങ്ങളിൽ സ്വാദുഭക്ഷ്യങ്ങളും പാനീയങ്ങളും തയ്യാറാക്കി വെച്ചിരുന്നു. യക്ഷന്മാൎക്കെന്താണ് പ്രയാസമുള്ളത്? വേണ്ടുന്ന സാധനങ്ങളെല്ലാം ദൂരപ്പോവാതെതന്നെ കൊണ്ടുവരാം. എല്ലാം കോസലരാജാവിന്റെ വകയായുണ്ടല്ലോ. രാജാവും അമാത്യന്മാരും സുഖമായി ഭക്ഷണംകഴിച്ചു. അപ്പോഴക്കും വെററിലമുറുക്കുവാൻ യക്ഷന്മാർ തയ്യാറാക്കിയിരുന്നു. മഹാശീലവാൻ വെററിലമുറുക്കും കഴിച്ചു. ഇനിയെന്തു വേണമെന്ന് അവർ ചോദിച്ചപ്പോൾ കോസലരാജാവു മംഗലഖഡ്ഗം തലക്കൽവെച്ചു കിടന്നുറങ്ങുന്നുണ്ടെന്നും അതു കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടു. യക്ഷന്മാർ ക്ഷണത്തിൽ ആ ഖഡ്ഗവും കൊണ്ടുവന്നു. രാജാവ് ആ ഖഡ്ഗം വാങ്ങി ശവം മുറിച്ചു തൎക്കത്തിന്നിടവരാത്തവിധം ഭാഗിച്ചുകൊടുക്കുകയും ചെയ്തു. യക്ഷന്മാൎക്കു വളരെ സന്തോഷമായി. "ഞാ

ങ്ങൾ ഇനിയെന്തു ചെയ്യുന്നു" എന്നു അവർ പിന്നെയും ചോദിച്ചു. "എന്നെ കോസലരാജാവു കിടക്കുന്ന അറയിൽ കൊണ്ടാക്കിയാൽ ആവശ്യമെല്ലാം കഴിഞ്ഞു". എന്നാണ് രാജാവു പറഞ്ഞത്. ആ ആഗ്രഹവും അവർ നന്ദിപൂർവ്വം സാധിപ്പിച്ചു.

കോസലരാജാവാകട്ടെ, വിചിത്രാലങ്കാരമണ്ഡിതമായ ശ്രീഗർഭഗൃഹത്തിൽ 'വിമലപട്ടവിസ്തൃതവും സുഗന്ധവാസിതവുമായ പള്ളിമെത്തയിൽ കിടന്നുറങ്ങുന്നു. ശീലവാൻ വാളിന്റെ അഗ്രം കൊണ്ടു കോസലന്റെ വയറ്റത്ത് പതുക്കെ ഒരു കുത്തുകുത്തി. പെട്ടെന്ന് കോസലരാജാവുണരുകയും നോക്കുന്ന മാത്രയിൽ വല്ലാതെ ഭയപ്പെട്ടുപോകയും ചെയ്തു. ക്രമേണ ധൈര്യം ഭാവിച്ചുകൊണ്ട് എഴുന്നേറ്റു വിനീതനായി ചോദിച്ചു. "മഹാരാജാവേ! ഇത്ര ഉറപ്പേറിയ ഭിത്തിയാലും ദൃഢമായി പൂട്ടിയ വാതിൽകൊണ്ടും തീരെ ദുഷ്പ്രവേശമായിരിക്കുന്ന ഈ ഗർഭഗൃഹത്തിൽ ഒരു ജീവിക്കു പ്രവേശിക്കാൻ സാധിക്കാത്ത സ്ഥിതിക്കു ശ്മശാനത്തിൽ ബലിചെയ്യപ്പെട്ട അങ്ങുന്ന് എങ്ങിനെ എത്തിച്ചേർന്നു." അപ്പോൾ മഹാശീലവാൻ തന്റെ കഥയെല്ലാം വിസ്തരിച്ചുപറഞ്ഞു. കോസലൻ അത്യന്തം ലജ്ജിതനായിട്ട് അതിയായ പശ്ചാത്താപത്തോടെ ആ മഹാത്മാവിന്റെ കാക്കൽ വീണ് ഇപ്രകാരം അറിയിച്ചു. "മഹാപ്രഭോ! ഞാൻ അങ്ങയെപ്പോലെയൊരു മനുഷ്യനായിട്ടും അങ്ങയുടെ ഗുണങ്ങളറിവാൻ പ്രാപ്തനായില്ലല്ലോ. മനുഷ്യമാംസം തിന്നുനടക്കുന്ന യക്ഷന്മാരുംകൂടി അങ്ങയെ നല്ലവണ്ണം അറിയുന്നു. ആ സ്ഥിതിക്ക് എന്റെ തെറ്റുകളെല്ലാം ക്ഷമിക്കണം. മറ്റൊന്നും പറയാൻ കാണുന്നില്ല." ഇങ്ങിനെ അനേകം പ്രാവശ്യം ആവർത്തിച്ചു പറഞ്ഞശേഷം കോസലരാജാവു ശീലവാനെ ആ പള്ളിമെത്തയിൽ കിടത്തി താൻ മറ്റൊരു ശയ്യയിൽ കിടന്നു.

നേരംപുലർന്നശേഷം കോസലൻ കാശിരാജാവിന്നും തനിക്കുമുള്ള മന്ത്രിമാരെയും ബ്രാഹ്മണരെയും മററു പൌരന്മാരെയും വരുത്തി അവരോടെല്ലാം മഹാശീലവാന്റെ യോഗ്യതകളെ പ്രശംസിച്ചശേഷം അദ്ദേഹത്തെ പള്ളിമേനാവിലെടുപ്പിച്ചു താനും ഒരുമിച്ചു

നടന്നുകൊണ്ട് ഒരു പട്ടണപ്രദേശം കഴിച്ചു. ഒടുവിൽ മഹാശീലവാനെ സിംഹാസനത്തിലിരുത്തി മഹാജനസമക്ഷം താൻ അനേകായിരം ക്ഷമായാചനങ്ങളെ ചെയ്തു ഇങ്ങിനെ അറിയിച്ചു. "വിശിഷ്ടനായ പ്രഭോ! അങ്ങുന്നുതന്നെ മഹാരാജാവായി ഇവിടെ ഇരിക്കണം. ഇവിടെക്കു ശത്രുബാധയും മററും തട്ടാതെ കാത്തുകൊണ്ടു ഞാൻ എന്റെ രാജ്യത്തിൽപോയി ഇരുന്നുകൊള്ളാം."

പിന്നെ കോസലരാജാവു തന്റെ ആൾക്കാരൊരുമിച്ചു സ്വരാജ്യത്തിലേക്കു മടങ്ങുകയും ചെയ്തു.

മഹാശീലവാൻ രാജാവു, സൎവൈശ്വൎയ്യസംപൂൎണ്ണനും വെൺകൊററക്കുട മുതലായ രാജചിഹ്നങ്ങളാൽ പരിവാരിതനുമായിട്ടു രത്നപൎയ്യങ്കത്തിലിരുന്നുകൊണ്ടു തന്റെ തല്ക്കാലത്തെ അവസ്ഥയെക്കുറിച്ചു ഇങ്ങിനെ വിചാരിച്ചു. "ഈ ഒടുങ്ങാത്ത സമ്പത്തും എന്റെയും അനുചരന്മാരുടെയും ജീവനും കിട്ടുവാൻ കാരണം 'പൌരുഷപ്രകടനം' തന്നെയാണ്. പൌരുഷമില്ലെങ്കിൽ ഇതൊന്നും സാധിക്കയില്ല." ഈ വിചാരം അനുചരന്മാൎക്കു ഉപദേശമായി തീരത്തക്കവണ്ണം ഒരു പദ്യവും ചൊല്ലി.

"ആശാസന്താൻ ചെയ്ക മൎത്ത്യൻ വിഷാദിക്കൊല്ല പണ്ഡിതൻ
ഞാനെന്നെയിച്ഛയഖില മൊത്തമട്ടിന്നു കണ്ടുതേ".

പിന്നെയും പുണ്യകൎമ്മങ്ങളെ അനുഷ്ഠിച്ചുകൊണ്ടു മഹാശീലവാൻ കാലക്ഷേപം ചെയ്തു.

## ൨൨. സിംഹചൎമ്മം.

ഒരു കാലം ബോധിസത്വൻ കാശിയിൽ ഒരു കൃഷിക്കാരന്റെ കുലത്തിൽ ജനിച്ചു വളരുകയും പ്രായംതികഞ്ഞശേഷം കൃഷിപ്രവൃത്തിയിൽ ഉപജീവിച്ചു വരികയുമുണ്ടായി.

അക്കാലത്ത് ഒരു കച്ചവടക്കാരൻ തന്റെ കഴുതയുടെ പുറത്തു സാമാനങ്ങൾ കയററിക്കൊണ്ട് ആ വഴിക്കു യാത്രചെയ്തിരുന്നു. അവൻ പോകുന്ന വഴിയിൽ താമസിക്കുവാൻ വല്ല താവളങ്ങളിലും എത്തിച്ചേൎന്നാൽ ഉടനെ കഴുതയുടെ പുറത്തുനിന്നു സാമാനങ്ങളി

രാത്രി ഒരു സിംഹത്തോൽകൊണ്ട് ആ ജന്തുവിനെ മൂടി നെല്ല്, യവം തുടങ്ങിയുള്ള കൃഷിസ്ഥലങ്ങളിലേക്കു വിട്ടയക്കുക പതിവാണ്. കൃഷിക്കാർ അതിനെ കണ്ടാൽ സിംഹമാണെന്നു കരുതി ഭയപ്പെട്ടൊഴിക്കും. കഴുത നിർവ്വിഘ്നമായി കണ്ടത്തിലിറങ്ങി ഭക്ഷിച്ചു വയർ വീർപ്പിക്കുകയും ചെയ്യും. ഇതു സാധാരണയായിരുന്നു.

ഒരുദിവസം രാവിലെ ആ കച്ചവടക്കാരൻ ഒരു ഗ്രാമത്തിലിറങ്ങി വെപ്പിന്നാരംഭിക്കുകയും കഴുതയെ സിംഹത്തോൽകൊണ്ടു പുതപ്പിച്ചു യവം വിളഞ്ഞുനില്ക്കുന്ന ഒരു കണ്ടത്തിലേക്കയക്കുകയും ചെയ്തു. കൃഷികാവല്ക്കാർ സിംഹമാണെന്നുറച്ച് അടുക്കാൻ ധൈര്യമില്ലാതെ തങ്ങളുടെ ഗൃഹങ്ങളിലേക്ക് ഓടിച്ചെന്നു വർത്തമാനംപറഞ്ഞു. ഉടനെ ഗ്രാമവാസികളൊത്തുചേർന്ന് ആയുധങ്ങളോടുകൂടി വന്നു കൃഷിസ്ഥലത്തിന്നുചുറ്റും നിന്നു പെരുമ്പറയടിച്ചും മററും വലിയശബ്ദമുണ്ടാക്കി. ആ സമയം കഴുത മരണഭയത്താൽ തന്റെ സ്വാഭാവികമായ "കഴുതസ്വര"ത്തോടെ ഉറക്കെ നിലവിളിച്ചു. ആ സമയം അതു കഴുതയാണെന്നറികയാൽ ഗ്രാമവാസികളുടെ കൂട്ടത്തിലുള്ള ബോധിസത്വൻ ഈ പദ്യം ചൊല്ലി.

"സിംഹനാദമിതല്ലോർത്താൽ വ്യാഘ്രം ദ്വീപിയുമല്ലിതു
സിംഹത്തോൽമൂടിവിട്ടോരു വിഡ്ഢിക്കഴുതയാണിതു"

ഗ്രാമവാസികൾക്കും അതു കഴുതയാണെന്നു മനസ്സിലായി. അവർ അടുത്തു ചെന്ന് അടിച്ചു കണ്ണുപൊട്ടിക്കയും മൂടിയ സിംഹത്തോലുമെടുത്തു നടക്കുകയും ചെയ്തു. അതിന്നുശേഷം കഴുതയുടെ ഉടമസ്ഥനായ കച്ചവടക്കാരൻ വന്നുനോക്കുമ്പോൾ ആപത്തിലകപ്പെട്ട തന്റെ വാഹനത്തെ കാണുകയാൽ വ്യസനിച്ചുകൊണ്ടു മറെറാരു പദ്യംചൊല്ലി.

"സിംഹത്തോലാൽമൂടിയേറെക്കാലംകഴുതമൃഷ്ടമായ്
യവധാന്യംതിന്നുപോന്നുശബ്ദിച്ചപ്പോളനർത്ഥമായ്".

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോഴേക്കു കഴുത വീണു ചത്തുപോകയും ചെയ്തു. കച്ചവടക്കാരൻ കഴുതയില്ലാതെ മടങ്ങിപ്പോയി.

## ൯൩. മഹാദേവൻ.

ഒരിക്കൽ ദ്വൈതവനത്തിൽ ഭിക്ഷുക്കളോടു ഭഗവാൻ ഓരോ ഉപദേശം ചെയ്യുന്ന കൂട്ടത്തിൽ "എന്റായീത്തലരോമങ്ങളും" എന്നാദിയായി ഒരു ശ്ലോകം ചൊല്ലിക്കൊണ്ടു മഹാനിഷ്ക്രമണത്തെക്കുറിച്ചു മനോഹരമായ ഒരു കഥ പറഞ്ഞു.

"പണ്ടു വിദേഹരാജ്യത്തിലുൾപ്പെട്ട മിഥിലയിൽ ധാർമ്മികനും ധർമ്മവാദിയുമായി മഹാദേവനെന്നൊരു രാജാവുണ്ടായി. അദ്ദേഹം കല്പസിദ്ധി വരുത്തുക നിമിത്തം എണ്പത്തിനാലായിരം വർഷകാലം കുമാരക്രീഡയും അത്രകാലം യൗവരാജ്യവും അതുപോലെ മഹാരാജപദവിയും അനുഭവിച്ചു ദീർഘമായ ജീവിതത്തെ നയിച്ചശേഷം ഒരു ദിവസം തനിക്കു "ചന്തം ചാർത്തുന്ന" ക്ഷുരകനോടു് ഇങ്ങിനെ പറഞ്ഞു. "എടോ! സൌമ്യകല്പക! നീ എന്റെ തലയിൽ നരച്ച ഒരു രോമം എപ്പോൾ കാണുമോ തൽക്ഷണം എന്നെ അറിയിക്കണം" ഈ കല്പനയെ സ്മരിച്ചുകൊണ്ടു് അവൻ കുറെക്കാലം പ്രവൃത്തി നടത്തിവന്നു. അതിനിടയിൽ ഒരിക്കൽ രാജാവിന്റെ അഞ്ജനവർണ്ണങ്ങളായ കേശങ്ങൾക്കിടയിൽ ഒരു നരച്ച രോമം കാൺകയാൽ "സ്വാമി! ഒരു രോമം നരച്ചുപോയല്ലോ" എന്നറിയിച്ചു. "എന്നാൽ ആ രോമം പറിച്ചു് എന്റെ കയ്യിൽ തരിക" എന്നു രാജാവു പറഞ്ഞു. കല്പകൻ ആ രോമത്തെ സ്വർണ്ണക്കത്രികകൊണ്ടു മുരടോടെ മുറിച്ചു രാജാവിന്റെ കയ്യിൽ കൊടുത്തു. അതിനാൽ രാജാവിന്നു പിന്നെയും എണ്പത്തിനാലായിരം വർഷത്തെ ആയുസ്സു ബാക്കിയായി. ഇങ്ങിനെയും പല പ്രാവശ്യം കഴിഞ്ഞു. ഒരിക്കൽ കളഞ്ഞതുകൊണ്ടു രോമം നരയ്ക്കുന്നതു മാറായ്കയാൽ ഏതു സമയവും രാജാവിന്നു് അതിനെപ്പറ്റി വിചാരമായി. തന്റെ രോമം ഇനിയും നരയ്ക്കുമോ എന്നും തനിക്കു മൃത്യുരാജാവിന്റെ അടുക്കൽ പോവാൻ സമയമായോ എന്നും ശങ്കിച്ചുകൊണ്ടു കാലം കഴിക്കയായി. "മൂഢ മഹാദേവ! നരയുണ്ടാവുമോ എന്നുള്ള ക്ലേശത്തെ ഒഴിക്കുവാൻ നിനക്കു കഴികയില്ലേ?" എന്നിങ്ങിനെ തന്നെത്താൻ ആലോചി

ച്ചുനോക്കുന്ന സമ്പ്രദായവുമായി. മുളച്ചുവരുന്ന രോമങ്ങളെ മുറിച്ചുകളഞ്ഞുകൊണ്ട് അദ്ദേഹം അനേകം തവണ ലക്ഷക്കണക്കായി ആയുസ്സു വർദ്ധിപ്പിച്ചിട്ടും ജീവിതത്തിൽ അലംഭാവം വന്നില്ല.

ഒടുവിൽ ചിന്തകൊണ്ട് അദ്ദേഹത്തിന്റെ ദേഹം വിളർത്തു. ഉത്തരീയാദി ഗൂഹനങ്ങൾ എന്തുചെയ്തിട്ടും പ്രത്യക്ഷമാവാത്തക്കവണ്ണം അത്രയൊരു വികാരം ദേഹത്തിന്നുബാധിച്ചു.

“ഞാനിപ്പോൾതന്നെ ഗൃഹംവിട്ടു സന്യാസിക്കയായി” എന്നുറച്ചു മഹാദേവരാജാവു കല്പകന്നു നൂറായിരം ഒട്ടകങ്ങളും ഒരു വിശേഷഗ്രാമവും സമ്മാനിച്ചശേഷം തന്റെ മൂത്തപുത്രനെ വിളിച്ച് ഇങ്ങിനെപറഞ്ഞു. “മകനേ! എന്റെ തലനരച്ചു; ഞാൻ വൃദ്ധനായി. കാമങ്ങളെല്ലാം അനുഭവിച്ചു കഴികയും ചെയ്തു. ദിവ്യകാമത്തെ അന്വേഷിക്കാനാണിനി ഭാവം. അതിനാൽ ഇപ്പോളിതാ എനിക്കു നിഷ്ക്രാമകാലമായി. നീ രാജ്യംപ്രാപിക്കുക; ഞാൻ സന്യസിച്ചു മഹാദേവാമ്രോദ്യാനത്തിലിരുന്നു ശ്രമണധർമ്മത്തെ അനുഷ്ഠിപ്പാനുറച്ചു”.

ഇപ്രകാരം പ്രവ്രജിപ്പാൻ തുടങ്ങുന്ന രാജാവിനോടു അമാത്യന്മാർചെന്നു ദേവ! അങ്ങുന്നിപ്പോൾ സന്യസിപ്പാൻ കാരണമെന്താണെന്നു ചോദിച്ചു. രാജാവു നരച്ചരോമം കയ്യിലെടുത്തുകൊണ്ട് ഈ പദ്യംചൊല്ലി.

“എന്റെയീത്തലരോമങ്ങൾനരച്ചുവൃദ്ധനായിഞാൻ
ദേവദൂതരടുക്കാറായിനിപ്രവ്രജ്യയുത്തമം”

ആ ദിവസംതന്നെ മഹാദേവരാജാവു രാജ്യമുപേക്ഷിച്ച് ഋഷിപ്രവ്രജ്യയെ സ്വീകരിക്കയും മുൻവിവരിച്ച മഹാദേവാമ്രോദ്യാനത്തിൽ എണ്പത്തിനാലായിരം സംവത്സരം അപരിഹീനധ്യാനനായി സമാധിയിലിരിക്കുകയും ചെയ്തു. അതിന്നിടയിൽ അനേകം ബ്രഹ്മവിഹാരങ്ങളെ അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. കാലമടുത്തപ്പോൾ താൻ ബ്രഹ്മലോകത്തിന്നു പോവുകയും ചെയ്തു. കർമ്മവാസനയാൽ അദ്ദേഹം പിന്നെയും ച്യുതനായിട്ടു മിഥിലയിൽ നിമിയെന്ന രാജാ

വായി ജനിച്ചു. നിമിയും സ്വവംശത്തെ വൃഷ്ടിപ്പെടുത്തിയശേഷം മഹാദേവാമ്രവനത്തിൽതന്നെ ചെന്നിരുന്നു ബ്രഹ്മവിഹാരത്തോടെ കാലംനയിച്ച് ഒടുവിൽ ബ്രഹ്മലോകപ്രാപ്തനായി".

ഈ കഥയവസാനിച്ചശേഷം ഭഗവാൻ പറഞ്ഞു. "അന്നത്തെ കല്പകൻ ആനന്ദനും പുത്രൻ രാഹുലനുമാണ്. മഹാദേവരാജാവു ഞാൻ തന്നെ.

## ൨൫. സുഷീമകുമാരൻ.

പണ്ടു വാരാണസിയിൽ ബ്രഹ്മദത്തന്റെ കാലത്തു ബോധിസത്വൻ രാജാവിന്റെ പുരോഹിതഭാര്യയിൽ പുരുഷപ്രജയായി ജനിച്ചു. ആ കുട്ടിയുടെ ജനനദിവസംതന്നെ രാജാവിന്നും ഒരു പുത്രനുണ്ടായി. പുരോഹിതപുത്രന്നു സുഷീമകുമാരനെന്നും രാജപുത്രന്നു ബ്രഹ്മദത്തകുമാരനെന്നും നാമകരണംചെയ്തു. സ്വന്തം പുത്രൻ ജനിച്ചദിവസത്തിൽ ജനിച്ചവനാണെന്ന സംഗതിയാൽ രാജാവു സുഷീമനിൽ സ്നേഹിക്കയും അവനെവരുത്തി ബ്രഹ്മദത്തകുമാരനൊരുമിച്ച് ഉപമാതാവിന്റെ കീഴിൽ വളർത്തി വരികയുംചെയ്തു. അശ്വിനീകുമാരന്മാരെപ്പോലെ അഭിരൂപന്മാരായ അവർ പ്രായംതികഞ്ഞപ്പോഴേക്കും സകലകലാവിദ്യകളിലും ശില്പാദികളിലും ഒരുപോലെ നൈപുണ്യം സമ്പാദിച്ചു. രാജപുത്രൻ യുവരാജാവായശേഷവും കളി ഊൺ, ഇരിപ്പു കിടപ്പുമുതലായതു മമ്പു ബോധിസത്വനോട് ഒരുമിച്ചു കഴിഞ്ഞുവന്നതിന്നു മാററം വരുത്തിയില്ല. അങ്ങിനെ കഴിഞ്ഞുവരുമ്പോൾ അച്ഛൻ അപായംവരികയും ബ്രഹ്മദത്തൻ മഹാരാജാവാകയും ചെയ്തു. താൻ ബോധിസത്വന്നു ബഹുമാനംകൊടുത്തു പുരോഹിതസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി. ഒരുദിവസം സർവ്വാഭരണപരിഭൂഷിതനായി സകല രാജചിഹ്നങ്ങളോടും പരിവാരങ്ങളോടുമൊരുമിച്ചു ദേവരാജാവായ ശക്രൻ ഐരാവതസ്കന്ധത്തിലെന്നപോലെ ഒരു മത്തവാരണത്തിന്റെമുകളിലേറി സുഷീമകുമാരനേയും പിൻഭാഗത്തിലിരുത്തിക്കൊണ്ടു ഘോഷ

ഷമായി ഒരു നഗരപ്രദക്ഷിണം ചെയ്കയുണ്ടായി. ആ സമയം രാജാവിന്റെ അമ്മ മകന്റെ ഘോഷയാത്ര കാണേണമെന്നു വിചാരിച്ച് ഒരു മാളികമേൽ നോക്കിക്കൊണ്ടു നില്ക്കുമ്പോൾ നഗരസഞ്ചാരം ചെയ്തു മടങ്ങിവരുന്ന സ്വന്തം പുത്രന്റെ പിന്നിലിരിക്കുന്ന യുവാവായ പുരോഹിതനെ കാണുകയും തൽക്ഷണം അദ്ദേഹത്തിൽ പ്രതിബദ്ധചിത്തയായിട്ട് ഇദ്ദേഹത്തെ ലഭിച്ചില്ലെങ്കിൽ ഞാൻ ജീവിക്കില്ലെന്നുറച്ച് ആഹാരാദികളിൽ ശ്രദ്ധ ഇല്ലാതെ നിലത്തു പതിക്കുകയും ചെയ്തു. രാജാവു ഭക്ഷണസമയത്തു മാതാവിനെ കാണാത്തതുകൊണ്ടു അമ്മ എവിടെയെന്നന്വേഷിച്ചപ്പോൾ സുഖക്കേടായി കിടക്കുന്നുവെന്നറിഞ്ഞു. ഉടനെ അടുത്തുചെന്നു വിവരം ചോദിച്ചതിൽ ലജ്ജകൊണ്ട് ഒന്നും പറഞ്ഞില്ല. അദ്ദേഹം വ്യാകുലനായി തന്റെ പള്ളിയറയിൽ ചെന്നിരുന്ന ശേഷം പട്ടമഹിഷിയെ വിളിച്ചു "നീ ചെന്ന് ഏതുവിധമെങ്കിലും അമ്മക്കുള്ള സുഖക്കേടിന്റെ വിവരം അറിഞ്ഞു വരണം" എന്നു പറഞ്ഞയച്ചു. അവൾ ചെന്നു അമ്മയുടെ അരികിൽ പുറം തലോടിക്കൊണ്ടിരുന്നു സാവധാനത്തിൽ എല്ലാം ചോദിച്ചു. സ്ത്രീകൾ സ്ത്രീകളോടു രഹസ്യം മറച്ചുവെക്കുക പതിവില്ലല്ലൊ. അതിനാൽ ബ്രഹ്മദത്തന്റെ പത്നി കാര്യം മനസ്സിലാക്കുകയും ഉടനെ ചെന്നു ഭർത്താവിനെ അറിയിക്കുകയും ചെയ്തു. "ആകട്ടെ അമ്മയെച്ചെന്നാശ്വസിപ്പിക്കൂ. ഞാൻ പുരോഹിതനെ രാജാവും അമ്മയെ രാജ്ഞിയുമാക്കി വളരെ സൌഖ്യത്തിൽ ഇരുത്തിക്കൊള്ളാം. അവൾ ഇതു കേട്ടുപോയി അമ്മയെ പറഞ്ഞാശ്വസിപ്പിച്ചു.

രാജാവു പുരോഹിതനെ വരുത്തി ഇപ്രകാരം പറഞ്ഞു. "സൌമ്യ! എന്റെ അമ്മയുടെ ജീവനെ അങ്ങുന്നു ദാനം ചെയ്യണം. അങ്ങയെ ഞാൻ രാജാവാക്കുന്നു. അമ്മയെ അഗ്ര്യമഹിഷിയാക്കി സ്വീകരിക്കണം" "എനിക്കിതു സാധിക്കില്ല"ന്നാണ് പുരോഹിതന്റെ ഉത്തരമുണ്ടായത്. പിന്നെയും ബ്രഹ്മദത്തന്റെ നിർബ്ബന്ധം കലശലായി വരികയാൽ സുഷീമനു മൌനാനുവാദമെ

ങ്കിലും ചെയ്യാതെ കഴിഞ്ഞില്ല. വഴിയേ അദ്ദേഹം രാജാവും ബ്രഹ്മദത്തമാതാവു രാജ്ഞിയുമായി. ബ്രഹ്മദത്തൻ യുവരാജാവിന്റെ നിലയിലും പാൎത്തുവന്നു. അവരിങ്ങിനെ സമാധാനത്തോടെ ഇരിക്കുകയാണെങ്കിലും ബോധിസത്വൻ ഗൃഹത്തിൽ വ്യാകുലനായിക്കൊണ്ടു കാമത്തിൽ രതിയില്ലാതെയും പ്രവ്രജ്യയിൽ ആഗ്രഹിച്ചും ക്ലേശകാരണമായ പ്രപഞ്ചത്തിൽ അശ്രദ്ധനെന്നപോലെയും ഏകാകിയായി നില്ക്കുക, ഏകനായിത്തന്നെ നശിക്കുക എന്നിങ്ങിനെ തുടങ്ങി ഒരു ജയിലിൽ ബന്ധിക്കപ്പെട്ടവനെപോലെയും കൂട്ടിലിട്ട പക്ഷിയെപ്പോലെയും ദിവസം കഴിച്ചുവന്നു.

അങ്ങിനെയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ അഗ്രമഹിഷിയായ ബ്രഹ്മദത്തമാതാവ് ഇങ്ങിനെ വിചാരിച്ചു. "ഈ രാജാവ് എന്നോടുകൂടി രമിക്കുന്നില്ല. ഏകാന്തവാസത്തിലാകുന്നു ഇദ്ദേഹത്തിന്നു രസം. എന്നുമാത്രമല്ല, കിടക്കുന്ന സ്ഥലത്തുകൂടി ഞാൻ ചെല്ലുന്നതിഷ്ടമില്ലാതായി. ഇതിന്നു കാരണം ഇയ്യാൾ സുന്ദരനായ ഒരു യുവാവും ഞാൻ വൃദ്ധയുമാണെന്നുള്ളതുതന്നെ. ആ സ്ഥിതിക്ക് ഇദ്ദേഹം വൃദ്ധനായിയെന്നു കളവുപറഞ്ഞു ധരിപ്പിച്ചാൽ എന്നിൽ അഭിരതനായിയെന്നുവരാം. ഈ വിചാരത്തോടെ ഒരു ദിവസം അവൾ, രാജാവിന്റെ തലമുടി വകഞ്ഞു കെട്ടുവാൻ തുടങ്ങുകയും ഉടനെ "ഭൎത്താവേ! അങ്ങുന്നു വയസ്സനായല്ലോ. തലയിൽ ഒരു നരച്ച രോമം കാണുന്നു" എന്നു പറഞ്ഞു. "ഭദ്രേ! എന്നാൽ ആ രോമം പറിച്ചിങ്ങു തരു" എന്ന് അദ്ദേഹം ആവശ്യപ്പെടുകയാൽ അവൾ ഭൎത്താവിന്റെ തലയിൽ നിന്ന് ഒരു രോമം പറിച്ചു. അതു കാണിക്കാതെ തന്റെ തലയിൽനിന്ന് ഉപായത്തിൽ എടുത്ത രോമം കയ്യിൽ കൊടുത്തു. അതു കണ്ടപ്പോൾ ഭയവിത്രസ്തനായിത്തീൎന്ന ബോധിസത്വന്റെ കാഞ്ചനപട്ടസദൃശമായ ലലാടത്തിൽ സ്വേദകണങ്ങളുണ്ടായി. അദ്ദേഹം ഇങ്ങിനെ ആലോചിച്ചു. "സുഷീമ! താൻ സുന്ദരനാണെങ്കിലും വൃദ്ധനായി. ഇത്രനാളും വിയൂഥാസക്തമായി മദിച്ച ഒരു ഗ്രാമസൂകരമെന്നപോലെ ആ യൂഥത്തെ വിട്ടുമാറുവാൻ ശക്തനായില്ല. എന്നാൽ നിനക്കു കാമബാധയൊഴിച്ച് ഋഷിപ്രവ്രജ്യയോടെ ഹിമവൽപ്രദേശത്തു ബ്രഹ്മചൎയ്യയെ അനുഷ്ഠിക്കേണ്ട

തിന്നുള്ള കാലം ഇതാണ്." ഈ ആലോചനക്കുശേഷം ഒരു പദ്യം ചൊല്ലി.

"നിനക്കുമുമ്പോകയുമീശ്ശിരസ്സി-
ലുണ്ടായരോമങ്ങൾ കറുത്തിരുന്നു
ശ്വേതങ്ങളായിനംസുഷീമ!ധർമ്മാൽ
നീബ്രഹ്മചര്യം തുടരാനടുത്തു."

ഇങ്ങിനെ ബോധിസത്വൻ ബ്രഹ്മചര്യാഗുണം വർണ്ണിച്ചപ്പോൾ രാജ്ഞി "അയ്യോ ഞാൻ ഇയ്യാളെ ഭ്രമിപ്പിപ്പാൻവേണ്ടി ചെയ്ത വിദ്യ അപകടത്തിലായല്ലോ എന്നു കരുതി ഭയചകിതയായിട്ടു ഭർത്താവിന്നു സമാധാനത്തിന്നുവേണ്ടി അദ്ദേഹത്തിന്റെ ശരീരത്തെ വർണ്ണിച്ചുകൊണ്ട് രണ്ടു ഗാഥകളെ പാടി.

"അങ്ങല്ലഞാനാണുനരച്ചതെന്റെ
രോമംപ്രഭോ!നോക്കണമെൻശിരസ്സു
ഒരാഗ്രഹത്താൽകള്ളവോതിനേനീ
യേകാപരാധത്തിനുമാപ്പുനൽകൂ."

"ഭവാൻമനോജ്ഞൻനൃപ!ദർശനീയ-
നാദ്യോൽഗതംകക്കടമെന്നപോലെ
രാജ്യത്തെരക്ഷിക്കുകനോക്കുകെന്നെ
വൈരാഗ്യമാർന്നീടരുതെൻനരേന്ദ്ര!"

അപ്പോൾ ബോധിസത്വൻ പറഞ്ഞു. "ഭദ്രേ! നീ പറഞ്ഞതു ശരി തന്നെ. എന്നാൽ വയസ്സായാൽ ഇങ്ങിനെയെല്ലാം വരുന്നതു സാധാരണയാണ്. ഈ കറുത്ത മുടിയെല്ലാം വെളുത്തുവശാവും. നീലോല്പലാദികുസുമദാമങ്ങൾപോലെ സുകുമാരാവയവങ്ങൾ ചേർന്നവരും കാഞ്ചനവർണ്ണമാരും ഉത്തമയൌവനവിലാസത്താൽ മദിക്കുന്നവരുമായ ഏതു ക്ഷത്രിയകന്യകമാരുടേയും സ്ഥിതി വയസ്സായാൽ വൈവർണ്ണ്യവും ശരീരഭംഗവുമാണെന്നു കണ്ടറിഞ്ഞിരിക്കുന്നു. പ്രിയേ, ഈ ലോകം ഇപ്രകാരം വിപൽപര്യവസായിയാകുന്നു." എന്നു പറഞ്ഞ് രാജ്ഞിക്കു ബുദ്ധോദിതമായ ധർമ്മസാരത്തെ ഉപദേശിച്ചു.

"ഞാൻനിന്നെനൽബാലികയെസ്സുപാശ്ച-
യായുംസുകാന്ത്യാതനുമദ്ധ്യയായും
ഇളന്തളിക്കൊത്തിളകുന്നമട്ടായ്
ഭ്രമംനരക്കേകിയമട്ടുകാണ്മൂ."

"ആനാരിയെത്തന്നെയൊരിക്കലെമ്പ-
തെന്നല്ലതൊണ്ണൂറവയസ്സുചെന്നും
കാണുന്നുകയ്യാൽവടികുത്തിമന്ദം
മോന്തായമട്ടായ്നടകൊൾവതുംഹാ."

എന്നിങ്ങിനെ രൂപസൌന്ദൎയ്യത്തിലുള്ള ദോഷം മനസ്സിലാക്കീട്ടു, തനിക്കു ഗൃഹത്തിൽ അഭിരതിയില്ലെന്നു കാണിപ്പാനും സുഷീമൻ രണ്ടു പദ്യങ്ങൾ ചൊല്ലി.

"അതേവിചിന്തിച്ചുവരുന്നഞാനോ
കിടപ്പതുംസൎവ്വവുമേകനായ്ത്താൻ
ഇതാകെനോക്കുമ്പോൾഗൃഹസ്ഥനാവാ-
നില്ലാശമേപ്രവ്രജനത്തിലെന്ന്യേ."

"ഗൃഹത്തിൽമേവുന്നവരെക്കുടുക്കാ-
നടുത്തുകൂട്ടുംരതിരജ്ജുതുല്യ
കാമോപഭോഗംനിനയാതിതുംതാൻ
ഖണ്ഡിച്ചുപോകുന്നിതുഹന്തധീരൻ."

ഇപ്രകാരം ബോധിസത്വൻ കാമങ്ങളുടെ അസ്ഥിരതയേയും ദോഷത്തെയും വിവരിച്ചുകൊണ്ടു ബുദ്ധോപദേശമായ ധൎമ്മതത്വങ്ങളെ അറിയിച്ചശേഷം രാജ്യം ബ്രഹ്മദത്തരാജാവിന്നൊഴിഞ്ഞു കൊടുത്തു. അനന്തരം ജ്ഞാതിസുഹൃജ്ജാതികൾ നിലവിളിക്കുന്നതൊന്നും വകവയ്ക്കാതെ താൻ നിഷ്കാമനായി ഹിമവൽപ്രദേശത്തിലെത്തി ഋഷിപ്രവ്രജ്യയോടെ ധ്യാനരതനായിരിക്കുകയും ഒടുവിൽ ബ്രഹ്മലോകം പ്രാപിക്കുകയും ചെയ്തു.

## ൨൭. മഹാസത്വൻെറ വിവാഹം

അക്കാലത്തു മഹാസത്വൻെറ യശസ്സു വളരെ വൎദ്ധിച്ചുവന്നു. ഉദുംബരാദേവിയായിരുന്നു അദ്ദേഹത്തെക്കുറിച്ചു എല്ലാ അന്വേഷണങ്ങളും ചെയ്തിരുന്നത്. മഹാസത്വന്നു പതിനാറു വയസ്സായശേഷം ഒരുദിവസം ഉദുംബരാദേവി ഇങ്ങിനെ ആലോചിച്ചു. "എൻെറ അനുജന്നു പ്രായം തികഞ്ഞു. ഇവൻ വലിയ യശസ്വിയുമായി. ഇനി വിവാഹം ചെയ്യിക്കണം." എന്നിങ്ങിനെ നിശ്ചയിച്ചു അവൾ രാജാവിനേയും വിവരം അറിയിച്ചു. രാജാവു വളരെ സന്തോഷിച്ചു. "നല്ലകാൎയ്യം, അവനേയും ഇതു മനസ്സിലാക്കണം" എന്നു പറഞ്ഞു. പിന്നീടു ദേവി ബോധിസത്വനെ വിളിച്ചു വിവാഹകാൎയ്യത്തെപ്പറ്റി സംസാരിച്ചതിൽ അദ്ദേഹം സമ്മതിച്ചു. "എന്നാൽ നിനക്കു അനുരൂപയായ ഒരു സ്ത്രീയെ ഞാൻ തിരഞ്ഞെടുക്കാമെന്നു ഉദുംബര പറഞ്ഞതിന്നു ബോധിസത്വൻ താൻതന്നെ ഒരു ബാലികയെ കണ്ടെത്തി വിവരം അറിയിക്കാമെന്നും രാജാവിനോടു തൽക്കാലം ഒന്നും പറയാതിരുന്നാൽ മതിയെന്നും പറകയാണുണ്ടായത്. ദേവി അതു സമ്മതിക്കുകയും ചെയ്തു.

ബോധിസത്വൻ ദേവിയെ വന്ദിച്ചു യാത്ര പറഞ്ഞശേഷം സ്വന്തം വാസസ്ഥലത്തു ചെന്നു തുന്നൽസ്സാമാനങ്ങളെല്ലാം എടുത്തുകൊണ്ടു തൻെറ സ്നേഹിതന്മാരോടൊന്നും വിവരമറിയിക്കാതെ വടക്കെ പടിയ്ക്കൽകൂടി പുറത്തിറങ്ങി. ആ വഴിയേക്കൂടെ പോയശേഷം ഒരു ഗ്രാമത്തിലെത്തിച്ചേൎന്നു അവിടെ പ്രസിദ്ധമായ ഒരു ശ്രേഷ്ഠിയുടെ കുലമുണ്ടായിരുന്നു. ആ കുലം രണ്ടവസ്ഥകൾകൊണ്ടും നാശം പ്രാപിച്ചിട്ടുണ്ട്. അതിലെ കുലതന്തുവും സൎവ്വലക്ഷണങ്ങളും തികഞ്ഞവളും അമരാദേവിയെന്ന പേരോടുകൂടിയവളുമായ കന്യക കഞ്ഞിക്കലവുമെടുത്തുകൊണ്ട് കന്നു പൂട്ടാൻ പോയിട്ടുള്ള അച്ഛൻെറ അടുക്കലേക്കു പോകുന്നതായി ബോധിസത്വൻ കണ്ടു. മഹാസത്വൻ അവളെ കണ്ടെത്തുകയും "ലക്ഷണസമ്പന്നയായ ഈ യുവതി ഒരുവന്നു പരിഗ്രഹമായിട്ടില്ലെങ്കിൽ ഇവളെ എനിക്കു പത്നിയാക്കി വരിക്കാം" എന്നു നിശ്ചയിക്കുകയും ചെയ്തു. അവളും മ

ഹാസത്വനെ കണ്ടു് ഇങ്ങിനെ വിചാരിച്ചു. "ഇത്ര മഹാനായ ഒരു പുരുഷന്റെ ഗേഹത്തിലായിരുന്നു ഞാനെങ്കിൽ ആ കുടുംബത്തെ ഐശ്വര്യം സമൃദ്ധമാക്കാമായിരുന്നു."

മഹാസത്വനാകട്ടെ, ഇവൾ അറിവുള്ളവളോ അല്ലാത്തവളോ എന്നറിവാൻ ഹസ്തമുദ്ര കാണിക്കുകയാണു് നല്ലതെന്നും പാണ്ഡിത്യമുണ്ടെങ്കിൽ ഇവൾ മുദ്രക്കു സമാധാനം പറഞ്ഞുകൊള്ളുമെന്നും വിചാരിച്ചു് കൈമടക്കി മുഷ്ടിയാക്കി അവൾക്കുനേരെ കാണിച്ചു. ആ കാണിച്ചതു് അവൾക്കു ഭർത്താവുണ്ടോ എന്നു ചോദിക്കയാണെന്നറിഞ്ഞു് അവൾ അതിന്നുത്തരമായി കൈ വിടർത്തിക്കാണിച്ചു. മഹാസത്വൻ കാര്യം മനസ്സിലാക്കി അടുത്തുചെന്നു ചോദിച്ചു. "ഭദ്രേ! നിന്റെ പേരെന്താണ"?

അവൾ— സ്വാമിൻ! ഞാൻ കഴിഞ്ഞതും വരാൻ പോകുന്നതുമല്ല. ഇതാണെന്റെ പേർ.

മഹാസത്വൻ— ഭദ്രേ! ഈ ഭൂമിയിൽ അമരത്വം ആൎക്കും ഉണ്ടായിട്ടില്ല അല്ലേ? ഉണ്ടാവുകയുമില്ല. നിന്റെ പേർ "അമര" എന്നായിരിക്കുമോ?

അവൾ— അതേ സ്വാമിൻ!

മ—സ— ഭദ്രേ! കഞ്ഞികൊണ്ടു പോകുന്നതു് ആൎക്കാണു്?

അമരാദേവി— പൂൎവ്വദേവതക്കാണു് സ്വാമി!

മ—സ— പൂൎവ്വദേവതയെന്നു മാതാവിനേയും പിതാവിനേയും പറയും. കഞ്ഞി നിന്റെ അച്ഛനാണെന്നു തോന്നുന്നു.

അമ— അതു ശരിയാണു്.

മ—സ— നിന്റെ അച്ഛൻ എന്തുപണി ചെയ്യുന്നു?

അമ— ഒന്നിനെ രണ്ടാക്കുന്നു.

മ—സ— ഭൂമിയെ രണ്ടാക്കുകയോ? കന്നു പൂട്ടുകയാണോ?

അമ— അതുതന്നെ സ്വാമിൻ!

മ—സ— എവിടെയാണു് കന്നു പൂട്ടുന്നതു്?

അമ— പോയാൽ മടങ്ങിപ്പോരാത്തേടിക്കിൽ.

മ—സ— പോയാൽ മടങ്ങിപ്പോരാത്ത സ്ഥലം ശ്മശാനമാണല്ലോ. ചുടലയ്ക്കു സമീപമായിരിക്കാം അല്ലേ?.

അമ— ഇതും ശരിയായി സ്വാമിൻ!

മ—സ— നീ ഇപ്പോൾതന്നെ മടങ്ങിവരുമോ?

അമ— വന്നാൽ വരില്ല. വന്നില്ലെങ്കിൽ വരും.

മ—സ— ഭദ്രേ! നിന്റെ അച്ഛൻ പുഴയ്ക്കക്കരെയാണ് പ്രവൃത്തിയെന്നു ഞാൻ വിചാരിക്കുന്നു. പുഴയിൽ വെള്ളംവന്നാൽ നീ വരില്ല. അല്ലെങ്കിൽ വരും എന്നല്ലേ പറഞ്ഞത?

അമ— അതേ സ്വാമിൻ!

ഇങ്ങിനെയുള്ള അഭിജ്ഞാനസല്ലാപങ്ങൾ ചെയ്തശേഷം "സ്വാമിൻ! അങ്ങുന്ന് ഈ കഞ്ഞികുടിക്കണം" എന്ന് അമരാദേവി ആവശ്യപ്പെട്ടപ്പോൾ ആ ഒരു കാര്യം സ്വീകരിക്കാതിരിക്കുന്നത് ഒരു അമംഗലമാണെന്നുകരുതി ബോധിസത്വൻ സമ്മതിച്ചു. അവൾ പാത്രം താഴത്തുവെച്ചു കൈകഴുകാതെ വിളമ്പിത്തരികയാണെങ്കിൽ അതു സ്വീകരിക്കാതെ പോകണമെന്നായി ബോധിസത്വൻ വിചാരിച്ചിട്ടുമുണ്ടായിരുന്നു. അവളാകട്ടെ, പാത്രം നിലത്തുവെച്ചു കൈകഴുകി തളിക വെച്ചശേഷം കലം കുലുക്കി കഞ്ഞിവിളമ്പി തളിക നിറച്ചു. അതിൽ വറ്റുതന്നെ ചുരുക്കമായിരുന്നു.

മ—സ— ഭദ്രേ! കഞ്ഞി അധികമുണ്ടോ?

അമ— വെള്ളം ചുരുക്കമാണ് സ്വാമി!

മ—സ— ആ ഹാ! കൃഷിനിലത്തു വെള്ളമില്ല അല്ലേ!

അമ— അതേ.

ഇങ്ങിനെ പറഞ്ഞുകൊണ്ട് അവൾ അച്ഛനുള്ള കഞ്ഞി സംഗ്രഹിക്കുകയും അതിഥിക്കു ധാരാളം വിളമ്പുകയും ചെയ്തു. മഹാസത്വൻ കഞ്ഞികുടിച്ചു കയ്യും മുഖവും കഴുകിയശേഷം "ഭദ്രേ! ഞാൻ നിന്റെ വീട്ടിലേക്കൊന്ന് വഴി പറഞ്ഞുതരണം" എന്ന് ആവശ്യപ്പെട്ടു. അവൾ സന്തോഷത്തോടെ വഴി മനസ്സിലാക്കിക്കൊടുത്ത് അച്ഛന്റെ അടുക്കലേക്കു പോകയും ചെയ്തു.

മഹാസത്വൻ അമരാദേവി കാണിച്ച വഴിയിൽകൂടി പോയി

അവളുടെ വീട്ടിലെത്തി അദ്ദേഹത്തെ കാണുകയാൽ അമരാദേവിയുടെ അമ്മ ഇരിക്കാനൊരു പലക കൊടുത്തു കഞ്ഞിക്കു ക്ഷണിച്ചു. “കനിഷ്ഠസഹോദരി അല്പം കഞ്ഞിതന്നു”വെന്നു പറകയാണ് അദ്ദേഹം അപ്പോൾ ചെയ്തത്. വാക്സാമർത്ഥ്യം കാണുകയാൽ ഇദ്ദേഹം നല്ലൊരാളാണെന്ന് അവൾക്കു തോന്നി. ആ വീട്ടിലെ ദാരിദ്ര്യസ്ഥിതി മനസ്സിലായെങ്കിലും “അമ്മാ! ഞാനൊരു തുന്നക്കാരനാണ് വല്ല വേലയുമുണ്ടോ”? എന്നു മഹാസത്വൻ ചോദിച്ചു.

“വേലയുണ്ടു സ്വാമി! കൂലി തരാനില്ല” എന്നവൾ പറഞ്ഞതിന്നു “കൂലി വാങ്ങീട്ടുള്ള പണി എനിക്കില്ല. തുന്നി വെടുപ്പാക്കാനുള്ള സാധനങ്ങൾ കൊണ്ടുവരിക” എന്നു ബോധിസത്വൻ പറഞ്ഞു.

അവൾ ചില കീറത്തലവണ്ണകളും മററും കൊണ്ടുകൊടുത്തതെല്ലാം ആയാൾ ക്ഷണേന തുന്നി നന്നാക്കി. ഈ വർത്തമാനം നാട്ടുകാരെ അറിയിക്കേണമെന്നു മഹാസത്വനുള്ള ആഗ്രഹമറികയാൽ ആ സ്ത്രീ ഗ്രാമങ്ങളിലെല്ലാം നടന്നു വിവരമറിയിച്ചു. മഹാസത്വൻ തുന്നൽപ്പണിയെടുത്തു അന്നത്തെ പകൽകൊണ്ട് ആയിരം പൊൻനാണ്യങ്ങൾ അദ്ദേഹത്തിന്നു സമ്പാദ്യമുണ്ടായി. വൃദ്ധയും അതിഥിക്കു പകലത്തെ ഭക്ഷണം കൊടുത്തശേഷം രാത്രിയിലേക്കു അദ്ദേഹത്തിന്ന് ഇഷ്ടമുള്ള വയെന്തെല്ലാമാണെന്നു ചോദിച്ചറിഞ്ഞ് അനേകവിഭവങ്ങളോടുകൂടിയ ഭക്ഷണം തയ്യാറാക്കി.

വൈകുന്നേരമായപ്പോഴക്കു അമരാദേവി തലയിൽ വിറകും മടിയിൽ ഇലകളും താങ്ങിപ്പിടിച്ചുകൊണ്ട് കാട്ടിൽനിന്നു മടങ്ങിയെത്തി. വിറകു പുറത്തുവെച്ച് പടിഞ്ഞാറഭാഗത്തിലൂടെ അവൾ അകത്തേക്കു കടന്നു. രാത്രിയിൽ അവളുടെ അച്ഛനും വന്നു. ബോധിസത്വൻ സുഖമായി ഉണ്ടു. പിന്നെ അച്ഛന്റേയും അമ്മയുടേയും ഭക്ഷണവും കഴിഞ്ഞശേഷം അമരാദേവി ചോർ വിളമ്പിയുണ്ടു. അതിന്നുശേഷം അവൾ അതിഥിയ്ക്കും അച്ഛനമ്മമാർക്കും കാൽ കഴുകിച്ച് അവരെല്ലാം ഉറങ്ങിയശേഷം താനും കിടന്നുറങ്ങി. ഈ വിധം സല്ക്കാരങ്ങളനുഭവിച്ചുകൊണ്ടു ബോധിസത്വൻ കുറച്ചുദിവസം അവിടെത്തന്നെ പാർത്തു. അതിന്നിടയിൽ ഒരിക്കൽ അയാളിങ്ങിനെ

അവളോടു ആജ്ഞാപിച്ചു. "ഭദ്രേ! അമരാദേവി! നീ കുറെ അരിയെടുത്ത് എനിക്കു കഞ്ഞി, ചോർ, അപ്പം ഇതെല്ലാം ഉണ്ടാക്കിത്തരിക"

അവളതുകേട്ടു വേഗേന അരിയെടുത്തു കൊഴിച്ചു നെടിയരികൊണ്ടു കഞ്ഞിയും ചെറിയരികൊണ്ടു ചോറും നുറുങ്ങരികൊണ്ട് അപ്പവുമുണ്ടാക്കി. അവസ്ഥനുസരിച്ചു കറികളും തയ്യാർ ചെയ്തു. പിന്നെ മഹോസധന്റെ മുമ്പാകെ കഞ്ഞിയും കൂട്ടാനും വിളമ്പി. അദ്ദേഹം കഞ്ഞി വായിൽ വെക്കുമ്പോഴേക്കും "ഭദ്രേ! വെപ്പറിയാത്ത നീ എന്റെ അരി എന്തിനുനശിപ്പിച്ചു"? എന്നുചോദിച്ചു കഞ്ഞി നിലത്തു തുപ്പിക്കളഞ്ഞു. "കഞ്ഞി നന്നല്ലെങ്കിൽ അപ്പം തിന്നാം എന്നുപറഞ്ഞ് അവൾ അപ്പം കൊടുത്തു. അതും അതേവിധം കളകയാണ് അയാളുണ്ടായത്. പിന്നെ ചോറുകൊടുത്തതും ഭക്ഷിക്കാതെ" വെയ്ക്കാനറിയാതെ എന്റെ മുതലെന്തിന്നു നശിപ്പിച്ചു എന്ന് അദ്ദേഹം ക്രോധിച്ചു പറഞ്ഞുകൊണ്ടു മൂന്നു പാത്രങ്ങളുമെടുത്ത് അവളുടെ മുടിതൊട്ട് അടിയോളം അഭിഷേകം കഴിച്ചു. പിന്നെ "നീ കടന്നു പുറത്തുപോ" എന്നു കലശൽ കൂട്ടി. അമരാദേവി ലേശവും ക്രോധിക്കാതെ "അങ്ങിനെയാകട്ടെ സ്വാമി" എന്നു പറഞ്ഞു പുറത്തുപോയി. അവൾക്കു അഭിമാനമില്ലെന്നറിഞ്ഞശേഷം "ഭദ്രേ! ഇങ്ങോട്ടുവരു" എന്ന് അദ്ദേഹം വിളിച്ചു. ഒരു വിളിക്കു അമരാദേവി അടുത്തുചെല്ലുകയുംചെയ്തു.

മഹോസധൻ അവിടെനിന്നിറങ്ങി ആയിരം പണംകൊടുത്ത് ഒരു വിശേഷവസ്ത്രവും ഒരു ചാക്കുനിറച്ചു വെറ്റിലയും കൊണ്ടുവന്നു. അദ്ദേഹം വെറ്റില അമരാദേവിയുടെ അച്ഛനമ്മമാരുടെ മുമ്പിൽ വെച്ചശേഷം താൻ കൊണ്ടുവന്നതും സമ്പാദിച്ചതുമായ ധനമെല്ലാം അവർക്കു സമ്മാനിച്ചു പ്രസന്നന്മാരാക്കി. പിന്നെ വസ്ത്രമെടുത്ത് അവളോടും "ഭദ്രേ! നീ സഖിമാരൊരുമിച്ചു പോയി കുളികഴിഞ്ഞ് ഈ വസ്ത്രം ഉടുത്തുവരിക എന്നു പറഞ്ഞയച്ചു. അവൾ അതുപോലെ വസ്ത്രവുമുടുത്തു മടങ്ങിവന്നു. പിന്നെ അവളെ

യും ഒരുമിച്ചു കൂട്ടിപ്പോന്നു നഗരത്തിലെത്തി നഗരദ്വാരരക്ഷകന്റെ ഗൃഹത്തിൽ അമരാദേവിയെ ഇരുത്തി അവിടെയുള്ള സ്ത്രീകളോടു അവളെ നോക്കുവാനേല്പിച്ചു പുറത്തിറങ്ങി ചില പുരുഷന്മാരെ കണ്ടു സ്വകാൎയ്യത്തിൽ ഇങ്ങിനെ ആവശ്യപ്പെട്ടു. "ഞാൻ ആ ഗൃഹത്തിൽ ഒരു സ്ത്രീയെ കൊണ്ടാക്കീട്ടുണ്ട്. നിങ്ങൾ ചെന്ന് ആയിരം പവൻ കൊടുത്തിട്ടെങ്കിലും അവളെ സ്വാധീനിക്കാൻ നോക്കണം." അതലേക്കുള്ള ദ്രവ്യവും മഹാസത്വൻതന്നെ കൊടുത്തു. അവർ പോയി അദ്ദേഹത്തിന്റെ ഉപദേശപ്രകാരം അമരാദേവിയെ ദ്രവ്യംകൊണ്ടു പ്രലോഭിപ്പിക്കുവാൻ നോക്കിയെങ്കിലും "ഈ ദ്രവ്യമെല്ലാം എന്റെ പ്രാണനാഥന്റെ പാദത്തിലുള്ള ഒരു തരി പൊടിക്കു വിലയില്ല" എന്നു പറഞ്ഞ് അവൾ അവരെ ധിക്കരിച്ചയച്ചു. മഹാസത്വൻ പരീക്ഷയ്ക്കായി പിന്നെയും ഒന്നരണ്ടു തവണ ആളുകളെ അയച്ചിട്ടൊന്നും അവളിൽ ഫലിച്ചില്ല. ബലാൽകാരേണ പിടിച്ചുകൊണ്ടു വരാനായി അവളുടെ അടുക്കലക്കു നാലാമതും ആളെ അയച്ചു. അവളെ കൊണ്ടുവരുന്നസമയത്തു ബോധിസത്വൻ ഒരു ഗൃഹത്തിൽ ഐശ്വൎയ്യസമൃദ്ധന്റെ നിലയിൽ ഇരിക്കുകയായിരുന്നു. അമരാദേവി അദ്ദേഹത്തെ കണ്ടമാത്രയിൽ ഒന്നു ചിരിക്കുകയും പിന്നെ കരയുകയും ചെയ്തു. അതിന്റെ കാരണമെന്താണെന്നു ചോദിച്ചതിന്നു അദ്ദേഹത്തോട് അവളിങ്ങിനെയാണ് പറകയുണ്ടായത്. "സ്വാമിൻ! ഞാൻ അങ്ങയുടെ സമ്പൽസമൃദ്ധി കണ്ടപ്പോൾ ഇത് അകാരണമായുണ്ടായതല്ലെന്നും പൂൎവ്വജന്മാൎജ്ജിതകൎമ്മഫലമാണെന്നും പുണ്യവാന്മാരുടെ സ്ഥിതി ഇതാണല്ലോ എന്നും കരുതി ചിരിക്കുകയുണ്ടായി. അന്യൻ സൂക്ഷിച്ചു രക്ഷിക്കുന്ന സാധനത്തെ അപരാധിക്കാനാണിപ്പോൾ ഭാവിക്കുന്നതെന്നാലോചിച്ചു കരയുകയും ചെയ്തു."

ഈ വക പരീക്ഷകളെക്കൊണ്ട് അവൾ പരമശുദ്ധയാണെന്നറിഞ്ഞശേഷം മഹാസത്വൻ അവളെ മുൻവിവരിച്ച ഗൃഹത്തിൽതന്നെ കൊണ്ടാക്കുകയും തുന്നക്കാരന്റെ വേഷത്തോടെ അന്നുരാത്രിയിൽ ഒരുമിച്ചിരിക്കുകയും ചെയ്തു. പിറ്റേദിവസം രാജകുലത്തിൽ ചെന്ന് ഉദുംബരാദേവിയെ വൎത്തമാനമറിയിച്ചു. അവൾ

രാജാവിനെ ഉണൎത്തിച്ച് അനുവാദം വാങ്ങിയശേഷം അമരാദേവിയെ സൎവ്വാഭരണഭൂഷിതയാക്കി പള്ളിമേനാവിൽ കരേറ്റി മഹാസധന്റെ ഗൃഹത്തിൽ കൊണ്ടുചെന്നു ഘോഷമായി വിവാഹം നടത്തിച്ചു. രാജാവ് ഈ ദമ്പതിമാൎക്കു വിലയേറിയ ദ്രവ്യങ്ങളെ വിവാഹസമ്മാനമായി അയച്ചുകൊടുക്കുകയും അവർ ബഹുമാനത്തോടെ സ്വീകരിക്കുകയും ചെയ്തു. അതിന്നുശേഷം മഹൌസധൻ രാജാവിന്ന് അൎത്ഥധൎമ്മങ്ങളുപദേശിച്ചുകൊണ്ട് അമരാദേവിയൊരുമിച്ചു വളരെക്കാലം സുഖിച്ചു.

## ൨൯. മഹൌസധന്റെ വിനിശ്ചയം.

—:*:—

ഒരു സ്ത്രീ അവളുടെ ചെറിയൊരു ആൺകുട്ടിയേയും എടുത്തുകൊണ്ട് ഒരു രാവിലെ മഹൌസധപണ്ഡിതന്റെ ഗൃഹത്തിന്നു സമീപമുള്ള പുഷ്കരിണിക്കു സമീപത്തിലെത്തി. അവൾ തന്റെ മേൽമുണ്ടഴിച്ചു നിലത്തുവിരിച്ച് അതിൽ കുട്ടിയെ കിടത്തി കാലും മുഖവും കഴുകുവാൻവേണ്ടി കുളത്തിലെക്കിറങ്ങി. ആ സമയം ആ വഴിക്കു യാത്രചെയ്തിരുന്ന ഒരു യക്ഷി നല്ലൊരാൺകുട്ടിയെ കണ്ടപ്പോൾ അതിനെ ഭക്ഷിക്കാനാഗ്രഹിച്ചുകൊണ്ട് അവിടെ ഇറങ്ങി "ചങ്ങാതി! നല്ലൊരു കുട്ടി ഇവൻ നിന്റേതുതന്നെയോ?" എന്നു പറഞ്ഞുകൊണ്ട് അടുത്തുചെന്നു. അതു തന്റെ കുട്ടിയാണെന്ന് അവൾ പറഞ്ഞപ്പോൾ യക്ഷി മുലകൊടുക്കാനാണെന്നു പറഞ്ഞ് അവനെ വാങ്ങി. കുറച്ചുനേരം കളിപ്പിച്ചുകൊണ്ടു നടന്നശേഷം യക്ഷി കുട്ടിയേയുംകൊണ്ടു നടപ്പായി. അതുകണ്ടു മററവൾ ഓടിച്ചെന്നു "നീ എങ്ങോട്ടാണ് എന്റെ കുട്ടിയെക്കൊണ്ടുപോകുന്നത് എന്നു ചോദിച്ചു." ആഹാ! എന്റെ കുട്ടി നിന്റേതായതെങ്ങിനെ? എന്നു ചോദിച്ചുകൊണ്ടു യക്ഷി കുതിച്ചുനടന്നു. ആ രണ്ടു സ്ത്രീകളും തമ്മിൽ കലഹിച്ചുകൊണ്ടു തന്നെ ഗൃഹത്തിന്റെ പുറമതിലിന്നരികെപ്പോകുമ്പോൾ തിരക്കു മഹൌസധൻ കേൾക്കുകയാൽ ഉടനെ പുറത്തുവന്ന് എന്താണെന്നു നോക്കി ആ രണ്ടു സ്ത്രീ

കളിൽ ഒരുവൾക്കു സ്വരത്തിന്നു ഭേദവും ഇമച്ചിമിഴിയില്ലാത്ത കണ്ണുകളും ദേഹത്തിൽ ചുവപ്പുനിറവും കാൺകയാൽ യക്ഷിയാണെന്നു മനസ്സിലാക്കിയെങ്കിലും സൂക്ഷ്മം നല്ലവണ്ണമറിയേണ്ടതിന്നായി യത്നിച്ചു. "എന്റെ കുട്ടി എന്റെ കുട്ടി" എന്നിങ്ങിനെ രണ്ടു സ്ത്രീകളും വാദിക്കുന്നു. ഉടനെ ബോധിസത്വൻ ഒരു വരവരച്ചു കുട്ടിയെ വാങ്ങി ആ വരയ്ക്കുനടുവിൽ വെച്ചുകൊണ്ടു പറഞ്ഞു. "നിങ്ങൾ അന്യോന്യം പിടിച്ച് ആരാണ് ഈ കുട്ടിയെ ഒടുവിൽ കയ്യിലാക്കുന്നതെങ്കിൽ അവളുടെകുട്ടിയാണെന്നു തീർച്ചപ്പെടുത്തും. എന്നുള്ള തീർപ്പു കേൾക്കയാൽ യക്ഷിക്കു സംശയമുണ്ടായില്ല. വേഗത്തിൽ ചെന്നു കുട്ടിയെ പിടിച്ചു. രണ്ടാളുംകൂടി പിടിച്ചുവലിക്കാൻ തുടങ്ങുമ്പോൾ കുട്ടി കരഞ്ഞുതുടങ്ങി. അതിനാൽ ആ സ്ത്രീ ഉള്ളുരുകി കുട്ടിയെവിട്ടു കരഞ്ഞുകൊണ്ടു നിന്നു. അപ്പോഴക്കും വളരെ ജനങ്ങൾ അവിടെ എത്തിക്കൂടി.

"ഒരു കുട്ടിയെക്കുറിച്ച് അതിന്റെ അമ്മയ്ക്കോ അന്യസ്ത്രീക്കോ ഉള്ളിൽ ഭയമുണ്ടാവുക" എന്നു പണ്ഡിതൻ മഹാജനങ്ങളോടു ചോദിക്കുകയും "അമ്മയ്ക്കുതന്നെയാണെ"ന്ന് എല്ലാവരും സമാധാനം പറകയും ചെയ്തു.

പണ്ഡിതൻ—എന്നാൽ കുട്ടിയെ പിടിച്ചവളോ വിട്ടവളോ അവന്റെ അമ്മ?

ജനങ്ങൾ—വിട്ടവൾ തന്നെ.

പണ്ഡി—ശരി! കുട്ടിയെ പിടിച്ചുപറിച്ച കള്ളത്തി ആരെന്നറിയുമോ?

ജന—ഇല്ല പണ്ഡിതരേ!

പണ്ഡി—യക്ഷിയാണ്! ഇവൾ ഇവനെ ഭക്ഷിക്കാനാണ് ഭാവിച്ചത്.

ജന—അങ്ങു എന്നങ്ങിനെയറിഞ്ഞു?

പണ്ഡി—കണ്ണിന്ന് ഇമച്ചിമിഴിയില്ല. ദയയില്ല. ദേഹം രക്തവർണ്ണമാണ്. ഉള്ളിൽ ശങ്കയുമുണ്ട്. ഇതെല്ലാം തന്നെ കാരണം.

അതിന്നുശേഷം മഹൗസധൻ യക്ഷിയോടു ചോദിച്ചു.

"നീയാർ?"

"ഞാൻ യക്ഷിയാണ് സ്വാമിൻ".

"ഈ കുട്ടിയെ എന്തിന്നെടുത്തു?"

"തിന്നാൻവേണ്ടിയാണ്".

"കഥയില്ലാത്ത ദുഷ്ടേ! മുജ്ജന്മത്തിലെ പാപംകൊണ്ടാണ് നീ യക്ഷിയായിത്തീന്നത്. ഇനിയും പാപം ചെയ്യാനാണോ ഭാവം? വിവരമില്ലാത്തവളേ!

ഇങ്ങിനെ കയക്കുമ്പോഴയ്ക്കും അവൾ പാകത്തിലായി. അനന്തരം ബോധിസത്വൻ പഞ്ചശീലങ്ങളെ വൎണ്ണിച്ച് അവൾക്ക വിവരിച്ചു മനസ്സിലാക്കി.

"സ്വാമി ദീൎഘായുസ്സാവണേ" എന്നുപറഞ്ഞു കുട്ടിയുടെ അമ്മ അതിനെയുമെടുത്തു സ്വഗൃഹത്തിലേക്ക പോകയും ചെയ്തു.

## ൨൭. ശക്രായുധയുദ്ധം.

മുൻകാലത്ത് അസുരന്മാർ പാൎത്തിരുന്ന നഗരം അതിമനോഹരമായിരുന്നു. ഒരിക്കൽ ദേവരാജാവായ ശക്രൻ തനിക്ക സാധാരണയുള്ള രാജ്യംകൊണ്ട് അലംഭാവം വരാതെ അസുരപട്ടണവും പിടിക്കേണമെന്നുറച്ച് ഉപായത്തിൽ അസുരന്മാരെ ദിവ്യമദ്യം സേവിപ്പിച്ചു ബോധഹീനന്മാരായി വീഴുകയും അവരെയെല്ലാംകെട്ടിയെടുപ്പിച്ചു മഹാമേരുപൎവ്വതശിഖരത്തിലുള്ള തങ്ങടെ പട്ടണത്തിൽകൊണ്ടാക്കുകയുംതാൻ ദേവസംഘത്തോടൊരുമിച്ചുഅസുരഭവനത്തിൽ പാൎത്തുവരികയും ചെയ്തു. അസുരന്മാരുടെ വാസസ്ഥലം മഹാമേരുവിൻെറ ഒരു കൊടുമുടിയിലും ദേവലോകംപോലെ വലിപ്പമുള്ളതുമാണ്. ദേവന്മാൎക്ക പ്രത്യേകമായി പാരിച്ഛത്രകമുള്ളതിന്നനുസരിച്ചു ചിത്രപാടലിയെന്നുപേരായ ഒരു കല്പവൃക്ഷം അസുരലോകത്തിലുമുണ്ട്. അസുരന്മാർ ബോധംകെട്ടു വീഴുന്നസമയം ചിത്രപാടലി പൂത്തുനില്ക്കുന്ന കാലമായിരുന്നു. അവർ ഉണൎന്നു നോ

ക്കുമ്പോൾ ആ വൃക്ഷം കാണുകയാൽ "ഇതു നമ്മുടെ ലോകമല്ല പാരിജാതകം പൂത്തുനില്ക്കുകകൊ ദേവലോകത്താണല്ലോ" എന്നു മനസ്സിലാക്കി. "ആ ഹാ! തൊണ്ടനായ ശക്രൻ നമ്മെ മദ്യലഹരിയിൽ മയക്കി ഗിരിപൃഷ്ഠത്തിൽ തള്ളിക്കേററി നമ്മുടെ ദിവ്യനഗരത്തെ അടക്കിയോ? എന്നാലിനി അവനെ തോല്പിച്ചു നഗരം പിടിച്ചിട്ടുശേഷം കാൎയ്യം" എന്നുംപറഞ്ഞ് ഐരാവതകൾ സ്തംഭത്തിന്നു ചുററുന്നതുപോലെ അസുരന്മാർ മേരുപൎവ്വതത്തിൽ ഇളകിവശായി.

അസുരന്മാരുണൎന്ന വൎത്തമാനം ദേവേന്ദ്രനറികയാൽ അവരോടെതിൎക്കുവാൻ സന്നാഹസമേതം അസുരലോകത്തിലേക്കു ചെല്ലുകയും വേഗത്തിൽ അവരോടു തോല്ക്കുകയും കഴിഞ്ഞു. അതിനാൽ ഭയപ്പെട്ടു തന്റെ വൈജയന്തരഥത്തിൽ കയറി വളരെ ദൂരമോടിച്ചു തെക്കേ സമുദ്രംകടന്നു പോവാൻതുടങ്ങി. അങ്ങിനെ അദ്ദേഹത്തിന്റെ രഥം സമുദ്രംകടന്നു നിൎഗ്ഗമിക്കുമ്പോൾ ശാല്മലി (പൂള) വൃക്ഷങ്ങൾ നിറഞ്ഞുള്ള ഒരു മഹാരണ്യത്തിലെത്തിച്ചേൎന്നു. അദ്ദേഹത്തിന്റെ യാത്രാവേഗംനിമിത്തം പൂള പന എന്നീ വൃക്ഷങ്ങൾ ചെരിഞ്ഞു വീണു കടൽത്തീരങ്ങൾ നിബിഡമായിരുന്നു. അതിനാൽ വൃക്ഷവാസികളായ പക്ഷിക്കുഞ്ഞുങ്ങൾ പേടിച്ചു കരഞ്ഞും പറന്നും വലുതായ ഒച്ചയും തിരക്കും വൎദ്ധിപ്പിച്ചു. അപ്പോൾ ശക്രൻ മാതലിയോടു ചോദിച്ചു. "സൌമ്യമാതലേ! കരുണരസമായ ഒരു ശബ്ദം കേൾക്കുന്നതെന്താണ്?"

മാതലി— ദേവ! ഇവിടുത്തെ രഥവേഗത്താൽ പൂളമരങ്ങളും മററും ചെരിഞ്ഞു വീഴുന്നതുകൊണ്ടു സുപൎണ്ണപക്ഷികളുടെ കുട്ടികൾ മരണഭയംപൂണ്ടു നിലവിളിക്കുന്നതാണ്.

ദേവേന്ദ്രൻ— കഷ്ടം കഷ്ടം മാതലേ! നാം നിമിത്തം ഇവൎക്കാപത്തോ? നാം ഐശ്വൎയ്യത്തെ കൊതിച്ചു പ്രാണിവധം ചെയ്തുവോ? ഇതുചിതമല്ല. അതിനാൽ നാം നമ്മുടെ ജീവിതത്തെത്തന്നെ അസുരന്മാൎക്കു കൊടുത്തുകളയാം.

ഇതിന്നനുസരിച്ച് ഒരു പദ്യം ചൊല്ലി.

"ഈൎഷ്യാരതംപൂളയിൽമേവിടുംകിളി-
ക്കുലംതുടൎന്നീടരുതാൎയ്യമാതലേ!

നാംജീവിതംദൈത്യകുലത്തിനേകിടാം
കൂടാരകേഴേണ്ടപതത്രിസഞ്ചയം".

മാതലിയെന്ന സാരഥി സ്വാമിനിദേശം കേട്ടശേഷം രഥത്തെ മറെറാരുവഴിക്ക് അസുരസങ്കേതമായ ദേവലോകത്തിലേക്കു തിരിച്ചു. ദേവേന്ദ്രൻ വീണ്ടും മടങ്ങിവന്നതു കണ്ടപ്പോൾ അസുരന്മാൎക്കു ശങ്കയായി. "ദേവേന്ദ്രനതാ മറെറാരു വഴിക്കുവരുന്നു. എന്തോ മതിയായൊരു പിൻബലം ഇപ്പോളിവന്നു ലഭിച്ചിരിക്കും. അല്ലാതെ മടങ്ങിവരാനിടയില്ല" എന്നുറച്ച് അവർ മരണഭയത്തോടെ പാതാളത്തിലേക്കു ഓടിപ്പോയി. ശക്രനും ദേവനഗരത്തിൽ പ്രവേശിച്ച് ദേവനഗരങ്ങൾ രണ്ടിലുമുള്ള ദേവസമൂഹത്താൽ പരിവൃതനായിട്ട് നഗരമദ്ധ്യത്തിൽ പാൎത്തുവന്നു. ആയവസരത്തിൽ പെട്ടന്നു ഭൂമദ്ധ്യംപിളൎന്ന് ആയിരം യോജന ഉയരമുള്ള ഒരു പ്രാസാദം അവിടെ പൊങ്ങിവന്നു. വിജയകാലത്തുണ്ടാവുകയാൽ അതിന്നു വൈജയന്തമെന്ന പേരും കല്പിച്ചു. ആ പ്രാസാദം ഇന്നും സ്വൎഗ്ഗത്തിൽ ശോഭിക്കുന്നുണ്ട്. അതിന്നുശേഷം ശക്രൻ മേലിലും അസുരന്മാർ വന്നുപദ്രവിക്കാതിരിക്കേണ്ടതിന്നു നഗരത്തിലെ അഞ്ചു സ്ഥാനങ്ങളിലും വേണ്ടപ്പെട്ട മുൻകരുതലുകൾ ചെയ്തു.

## ൨൭. സുന്ദരീമാരണം.

ഭഗവാനു സൎവ്വജനങ്ങളിൽനിന്നും പഞ്ചമഹാനദികളുടെ മഹാപ്രവാഹത്തോടു സദൃശമായിട്ടുള്ള സൽക്കാരലാഭം സിദ്ധിച്ചുപോരുന്ന അക്കാലത്ത് അന്യമതക്കാരായ ഭിക്ഷുക്കൾ സൂൎയ്യോൽഗമനത്തിൽ മിന്നാമിനുങ്ങുകളെന്നപോലെ നിഷ്പ്രഭന്മാരായിത്തീൎന്നു. അവരിൽ പലരും ഒരുമിച്ചുചേൎന്ന് ഒരിടത്തുവെച്ച് ആലോചനയായി. "ശ്രമണനായഗൗതമന്റെ ജനനം മുതല്ക്കു നമ്മുടെകാൎയ്യം പരുങ്ങലായിരിക്കുന്നു. നമുക്കു യാതൊരാളിൽനിന്നും സൽക്കാരം ലഭിക്കുന്നില്ല. നമ്മളാൽ ചിലരുണ്ടെന്നുകൂടിതന്നെ ആരും അറി

യാതായി. അതിനാൽ നമുക്ക് ആ ഗൌതമശ്രാവകന്നുള്ള ലാഭസല്ക്കാരങ്ങളില്ലാതാക്കി തീക്കണം. ആരെ സേവപിടിച്ചാലാണ് അതു സാധിക്കുക" ഇങ്ങിനെ പലതും ആലോചിച്ചശേഷം സുന്ദരിയെന്ന ഗണികയുടെ സഹായത്താൽ കാൎയ്യം സാധിക്കാമെന്ന് ഒടുവിൽ അവർ തീച്ചയാക്കി. ഒരു ദിവസം സുന്ദരി ഋഷിവനത്തിൽചെന്നു വന്ദിച്ചുനിന്നിട്ടും ഭിക്ഷുക്കളാരും അവളോട് സംസാരിച്ചില്ല; അവൾ ചിലതു പറഞ്ഞതിന്ന് സമാധാനവും കിട്ടിയില്ല. അപ്പോൾ ആൎയ്യന്മാരേ! നിങ്ങൾക്കൊരു സുഖക്കേടുള്ള പോലെ തോന്നുന്നുവല്ലോ. അതെന്താണെന്ന് അവൾ ചോദിച്ചു.

ഭിക്ഷുകൾ— പ്രിയസോദരി! ശ്രമണഗൌതമൻ ഞങ്ങളെയെല്ലാം താഴ്ത്തി യാതൊരുസല്ക്കാരവും ഞങ്ങൾക്കു കിട്ടാതാക്കി നടക്കുന്നതു നീ കണ്ടിരിക്കുമല്ലൊ.

സുന്ദരി— ഞാനതിലേക്കു വല്ലതും ചെയ്യാനുണ്ടോ?

ഭിക്ഷു— യോഗ്യയും സൌഭാഗ്യവതിയുമായ നീ വല്ലവിധവും ഗൌതമന്ന് അയശസ്സുണ്ടാക്കി അതു മഹാജനങ്ങളെ അറിയിക്കുയും അയാൾക്കുള്ള ലാഭസല്ക്കാരങ്ങൾ ഇല്ലായ്മചെയ്കയും നിനക്കാവുന്ന കാൎയ്യമാണ്. ഞങ്ങൾക്കിതു വലിയ സഹായമായിത്തീരുകയും ചെയ്യും.

അവൾ അതു സമ്മതിച്ച് അവിടെനിന്നുപോയി. ചന്ദനം, കപ്പൂരം, കളഭം മുതലായതലങ്കരിച്ചുകൊണ്ട് അവൾ അന്നുമുതല്ക്കു സന്ധ്യാസമയങ്ങളിൽ ധമ്മദേശനത്തെ കേൾപ്പാനായി മഹാസദസ്സിലേക്കു പോയിത്തുടങ്ങി. ധമ്മദേശനം കേട്ടതിന്നുശേഷം അവൾ ഗ്രാമത്തിലേക്കു മടങ്ങാതെ ചൈത്യവനത്തിന്നഭിമുഖമായി നടന്നു. അതുകാൺകയാൽനീ എങ്ങോട്ടാണ് പോകുന്നതെന്നു ചിലർ ചോദിച്ചു. ഞാൻ ശ്രമണഗൌതമന്റെ അടുക്കലേക്കാണ്; എന്റൊതാമസം അദ്ദേഹത്തോടൊരുമിച്ചാണ് എന്ന് അവൾ ഉത്തരം പറഞ്ഞുകൊണ്ട് അവിടം കടന്നുപോയി. ചൈത്യവനമാൎഗ്ഗത്തിൽക്കൂടെ കുറെദൂരം പോയശേഷം മറെറാരുവഴിയെ നഗരത്തിലേയ്ക്കു വെ

ച്ചു. "എവിടെ പോയിരുന്നു" എന്ന് അപ്പോഴും ചിലർ ചോദിച്ചു. "ഞാൻ ജൈതവനത്തിലുള്ള ഗന്ധകുടീരത്തിൽ ശ്രമണഗൌതമനോടുകൂടിയിരിക്കാൻ പോയിരുന്നു; ഇപ്പോൾ അദ്ദേഹത്തിൻെറ കാമം സാധിപ്പിച്ചുവരുന്നു" എന്നാണ് അവൾ ഉത്തരംപറഞ്ഞത്.

അങ്ങിനെ അല്പദിവസം കഴിഞ്ഞു. പിന്നെ മൂർഖഭിക്ഷുകൾ ചില ധൂൎത്തന്മാൎക്കു കൈക്കൂലികൊടുത്ത് സുന്ദരിയെകൊന്നു ശ്രമണബ്രാഹ്മണൻെറ കുടിലിന്നരികെയുള്ള പ്രതിഷ്ഠാവളപ്പിൽ കൊണ്ടിട്ടു വരാനാവശ്യപ്പെട്ടു. ദ്രവ്യതൃപ്തരായ ധൂൎത്തന്മാർ ഭിക്ഷുക്കളുടെ ആഗ്രഹത്തെ നിഷ്പ്രയാസം നിറവേററി. അതിന്നുശേഷം "സുന്ദരിയെ കാണാനില്ല" എന്നു മുറവിളികൂട്ടി ഭിക്ഷുകൾ രാജാവിനെ വിവരമറിയിച്ചു.

രാജാ— നിങ്ങൾ അവളെപ്പററി എന്തറിയും?

ഭിക്ഷു—ഇന്ന് അവൾ ജൈതവനത്തിലേക്കു പോയിരുന്നു. എന്നും അങ്ങിനെ പോവാറുണ്ട്. മറെറാന്നും ഞങ്ങൾക്കു രൂപമില്ല.

രാജാ—എന്നാൽ ചെന്നന്വേഷിക്കിൻ.

ഈ കല്പന കേട്ടശേഷം അവർ അനേകം സ്നേഹിതന്മാരൊത്തുചേൎന്ന് ജൈതവനത്തിലെത്തി പ്രതിഷ്ഠാവളപ്പിലുള്ള സുന്ദരിയുടെ ശവത്തെ എടുത്തു ഡോലിയിൽ വെച്ചു രാജസവിധത്തിൽ കൊണ്ടുചെന്നു വിവരമറിയിച്ചു. "സ്വാമിൻ! ഭഗവാൻ ഗൌതമശ്രാവകൻ തിരുമേനി സുന്ദരിയെകൊന്നു പ്രതിഷ്ഠാവളപ്പിലിട്ടിരുന്നു. അവിടുന്നാണ് ഞാനീ ശവം കൊണ്ടുവന്നത്." എന്നു കേട്ടപ്പോൾ "എന്നാൽ ഈ വിവരം നിങ്ങൾ നഗരത്തിൽ പരസ്യപ്പെടുത്തുവിൻ" എന്നു രാജാവ് ആജ്ഞാപിച്ചു. അവർ നഗരവീഥികളിൽ നടന്നുകൊണ്ടു "നോക്കുവിൻ ശാക്യവംശ്യന്മാരായ ശ്രമണന്മാരുടെ ദുഷ്കൎമ്മം" എന്നാദിയായ പല ദുർവ്വാദങ്ങളെയും ഉറക്കെ ഘോഷിച്ചുതുടങ്ങി. പിന്നെ രാജദ്വാരത്തിലേക്കുതന്നെ ചെന്നു

നേരം ആ ശവം അടുത്തുള്ള ശ്മശാനത്തിൽ കൊണ്ടുചെന്നു ചിതമേലേററി രക്ഷിച്ചുകൊള്ളണമെന്നു രാജാവിൽനിന്നു കല്പനയായി. ഭിക്ഷുക്കൾ കല്പന നിവൃത്തിക്കയും ചെയ്തു. അപ്പോഴേക്കു ശ്രാവസ്തിയിലും മററുമുള്ള പൌരന്മാർ ഗൌതമശാക്യനെക്കുറിച്ച് അപവാദം പറഞ്ഞുതുടങ്ങിയിരിക്കുന്നു. ചിലർ ഉൾനാട്ടുകളിലും കാട്ടുകളിലും ചെന്ന് ഈ വർത്തമാനം പരത്തി. അതിന്നിടയിൽ തഥാഗതനോടു അദ്ദേഹത്തെക്കുറിച്ചുള്ള മൃഷാപവാദത്തെ ധരിപ്പിക്കാനും ചില ഭിക്ഷുക്കളുണ്ടായി. അതു കേട്ടപ്പോൾ തഥാഗതൻ ഈ ഗാഥ ചൊല്ലുകയാണുണ്ടായത്.

"കള്ളംപറഞ്ഞോൻ നരകത്തിലെത്തും
ചെയ്തിട്ടതില്ലെന്നുപറഞ്ഞോരാളും
രണ്ടാളുമൊക്കെപരലോകമാന്നാൽ
നിഹീനകർമ്മാ വിനുതുല്യരന്നെ."

രാജാവാകട്ടെ, സുന്ദരിയുടെ കൊലപാതകൻ വേറെയാരെങ്കിലുമായിരിക്കുമോ എന്നുകൂടി അന്വേഷിപ്പാനായി ചില ചാരപുരുഷന്മാരെ അയച്ചു. അവർ പോയി ആ ദിക്കിലെ പോക്കിരികളുടെ ഒരു ഗ്രാമത്തിലെത്തി. അവർ ചെല്ലുന്ന സമയം ആ പോക്കിരിധൂർത്തന്മാർ കള്ളുകുടിച്ച് അന്യോന്യം കലഹം ചെയ്കയായിരുന്നു. അവരിലൊരുവൻ മറെറാരുവനെ ചീത്തപറയുന്ന കൂട്ടത്തിൽ "എടാ നീ സുന്ദരിയെന്ന പെണ്ണിനെ ഒററയടിക്കു കൊന്നിട്ടു കിട്ടിയ പണംകൊണ്ടല്ലെ കുടിക്കുന്നത്?" എന്നു പറയുന്നു. "ഇരിക്കട്ടെ" എന്നുപറഞ്ഞ് രാജപുരുഷന്മാർ ഈ ധൂർത്തന്മാരെയെല്ലാം ബന്ധനസ്ഥന്മാരാക്കി രാജാവിന്നടുക്കലേക്കു കൊണ്ടുചെന്നു. "നിങ്ങളല്ലേ സുന്ദരിയെ കൊന്നത്?" എന്നു രാജാവു നേരിട്ടു ചോദിച്ചപ്പോൾ പേടിച്ചുവശരായ അവർ ക്ഷണേന കുററം സമ്മതിച്ചു. ഭിക്ഷുക്കൾ ആവശ്യപ്പെട്ടുകയാലാണ് ഈ കഠിനക്രിയ ചെയ്തതെന്നും അവർ പറഞ്ഞു. രാജാവു ഭിക്ഷുക്കളെയും വരുത്തി ചോദിച്ചതിൽ അവരും കുററസമ്മതം ചെയ്തു.

രാജാവ്—കപടസന്ന്യാസികളേ! നിങ്ങൾ സുന്ദരിയുടെ ശവവുമെ

ട്ടത്തു നഗരവീഥികളിൽ നടന്നുകൊണ്ടു "ശ്രമണഗൌതമന്നു അപവാദമുണ്ടാക്കിത്തീൎക്കാനായി ഞങ്ങളാണ് സുന്ദരിയെ കൊല്ലിച്ചത്. ഗൌതമനും ശ്രാവകനും യാതൊരുദോഷവുമില്ല." എന്നു വിളിച്ചുപറയുവിൻ:

അവർ കല്പനപ്രകാരമെല്ലാം ചെയ്തു. അപ്പൊഴക്കും ഒരുവക കഥയില്ലാത്ത കൂട്ടർ സുന്ദരിയെ കൊന്ന പാപം ചുമത്തിക്കൊണ്ടു ഭിക്ഷുക്കളെ പ്രഹരിച്ചുതുടങ്ങി. അന്നു ബുദ്ധഭഗവാനുള്ള സൽക്കാരം പൂൎവ്വാധികം വൎദ്ധിച്ചുവന്നു.

---

## ൯൯. മായാദേവിയുടെ സ്വപ്നം.

---

കപിലവസ്തുനഗരത്തിൽ ആഷാഢമഹോത്സവം ഘോഷമായി നടത്തിത്തുടങ്ങി. മഹാജനങ്ങൾക്ക് ഉല്ലാസം വൎദ്ധിച്ചു. രാജ്ഞി മായാദേവിയാകട്ടെ, പൌൎണ്ണമാസിക്ക് ഏഴുദിവസം മുമ്പുമുതല്ക്കു മദ്യപാനം വൎജ്ജിച്ചു മാല, ചന്ദനം, ഭസ്മം, മുതലായതു ധരിച്ചു നക്ഷത്രമഹോത്സവത്തെ അനുഭവിച്ചുവന്നു. അങ്ങിനെ ദിവസംതോറും രാജ്ഞി പ്രഭാതത്തിലെഴുനേററു സ്നാനംചെയ്തു നാനൂറായിരം ദാനങ്ങളും അനേകം മഹാദാനങ്ങളും ചെയ്തു സൎവ്വാഭരണവിഭൂഷിതയായി മൃഷ്ടവും ശ്രേഷ്ഠവുമായ ഭോജനം കഴിഞ്ഞ് ഉപാസകവൃത്തിയോടെ ഇരുന്നു രാത്രിയിൽ അലങ്കാരമണ്ഡിതമായ ശ്രീഗൎഭഗൃഹത്തിൽ കിടന്നുറങ്ങുക പതിവായിരുന്നു.

ഒരു ദിവസം ഒരത്ഭുതസംഭവമുണ്ടായി. അവിടെ നാലു മഹാരാജാക്കന്മാർ വന്നു മായാദേവിയെ പല്യങ്കത്തോടുകൂടിയെടുത്ത് ഹിമവൽപൎവ്വതത്തിൽ കൊണ്ടുചെന്ന് അവിടെയുള്ള അറുപതു യോജനവിസ്തീൎണ്ണമായ മനശ്ശിലാതലത്തിൽ ഏഴുയോജന ദീൎഘവിസ്താരത്തോടുകൂടിയ മഹാസാലവൃക്ഷത്തിന്റെ ചുവട്ടിൽവെച്ച് അരികെ അവർ കാത്തുനിന്നു. അപ്പോഴക്കും ആ സ്ഥലത്തു ദേവസ്ത്രീകൾ വന്നു മാനുഷപങ്കത്തെ കളവാൻവേണ്ടി മായാദേവിയെ

ദിവ്യോദകത്താൽ സ്നാനം ചെയ്യിച്ചു ദിവ്യവസ്ത്രങ്ങളുടുപ്പിച്ചു കളഭം മേൽ പൂശി ദിവ്യപുഷ്പങ്ങൾ ശരസ്സിൽ ചൂടിച്ചു. അതിന്നുശേഷം അവിടെക്കു ഏതാണ്ടടുത്തുള്ള രജതപർവ്വതപാർശ്വത്തിൽ ശോഭിക്കുന്ന കനകസൌധത്തിലേക്കെടുത്ത് അതിലെ പ്രാചീനശീർഷകമെന്ന ദിവ്യശയനത്തിൽ കിടത്തുകയും ചെയ്തു. അതിന്നിടയിൽ ഒരു ശ്വേതവാരണരൂപം ധരിച്ചു രജതപർവ്വതത്തിന്നടുത്തുള്ള സ്വർണ്ണഗിരിയിൽ ക്രീഡിച്ചുനടക്കുന്ന ബോധിസത്വൻ അവിടെ നിന്നിറങ്ങി രജതദാമപ്രഭയുള്ള തുമ്പിക്കയ്യിൽ ഒരു വെള്ളത്താമരപുഷ്പത്തെ ധരിച്ചുകൊണ്ടു ക്രൌഞ്ചനാദത്തോടെ ഉത്തരഭാഗേന കടന്നു രജതപർവ്വതത്തിലെത്തി. ആ വഴിയെ കനകസൌധത്തിന്മേൽ കേറിച്ചെന്നു. ബോധിസത്വൻ അവിടെ ദേവി കിടക്കുന്ന ശയ്യാതലത്തെ മൂന്നു പ്രദിക്ഷണം വെക്കുകയും ദേവിയുടെ വലത്തുഭാഗത്തിലൂടെ ഉദരത്തിലേക്കു പ്രവേശിക്കുകയും ചെയ്തു. ഇങ്ങിനെയൊരു സംഭവമുണ്ടായതായി ദേവിക്കു തോന്നിയത് ആഷാഢനക്ഷത്രദിവസമായിരുന്നു.

പിറേറദിവസം മായാദേവി ഉണന്നുടനെ ഈ വിവരം രാജാവിനെ അറിയിച്ചു. രാജാവു സന്തോഷാകുലനായി വേഗത്തിൽ അറുപത്തിനാലു ബ്രാഹ്മണരെ വരുത്തി. ഹരിതപാത്രങ്ങളിൽ മലർ നിറച്ചു കയ്യിൽകൊടുത്തു മഹാർഹപീഠങ്ങളിലിരുത്തിയശേഷം നെയ്യും ശക്കരയും ചേർന്ന പരമാന്നപായസങ്ങളെ സ്വവർണ്ണപാത്രങ്ങളിൽ വിളമ്പി അവരെ ഊട്ടിച്ചു. ഭോജനം കഴിഞ്ഞിട്ടു കപിലപശുക്കളെയും മററും വളരെ വളരെ ദാനം ചെയ്തു. എന്നു മാത്രമല്ല അവക്കുള്ള അഭിലാഷങ്ങളെയെല്ലാം നിറവേററി തൃപ്തരാക്കുകയും ദേവിക്കുണ്ടായ സ്വപ്നത്തിൻെറ വിവരം അറിയിച്ച് അതിൻെറ ഫലമെന്താണെന്നു ചോദിക്കുകയുമുണ്ടായി. അപ്പോൾ ബ്രാഹ്മണൻ പറഞ്ഞു.

"മഹാരാജാവു സമാധാനത്തിലിരിക്കണം! അങ്ങയുടെ ധർമ്മപത്നിക്കു ഗർഭമുണ്ടായിരിക്കുന്നു. ആ ഗർഭത്തിൽ പുരുഷസന്താനവുമാണ്. സ്ത്രീയല്ല. ഒരു പുത്രൻ അവിടെക്കു ജനിക്കും. അദ്ദേഹം ഗൃഹസ്ഥനായ്വരുന്നതാണെങ്കിൽ ലോകൈകചക്രവർത്തിയാകും.

അതല്ല, ഗൃഹംവിട്ടു പ്രവ്രജിക്കയാണെങ്കിൽ സകല ലോകങ്ങളിലും കീർത്തികേൾപ്പിക്കുന്ന ബുദ്ധനായിത്തീരുകയും ചെയ്യും.

## ൩൦. ബുദ്ധന്റെ ജനനം.

മഹാമായാദേവി പാത്രംകൊണ്ടു തൈലത്തെയെന്നപോലെ കുക്ഷികൊണ്ടു ബോധിസത്വനെ ധരിച്ചുകൊണ്ടു പൂർണ്ണഗർഭയായിരുന്നു. പ്രസവത്തിന്നു സ്വന്തം ജ്ഞാതിഗൃഹത്തിലേക്കുപോവാനാഗ്രഹം തോന്നുകയാൽ ഒരിക്കൽ രാജാവിനോടു പറഞ്ഞു. "ദേവ! പ്രസവത്തിന്നു് എന്റെ കുലരാജധാനിയായ ദേവനഗരത്തിലേക്കു പോയാൽ വേണ്ടില്ല." പ്രിയതമയുടെ ഈ അഭിലാഷത്തെ രാജാവ് അനുമോദിച്ചശേഷം കപിലവസ്തുവിൽനിന്നു ദേവനഗരംവരെയുള്ള വഴിയെല്ലാം സമമാക്കി നിരത്തി കുലവാഴ കൊടിക്കൂറ മുതലായതുകൊണ്ടെല്ലാം ഭംഗിയായലങ്കരിപ്പിച്ചു. അനന്തരം ദേവിയെ പൊൻപല്ലക്കിലെടുപ്പിച്ച് അമാത്യസഹസ്രത്തോടും മഹത്തായ പരിവാരത്തോടും കൂടിയയച്ചു.

കപിലവസ്തുവിൽനിന്നു ദേവനഗരത്തിലേക്കുള്ള മാർഗ്ഗമദ്ധ്യത്തിൽ "ലുംബിനിവന"മെന്നു പേരായ ഒരു മംഗലസാലവനമുണ്ട്. ദേവിയുടെ യാത്രാസമയമായപ്പോഴേക്കും ആ വനത്തിലെ സകല വൃക്ഷങ്ങളും ആമൂലചൂഡം പൂത്തു വികസിച്ചു നില്ക്കുകയും അവയുടെ ഇടയിലെല്ലാം പഞ്ചവർണ്ണങ്ങളായ ഭൃംഗങ്ങളും ചിത്രവർണ്ണങ്ങളായ ചെറു പക്ഷികളും മധുരഗാനം ചെയ്തു സഞ്ചരിക്കുകയും ചെയ്തിരുന്നു. ലുംബിനീവനമാസകലവും ചിത്രലതാസദൃശമായിട്ടു മഹാനുഭാവനായ ഒരു രാജാവിന്നു ഒരുക്കപ്പെട്ട ആപാനമണ്ഡപമെന്നപോലെ ശോഭിച്ചു.

അതിലെ യാത്രചെയ്യുന്ന ദേവിക്കു ആ ലുംബിനീവനം കണ്ടു കൌതുകം തോന്നുകയാൽ അമാത്യന്മാർ വാഹനം അവിടെ ഇറക്കിച്ചു. ദേവി മനോഹരമായ ഒരു സാലത്തിന്റെ മുരട്ടുചെന്നു്

അതിന്റെ കൊമ്പു പിടിക്കാൻ തുടങ്ങി. അപ്പോൾ ആ കൊമ്പ് ഒരു ചൂരൽ വള്ളിയുടെ അഗ്രമെന്നപോലെ താഴെയിറങ്ങി ദേവിയുടെ കയ്യിന്നരികിൽ വന്നുനിന്നു. അവൾ കൈനീട്ടി ശാഖപിടിച്ചു. അനേകം പരിജനങ്ങൾ താങ്ങിയിരുന്നുവെങ്കിലും ആ സമയത്തു ദേവിയുടെ ദേഹത്തിലെ വായുക്കൾ ഇളകുകയുണ്ടായി. ശാഖയും പിടിച്ചു നില്ക്കുന്ന ദേവിയുടെ ഗർഭം അപ്പോൾ പുറത്തുപോരികയും ചെയ്തു.

തൽക്ഷണം ശുദ്ധചിത്തന്മാരായ നാലു മഹാബ്രഹ്മാക്കൾ പൊൻമലരുകളും ധരിച്ചുവന്നു ബോധിസത്വനാകുന്ന ആ ശിശുവിന്റെമേലഭിഷേകം ചെയ്തശേഷം ഇങ്ങിനെ പറഞ്ഞു. "ദേവി കൃതകൃത്യയായി ഭവിച്ചാലും; മഹേശ്വരനെപ്പോലെ പ്രസിദ്ധനായ ഒരു പുത്രനാണ് ഭവതിക്കുണ്ടായിട്ടുള്ളത്".

മററുള്ള സത്വങ്ങളെല്ലാം ജനനീഗർഭത്തിൽനിന്നു ജനിക്കുന്ന സമയം പല അശുചിവസ്തുക്കളും ചേർന്ന് അഴുക്കുപററുന്നതു സമ്പ്രദായമാണല്ലോ. ബോധിസത്വന്ന് അതുണ്ടായില്ല. അദ്ദേഹമാകട്ടെ ധർമ്മാസനത്തിൽനിന്നിറങ്ങിവരുന്ന ഒരു ധർമ്മോപദേഷ്ടാവെന്നപോലെയും സോപാനങ്ങളിറങ്ങുന്ന ഒരു മഹാപുരുഷനെന്നപോലെയും കൈകാലുകളെ പ്രസരിപ്പിച്ചുകൊണ്ടും മാതൃകുക്ഷിയിലെ യാതൊരു അശുചിസാധനങ്ങളുടെയും സമ്പർക്കമില്ലാതെയും ശുദ്ധനായും വിശദനായും വീരാളിപ്പട്ടിൽവെച്ച വിശിഷ്ടരത്നമെന്നപോലെയും ജ്വലിച്ചുകൊണ്ടു ജനനീഗർഭത്തിൽനിന്ന് അവതരിച്ചു. ഇപ്രകാരം ശാന്തമായ ആ സമയത്തിൽ ആകാശത്തിൽനിന്നു ദിവ്യജലം രണ്ടുധാരയായി ഇറങ്ങിവന്നു. അതിലൊന്നു ബോധിസത്വമാതാവിനെയും മറേറതു ബോധിസത്വനെയും വഴിപോലെ സ്നാനം ചെയ്യിച്ചു.

19 *

## ൩൮. നാലു പൂൎവ്വനിമിത്തങ്ങൾ.

ഒരുദിവസം സിദ്ധാൎത്ഥകുമാരനായ ബോധിസത്വൻ ഉദ്ദ്യാനവിഹാരത്തിൽ ആഗ്രഹം തോന്നുകയാൽ സാരഥിയെ വിളിച്ചു തേർ കൂട്ടുവാൻ കല്പിച്ചു. അവൻ ആജ്ഞയ്ക്കനുരൂപമായി മഹാൎഘമായ ഉത്തമരഥത്തെ സൎവ്വവിധത്തിലും അലങ്കരിച്ചശേഷം കുമുദപത്രവൎണ്ണങ്ങളായ നാലു മംഗലവാജികളെ അതിൽ കെട്ടി ബോധിസത്വനെ വിവരമറിയിച്ചു. അദ്ദേഹമാകട്ടെ ദേവവിമാനസദൃശമായ രഥത്തിൽ കയറി ഉദ്ദ്യാനത്തിലെക്കു യാത്രയായി. ആ സമയം, ദേവന്മാർ "സിദ്ധാൎത്ഥകുമാരന്റെ അഭിസംബോധനത്തിന്നുള്ള കാലം സമീപിച്ചു, അതിലെക്കുള്ള പൂൎവ്വനിമിത്തം കാട്ടിക്കൊടുക്കണം" എന്നിങ്ങിനെ നിശ്ചയിച്ച് ഒരു ദേവപുത്രനെ ജരാജൎജ്ജരനും പല്ലുകൊഴിഞ്ഞും തലനരച്ചും അംഗങ്ങളഴിഞ്ഞും ദേഹം മെലിഞ്ഞും കാലൊടിഞ്ഞും വടികുത്തി മുടന്തിയുമുള്ള സ്വരൂപമാക്കി വഴിയിൽ നിൎത്തി. ബോധിസത്വൻ അവനെ കാണുകയാൽ, "സൌമ്യ! ഇതെന്തൊരു മാതിരി പുരുഷനാണ്? ഇവന്റെ തലമുടിയും മററംഗങ്ങളും നമ്മെപ്പോലെയൊന്നുമല്ലല്ലോ" എന്നു സാരഥിയോടു ചോദിച്ചു. "ഇതു ഏതുമനുഷ്യന്നും വയസ്സധികമാവുമ്പോളുണ്ടാവുന്ന ജരാവസ്ഥയാണ്" എന്ന് അവൻ ഉത്തരവും പറഞ്ഞു. അതുകേട്ടു ബോധിസത്വൻ ഖിന്നമനസ്സായി മടങ്ങി സ്വന്തം മാളികയിൽ ചെന്നിരിപ്പായി.

തന്റെ പുത്രൻ ഇത്ര ക്ഷണത്തിൽ മടങ്ങിവന്നതിന്നു കാരണമെന്തായിരിക്കുമെന്നു ശുദ്ധോദനരാജാവന്വേഷിച്ചതിൽ ജരാൎത്തനായ പുരുഷനെ കണ്ടു വിരക്തിയോടെ വന്നിരിക്കയാണെന്നു മനസ്സിലായി. അനന്തരം നാടകം മുതലായ ഉല്ലാസപ്രദൎശനങ്ങളെ നാടെങ്ങും നടത്തുവാനും പുത്രന്നു പുറത്തിറങ്ങുമ്പോൾ മനസ്സു വെറുക്കത്തക്ക സംഭവങ്ങളൊന്നും ഇല്ലാതിരിപ്പാൻവേണ്ടി നഗരത്തിലെങ്ങും അരയോജനസ്ഥിടകളിൽ കാവൽ സൈന്യം നില്പാനും രാജാവു കല്പിച്ചു. ഐശ്വൎയ്യാനുഭവത്താൽ മകൻ ഗൃഹസ്ഥാശ്രമ

ത്തിൽ ശ്രദ്ധിച്ചുകൊള്ളുമെന്നുതന്നെ നിശ്ചയിച്ചു സമാധാനിക്കുകയും ചെയ്തു.

മറ്റൊരു ദിവസവും ബോധിസത്വൻ ഉദ്യാനത്തിലേക്കു പുറപ്പെട്ടു. അന്നു വഴിയിൽ ദേവന്മാർ നിർമ്മിതനായ ഒരു വ്യാധിതനെ കാൺകയാൽ മുമ്പത്തെവിധം സാരഥിയോടു വിവരം ചോദിച്ചതിൽ അവൻ വ്യാധിക്ലിഷ്ടനാണെന്നു സാരഥി പറകയാൽ വിഷണ്ണനായി മടങ്ങിപ്പോന്നു പ്രാസാദത്തിൽ ചെന്ന് അടച്ചിരുന്നു.

പിന്നെയും ഒരിക്കൽ ഉദ്യാനദർശനത്തിന്നായി ബോധിസത്വൻ പുറപ്പെട്ടു. അന്നു ദേവകല്പിതമായ ഒരു ശവത്തെയാണ് കണ്ടത്. അതിനാൽ പരിഭ്രമിച്ച് എന്താണതെന്നു ചോദിച്ചപ്പോൾ "ഇത് ഏതു ജന്തുവിന്റെ ദേഹത്തിന്നും ഒടുവിൽ വരുന്ന അവസ്ഥയാണെ"ന്നറിഞ്ഞശേഷം സിദ്ധാർത്ഥൻ സംവിഗ്നഹൃദയനായിട്ടു തന്റെ സൌധത്തിലേക്കുതന്നെ മടങ്ങി. രാജാവു വസ്തുതയറിഞ്ഞു ഖേദിക്കുകയും ചില നിബന്ധനകൾകൂടി കല്പിക്കയും ചെയ്തു.

മറ്റൊരുദിവസവും അദ്ദേഹം ഉദ്യാനയാത്ര ചെയ്കയുണ്ടായി. അന്നു വഴിയിൽ ലൌകികവിരക്തനും സമാധാനചിത്തനുമായ ഒരു പ്രവ്രജിതനെ കാൺകയാൽ ഇതാരാണെന്നു ചോദിച്ചു.

സാരഥിയാകട്ടെ തീരെ ബുദ്ധിവിവേകമില്ലാത്തവനാകയാൽ പ്രവ്രജിതനാരെന്നും പ്രവ്രജിക്കാത്തവനാരെന്നും അറികയില്ല. എന്നാൽ ദേവപ്രേരണയാൽ അതു പ്രവ്രജിതനാണെന്ന് അവന്നു മനസ്സിലായി. അതോടുകൂടി പ്രവ്രജ്യാഗുണങ്ങളെ അവൻ വർണ്ണിച്ചു ബോധിസത്വന്നു പ്രവ്രജ്യയിൽ അഭിരുചി തോന്നുകയും അന്നു മടങ്ങാതെ ഉദ്യാനത്തിലേക്കു പോകയും ചെയ്തു.

ഈ നാലുനിമിത്തങ്ങളുമുണ്ടായത് ഒരുദിവസംതന്നെയാണെന്നും ചിലർ പറയുന്നുണ്ട്.

---:*:---

## ൯൨. മഹാഭിനിഷ്ക്രമണം.

അക്കാലത്തു രാഹുലമാതാവായ യശോധര പ്രസവിച്ചു പുത്രനുണ്ടായിയെന്ന വർത്തമാനം ശുദ്ധോദനരാജാവിനെ അസാമാന്യമായി സന്തോഷിപ്പിച്ചു. "ഈ സന്തോഷവാർത്ത എന്റെ മകനെയും ചെന്നറിയിക്കുവിൻ" എന്നു് അദ്ദേഹം ദൂതന്മാരോടു കല്പിച്ചയച്ചു. ബോധിസത്വൻ പുത്രജനനം കേട്ടപ്പോൾ "രാഹുലനുണ്ടായി; ബന്ധനവുമായി" എന്നു പറകയാണുണ്ടായതു്. ദൂതന്മാർ മടങ്ങിച്ചെന്നസമയം എന്റെ മകൻ പുത്രജനനത്താൽ എത്ര സന്തോഷിച്ചിരിക്കുന്നു എന്നു രാജാവു ചോദിച്ചപ്പോൾ അവൻ വിവരം പറകയാൽ രാജാവു പൌത്രനു "രാഹുലകുമാരൻ" എന്നു പേരിട്ടു.

അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ സിദ്ധാർത്ഥൻ വിശിഷ്ടരഥത്തിൽ കയറി മഹത്തായ യശസ്സോടും മനോരമമായ ശ്രീസൌഭാഗ്യത്തോടുംകൂടി നഗരയാത്ര ചെയ്കയായിരുന്നു. ആ സമയം കൃശാഗൌതമിയെന്നുപേരായ ഒരു ക്ഷത്രിയകന്യക മാളികയിലിരിക്കുന്നതിന്നിടയിൽ നഗരപ്രദക്ഷിണം ചെയ്യുന്ന ബോധിസത്വന്റെ രൂപലക്ഷ്മിയെ കാണ്മാനിടവന്നതിനാൽ മനസ്സു തെളിഞ്ഞുകൊണ്ടു് ഇപ്രകാരം ഒരു ഗാഥ ചൊല്ലി.

"ആയമ്മയോ നിർവൃതയാണായച്ഛൻ നിർവൃതൻ ദൃഢം
ആസ്ത്രീ നിർവൃതയാണവനുള്ളാനെവളെ വേൾക്കുമോ?"

ഇതുകേട്ടു ബോധിസത്വൻ വിചാരിച്ചു. "ഇതേമട്ടിലുള്ള ഞാൻനിമിത്തം മാതാവു നിർവൃതയായി; പിതാവും നിർവൃതനായി. അവരുടെ പുത്രഭാര്യയും നിർവൃതയായി. എന്നിവൾ പറയുന്നു. എന്നാൽ എനിക്കു നിർവൃതി വരേണമെങ്കിൽ എന്തുവേണം? ക്ലേശഹേതുക്കളിൽ വിരക്തമനസ്സായ അദ്ദേഹത്തിന്നു ഒടുവിൽ ഇങ്ങിനെ തോന്നി. "രാഗഗൃഹങ്ങൾക്കു നിർവൃതിവരുമ്പോഴും ദോഷഗ്രഹങ്ങൾക്കു നിർവൃതിവരുമ്പോഴും മാനം മദം മുതലായുള്ളകൾക്കു നിർവൃതി വന്നാലും ഒരുവൻ നിർവൃതനാകുന്നതാ

ണ്. ഇവൾ എനിക്കു കേൾക്കേണ്ടതിനെത്തന്നെ പറയുന്നു. ഞാനാഗ്രഹിച്ചു നടക്കുന്നതു നിർവൃതിയെത്തന്നെയാണ്. അതിനാൽ എനിക്കിന്നു ഗൃഹവാസത്തെ ഒഴിച്ചു നിഷ്ക്രമിക്കണം; പ്രവ്രജിക്കണം. നിർവ്വാണത്തെ തിരയുകയും വേണം. അതിലേക്കുള്ള എന്റെ ഗുരുസ്ഥാനം ഇവൾക്കു തന്നെ ഇരിക്കട്ടെ." എന്നു നിശ്ചയിച്ച് തന്റെ കഴുത്തിൽ നിന്നു നൂറായിരം പവൻ വിലക്കുള്ള മുത്തുമാലയഴിച്ചു കൃശാഗൗതമിയെ വിളിച്ചു സമ്മാനിച്ചു. അവൾ വളരെ സന്തോഷിക്കുകയും ചെയ്തു.

അനന്തരം സിദ്ധാർത്ഥനാകട്ടെ രാത്രിയിൽ മഹത്തായ സൌന്ദര്യലക്ഷ്മിയോടെ സ്വന്തം പ്രാസാദത്തിൽ ശ്രീശയനത്തിൽ ചെന്നിരുന്നു. ആ സമയം സർവ്വാലങ്കാരമണ്ഡിതമാരും സുശിക്ഷിതമാരും ദേവസ്ത്രീകളെപ്പോലെ രൂപഗുണമുള്ളവരുമായ വളരെ സ്ത്രീകൾ വന്നു ചുഴന്നുകൊണ്ടു നൃത്തഗീതാദികളെക്കൊണ്ട് അദ്ദേഹത്തിന്നു കൌതുകം വളർത്തുവാൻ യത്നിച്ചു. എന്നാൽ ബോധിസത്വന്റെ ഹൃദയത്തിന്നു ക്ലേശാദികളിൽ നിന്നു വിരക്തി വന്നിരിക്കയാൽ ഗീതത്തിലും മററും അഭിരതി വന്നില്ല. ക്ഷണനേരംകൊണ്ട് ഉറങ്ങുകയും ചെയ്തു. "നാം ഇത്രയെല്ലാം കലാവിദ്യകൾ കാണിച്ചിട്ടും സ്വാമി സന്തോഷിക്കാതെ ഉറങ്ങിയല്ലോ! എന്തിനാണിനി ബുദ്ധിമുട്ടുന്നത്?" എന്നിങ്ങിനെ അവർ അന്യോന്യം പറഞ്ഞുകൊണ്ടു തങ്ങടെ മേൽപ്പുടവകളെ അഴിച്ചുവിരിച്ച് അവിടെ കിടന്നുറങ്ങി. സുഗന്ധതൈലത്താൽ ജ്വലപ്പെട്ടുകൊണ്ടു വിളക്കു കത്തുന്നു. ഇടക്കു ബോധിസത്വൻ ഉണർന്നു ചുററും നോക്കുമ്പോൾ ഭയങ്കരമായ ഒരു കാഴ്ച കണ്ടു. അഭിനയിച്ചിരുന്ന സ്ത്രീകളിൽ ചിലർ മററമാക്കാതെയും ചിലർ വായിൽ നിന്ന് വെള്ളമൊലിപ്പിച്ചും ചിലർ പല്ലുകടിച്ചും ചിലർ നൊസ്സു പറഞ്ഞും ചിലർ ഉരുണ്ടും ചിലർ വായ്പൊളിച്ചും ചിലർ ഉടുക്കാതെയും പലതരത്തിലും പ്രാകൃതബീഭത്സമാരായി കിടക്കുന്നു. അവരുടെ അപ്പോഴത്തെ സമ്പ്രദായ [illegible] ൽ വല്ലാതെ ഭയപ്പെട്ട സിദ്ധാർത്ഥൻ സ്ത്രീവിഷയ [illegible] ച്ചു. തന്റെ സ്വർഗ്ഗലോകതുല്യമായ ആ പള്ളിയറ അലങ്കാരഭാസുരമാണെങ്കിലും അസംഖ്യം ശവ

ങ്ങളാൽ ആസ്തൃതമായ മഹാശ്മശാനമെന്ന് അദ്ദേഹത്തിന്നു തോന്നി. ഇത് ഉപദ്രവമോ ഉപകാരമോ എന്നിങ്ങിനെ അല്പമൊന്നു ചിന്തിച്ചിരുന്ന ഉടനെ പ്രവ്രജ്യയിൽ മനസ്സെത്തി. "എനിക്കു മഹാനിഷ്ക്രമണത്തിന്നുള്ള മുഹൂർത്തം ഇതുതന്നെയാണ്" എന്നുറച്ച് ശയനഗൃഹത്തിൽ നിന്നെഴുന്നേററു വാതുക്കൽ ചെന്ന് ആരവിടെ എന്നു വിളിച്ചു.

ഛന്ദകനെന്ന കുതിരക്കാരൻ "അടിയൻ" എന്നു വിളികേട്ടു.

സിദ്ധാർത്ഥൻ—ഞാനിന്നു മഹാനിഷ്ക്രമണം ചെയ്യുന്നു. കുതിരയെ വേഗം തയ്യാറാക്കുക.

ഛന്ദകൻ—"സ്വാമി" എന്നു പറഞ്ഞു ഗന്ധതൈലപ്രദീപങ്ങളാൽ പ്രഭകൂടിയ കുതിരപ്പന്തിയിൽ ചെന്നു. അവിടെ വീരാളിപ്പട്ടു വിരിപ്പുകളിൽ നില്ക്കുന്ന അശ്വങ്ങളിൽ "കന്ധക"നെന്നു പേരായ അശ്വശ്രേഷ്ഠനെ അഴിച്ചുകൊണ്ടു പോവാൻ തുടങ്ങി.

വരേംഗിതജ്ഞാനിയായ ആ മൃഗത്തിന്നു കാര്യം മനസ്സിലായി "ഈ കല്പന ഇളകാത്തവിധം ഉറപ്പുള്ളതാണ്. ഈ യാത്ര മറെറ ദിവസങ്ങളിൽ ഉദ്യാനക്രീഡയ്ക്കു പോകുന്ന മാതിരിയിലായി വരില്ല. എന്റെ സ്വാമി ഇന്നു മഹാനിഷ്ക്രമണത്തിന്നൊരുങ്ങിക്കഴിഞ്ഞിരിക്കുന്നു" എന്നിങ്ങിനെയുള്ള വിചാരം ഉള്ളിൽ കടക്കുകയാൽ ആ കുതിര നഗരത്തിലെല്ലാം വ്യാപിക്കത്തക്കവണ്ണം ചിരിച്ചു. ദേവന്മാർ ആ ശബ്ദം ജനങ്ങൾക്കു കേൾക്കാനയച്ചതുമില്ല.

ബോധിസത്വനും കുതിരയെ കൊണ്ടുവരാൻ ഛന്ദനെ അയച്ചു ശേഷം "എന്റെ മകനെ കണ്ടിട്ടു പോയ്ക്കളയാം" എന്നു വിചാരിച്ചു കിടക്കയിൽനിന്നെഴുന്നേററു രാഹുലമാതാവിന്റെ വാസസ്ഥലത്തുചെന്ന് അറയിൽ കടന്നു. അവിടെയും വിളക്കു തെളിഞ്ഞു കത്തിയിരുന്നു. യശോധരാദേവിയാകട്ടെ മല്ലികാദി
ങ്ങളാൽ ആസ്തൃതമായ പല്യങ്കത്ത
ശിരസ്സിൽ കയ്യുംവെച്ചു കിടന്നുറങ്ങുന്നു. ബോധിസത്വൻ അട്ടത്തു.

ചെന്നു നോക്കിയശേഷം ഞാൻ ദേവിയുടെ കൈ വിടുത്തി ഉണ്ണിയെ എടുക്കുന്നതായാൽ ഇവളുണൎന്ന് എനിക്കു യാത്രാവിഘ്നം വരുത്തും. ബുദ്ധപദം ലഭിച്ചശേഷം ഇവിടെ വന്നു കണ്ടുകൊള്ളാം" എന്നുറച്ചു സൌധത്തിൽ നിന്നിറങ്ങിപ്പോവുകയും ചെയ്തു.

## ൯൯. കള്ളക്കച്ചവടം.

ഒരു കാലത്തു ബോധിസത്വൻ കാശിയിൽ ബ്രഹ്മദത്ത രാജാവിന്റെ മന്ത്രിമാരിൽ വിനിശ്ചയാമാത്യൻ— എന്നാൽ വ്യവഹാരങ്ങൾക്കു തീൎപ്പു കല്പിക്കുന്ന ഉദ്യോഗസ്ഥനായിട്ടു പാൎത്തു വന്നു. ആ ദിക്കിലെ ഒരു നാട്ടുപുറത്തുള്ള കച്ചവടക്കാരനും നഗരത്തിലുള്ള കച്ചവടക്കാരനും തമ്മിൽ അധികം ലൌകീകത്തിലും ഐക്യത്തിലും കഴിഞ്ഞു വന്നിരുന്നു. അങ്ങിനെയിരിക്കുമ്പോൾ നാട്ടിലെ കച്ചവടക്കാരൻ ഒരു കുറി നഗരക്കാരന്റെ വക്കൽ അഞ്ഞൂറ് ഇരിമ്പു പലകകൾ സൂക്ഷിക്കാൻ കൊടുക്കുകയുണ്ടായി. നാട്ടുകാരൻ പോയശേഷം നഗരത്തിലുള്ള സ്നേഹിതൻ പലകകളെല്ലാം എടുത്തു വിററു. അവ വെച്ചിരുന്ന സ്ഥലത്ത് എലികടിച്ചിട്ടുള്ള ശീലക്കഷണങ്ങളും മററും കൊണ്ടുയിട്ടുകയും ചെയ്തു. നാട്ടിൽനിന്നു സ്നേഹിതൻ തിരികെവന്നു പലക ചോദിച്ചപ്പോൾ മററവൻ പറഞ്ഞു "കഷ്ടമേ! എന്തു ചെയ്യേണ്ടു? ഞാൻ നിങ്ങടെ പലകകളെല്ലാം വളരെ സൂക്ഷിച്ചിരുന്നു. ഗ്രഹപ്പിഴക്കു ഒരു രാത്രി എലികൾ വന്നു എല്ലാം തിന്നൊടുക്കി. ആ സ്ഥലത്തു ചെന്നു നോക്കിയാൽ എലികൾ കാണിച്ച പരാക്രമമെല്ലാം കാണാവുന്നതാണ്?" എന്നും മററും വളരെ പശ്ചാത്താപം കാണിച്ചുകൊണ്ടു പറഞ്ഞു സ്നേഹിതനെ കൂട്ടിക്കൊണ്ടു പോയി പലകകൾ വെച്ചിരുന്ന സ്ഥലം കാണിച്ചു. "നിവൃത്തിയില്ലാത്ത കാൎയ്യമല്ലേ? തിന്നാൽ തിന്നട്ടെ! ആ നഷ്ടം ഞാൻ തന്നെ വഹിച്ചുകൊള്ളാം. ദുഷ്ടജന്തുക്കളോട് എന്തു പകരമാണ്" എന്നും പറഞ്ഞുകൊണ്ടു നാട്ടുകാരൻ തന്റെ നഷ്ടത്തെ വിലവെച്ചില്ല. ആയാൾ അന്നു സ്നേഹിതനൊരുമിച്ചു നഗരത്തിൽ താമസിച്ചു. പിറെറന്നാൾ പോകുമ്പോൾ സ്നേഹിതന്റെ മകനെക്കൂട്ടി

നാട്ടിലെക്ക കൊണ്ടുപോണമെന്നാവശ്യപ്പെട്ടു. അതുപ്രകാരം അ
യക്കുകയും ചെയ്തു. വഴിയിൽ നാട്ടുകാരൻ തനിക്കു പരിചയമുള്ള
ഒരു വീട്ടിൽ കടന്നു ആ കുട്ടിയെ പുറത്തിറങ്ങാനയക്കാതെ അക
ത്തു വല്ലടിക്കിലും സൂക്ഷിക്കണമെന്നു പറഞ്ഞേല്പിച്ചു. ഉടനെ കു
ളിയും കറിയും കഴിഞ്ഞ് ആയാൾ സ്നേഹിതനെ കാണാൻ ചെ
ന്നപ്പോൾ സ്നേഹിതൻ പരിഭ്രമിച്ചുകൊണ്ടു “എന്റെ കുട്ടിയെ എ
വിടെയാക്കിപ്പോന്നു? എന്നു ചോദിച്ചു.” ഇഷ്ട! കാൎയ്യം തകരാറായ
ല്ലൊ. കുട്ടിയെ കുളക്കടവിൽ നിൎത്തി ഞാൻ കുളിക്കാനിറങ്ങിയ
പ്പോൾ ഒരു പരുന്തു വന്നു നിങ്ങടെ കുട്ടിയെ അതിന്റെ കാലി
ന്നിടയിൽ എടുത്തുംവച്ചു പറന്നുകളഞ്ഞു. വിടുത്താൻ എന്നെ
ക്കൊണ്ടു കഴിഞ്ഞില്ല.” എന്നു പറയുമ്പോൾ മറ്റെയാൾ ക്രോധി
ച്ചുകൊണ്ടു “നീ കളവല്ലെ പറയുന്നത്? ഒരു പരുന്തിന്നു മനുഷ്യ
നെ എടുക്കാൻ കഴിയുമോ” എന്നു ചോദിച്ചു കലശൽകൂട്ടി. “കാ
ൎയ്യം അങ്ങിനെയായിരിക്കാം. എന്നാൽ ഞാനെന്തു ചെയ്യട്ടെ!
നിങ്ങടെ മകനെ പരുന്തുകൊണ്ടുപോയതു നേരാണ്” എന്നാ
ണ് സ്നേഹിതന്റെ ഉത്തരം. കുട്ടിയുടെ അച്ഛന്നു കോപം സഹി
ക്ക വയ്യാതായി” എടാ ദുഷ്ടചോര! മനുഷ്യമാരക! എന്നും മററും
വല്ലാത്ത അസഭ്യവാക്കുകൾ പറഞ്ഞതെല്ലാം മററവൻ കേട്ടു സ
ഹിച്ചു. ഒടുവിൽ “നോക്കിക്കൊ നിന്നെ ഞാൻ രാജധാനിയിൽ
കൊണ്ടുപോയി വിസ്തരിപ്പിച്ചു ഇതിന്നു തക്ക ശിക്ഷയനുഭവി
പ്പിക്കും. ഒരുമിച്ചുവാ” എന്നു പറഞ്ഞു ക്രോധാന്ധനോടുകൂ
ടി കുററക്കാരനും പുറപ്പെട്ടു. വിനിശ്ചയസ്ഥാനമായ കച്ചേ
രിയിൽ വിധികൎത്താവു ബോധിസത്വനായിരുന്നു. അദ്ദേഹത്തി
ന്റെ മുമ്പാകെ അന്യായം പ്രതികൾ എത്തിച്ചേൎന്നു. നഗരത്തി
ലെ വൎത്തകൻ—ഇവനെന്റെ മകനെ ചതിയായി കൂട്ടിക്കൊണ്ടു
പോയി നശിപ്പിച്ചിരിക്കുന്നു. ചോദിക്കുമ്പോൾ പരുന്തു കൊണ്ടു
പോയെന്നു പറകയാണ്. പരുന്തിന്നു മനുഷ്യക്കുട്ടിയെ എടുക്കാൻ
കഴിയുമൊ എന്നാലോചിച്ചാൽ ഇവിടെക്കറിയാവുന്നതാണ്. എ
ന്നും മററും സങ്കടം ബോധിപ്പിച്ചു. ഇതു കേട്ടപ്പോൾ “എടൊ!
സത്യംപറയൂ” എന്നു ബോധിസത്വൻ പ്രതിയോടു ചോദിച്ച
തിൽ ആയാളിങ്ങിനെ പറഞ്ഞു: “അതെ സ്വാമിൻ! സത്യമാണ്.

ഞാനവനെയും കൊണ്ടുപോവുമ്പോൾ പരുന്തുവന്ന് അവനെ പെറക്കി കൊണ്ടുപോയി".

ബോ. സ—ദൃഢാ! ലോകത്തിൽ ഒരു പരുന്തു മനുഷ്യബാലനെ കൊണ്ടുപോവുമെന്നതു സംഭവിക്കത്തക്കതാണോ?

പ്രതി—ഞാനും ഒന്നു ചോദിക്കട്ടെ സ്വാമി! പരുന്തിന്നു കുട്ടിയെ എടുത്തു പറക്കാൻ കഴിയില്ലെങ്കിൽ എലികൾക്ക് ഇരിമ്പു തിന്നൊടുക്കാൻ കഴിയുമോ?

ബോ. സ—ഇതെന്ത്?

പ്രതി—സ്വാമിൻ! ഞാനൊരുകുറി ഇയ്യാളുടെ വീട്ടിൽ അഞ്ഞൂറ് ഇരിമ്പുപലക സൂക്ഷിച്ചുവച്ചു. പിന്നെ അതു ചോദിക്കാൻ ചെന്നപ്പോൾ "നിന്റെ ഇരിമ്പുപലകയെല്ലാം എലി തിന്നുതീർത്തു" എന്നുപറഞ്ഞ് അതു വെച്ച സ്ഥലം മാത്രം കാണിച്ചുതരികയാണുണ്ടായത്. എലികൾക്ക് ഇരിമ്പുതിന്നാമെങ്കിൽ പരുന്തിനു മനുഷ്യനെ കൊണ്ടുപോവാം. അതില്ലെങ്കിൽ ഇതുമില്ല. ഇതു കേട്ടപ്പോൾ ബോധിസത്വൻ ഈ പദ്യങ്ങൾ ചൊല്ലി.

"ശഠന്നുവേണ്ടുന്നതുശാഠ്യമെന്നുതാൻ
കഥിപ്പതുംവഞ്ചനവഞ്ചനയ്ക്കുതാൻ
ഇരിമ്പുതിന്നാനെലിയെങ്കിലാവിധം
പരുന്തിനുകുട്ടിയെയുംഗ്രഹിച്ചിടാം".

ചതിപ്രവൃത്തിക്കിതുതന്നെയുത്തരം
തുടർന്നതേചെയ്കയിവർക്കുവേണ്ടതും
ഇരിമ്പുനൽകുമകനെകൊതിക്കിലോ
പരുന്തുനിൻകുട്ടിയെനഷ്ടമാക്കിടാ.

ഇപ്രകാരം പറഞ്ഞ് ഇരിമ്പിനെയും മകനെയും അന്യോന്യം കൈമാറിച്ച് അവർ തങ്ങളിലെ വാദം കലാശിപ്പിച്ചു.

## ൬൪. ലാഭഗഹ്ണം.

ബോധിസത്വൻ കാശിയിൽ ഒരു ബ്രാഹ്മണപുത്രനായി ജനിച്ചു. അദ്ദേഹം പതിനാറുവയസ്സു പ്രായമായപ്പോഴക്കു മൂന്നുവേദങ്ങളിലും പതിനെട്ടു ശില്പവിദ്യകളിലും പാരംഗതനായി. അതിനുശേഷം, വലിയൊരാചാൎയ്യൻെറ സ്ഥാനത്തിൽ അഞ്ഞൂറു വിദ്യാൎത്ഥികൾക്ക് അദ്ധ്യാപകനായി പാൎത്തുവന്നു. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം ശീലാചാരസമ്പന്നനായ ഒരു വിദ്യാൎത്ഥി ആചാൎയ്യരുടെ അടുക്കൽ ചെന്ന് ഇവിടെ ഈ മഹത്തായ ലാഭം എങ്ങിനെ സിദ്ധിച്ചു എന്നു ചോദിച്ചു.

ആചാൎയ്യൻ— വത്സ! ഈ ലാഭം മൂഢന്മാരല്ലാത്തവൎക്കു സിദ്ധിക്കുന്നതാണ്. എന്നാൽ നാലുലക്ഷണങ്ങളോടുകൂടിയവൎക്കുള്ള ലാഭം മൂഢന്മാരെ ഭ്രമിപ്പിക്കുകമാത്രമാണ് എന്നുപറഞ്ഞ് ഈ പദ്യം ചൊല്ലി.

"ഉന്മാദിപൈശൂന്യയുതൻ കള്ളംചൊൽവോൻകുതൂഹലി
മൂഢരിൽസിദ്ധിനേടുന്നു നിനക്കിതനുശാസനം."

ശിഷ്യനാകട്ടെ ആചാൎയ്യൻെറ വാക്കുകേട്ടു ലാഭമെന്നു നിന്ദിച്ചുകൊണ്ടു മറെറാരു പദ്യവും ചൊല്ലി.

"വൃത്തിഭൈക്ഷവിട്ടുമേധൎമ്മാചരണത്തെവെടിഞ്ഞുമേ
കിട്ടുന്നകീൎത്തിധനലാഭങ്ങൾനന്നല്ലഭൂസുര!

"വന്നതിൽതൃപ്തനായ്ഗേഹം വിട്ടുപോയ്പ്രവ്രജിക്കവേ
ഈമട്ടിരിപ്പുതാൻശ്രേഷ്ഠം ധൎമ്മത്തിൽസക്തിയോടുമേ."

ഇപ്രകാരം പ്രവ്രജ്യാഗുണത്തെ വൎണ്ണിച്ചുകൊണ്ടു ലോകവിരക്തനായി പ്രവ്രജിക്കയും ഒടുവിൽ സൽഗതി ലഭിക്കയും ചെയ്തു.

## ൬൫. കഷ്ടഹാരി.

കാശിയിലെ രാജാവായ ബ്രഹ്മദത്തൻ അതിയായ പ്രശസ്തി

യോടെ രാജ്യഭാരം ചെയ്തിരുന്നു. അദ്ദേഹം ഒരിക്കൽ ഉദ്യാനത്തിൽ ചെന്നു ഫലമൂലാദികളിൽ അത്യുത്സുകനായി ച്ചുററിനടക്കുമ്പോൾ ആ ഉദ്യാനപ്രദേശത്തിൽ പാട്ടുപാടിക്കൊണ്ടു വിറകു പെറുക്കി നടക്കുന്ന ഒരു സ്ത്രീയെ കാണാനിടവരികയും അവളിൽ സക്തനായിത്തീന്ന് അല്പം സംഭാഷണാനന്തരം അവളോടുകൂടി രമിക്കുകയും ചെയ്തു. തൽക്ഷണം അവൾക്കു ഗർഭമുണ്ടായി. ബോധിസത്വനാണ് ഗർഭത്തിൽ പ്രവേശിച്ചത്. അവളുടെ ഉദരമാകട്ടെ, വജ്രം നിറച്ചതുപോലെ ഗുരുത്വമുള്ളതായി തോന്നി. അതിന്നുശേഷം അവൾ തനിക്കു ഗർഭമാണെന്നു രാജാവിനോടു പറഞ്ഞു. അതിന്നു രാജാവു തൻെറ മുദ്രമോതിരമഴിച്ചുകൊടുത്ത് അവളോട് ഇങ്ങിനെ പറഞ്ഞു. "നിണക്കു പെൺകുട്ടിയാണുണ്ടായതെങ്കിൽ ഈ മോതിരവും കൊടുത്ത് അതിനെ എൻെറ അടുക്കലേക്കയക്കണം. ആൺകുട്ടിയാണെങ്കിൽ നീതന്നെ കുട്ടിയെ കൊണ്ടുവരണം".

അവൾ ഗർഭംതികഞ്ഞു ബോധിസത്വനെ പ്രസവിച്ചു. ആ കുമാരൻ കളിച്ചുനടന്നുതുടങ്ങിയ കാലമായി. അന്നൊരിക്കൽ ചില കുട്ടികൾ തന്നെക്കുറിച്ചു "അച്ഛനില്ലാത്തകുട്ടി" എന്നു പറയുന്നത് അവന്നു കേൾക്കാനിടവന്നു. ബോധിസത്വൻ ക്ഷണത്തിൽ അമ്മയുടെ അടുക്കൽ ചെന്നു "അമ്മേ! എൻെറ അച്ഛനാരാണ്" എന്നുചോദിച്ചു. "നീ കാശിരാജാവിൻെറ മകനാണെ"ന്ന് അമ്മയും പറഞ്ഞു.

മകൻ— എങ്ങിനെ വിശ്വസിക്കും? ആരെങ്കിലും സാക്ഷിയുണ്ടോ?

അമ്മ—ഉണ്ട് മകനെ! നിൻെറ അച്ഛൻ എന്നോടു പിരിയുമ്പോൾ എനിക്കിതു തന്നിരിക്കുന്നു. (മോതിരംകാണിച്ചിട്ട്) "പെൺകുട്ടിയാണുണ്ടായതെങ്കിൽ ഈ മോതിരവും കൊടുത്ത് അവളെ അച്ഛൻെറ അടുക്കലേക്കയക്കാനും ആൺകുട്ടിയാണെങ്കിൽ അവനെയുംകൊണ്ടു ഞാൻതന്നെ ചെല്ലണമെന്നും പറഞ്ഞിട്ടുണ്ട്.

മകൻ—എന്നാൽ എന്താണ് എന്നെ കൊണ്ടുപോവാത്തത്?

പുത്രൻെറ ഈ വാക്കുകൾ കേൾക്കുകയാൽ അവന്ന് അ ച്ഛനോട്ടു പോവാൻ കലശലായ ആഗ്രഹമുണ്ടെന്നു മനസ്സിലാവുക യാൽ അവൾ പുത്രനുമൊരുമിച്ച പോയി രാജധാനിയുടെ ഗോപുര ത്തിൽചെന്നു രാജാവിനെ വിവരമറിയിച്ചു. രാജാവ് അവരെ വ രുത്തി വൎത്തമാനം ചോദിച്ചതിൽ "ദേവ! ഇത് അങ്ങയുടെ മക നാണ്" എന്ന് അവൾ പറഞ്ഞു.

രാജാവിന്നു കാൎയ്യം മനസ്സിലായെങ്കിലും സഭയിൽവെച്ച സ മ്മതിക്കേണ്ടതിന്നു ലജ്ജ തോന്നുകയാൽ തൻെറ മകനല്ലെന്നു നി ഷേധിച്ചുപറഞ്ഞു. എന്നാലിതാ ഇവിടുത്തെ മുദ്രമോതിരം; ഇ തുകൊണ്ടു സത്യം മനസ്സിലാവും" എന്നു പറഞ്ഞുകൊണ്ടു അവൾ മോതിരം കാണിച്ചു.

അതു തൻെറ മുദ്രയല്ലെന്നു രാജാവു പറഞ്ഞു. "ദേവ! ഇ പ്പോൾ ഇവിടെ എൻെറ ഭാഗം സ്ഥാപിപ്പാൻ എനിക്കു സാക്ഷി ഒരേയില്ല. എന്നാൽ ഈ കുട്ടി അങ്ങേക്കുണ്ടായതാണെങ്കിൽ ഇ വൻ ഭൂസ്പൎശംകൂടാതെ ആകാശത്തിൽ നില്ക്കട്ടെ അല്ലെങ്കിൽ നില ത്തുവീണു മരിക്കട്ടെ" എന്നുംപറഞ്ഞു ബോധിസത്വനെ കാൽ പ റിച്ചെടുത്ത് മേല്പോട്ടെറിഞ്ഞു. ബോധിസത്വനും ഒരു പല്യങ്ക ത്തിലിരിക്കുമ്പോലെ ആകാശത്തിലിരുന്നുകൊണ്ട് അച്ഛനു ധൎമ്മോ പദേശമായി ഈ പദ്യം ചൊല്ലി.

"ഞാൻനിന്മകൻമഹാരാജാ! പോററുകെന്നെജ്ജനാധിപ!
അങ്ങന്യരേയുംപോററുന്നോൻ തൻകുട്ടിയെവിട്ടുന്നിതോ?"

ബോധിസത്വൻ ആകാശത്തിലിരുന്ന് ഇപ്രകാരം പറയുന്ന തുകേൾക്കുകയാൽ രാജാവു കൈകാട്ടിക്കൊണ്ട് "വരു മകനേ! ഞാ നിന്നെ നിന്നെ വളൎത്തും! നീ എൻെറ മകനാണ്" എന്നു പല വുരു ആവൎത്തിച്ചു. ബോധിസത്വൻ ഇറങ്ങിവന്നു. ബോധിസത്വ ൻെറ മാതാവിനെ രാജാവു പട്ടമഹിഷിയാക്കിവെച്ചു.

## ൯൩. അമിതവാദി.

ബോധിസത്വൻ ഒരു കാലത്തു കാശിയിൽ ബ്രഹ്മദത്തരാജാവിന്റെ പ്രധാന മന്ത്രിയായി ഇരിക്കയുണ്ടായി. അക്കാലത്തു, രാജാവിന്നുണ്ടായിരുന്ന ബഹുഭാഷിത്വമെന്ന ദോഷത്തെ പരിഹരിക്കേണ്ടതിന്നു "ബോധിസത്വൻ ഓരോ മാൎഗ്ഗങ്ങളെ നോക്കിക്കൊണ്ടിരുന്നു. ഒരിക്കൽ രാജാവ് ഉദ്ധ്യാനത്തിൽ ഒരു തേന്മാവിന്റെ ചുവട്ടിലുള്ള നിൎമ്മല ശിലാപട്ടത്തിന്മേൽ ഇരിക്കുകയായിരുന്നു. മന്ത്രിയും അടുത്തുണ്ട്. അപ്പോൾ ഇങ്ങിനെ സംഭവിച്ചു. ആ മാവിന്മേൽ ഒരു കാക്കക്കൂടുണ്ട്. ഒരു കുയിൽ തന്റെ മുട്ട വിരിയുവാനായി ആ കൂട്ടിൽ കൊണ്ടുവെച്ചിരുന്നു. കാക്ക മുട്ട വിടൎത്തുകയും ക്രമേണ അതു കുട്ടിയായിത്തീരുകയും ചെയ്തു. അതു സ്വന്തം സന്തതിയാണെന്നു കരുതിക്കൊണ്ടു കാക്ക ആഹാരങ്ങൾ കൊണ്ടുവന്നു കൊടുത്തു വളൎത്തി. അതിന്നു ചിറകുവന്നു സാമാന്യം വളൎച്ചയായി. ക്രമേണ അതു തന്റെ ജാതിസിദ്ധമായ ശബ്ദം പുറപ്പെടുവിച്ചുതുടങ്ങി. അതു കേൾക്കയാൽ കാക്ക വിചാരിച്ചു "ഇതിപ്പോൾതന്നെ വല്ലാതൊരു ശബ്ദം പുറപ്പെടുവിക്കുന്നു. ഇനി വലുതായാലത്തെ കഥ എന്തായിരിക്കും?" എന്നിങ്ങിനെ ആലോചിച്ച് ആ കുട്ടിയെ കൊത്തിക്കൊന്നു കീഴ്പ്പെട്ടു തള്ളിവിട്ടു. വീണതു രാജാവിന്റെ അടുത്താണ്. അതു കണ്ടു രാജാവു ബോധിസത്വനോടു "മിത്രമേ! ഇതെന്താണ്?" എന്നു ചോദിച്ചു; "നല്ലകാൎയ്യം; ഇദ്ദേഹത്തിന്നു വിനയമുണ്ടാക്കാൻ ഒരു ഉദാഹരണം അന്വേഷിക്കയായിരുന്നു; അതിപ്പോൾ തരത്തിൽ പറ്റി" എന്നു വിചാരിച്ചു ബോധിസത്വൻ പറഞ്ഞു. "വലിയ വായാടികൾ അനവസരത്തിലും ശബ്ദം പുറപ്പെടീക്കുക പതിവാണ്. അവൎക്കു ഇങ്ങിനെ അനുഭവവും വരുന്നു. ഇതൊരു കുയിൽക്കുട്ടിയാണ് സ്വാമിൻ! ഇതിനെ കാക്ക വളൎത്തിവന്നു ചിറകു വെക്കുമ്പോഴക്കും ഒരാവശ്യവുമില്ലാതെ അകാലത്തിൽ ശബ്ദിച്ചുതുടങ്ങി. അപ്പോൾ കാക്ക കൊത്തി തള്ളിവിട്ടു.

അതാണ് ഈ വീണത്. മനുഷ്യരായാലും മൃഗമായാലും ബഹുഭാഷണം തുടങ്ങിയാൽ ഈവിധം അനുഭവിക്കേണ്ടിവരുന്നു എന്നു പറഞ്ഞ് ഈ പദ്യങ്ങൾ ചൊല്ലി.

"അകാലത്തിലെവൻതാനാണതിയായിച്ചിലപ്പതും
കൊല്ലപ്പെട്ടന്നിതവനിക്കയിലിൻകുട്ടിപോലവേ"

കടുത്തവിഷമൊന്നല്ലവിനാശകരമോക്കിലോ
നികൃഷ്ടർദോഷമായിട്ടുവദിക്കുംവാക്കിലാംവിഷം.

അതിനാൽപണ്ഡിതൻകാലാകാലംനോക്കിയുരക്കണം
ആവശ്യമുള്ളനേരത്തുമതിവാക്കരചെയ്യൊലാ.

ആലോചിച്ചല്ലമോതേണംകാലത്തെപ്പാർത്തുപണ്ഡിതൻ
അല്ലെന്നാൽതിന്നുമരികൾപാമ്പിനെഗ്ഗരുഡൻവിധം.

അന്നുമുതൽ രാജാവു മിതഭാഷിയായിത്തീൎന്നു.

## ൩൭. ബന്ധനാഗാരം.

കാശിയിൽ ഒരു ദരിദ്രബ്രാഹ്മണന്റെ പുത്രനായി ഒരു കാലത്തു ബോധിസത്വൻ ജനിച്ചിരുന്നു. ആ കുട്ടിക്കു പ്രായം തികയുമ്പോഴക്കും അച്ഛൻ മരിച്ചുപോയി. അതിന്നുശേഷം അദ്ദേഹം അമ്മയെ വളരെ ശ്രദ്ധയോടെ പരിപാലിച്ചുവന്നു. കുലതന്തുവായ പുത്രനൊരുമിച്ചു ഗൃഹത്തിലിരുന്നു സുഖിപ്പാനിടവരാതെ അമ്മയും മരിച്ചു. അപ്പോൾ തന്റെ പത്നിക്കു ഗൎഭമുണ്ടായിരുന്നു. ആ വിവരമറിയാതെ ബോധിസത്വൻ അവളോട് ഇങ്ങിനെ പറഞ്ഞു.

"ഭദ്രേ! നീ ഭിക്ഷാവൃത്തിയിൽ ജീവിക്കുക. ഞാൻ സന്ന്യസിക്കുന്നു.

പത്നി—നാഥ! വരട്ടെ. എനിക്കു ഗൎഭമുള്ളതിനാൽ പ്രസവിച്ചു കുട്ടിയെ കണ്ടശേഷം അങ്ങേക്കു സന്ന്യസിക്കാം.

ഈ അഭിപ്രായത്തെ അദ്ദേഹം സമ്മതിച്ചു. കാലം വന്നപ്പോൾ ഭാൎയ്യ പ്രസവിച്ച് ആൺകുട്ടിയുണ്ടായി. കുട്ടിയെ കണ്ടതി

ന്നുശേഷം ബോധിസത്വൻ പറഞ്ഞു. "ഭദ്രേ! നീ ക്ഷേമത്തോടെ പ്രസവിച്ചു; ഇനി ഞാൻ സന്ന്യസിക്കട്ടെ.

പത്നി—നാഥ! വരട്ടെ. കുട്ടി ചെറിയ കുട്ടിയല്ലേ? ഇവനു മലകുടി മാറട്ടേ.

ഇതു കേൾക്കകയാൽ അദ്ദേഹം വിചാരിച്ചു. "ചോദിച്ചാൽ ഇവൾ ഒരിക്കലും സമ്മതിക്കില്ലെന്നു തീച്ചയായി. ഇനിപറയാതെ പോവുകതന്നെ." ഇങ്ങിനെയുറച്ചു ബോധിസത്വൻ ഒരു രാത്രിയിൽ മിണ്ടാതെ ഇറങ്ങിപ്പോകയും ചെയ്തു. പോകുന്ന വഴിയിൽ "രാത്രിയിൽ നടക്കുന്ന ഇവൻ കള്ളനാണെന്നു പറഞ്ഞു നഗരപാലകന്മാർ തടുത്തുനിൎത്തിയെങ്കിലും താനൊരു ദേവ്യുപാസകനാണെന്നു പറഞ്ഞ് അവിടെ നിന്നു വിട്ടുപോയി.

ബോധിസത്വൻ ആ രാജ്യംവിട്ടു ഹിമാലയത്തിൽ ചെന്ന് ഋഷിപ്രവ്രജ്യയോടെ ധ്യാനനിരതനായിരുന്നുകൊണ്ടു സൎവ്വസിദ്ധികളെയും പ്രാപിച്ചു. അദ്ദേഹം ഒരുദിവസം കാട്ടിൽ നടക്കുമ്പോൾ വിചാരിച്ചതാണിത്.

"ഇരിമ്പുവൃക്ഷംകയറാദിയാലു-
ള്ളോരുബന്ധനംബന്ധനമല്ലപാൎത്താൽ
ആസക്തിയേററംമണികുണ്ഡലത്തിൽ
പ്രിയാത്മജന്മാരിലപേക്ഷ,ബന്ധം.

ഉറപ്പെഴുംകെട്ടിതുവിട്ടുപോരാൻ
പ്രയാസമെന്നായ്പറയുന്നുധീരൻ
ഇതാശുപൊട്ടിച്ചുനടപ്പൂധീര-
രപേക്ഷയുംകാമവുമാശുവിട്ടോർ."

## ൩൮. ചുല്ലകശ്രേഷ്ഠി.

—:*:—

ബ്രഹ്മദത്തന്റെകാലത്തു ബോധിസത്വൻ കാശിയിലൊരു ശ്രേഷ്ഠി (സേട്ടു) വംശത്തിൽ ജനിച്ചു. പ്രായം തികഞ്ഞതോടുകൂടി അദ്ദേ

ദ്ദേഹത്തിന്നു ശ്രേഷ്ഠിയെന്ന സ്ഥാനം കിട്ടി. ചുല്ലകനെന്നുള്ള ആദ്ധ്യത്തെ പേരനുസരിച്ച് അപ്പോൾ ചുല്ലകശ്രേഷ്ഠിയായി. വളരെ പ്രസിദ്ധനുമായിരുന്നു, എന്തുകൊണ്ടെന്നാൽ, അദ്ദേഹം വലിയൊരു പണ്ഡിതനും നിമിത്തം കണ്ടു ഭാവിയെ മുൻകൂട്ടി അറിയുന്നവനുമാണ്. ഒരുദിവസം ആയാൾ രാജാവിനെ കണ്ടു മടങ്ങി വരുമ്പോൾ വഴിയിൽ ഒരു എലി ചത്തുകിടക്കുന്നു. ഉടനെ നാളും നേരവും നോക്കി ഇങ്ങിനെ പറഞ്ഞു. "നല്ലകണ്ണു തെളിവുള്ള ഒരു അസ്തമാദിക്കു ഐശ്വര്യമുണ്ടാവാൻ ഇതു നല്ലൊരു സാധനമാണ്.

ദരിദ്രനും ചെറുപ്പക്കാരനുമായ ഒരു സേട്ടു ചുല്ലകൻെറ ഈ വാക്കു മറഞ്ഞുനിന്നു കേട്ടിട്ടുണ്ടായിരുന്നു. "വാസ്തവമല്ലാതെ ഇദ്ദേഹം പറയില്ല" എന്നു കരുതി എലിശ്ശവത്തെ എടുത്തുകൊണ്ട് ആയാൾ അങ്ങാടിക്കു നടന്നു. കുറച്ചുനേരം അങ്ങാടിയിൽ നടക്കേണ്ടിവന്നുവെങ്കിലും ഒരാളുടെ പൂച്ചക്കു ഭക്ഷണസാധനമാകേണ്ടതിന്നു അതു വില്ക്കാനിടവരികയും ഒരു വില കിട്ടുകയും ചെയ്തു. അവൻ ആ കാശു കൊടുത്ത് അല്പം കണ്ടിശ്ശർക്കരയും ഒരു മൺപാനിയും അവിടെനിന്നു വാങ്ങി, പാനിയിൽ വെള്ളവുമെടുത്തു കാട്ടിൽക്കൂടി നടക്കുമ്പോൾ ഒരു മാലക്കാരൻ പൂവറുത്തു വലഞ്ഞുകൊണ്ട് അതിലെവന്നു. അവന്നു സേട്ടു വെള്ളം കൊടുക്കുകയാൽ വളരെ സന്തോഷിച്ചു പ്രതിഫലമായി കുറെ പൂക്കൾ സമ്മാനിച്ചു. ആയാൾ നഗരത്തിലെത്തി പൂക്കൾ വിററതിൽനിന്ന് എട്ടു കാശുകിട്ടി. പിറെറന്നാൾ നല്ലൊരു കുടവും കുറെ ശക്കരയും വാങ്ങി പൂന്തോട്ടത്തിലേക്കുതന്നെ പോയി. മുമ്പേത്തതിലധികം സമ്പാദ്യവുമുണ്ടായി. അങ്ങിനെ ആ സേട്ടുവിന്നു പൂന്തോട്ടത്തിൽ വെള്ളം വില്ക്കുകയെന്നത് ഒരു തൊഴിലായിത്തീൎന്നു.

അങ്ങിനെ കുറെദിവസം കഴിഞ്ഞു. ഒരിക്കൽ കലശലായിക്കാററും മഴയുമുണ്ടാകയാൽ പൂന്തോട്ടം മരത്തിൻെറ ഉണക്കച്ചുള്ളി

കൾ കൊമ്പുകൾ ഇലകൾ ഇതെല്ലാം വീണു നിറഞ്ഞിരുന്നു. അവ നീക്കിയൊഴിക്കാൻ നിവൃത്തിയില്ലാതെ തോട്ടക്കാരൻ വിഷാദിച്ചു നില്ക്കുമ്പോഴക്കു ക്ഷുല്ലകശിഷ്യൻ അവിടെയെത്തി. (ക്ഷുല്ലകശിഷ്യനെന്നതു് അദ്ദേഹം തന്നെത്താൻ പറഞ്ഞുവന്നതാണു്.) "ഈ കൊമ്പും ചുള്ളികളുമെല്ലാം എനിക്കു തരുന്നതായാൽ ഞാൻ ഇവിടെയെല്ലാം നന്നാക്കിത്തരാമെന്നു സേട്ടു പറഞ്ഞതു തോട്ടക്കാരനു സന്തോഷമായി. സേട്ടു ഉടനെ അവിടെനിന്നിറങ്ങി അല്പം നടക്കുമ്പോൾ ഒരിടത്തു് അനവധി കുട്ടികൾ ചേൎന്നു കളിക്കുന്നതുകണ്ടു. അവരെ ശൎക്കരകൊടുത്തു സന്തോഷിപ്പിച്ചു തോട്ടത്തിലേക്കു കൊണ്ടുവന്നു് ഇലയും വിറകുമെല്ലാം പെറുക്കി ഒരു സ്ഥലത്തു കൂട്ടി വെപ്പിച്ചു. അതിന്നുശേഷം രാജകുലത്തിലേക്കു മൺപാത്രങ്ങളുണ്ടാക്കുന്ന ഒരു കുമ്പാരൻ വിറകന്വേഷിച്ചു നടക്കുമ്പോൾ പൂന്തോട്ടത്തിന്നടുത്തു വിറകു കൂട്ടീട്ടുണ്ടെന്നറികയാൽ അവിടെയെത്തി വിലപറഞ്ഞു വിറകു വാങ്ങി നമ്മുടെ ക്ഷുല്ലകശിഷ്യന്നു പതിനാറു കാശും കുറെ ശീലകളും അഞ്ചു മൺപാത്രങ്ങളും കുമ്പാരൻ കൊടുത്തു. എട്ടു കാശു ചിലവു കഴിച്ചു കയ്യിലിരിപ്പുണ്ടായിരുന്നതോടുകൂടി അപ്പോൾ ഇരുപത്തിനാലു കാശായി. "തരക്കേടില്ല; ഇനി ഉപായമുണ്ടു്" എന്നു കരുതി അവൻ നഗരദ്വാരത്തിന്നു സമീപത്തൊരുദിക്കിൽ വെള്ളച്ചാവടിവെച്ചു പാൎപ്പായി. അങ്ങിനെ അവിടെ ഇരുന്നുകൊണ്ടു കുറെ പുല്ലുച്ചുവടക്കാൎക്കു ദാഹം തീൎത്തു് അവരെ സ്വാധീനിച്ചു. അഞ്ഞൂറുപേരുണ്ടു്. "അങ്ങുന്നേ! നിങ്ങൾ ഞങ്ങൾക്കു വലിയ ഉപകാരമാണു് ചെയ്തതു്; ഞങ്ങളെന്താണിതിന്നു തരേണ്ടതു്?" എന്നിവർ ചോദിച്ചതിന്നു വേണ്ടുന്നതു വേണ്ടപ്പോൾ ആവശ്യപ്പെട്ടുകൊള്ളാമെന്നു സേട്ടുപറഞ്ഞു. പിന്നെയും സേട്ടുവിന്നു പലരുമായി ഇടപാടുണ്ടായി. "കരവിചാരിപ്പുകാർ" "കടൽ വിചാരിപ്പുകാർ" എന്ന രണ്ടു വലിയ ഉദ്യോഗസ്ഥന്മാരുടെ സേവയും അദ്ദേഹം സമ്പാദിച്ചുകഴിഞ്ഞു. ഒരുദിവസം കരവിചാരിപ്പുകാരനുമായി സംസാരിക്കുമ്പോൾ അതേദിവസം അഞ്ഞൂറു കുതിരകളെ ആ വഴിക്കു കൊണ്ടുവരുമെന്നു സേട്ടുവിന്നു മനസ്സിലായി. ഉടനെ ആയാൾ

പുല്ലുപറിക്കാരെ ചെന്നുകണ്ടു തനിക്കു എല്ലാവരും ഓരോ കെട്ടു പുല്ലു തരേണമെന്നും തൻെറ പുല്ലു വിററുതീരുന്നതുവരെ അവർ പുല്ലു വില്ക്കരുതെന്നും ആവശ്യപ്പെട്ടതിനെ അവർ സമ്മതിച്ചു. അഞ്ഞൂറുകെട്ടു പുല്ലു സേട്ടുവിൻെറ കുടിലിൽ കൊണ്ടുവന്നുകൂട്ടി. കുതിരകളെ ആ വഴിക്കു കൊണ്ടുവന്നസമയം പുല്ലിന്നു ബുദ്ധിമുട്ടാവുകയും മററൊന്നും കിട്ടായ്കയാൽകുതിരക്കാർ സേട്ടുവിൻെറവക അഞ്ഞൂറുകെട്ടു പുല്ല് ആയിരംപവൻ കൊടുത്തു വാങ്ങുകയും ചെയ്തു. പിന്നെ അല്പദിവസം കഴിഞ്ഞപ്പോൾ അന്നു പട്ടണത്തിന്നരികിൽ കപ്പൽവരുന്നതാണെന്നു കടൽവിചാരിപ്പുകാരനിൽനിന്നു ചുല്ലകശിഷ്യന്നറിവായി. സേട്ടു ഉടനെ ഒരു വണ്ടി വാടകയ്ക്കുവാങ്ങി താൻ നല്ല ഉടുപ്പാടും വെടുപ്പാടുംകൂടി അവസ്ഥയിൽ ചെന്നു മുൻകൂട്ടി കപ്പിത്താനെ കണ്ടു. ഉചിതമായി സംസാരിച്ച് ആയാൾക്ക് ഒരു വിശേഷമാതിരി മോതിരം സമ്മാനിച്ചശേഷം സേട്ടു കപ്പിത്താൻെറ വലിയൊരു സേവനായിത്തീൎന്നു. അതോടുകൂടി കപ്പിത്താനോട് സേട്ടു ഒരപേക്ഷചെയ്തു. കച്ചവടക്കാരാരെങ്കിലും വന്നാൽ കപ്പൽസ്സാമാനങ്ങൾക്കു വിലയാക്കുന്നതു താൻ മുഖാന്തരമേ പാടുള്ളു എന്നൊരേൎപ്പാടുചെയ്താൽവേണ്ടില്ലെന്നാണ് സേട്ടു അപേക്ഷിച്ചത്. കപ്പിത്താൻ അതു സമ്മതിക്കുകയും ചെയ്തു. കപ്പലും വന്നുചേൎന്നു. അന്നു കാശിയിലെ നൂറു കച്ചവടക്കാർ സാമാനംകൊള്ളാൻ ചെന്നപ്പോൾ "നിങ്ങൾക്കു നേരിട്ടു ചരക്കുതരാൻ പാടില്ല; ഇവിടെ വലിയൊരു വൎത്തകനുണ്ട്; ആയാൾ മുഖാന്തരമേ പാടുള്ളു" എന്നുള്ള കപ്പിത്താൻെറ നിശ്ചയം കേൾക്കുകയാൽ അവർ സേട്ടുവിനെ ചെന്നുകണ്ടു. ഇടയ്ക്കുനിന്നു സാമാനം വാങ്ങിക്കൊടുത്തതിന്നു കച്ചോടലാഭമായി സേട്ടുവിന്നു ആയിരംപവൻ കിട്ടി.

ചുല്ലകശിഷ്യൻ, തനിക്കു രണ്ടുലക്ഷം പവൻ തികഞ്ഞശേഷം "ഇനി കൃതജ്ഞത കാണിക്കാതെ കഴിയില്ലെന്നു കരുതി കാശിയിൽ ചെന്ന് പകുതി പവനും കൊണ്ടുചെന്നു ചുല്ലകസ്സേട്ടുവിൻെറ കാല്ക്കൽ കാഴ്ചവെച്ചു. "ഇതെന്താണ്? നിനക്കെങ്ങിനെ ഈ മുതലുണ്ടായി?" എന്നു ശ്രേഷ്ഠി ചോദിച്ചതിന്നു "ഞാൻ അങ്ങയുടെ ഉപദേശംകേട്ടു നടന്നതുകൊണ്ടു നാലുമാസംകൊണ്ടുണ്ടായ ഐശ്വൎയ്യമാ

ണിത്" എന്നു പറഞ്ഞു. ബോധിസത്വൻ ആശ്ചൎയ്യപ്പെട്ടതോടുകൂടി ശിഷ്യൻ വിവരമെല്ലാം വിസ്തരിച്ചു മനസ്സിലാക്കി. അവന്റെ കഥ കേട്ടശേഷം "ഈ മാതിരി കുട്ടികളാണ് കുലത്തിന്നു വേണ്ടവർ" എന്നും പറഞ്ഞു തന്റെ സകലസ്വത്തുക്കളും കുടുംബവും സ്ഥാനമാനാദിയുമെല്ലാം അവന്നേല്പിച്ചുകൊടുത്തു. കാലക്രമേണ ചുല്ലകന്റെ അഭാവത്തിൽ ചുല്ലകശിഷ്യൻ ആ നഗരത്തിലെ ശ്രേഷ്ഠിയെന്ന സ്ഥാനിയുമായി.

"അല്പപ്രാഭവവുംകൊണ്ടു ബുദ്ധിമാനാംവിചക്ഷണൻ
താന്നെപ്പൊങ്ങിപ്പത്തുണ്ടിന്ധനത്തെയല്പാഗ്നിപോലവേ".

## ൩൰. ദശരഥൻ.

ഭഗവാൻ ജേതവനത്തിൽ വസിക്കുന്ന കാലത്ത് ഒരു ഗൃഹസ്ഥൻ തന്റെ അച്ഛൻ മരിച്ചുപോയ വ്യസനംകൊണ്ടു വിരക്തനായിത്തീൎന്ന വിവരമറിഞ്ഞതിനാൽ പിറേറദിവസം ശ്രാവസ്തിയിൽ ഭിക്ഷയെടുക്കാൻ പോയസമയം മുൻവിവരിച്ച ബ്രാഹ്മണകുടുംബിയുടെ ഗൃഹത്തിൽചെന്നു. ഗൃഹസ്ഥൻ ഭഗവാനെ സൽക്കരിച്ചിരുത്തിയശേഷം ഭഗവാൻ മധുരമായി പലതും സംസാരിച്ചു. ഭിക്ഷുക്കൾ പലരും അവിടെ കൂടിയിരുന്നു. അതിന്നിടയിൽ "നിങ്ങൾക്കു അച്ഛന്റെ വിരഹത്താൽ ദുഃഖമുണ്ടോ?" എന്നു ഭഗവാൻ ചോദിച്ചതിന്ന് ഉണ്ടെന്നു ബ്രാഹ്മണൻ ഉത്തരം പറഞ്ഞു.

ഭഗവാൻ—കുററമല്ല. അഷ്ടലോകധൎമ്മങ്ങളെ അറിയുന്ന പുരാതനപണ്ഡിതന്മാർകൂടി പിതൃശോകത്താൽ ദുഃഖിച്ചിട്ടുള്ള സ്ഥിതിക്കു നിങ്ങൾ ദുഃഖിക്കുന്നതിൽ ആശ്ചൎയ്യമില്ല.

ഇതു കേട്ടപ്പോൾ അങ്ങിനെയുള്ള പണ്ഡിതന്മാർ ദുഃഖിച്ചതിന്ന് ഒരു ഉദാഹരണം പറഞ്ഞുകൊടുപ്പാൻ ബ്രാഹ്മണൻ അപേക്ഷിക്കയും ഭഗവാൻ അവിടെവെച്ച് ഇപ്രകാരം ഒരു ഇതിഹാസത്തെ പറകയും ചെയ്തു.

"പണ്ടു കാശിയിൽ ദശരഥനെന്ന ഒരു രാജാവു പാപാചാരങ്ങളെ തീരെ വിട്ടു ധൎമ്മത്തോടെ രാജ്യഭരണം ചെയ്തിരുന്നു. അദ്ദേഹത്തിന്നു പതിനാറായിരം ഭാൎയ്യമാരുള്ളതിൽ ജ്യേഷ്ഠപത്നി രണ്ടു പുത്രന്മാരെയും ഒരു പുത്രിയേയും പ്രസവിച്ചു. ജ്യേഷ്ഠപുത്രന്നു രാമപണ്ഡിതനെന്നും അനുജന്നു ലക്ഷ്മണകുമാരനെന്നും മകൾക്കു സീതാദേവിയെന്നും പേരാണ്. അങ്ങിനെ ഇരിക്കുമ്പോൾ രാജ്ഞി (കുട്ടികളുടെ അമ്മ) കാലഗതിയെ പ്രാപിക്കുകയും ചെയ്തു.

രാജാവു പ്രിയതമയുടെ വിയോഗത്താൽ അത്യന്തം ദുഃഖിതനായിയെങ്കിലും അമാത്യന്മാരുടെ നീതിവാക്കുകളാലും മററും ഒരു വിധം ആശ്വസിച്ചു ശേഷക്രിയകളെല്ലാം നിൎവ്വഹിക്കുകയും പിന്നെ പട്ടമഹിഷിസ്ഥാനത്തിൽ മറെറാരുഭാൎയ്യയെ വെക്കുകയും ചെയ്തു. അവളും രാജാവിന്നു വളരെ പ്രിയപ്പെട്ടവളായിത്തീൎന്നു. കുറച്ചുകാലം കഴിഞ്ഞപ്പോൾ അവൾക്കു ഗൎഭമുണ്ടായി. ഗൎഭരക്ഷയെ രാജാവു വേണ്ടതുപോലെ ചെയ്തുവന്നു. അനന്തരം രാജ്ഞി ഒരാൺകുട്ടിയെ പ്രസവിച്ചു. ആ കുട്ടിക്കു ഭരതനെന്നു പേരിട്ടു. പുത്രനിലുള്ള സ്നേഹാധിക്യത്താൽ ഒരിക്കൽ രാജാവു പത്നിയോട് ഇങ്ങിനെ പറഞ്ഞു. "പ്രിയേ! എനിക്ക് ഇത്ര വാത്സല്യഭാജനമായ ഈ കുമാരനെ പ്രസവിക്കാൻ യോഗംവന്ന നിന്നിൽ എനിക്കുള്ള സ്നേഹത്തിന്ന് അവസാനമില്ല. അതിനാൽ ഞാൻ ഒരു വരം തരുന്നു. വാങ്ങിക്കൊൾക." ഇതുകേട്ടു രാജ്ഞി പറഞ്ഞു. "ഭൎത്താവേ! ഞാൻ ഇതുകേട്ട് ഏററവും സന്തോഷിക്കുന്നു. എന്നാൽ വരം അങ്ങുതന്നെ ഇപ്പോൾ സൂക്ഷിച്ചുകൊള്ളണം. അവസരം വരുമ്പോൾ ഞാനാവശ്യപ്പെട്ടുകൊള്ളാം." അവളുടെ അഭിലാഷത്തെ രാജാവു സമ്മതിക്കുകയും ചെയ്തു. തന്റെ മകന് ആറുവയസ്സായ കാലത്തു രാജ്ഞി രാജാവിനോട് ഇങ്ങിനെ അപേക്ഷിച്ചു. "ദേവ! ഞാൻ അങ്ങയുടെ പക്കൽ നിൎത്തിയിരുന്ന വരം എന്റെ മകനു വേണ്ടതാണ്. അതുകൊണ്ട് ഇവന്നു രാജ്യംകൊടുക്കണം." ഇതുകേട്ടു രാജാവു കോപാന്ധനായി "എടി വൃഷലി! എന്റെ അഗ്നിതേജസ്വികളായ രണ്ടു പുത്രന്മാർ ജ്വലിച്ചിരിക്കുമ്പോൾ നിന്റെ മകന് രാജ്യം വേണമോ? നിനക്ക് എന്റെ കുട്ടികളെ കൊല്ലാൻ ആഗ്രഹമുള്ളു

തായി തോന്നുന്നു. എന്നാലും നിന്റെ ഹിതം സാധിക്കയില്ല. വരം തരാം; അതോടുകൂടി നിന്റെ ജീവനെ ദേഹത്തിൽനിന്നു വേർപെടുത്തിക്കളയും. അങ്ങിനെ ചെയ്യില്ലെന്നു വരം തന്ന സമയം ഞാൻ വാഗ്ദത്തം ചെയ്യിട്ടില്ലല്ലൊ" ഇതു കേൾക്കുകയാൽ രാജ്ഞി അത്യന്തം ഭീതയായി തന്റെ അപേക്ഷയെ നിൎത്തിവെച്ചു. രാജാവിന്ന്, തന്റെ ഭാൎയ്യ പിന്നെ അപ്രിയമായൊന്നും സംസാരിച്ചില്ല എങ്കിലും ഉള്ളിൽ ശങ്ക കൂടിക്കൊണ്ടുവന്നു. തന്റെ പത്നി രാമപണ്ഡിതനെയും മാറം വല്ല ഉപായത്തിലും കൊല്ലാൻ ശ്രമിക്കുമെന്നായിരുന്നു രാജാവിന്നുള്ള ഭയം. അവളിലുള്ള സ്നേഹാധിക്യത്താൽ അനിഷ്ടമായൊന്നും പറയുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞതുമില്ല. കുട്ടികളെ രാജ്യം മാററി പാൎപ്പിക്കയാണ് തൽക്കാലം നല്ലതെന്നാണ് ഒടുവിൽ അദ്ദേഹത്തിന്നു തോന്നിയത്. അതിനാൽ രാമനെയും ലക്ഷ്മണനെയും അവരുടെ അമ്മാമന്റെ രാജ്യത്തിലെക്കയച്ച് അവിടെ കുറെ കാലം താമസിപ്പാനുള്ള ഏൎപ്പാടുകൾ ചെയ്യ് അവരെ പറഞ്ഞയച്ചു. അവർ പോയശേഷവും ദശരഥന്റെ മനസ്സിന്നു നല്ല സമാധാനം വന്നില്ല. മക്കളെക്കുറിച്ചുള്ള അപായശങ്ക ഏതു സമയവും അദ്ദേഹത്തെ ബാധിച്ചിരുന്നു. അങ്ങിനെ കുറെ കാലം കഴിഞ്ഞു. ഭരതന്നു ഒരുമിച്ചു കളിച്ചു നടക്കുന്നവരായ തന്റെ ജ്യേഷ്ഠന്മാർ വിട്ടുപോയത് ഒട്ടും സുഖമായിരുന്നില്ല. ഭരതകുമാരനെക്കുറിച്ച് അച്ഛനോട് എന്നും ചോദ്യം ചെയ്യുകയും അവരെ വേഗത്തിൽ വരുത്തണമെന്നു രാജാവിനോടപേക്ഷിക്കുകയും ചെയ്ക പതിവായി. രാജാവിന്ന് ഇതു കേൾക്കുമ്പോൾ വളരെ സുഖം തോന്നും. എന്നാൽ ഭരതന്റെ അമ്മ അവന്റെ മനസ്സ ജ്യേഷ്ഠന്മാരിൽനിന്നു വിസ്മരിപ്പിക്കുവാൻ പല വഴികളും നോക്കിവരാതിരുന്നില്ല. തന്നിമിത്തം ദശരഥൻ ഭരതന്റെ നിബ്ബന്ധമുണ്ടായിട്ടും പുത്രന്മാരെ വരുത്താതിരുന്നു. ഭരതന്നു ബുദ്ധിയുറച്ചു. അതിന്നുശേഷമാണ് തനിക്കുവേണ്ടിയാണ് ജ്യേഷ്ഠന്മാരെ ദൂരത്തേക്കയച്ചതെന്നു സീത പറകയാൽ ഭരതന്ന് അറിവാനിടയായത്. ഉടനെ അവൻ അച്ഛന്റെ അരികിൽച്ചെന്ന് ഇങ്ങിനെ പറഞ്ഞു. "അച്ഛാ! ജ്യേഷ്ഠന്മാരെ വരുത്താൻ ഇനി താമസിച്ചുകൂട. ഇനിയും ഉപായം പറഞ്ഞു വൈകിക്കയാണെങ്കിൽ ഞാനും അവരുടെകൂടെ പോവും. തീൎച്ചയായും ഇവിടെ താമസിക്കയില്ല". ഇതു കേട്ടശേഷം ദശരഥൻ സന്തോഷത്തോടും ദുഃഖത്തോടും കൂടി ദൂതന്മാരെ അയച്ചു രാമപണ്ഡിതനെയും ലക്ഷ്മണ

കുമാരനേയും വരുത്തി. ഭരതനും സീതക്കും അതിനാൽ വളരെ സന്തോഷവുമായി. അതിന്നുശേഷം അവന്റെ അമ്മ അവനെ അതിയായി ശാസിച്ചുതുടങ്ങി. രാജ്യം ഭരതന്ന് അവകാശമുള്ളതാണെന്നും അതു തരാനായി അച്ഛനെ നിബ്ബന്ധിക്കണമെന്നും അപ്രകാരം ചെയ്യാതിരുന്നാൽ അവന്നു പല ആപത്തുകളും താൻ വരുത്തുമെന്നും അവൾ പലതവണയും നൈരാശ്യത്തോടുകൂടി പറഞ്ഞുവന്നു. ഭരതൻ അതൊന്നും വകവെച്ചതുമില്ല.

ഒരിക്കൽ ഭരതൻ നായാട്ടിന്നായി കാട്ടിലേക്കു പോയിരുന്നു. അന്നു ദശരഥൻ തന്റെ ജീവകാലം എത്രയുണ്ടെന്നു സൂക്ഷ്മമായറിയേണ്ടതിലേക്കു സ്വകാര്യമായി യോഗ്യനായ ഒരു ദൈവജ്ഞനെ വരുത്തി പ്രശ്നംവെപ്പിച്ചു. രാജാവിന്നു അന്നുമുതൽ പന്ത്രാണ്ടു സംവത്സരത്തെ ആയുസ്സുണ്ടെന്നാണ് പ്രാശ്നികൻ പറഞ്ഞത്. ആ പ്രാശ്നികൻ പറഞ്ഞ വാക്കിന്ന് അക്കാലത്ത് ഇളക്കമുണ്ടായിരുന്നില്ല. ഇത്രയധികം കാലം ആപത്തുകൂടാതെ മക്കളെ സൂക്ഷിപ്പാൻ സാധിക്കയില്ലെന്നാണ് ഇതു കേട്ടശേഷം ദശരഥൻ തീച്ചയാക്കിയത്. ഉടനെ തന്റെ ഗുരുനാഥനായ ബ്രാഹ്മണനെ വരുത്തി ആലോചിച്ചു. രാജാവിന്റെ മരണംവരെ കുട്ടികൾ കാട്ടിൽ പോയി തപസ്സുചെയ്യട്ടെ എന്നും അച്ഛൻ മരിച്ചാൽ അവകാശപ്പെട്ട രാജ്യത്തെ രാമപണ്ഡിതൻ വന്നു കയ്യേററുകൊള്ളണമെന്നുമാണ് ബ്രാഹ്മണൻ അഭിപ്രായപ്പെട്ടത്. അതു ദശരഥന്നും സമ്മതമായി. അപ്പോൾതന്നെ രാമപണ്ഡിതനേയും ലക്ഷ്മണകുമാരനേയും അരികിൽ വരുത്തി ഇങ്ങിനെ പറഞ്ഞു.

“ഒരാൾകാര്യംനടത്തുമ്പോൾപരൻനന്മകൾചെയ്യണം
എന്നാകിലേകുടുംബംനൽശ്രേയസ്സംശ്രീയുമാർന്നിടൂ.

“രാജ്യംനോക്കുന്നരാജാവിന്നേറെപ്പാപങ്ങൾചേർന്നിടും
തന്നിവൃത്തിക്കുപുണ്യങ്ങളേകൻചെയ്യുകിലുത്തമം”.

അതിനാൽ രാജ്യഭരണത്തിന്നുവേണ്ടി പല ദുഷ്കർമ്മങ്ങളും ഞാൻ ചെയ്തുവരുന്നതിന്റെ പരിഹാരമായി നിങ്ങൾ വനത്തിൽ പോയി ഋഷിപ്രവ്രജ്യയെ സ്വീകരിക്കുക. പന്ത്രണ്ടു സംവത്സരംവരെ എനിക്കായുസ്സുണ്ട്. അതവസാനിക്കുന്ന ദിവസത്തേക്കു നിങ്ങൾ ഇവിടെ മടങ്ങിയെത്തി എന്റെ പിൻതുടച്ചയായി രാജ്യഭാരം കയ്യേൽക്കുകയും വേണം”.

അച്ഛന്റെ അഭിലാഷത്തെ സാധിപ്പിക്കാമെന്നു രാമലക്ഷ്മണന്മാർ സത്യം ചെയ്തശേഷം അവർ അന്നുതന്നെ വനത്തിന്നായി യാത്രപുറപ്പെട്ടു. സീതക്ക് ആ വിവരം മനസ്സിലാകയാൽ അവൾ ജ്യേഷ്ഠന്മാരുടെ അടുക്കൽ ചെന്നു, തന്നെയും ഒന്നിച്ചു കൊണ്ടുപോകണമെന്ന് അപേക്ഷിച്ചതിന്ന് അവർ വലിയ തടസ്ഥങ്ങളെല്ലാം പറകയാണുണ്ടായത്. അവൾക്കവരെ പിരിഞ്ഞിരിപ്പാൻ കഴികയില്ലെന്നും അവളെ വിട്ടേച്ചു പോകയാണെങ്കിൽ അപ്പോൾ തന്നെ മരിച്ചുകളയുമെന്നും സീത ഉറച്ചു പറഞ്ഞശേഷം രാമപണ്ഡിതൻ ലക്ഷ്മണനോടു പറഞ്ഞു.

"പ്രൌഢമാംസ്വഗൃഹംവിട്ടുകാട്ടുകേറിവലഞ്ഞിടാൻ
സോദരസ്നേഹമിവളെപ്രേരിപ്പിക്കുന്നുലക്ഷ്മണ.
"കടൽ,തീ,കടുവാദംഷ്ട്രമിവയിൽച്ചെന്നുചാടുവാൻ
ശങ്കിക്കയില്ലസൌഭ്രാത്രവിശദന്മാർമനസ്വികൾ".

അതിനാൽ ഇവൾ അച്ഛന്റെ സമ്മതം വാങ്ങി നമ്മുടെകൂടെ പോന്നുകൊള്ളട്ടെ". അതുകേട്ടു സീത ദശരഥനോടു വിവരം പറഞ്ഞു. തന്റെ കുലത്തിലുള്ള ഒരു പെൺകുട്ടിയെ പൂർണ്ണമനസ്സാലെ കാട്ടുകേറാൻ വിടുന്നതു പുരുഷധർമ്മമല്ലെന്നു കരുതി അദ്ദേഹം ആദ്യത്തിൽ വിരോധം പറഞ്ഞുവെങ്കിലും അവളുടെ അതികഠിനമായ നിർബ്ബന്ധം കാൺകയാൽ ഒടുവിൽ സമ്മതം കൊടുക്കുകതന്നെചെയ്തു. സഹോദരിയുടെ സാന്നിദ്ധ്യം അവക്ക് ഒരുവിധം ഉപകാരമായും വന്നേക്കാമെന്നുള്ള ആശ്വാസവും ഉണ്ടായില്ലെന്നില്ല.

അന്നു സന്ധ്യക്കു മുമ്പായിത്തന്നെ അവർ മൂന്നുപേരും രാജധാനിവിട്ടു, രാമപണ്ഡിതനേയും ലക്ഷ്മണകുമാരനേയും നാട്ടുകാർ അതിയായി സ്നേഹിക്കുന്നതിനാൽ ഇവർ നാടുവിട്ടു പോകയാണെന്നറിയുമ്പോൾ വലിയ ബഹളമുണ്ടാവുമെന്നു കരുതി നഗരവാസികൾക്കറിവാനിടവരുത്താതെയാണ് അവരുടെ യാത്രയുണ്ടായത്. സമീപത്തുള്ള നദി കടക്കുന്നതുവരെ ഒരു മന്ത്രിയെക്കൂടി ദശരഥൻ ഒരുമിച്ചയച്ചിട്ടുണ്ടായിരുന്നു.

പുഴയ്ക്കു മറുകരെ കടന്നപ്പോഴേക്കു ചില കാട്ടാളന്മാരെ കണ്ടെത്തി. അവർ രാമപണ്ഡിതന്നു കാനനസഞ്ചാരത്തിൽ എളുപ്പവും സൌകര്യവുമായ വഴികളെ പറഞ്ഞുകൊടുത്തു. അവരുടെ തലവൻ വളരെ ദൂരം അനുയാത്രചെയ്തു, കാടന്മാർക്കുകൂടി ചെറു

ഷ്ഠന്മാരായ ആ രാജപുത്രന്മാരുടെ നേരെ സന്തോഷമുണ്ടായിരുന്നു. പിന്നെ ചില ഋഷികളേയും സന്ന്യാസിമാരേയും കണ്ടുതുടങ്ങി. അവരോടു രാമപണ്ഡിതൻ മനുഷ്യന്റെ ക്ലേശത്തേയും മററും സംബന്ധിച്ചു പ്രസംഗങ്ങൾ ചെയ്ക പതിവായിരുന്നു. രാമപണ്ഡിതന്റെ ഉപദേശങ്ങൾ കേട്ട് അദ്ദേഹത്തിന്റെ കീഴിൽ പഠിക്കണമെന്നു പലൎക്കും ആഗ്രഹമുണ്ടാകയാൽ അവരുടെ അപേക്ഷപ്രകാരം വിശാലവും ഉന്നതവുമായ ഒരു വനഭൂമിയിൽ പാൎപ്പുറപ്പിച്ചു. ദിവസവും പ്രഭാതം മുതൽ അസംഖ്യം പ്രവ്രാജകന്മാരും മററും വന്നു രാമപണ്ഡിതനെ ചുററും കൂടിക്കൊണ്ടിരിക്കും. രാമപണ്ഡിതന്ന് അവരോടു പ്രസംഗിക്കമാത്രം പതിവായി. ആഹാരത്തിന്നു വേണ്ടുന്ന സാധനങ്ങൾ സീതയും ലക്ഷ്മണനും കൂടി കാട്ടിൽ പോയി കൊണ്ടുവരികയും ചെയ്യും. അവരുടെ ആഗ്രഹം ജ്യേഷ്ഠൻ ബുദ്ധിമുട്ടരുതെന്നും ജ്യേഷ്ഠന്നു വേണ്ടുന്നതെല്ലാം തങ്ങൾ സമ്പാദിച്ചു കൊണ്ടുവരണമെന്നുമായിരുന്നു. അതു വഴിപോലെ സാധിച്ചു.

നായാട്ടിന്നു പോയ ഭരതകുമാരൻ മടങ്ങിയെത്തുമ്പോഴേക്കു ദശരഥൻ മരിച്ചുകഴിഞ്ഞു. രാമപണ്ഡിതൻ കാട്ടിലേക്കു പോയതുകൊണ്ട് അദ്ദേഹത്തിന്നു മനസ്സുഖമില്ലാതായിത്തീരുകയും ക്രമേണ ഹൃദ്രോഗം ബാധിച്ചു പിറേറദിവസം മരിക്കുകയുമാണുണ്ടായത്. അച്ഛൻ മരിച്ചതിന്നും രാമപണ്ഡിതൻ കാട്ടിലേക്കു പോയതിന്നുമുള്ള കാരണങ്ങളെ ഭരതന്നറിയിപ്പാനായി, അവന്റെ അമ്മ വളരെ ഭയപ്പെട്ടതിനാൽ അവന്നു വാസ്തവമറിവാൻ വളരെ താമസം വേണ്ടിവന്നു. ഒടുവിൽ ഭരതകുമാരന്നു തന്റെ അമ്മയോടു കഠിനവൈരം തോന്നി. അവളും താനും ഒരുമിച്ച് ഒരു ദിക്കിൽ താമസിക്കയില്ലെന്നു പ്രതിജ്ഞചെയ്തു.

അമാത്യന്മാർ രാജ്യഭാരം തുടങ്ങേണ്ടതിന്നു ഭരതനോട് അപേക്ഷിച്ചതിന്നു, തനിക്കു രാജ്യത്തിന്മേലവകാശമില്ലെന്നും രാമപണ്ഡിതനെ തിരഞ്ഞു വനത്തിലേക്കു താൻ പോകയാണെന്നും ഉത്തരം പറകയാണ് ഭരതൻ ചെയ്തത്. ഭരതകുമാരൻ പുറപ്പെട്ടതോടുകൂടി മന്ത്രിമാരും പുറപ്പെട്ടു. അങ്ങിനെ അധികം ജനങ്ങൾ കൂടി കാട്ടിലെത്തി. രാമപണ്ഡിതന്റെ വാസസ്ഥലമന്വേഷിച്ചു നടന്ന് അവിടെ എത്തിച്ചേൎന്ന സമയം ലക്ഷ്മണകുമാരനും സീതയും കാട്ടിലേക്കു പോയ സമയമായിരുന്നു. അച്ഛന്റെ മരണവൎത്തമാനം കേൾക്കുമ്പോൾ രാമപണ്ഡിതൻ എത്രകണ്ടു വ്യസനിക്കുമെന്നുള്ള ശങ്കയോടുകൂടിയാണ് ഭരതൻ വിവരം അറിയിച്ചത്.

എന്നാൽ രാമപണ്ഡിതന്നു യാതൊരു വികാരവുമുണ്ടായില്ല. അല്പം ആലോചിച്ചിരുന്നശേഷം ഇങ്ങിനെ പറഞ്ഞു:

"സുഖത്തിനന്തംബഹുദുഃഖകാല-
മതിന്നുപിൻ്പസുഖമെന്നുഭേദം
നശിക്കുമുണ്ടായതുസർവ്വമെന്നീ
വിവേകമുള്ളോൎക്കുവിഷാദമില്ലാ".

പിന്നെ ഭരതകുമാരനോടു പറഞ്ഞു. "അച്ഛന്റെ മരണവൎത്തമാനം കേട്ടു ഞാൻ സമാധാനിച്ചിരുന്നതുപോലെ സീതയും ലക്ഷ്മണനും സഹിക്കയില്ല. അവർ ഇതുകേട്ടാൽ പെട്ടന്നു ദുഃഖാധിക്യത്താൽ മരിച്ചുപോവാനാണിടയുള്ളതു്. അതിനാൽ അവരെത്തുന്ന സമയം നീ ഇവിടെ ഉണ്ടാവരുതു്". ഇതു കേൾക്കുകയാൽ ഭരതനും മാറും അവിടെ ഒളിച്ചുനിന്നു.

സന്ധ്യക്കു മുമ്പായി ലക്ഷ്മണനും സീതയും ഭക്ഷണദ്രവ്യങ്ങളോടുകൂടി മടങ്ങിയെത്തി. തണുപ്പുള്ള സ്ഥലത്തുവെച്ചല്ലാതെ അവരെ ഇതറിയിക്കുന്നതു് അപായമാണെന്നു കരുതി രാമപണ്ഡിതൻ അവരോടു സ്നാനംചെയ്തു വരാൻ കല്പിച്ചു. അവർ കുളത്തിലിറങ്ങി നില്ക്കുമ്പോൾ രാമപണ്ഡിതൻ അടുത്തുചെന്നു പറഞ്ഞു.

"സീതേ! ലക്ഷ്മണ! നമ്മൾക്കുള്ളച്ഛൻഹന്തമരിച്ചുപോയ്
വന്നിരിപ്പുണ്ടുഭരതനവൻചൊല്ലിയറിഞ്ഞുഞാൻ"

ഇതു കേട്ടമാത്രയിൽ തന്നെ രണ്ടുപേരും ബോധം വിട്ടു വീണുപോയി. വെള്ളത്തിലാകയാൽ വീണ്ടും ബോധമുണ്ടാവുമെന്നുറച്ചുകൊണ്ടു രാമപണ്ഡിതൻ തന്റെ കൈകൊണ്ടു രണ്ടുപേരെയും താങ്ങിനിന്നു. അല്പം കഴിയുമ്പോൾ ബോധമുണ്ടായി, ജ്യേഷ്ഠൻ മുമ്പു പറഞ്ഞതു് ഓൎമ്മയില്ലാത്തവിധം പിന്നെയും രാമപണ്ഡിതനോടു "എന്താണു്" എന്നു ചോദിച്ചു. രാമപണ്ഡിതൻ മുൻവിവരിച്ചപോലെ അച്ഛന്റെ നിൎയ്യാണത്തെ പ്രസ്താവിച്ചു. അവർ പിന്നെയും വീണു. ജ്യേഷ്ഠൻ താങ്ങിനിൎത്തി, മൂന്നുപ്രാവശ്യം ഇങ്ങിനെ കഴിഞ്ഞു. ഇനി വെള്ളത്തിൽ വീണാൽ ശൈത്യാധിക്യംകൊണ്ടു് ആപത്തുവരാമെന്നു വിചാരിച്ചു രണ്ടുമൂന്നുപേർ കൂടി എടുത്തു് അവരെ കരയിൽ കിടത്തി. അപ്പോഴേക്കു ഭരതകുമാരനും എത്തിച്ചേൎന്നു.

വളരെയധികനേരം ശുശ്രൂഷചെയ്തശേഷം ലക്ഷ്മണനും സീതക്കും ബോധമുണ്ടായി. പിന്നെ അവൎക്കു ബുദ്ധിമുട്ടറിഞ്ഞില്ല. അ

ച്ചൂന്റെ അപായകഥകളെ വിവരമായി ചോദിച്ചറിഞ്ഞശേഷം അവർ വല്ലാതെ കരഞ്ഞു. അതുകണ്ടു ഭരതകുമാരനും മററവിടെ കൂടിയവരുമെല്ലാം കരഞ്ഞുതുടങ്ങി. ആ ഘട്ടത്തിൽ ഒരു സമാധാനമുണ്ടാക്കിത്തീർക്കാൻ രാമപണ്ഡിതന്നു വളരെ ബുദ്ധിമുട്ടേണ്ടിവന്നു. അദ്ദേഹം പല പ്രസംഗങ്ങളും പല കഥാവിവരണങ്ങളും അവരുടെ ശോകനിവൃത്തിക്കായി അവിടെവെച്ചു ചെയ്തു. ഒടുവിൽ ഇപ്രകാരമാണു് പറഞ്ഞതു്:

"സ്വപ്നത്തിൽകണ്ടലോകംപോലസ്ഥിരംദേഹമോർക്കിലോ
കുതന്നമൺകുടമ്പോലെക്ഷണാന്തത്തിൽനശിച്ചതാം.

"രാജാവുംയാചകനുമില്ലന്തരംമൃതിതേടുവാൻ
സത്തെന്നുമില്ലസത്തെന്നുംഭേദംഹാചത്തുപോവതിൽ.

"ദേഹമുണ്ടെങ്കിൽയമനുണ്ടിവർതാൻപിരിയാത്തവർ
യമൻതൊടാത്തുള്ളോരുടലുണ്ടായിട്ടില്ലിതേവരെ.

"കാലൻകെട്ടിയിഴച്ചീടുംയമൻതാൻകൊണ്ടുപോയിടും
ജീവൻപോയീടുമായുസ്സിന്നന്തമാമിതിചിന്തകൾ.

"ജനിച്ചമർത്ത്യർക്കീവണ്ണമെന്നുംചാവുന്നതിൽഭയം
അവൻചിലരെനോക്കുമ്പോളവനെച്ചിലർകണ്ടിടാ.

"ചിലരായമനെക്കണ്ടാലവൻചിലരെനോക്കിടാ
പരിദേവിച്ചുകൊണ്ടാലുമേതുംകിട്ടാപ്രയോജനം.

"ആത്മാവിനെവിമോഹത്താൽഹിംസിക്കില്ലവിചക്ഷണൻ
വിവണ്ണനായിത്തന്നെത്താനെത്രഹിംസിച്ചുവെങ്കിലും.

"പ്രേതങ്ങൾക്കുണ്ണചെയ്യില്ലാനിഷ്ഫലംപരിദേവനം
ആദിത്യൻതന്നെമൂടുന്നവാരിദങ്ങളെയാംവിധം.

"ധീരൻതപസ്വിമേധാവിവിദ്വാൻദുഃഖമൊഴിച്ചിടും
ഉയർന്നശോകത്തെക്കാററുപഞ്ഞിയെപ്പോലകററണം.

"പോകുന്നതുമൊരേമർത്ത്യനുണ്ടാകുന്നതുമാവിധം
സംഭോഗങ്ങളെവന്നുംസദ്യോഗത്താൽമികവാർന്നിടും.

അതോർത്തുധീരൻബഹുശാസ്ത്രവേദി
ലോകങ്ങൾരണ്ടുംബതകണ്ടറിഞ്ഞോൻ
ധർമ്മംധരിച്ചിട്ടുമനസ്സമുള്ളും
പെരുത്തഴൽപ്പാടിനധീനമാകാ.

"ജ്ഞാതകൻതൻദശ്മോക്ഷങ്ങളുമീഞാൻഭരിക്കവെൻ
ഇകൃത്യമറിയുന്നോരെൎയൊക്കയും കാത്തുകൊള്ളുവൻ".

രാമപണ്ഡിതന്റെ അനിത്യതാപ്രകാശകമായ ധമ്മദശ്നം കേട്ട് അവിടെ കൂടിയവൎക്കെല്ലാം ദുഃഖമില്ലാതായി. പിന്നെ ഭരതൻ രാമപണ്ഡിതനെ വന്ദിച്ചു കാശിയിലെ രാജ്യാധിപത്യം വഹിക്കണമെന്നപേക്ഷിച്ചു. അപ്പോൾ രാമപണ്ഡിതൻ പറഞ്ഞു. "എന്നാൽ ലക്ഷ്മണനെയും സീതയേയും കൊണ്ടുപോയി എല്ലാവരും ഒത്തൊരുമിച്ചു രാജ്യംഭരിച്ചുകൊൾവിൻ.

ഭരതൻ—അപ്പോൾ ജ്യേഷ്ഠനോ?

രാമ—പന്ത്രണ്ടു സംവത്സരം കഴിഞ്ഞശേഷം വന്നു രാജ്യഭാരം കയ്യേല്ക്കുവാനാണ് എനിക്ക് അച്ഛന്റെ കല്പന. അതിന്നു മുമ്പെ മടങ്ങിച്ചെന്നാൽ അച്ഛന്റെ കല്പന ലംഘിച്ചവനായിത്തീരും. അതിനാൽ മൂന്നുവൎഷവും കൂടി കഴിഞ്ഞിട്ടു ഞാൻ വന്നുകൊള്ളാം.

ഭര—അതുവരെ രാജ്യം ആരുരക്ഷിക്കും?

രാമ—നീതന്നെ.

ഭര—എന്നെക്കൊണ്ടു സാധിക്കില്ല.

രാമ—എന്നാൽ എന്റെ രണ്ടു മെതിയടി തരാം. ഇതുകൾ രാജ്യരക്ഷ ചെയ്തുകൊള്ളും.

എന്നുംപറഞ്ഞു രാമപണ്ഡിതൻ തന്റെ പുൽച്ചെരിപ്പുകളെ ഊരിക്കൊടുത്തു. ഭരതനും മററു രണ്ടുപേരും പണ്ഡിതനെ വന്ദിച്ചു കാശിയിൽ ചെന്നു മൂന്നുവൎഷം കഴിച്ചു. അമാത്യന്മാർ പാദുകകളെ രാജപൎയ്യങ്കത്തിൽ വെച്ചുകൊണ്ടു രാജ്യരക്ഷ ചെയ്തുവന്നു. വല്ല പിഴവും അവരുടെ പക്കൽ വന്നാൽ ചെരിപ്പുകൾ തമ്മിലടിച്ചു ശബ്ദിക്കും. ഈ സമ്പ്രദായം രാജ്യരക്ഷക്ക് ഒരനുകൂലമായിത്തീൎന്നു. വ്യവഹാരങ്ങളും മററും ധമ്മത്തോടെ പൎയ്യവസാനിക്കുമ്പോൾ ചെരിപ്പുകൾ നിശ്ശബ്ദമായിരിക്കും. മൂന്നു സംവത്സരം കഴിഞ്ഞശേഷം രാമപണ്ഡിതൻ കാട്ടിൽനിന്നു പോയി കാശിരാജ്യത്തെത്തി ആദ്യമായി ഉദ്യാനത്തിൽ ചെന്നു, അദ്ദേഹം വന്ന വിവരമറികയാൽ കുമാരന്മാർ അമാത്യരൊരുമിച്ചു ചെന്നു രാജ്യാഭിഷേകം ചെയ്തു. അഭിഷേകാനന്തരം ആ മഹാസത്വൻ അലംകൃതമായ രഥത്തിൽ കയറി നഗരപ്രദക്ഷിണം ചെയ്തശേഷം മനോഹരമായ ചന്ദ്രശാലയുടെ മുകൾനിരയിൽ ചെന്നു സു

ഷിച്ചിരുന്നുകൊണ്ടു പതിനാറായിരം സംവത്സരം രാജ്യഭോഗങ്ങളുനുഭവിച്ചു.

"പതിനായിരമോടാറായിരംവഷങ്ങളെലാക്കയും
കംബുഗ്രീവൻമഹാബാഹുരാമൻരാജ്യംഭരിച്ചതേ".

അന്നത്തെ ദശരഥൻ ശുദ്ധോദനരാജാവും അമ്മ മഹാമായയും സീത രാഹുലമാതാവായ യശോധരയും ഭരതൻ ആനന്ദനും ലക്ഷ്മണൻ ശാരിപുത്രനും സദസ്യന്മാർ ഈ ഭിക്ഷുക്കളുമാകുന്നു. രാമപണ്ഡിതൻ ഞാൻ തന്നെയാണ്.

## ൪൦. സോമദത്തൻ.

ബോധിസത്വൻ കാശിയിൽ ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ചു. സോമദത്തനെന്നു പേരായി വളർ്ന്നു. അദ്ദേഹം തക്ഷശിലയെന്ന രാജ്യത്തിലെ പാഠശാലയിൽ ചേന്നു ശില്പവിദ്യയഭ്യസിച്ചു മടങ്ങിവന്നു. സോമദത്തന്റെ അമ്മയും അച്ഛനും ദരിദ്രരായിരുന്നു. താൻ ഇവക്കൊരു രക്ഷചെയ്യേണ്ടതിന്നായി പല വഴികളും ആലോചിച്ച ശേഷം അവരോട് അനുവാദം വാങ്ങി അന്നത്തെ കാശിരാജാവായ ബ്രഹ്മദത്തന്റെ അടുക്കൽ ചെല്ലുകയും രാജാവിന്റെ ഇഷ്ടം സമ്പാദിച്ച് അവിടെ പാത്തുവരികയും ചെയ്തു.

അങ്ങിനെയിരിക്കുമ്പോൾ സോമദത്തന്റെ അച്ഛനു കൃഷിപ്രവൃത്തിക്കു രണ്ടു കാളകളുള്ളവയിൽ ഒന്നു ചത്തുപോയി. അതിനാൽ ആയാൾ രാജസേവകനായ മകനെ ചെന്നു കണ്ടു. "മകനേ! നമ്മുടെ ഒരു കാള ചത്തുപോകയാൽ കൃഷിപ്പണി മുടക്കമായി. ഒരു കാളയെ നമുക്കു വാങ്ങിത്തരുവാൻ രാജാവിനോട് അപേക്ഷിക്കു" എന്നച്ഛൻ പറഞ്ഞു.

സോമദത്തൻ— ഞാൻ രാജാവുമായി പരിചയിച്ചിട്ട് അധികം കാലമാവാത്ത സ്ഥിതിക്ക് ഇപ്പോൾതന്നെ വല്ലതും ചോദിച്ചു ബുദ്ധിമുട്ടിക്കുന്നതു യുക്തമാകയില്ല. അതിനാൽ അച്ഛൻ തന്നെ നേരിട്ടു ചോദിച്ചുകൊള്ളു.

അച്ഛൻ—മകനേ! നീയെന്താണിങ്ങിനെ പറയുന്നത്? എനിക്കു രാജാവിനെ കണ്ടിട്ടു ശീലമില്ല. ആരോടും ഒന്നും ചോദിച്ചു പഠിച്ചിട്ടുമില്ല. രാജാവിൻെറ അടുക്കൽ ചെന്നാൽ ഒരു വാക്കു പറയുവാനും എനിക്കു ശക്തിയില്ല.

സോമ— എന്നെക്കൊണ്ടു ചോദിക്കാൻ ഏതായാലും കഴിയില്ല. ചോദിക്കുന്നതെങ്ങിനെയാണെന്ന് അച്ഛനു ഞാൻ പഠിപ്പിച്ചു തരാം.

അച്ഛനതു സമ്മതിച്ചശേഷം അദ്ദേഹത്തേയും കൂട്ടിക്കൊണ്ടു സോമദത്തൻ അടുത്തുള്ള ഒരു ശ്മശാനത്തിൽ ചെന്നു. സോമദത്തൻ അവിടെ നിന്നു കുറെ പുല്ലു പറിച്ച് ഓരോ കെട്ടുകെട്ടാക്കിവച്ചു. അവയെ തൊട്ടുകാണിച്ച് "ഇതു വലിയ രാജാവ് ഇത് എളയ രാജാവ്" എന്നെല്ലാം ഓരോ പേരുകൾ അച്ഛനു മനസ്സിലാക്കി. രാജാവുതുടങ്ങിയുള്ളവരുടെ മുമ്പിൽ ചെന്നു "ജയജയമഹാരാജ" എന്നും മററും സ്തുതിക്കുവാനും അച്ഛനു മകൻ പഠിപ്പിച്ചു. അനന്തരം രാജാവിനോടു കാളയെ ആവശ്യപ്പെടുവാനുള്ള ഒരു ശ്ലോകവും ധരിപ്പിച്ചു.

"കാളരണ്ടാണു,കൃഷിചെയ്യാനിനിക്കവനീപതേ!
ഒന്നതിൽചത്തുപോയൊന്നുവാങ്ങിത്തരിക ഭൂപതേ!"

ഈ ശ്ലോകം നല്ലവണ്ണം തോന്നിക്കുവാൻ ബ്രാഹ്മണന്ന് ഒരു സംവത്സരം വേണ്ടിവന്നു. പിന്നെ ബോധിസത്വനോടു പറഞ്ഞു. "മകനേ! സോമദത്ത! ശ്ലോകം എനിക്ക് അസ്സലായി തോന്നി. ഇനി ആരുടെ മുമ്പാകെയും ഇതു ചൊല്ലാം. ഇനി രാജാവിൻെറ അടുക്കൽ എന്നെ എത്തിച്ചാൽ മതി".

സോമദത്തൻ അതു സമ്മതിച്ചു രാജാവിന്നു ചെയ്യേണ്ടുന്ന ആചാരോപചാരത്തെ ഒന്നുകൂടി പരിശോധിച്ചശേഷം അച്ഛനെ രാജപാൎശ്വത്തിൽ കൊണ്ടുചെന്നു. ബ്രാഹ്മണൻ രാജാവിനെ വന്ദിച്ചു. അപ്പോൾ സോമദത്തനോടു രാജാവു ചോദിച്ചു. "സോമദത്ത! ഇതു തൻെറ ആരാണ്".

സോമ—ഇതെൻെറ അച്ഛനാണ് മഹാരാജാവേ!

രാജാ—എന്തിനാണ് വന്നത്?

ഇതു കേട്ടപ്പോൾ ബ്രാഹ്മണൻ "കാള രണ്ടാണ്" എന്നാദിയായ ശ്ലോകം ചൊല്ലി. ഇതു കടംവാങ്ങി പഠിച്ച ശ്ലോകമാണെന്നു രാജാവിന്നു മനസ്സിലായി. അനന്തരം രാജാവു "സോമദത്ത! ത

ന്റെ ഗൃഹത്തിൽ കാളകളധികമുണ്ടെന്നു തോന്നുന്നുവല്ലോ" എന്നു സോമദത്തനോടു ചോദിച്ചു.

"തിരുമനസ്സുകൊണ്ടു തന്നതെല്ലാം ഉണ്ട്" എന്നു സോമദത്തനും പറഞ്ഞു".

രാജാവു ബോധിസത്വന്റെ പേരിൽ സന്തുഷ്ടനായിട്ടു പതിനാറു വലിയ കാളകൾക്കെട്ടുകത്തക്കവണ്ണം ദ്രവ്യങ്ങളെ ഭാണ്ഡങ്ങളാക്കി കെട്ടിക്കൊടുത്തു. ഒരു ഗ്രാമം അവൎക്കു പാൎക്കാനായി ബ്രഹ്മസ്വമാക്കിയും കൊടുത്തു. ബ്രാഹ്മണൻ വെള്ളക്കുതിരയെ കെട്ടിയ തേരിൽ കയറിപ്പോവുകയും ചെയ്തു.

പിതാവൊന്നിച്ചു രഥസ്ഥനായ ബോധിസത്വൻ പറഞ്ഞു. "അച്ഛാ! ഞാൻ ഒരു കൊല്ലം മുഴുവനും പഠിപ്പിച്ചതുകൊണ്ട് അങ്ങുന്നു യോഗ്യനായി. രാജാവ് അങ്ങയ്ക്കു കാളകളെ സമ്മാനിക്കുകയും ചെയ്തുവല്ലോ" എന്നു പറഞ്ഞ് ഈ ശ്ലോകം ചൊല്ലി.

"ഉന്നച്ചുകയ്യോണ്ടൊരുവൎഷകാലം
ശ്മശാനദേശത്തുഭവാൻപഠിച്ചു
അതിന്റെചിഹ്നങ്ങളറിഞ്ഞതില്ല
നൃപന്നിതാബുദ്ധികുറഞ്ഞമൂലം."

അപ്പോൾ ബ്രാഹ്മണൻ മറ്റൊരു ശ്ലോകം ചൊല്ലി.

"ഇരന്നോൎക്കിരുമട്ടായേസോമദത്ത!ഫലംവരു
കിട്ടായ്കയധികംകിട്ടലീമട്ടാണല്ലോയാചനം."

---

## X ൪൫ കച്ഛപം.

---

ബോധിസത്വൻ, ഒരു കാലത്തു കാശിയിൽ ബ്രഹ്മദത്തരാജാവിന്റെ അമാത്യകുലത്തിൽ ജനിച്ചു. പ്രായംതികഞ്ഞ ശേഷം രാജാവിന്റെ ഒരമാത്യൻ എന്നുമാത്രമല്ല ധൎമ്മോപദേശിയായിത്തന്നെ താമസിച്ചുവന്നു. എന്നാൽ രാജാവു വലിയൊരു വായാടിയാണ്. ഏതുസമയവും എന്തെങ്കിലും സംസാരിച്ചുകൊണ്ടിരിക്കുക അദ്ദേഹത്തിന്റെ സമ്പ്രദായമായിരുന്നു. എന്തെങ്കിലും ഒരു കാൎയ്യം പറഞ്ഞു തുടങ്ങിയാൽ മററുള്ളവൎക്കു യാതൊന്നും സംസാരിപ്പാനിടകൊടുക്കാതെ രാജാവുതന്നെ തോന്നിയതു പറഞ്ഞുതുടങ്ങും. ഈ നിലയ്ക്കൊരു മാററം വരുത്തേണ്ടതിന്നു കരുതിക്കൊണ്ടു ബോധിസത്വൻ ദിവസം കഴിച്ചുവന്നു.

അക്കാലത്തു ഹിമവാനുസമീപം ഒരു സരസ്സിൽ ഒരാമ ഉണ്ടായിരുന്നു. ഒരിക്കൽ ആ ദിക്കിൽ ഇരതേണ്ടിച്ചെന്ന രണ്ട് അരയന്നക്കുട്ടികളുമായി ഈ ആമ വളരെ വിശ്വാസനിലയിലായിത്തീന്നു.

ഒരു ദിവസം ആ പക്ഷികൾ ആമയോട് ഇങ്ങിനെ പറഞ്ഞു. "സ്നേഹിത! ചിത്രകൂടപവ്വതത്തിൽ രമണീയമായ ഒരു കാഞ്ചനഗുഹയുണ്ട്. അതാണ് ഞങ്ങളുടെ വാസസ്ഥാനം. അങ്ങുന്നു ഞങ്ങളുടെകൂടെ പോന്നാൽ നമുക്ക് അവിടെ സുഖമായി താമസിക്കാം".

ആമ—നിങ്ങൾ പറക്കുന്ന കൂട്ടരാണ്. എങ്ങിനെ ഞാൻ നിങ്ങളോടുമിച്ചു പോരും?

പക്ഷികൾ—നീ യാതൊരാളോടും യാതൊന്നും ശബ്ദിക്കാതെ വായ പൂട്ടുമെങ്കിൽ ഞങ്ങൾ നിന്നെ എടുത്തുകൊണ്ടു പോവാം.

ആമ—അങ്ങിനെ തന്നെ, ഞാൻ വായ തുറക്കില്ല. എന്നെ കൊണ്ടുപോകണം.

അതിന്നുശേഷം അവർ ഒരു വടി കൊണ്ടുവന്ന് ആമയെ വടിക്കു നടുവിൽ കടിപ്പിച്ചു രണ്ടു തലകളും തങ്ങൾ കൊത്തിക്കൊണ്ടു പക്ഷികൾ ആകാശത്തിൽ പറന്നുതുടങ്ങി. ഈ കൌതുകയാത്ര കാണുകയാൽ ഗ്രാമങ്ങളിലുള്ള ചില കുട്ടികൾ കൂട്ടംകൂട്ടമായി "അതാ പക്ഷികൾ ആമയെ വടിമേൽ എടുത്തു കൊണ്ടുപോണു എന്ന് ആശ്ചയ്യത്തോടെ കൂക്കി വിളിച്ചുതുടങ്ങി. അങ്ങിനെ അധികം പ്രാവശ്യം കുട്ടികളുടെ വാക്കു കേൾക്കുകയാൽ ആമയ്ക്കു ദ്വേഷ്യംവന്നു. "വികൃതിക്കുട്ടികളേ! എന്നെ എന്റെ ചങ്ങാതിമാർ കൊണ്ടുപോകുന്നതിൽ നിങ്ങൾക്കെന്തു നഷ്ടമാണ്?" എന്നു പറയാൻ ഭാവിച്ച ആമയുടെ വായ് വടിമേൽനിന്നു വിട്ടുകയും അതു കാശിരാജാവിന്റെ അരമനയിൽ ചെന്നു വീണു രണ്ടായി പൊളിയുകയും ചെയ്തു. ഇതറിഞ്ഞു രാജാവ് അമാത്യന്മാരൊരുമിച്ച് ആമ വീണ സ്ഥലത്തെത്തി നോക്കി. അതു വീണു ചാവാൻ കാരണമെന്താണെന്നു അദ്ദേഹം ബോധിസത്വനോടു ചോദിച്ചു. ആമയും പക്ഷികളും തമ്മിൽ കൂട്ടുകെട്ടുണ്ടായ കഥയും അവരതിനെ വടിയ്ക്കു നടുവിൽ കടിപ്പിച്ച് എടുത്തുകൊണ്ടുപോവുമ്പോൾ ശബ്ദിക്കാൻ തുടങ്ങിയതിനാൽ ആമ വീണു ചത്തുപോയ വിവരവും അദ്ദേഹം രാജാവിന്നു മനസ്സിലാക്കിയതോടുകൂടി ഇങ്ങിനെ പറഞ്ഞു: "ദേവ! വാക്കിന്നു കണക്കില്ലാത്ത അധികം വായാടികളായ കൂട്ടക്ക് ഈ വിധമുള്ള ആപത്തു വരുന്നതാണ്. എന്തുപോലെയെന്നാൽ:—

"ആമവേണ്ടാത്തവാക്കോതിത്തന്നെത്താൻകൊന്നുകഷ്ടമേ!
വാക്കധീനത്തിലല്ലെന്നാലിത്തരംകഷ്ടമേല്പതും."

"ഇതുകണ്ടിട്ടുരാജേന്ദ്ര!വാക്കഞ്ഞുന്നചുരുക്കണേ
കണ്ടില്ലേ!ആമവായാടിയാകയാൽചത്തുപോയതും."

ഇതുകേട്ട് "എന്നെക്കുറിച്ചാണോ താനീപ്പറയുന്നതു പണ്ഡിതരേ!" എന്നു രാജാവു ചോദിച്ചു.

ബോധിസത്വൻ—അങ്ങേയ്ക്കോ മറ്റാൎക്കോ അതിഭാഷിത്വമുണ്ടെങ്കിൽ ഇങ്ങിനെയുള്ള ആപത്തു വരുമെന്നേ അൎത്ഥമുള്ളു.

രാജാവിന്നു വിവരം മനസ്സിലായി, അന്നുമുതൽക്കു സംസാരം നന്നെ ചുരുക്കുകയും ചെയ്തു.

---

## ൭൨ സന്ധിഭേദം.

ഒരു കാലത്തു ബോധിസത്വൻ കാശിയിലെ രാജകുലത്തിൽ ജനിക്കുകയുണ്ടായി. പഠിപ്പിന്നു പ്രായമായപ്പോൾ പണ്ഡിതസമാജങ്ങളാൽ ശ്രുതിപ്പെട്ട തക്ഷശിലയിൽ ചെന്നു പഠിക്കുകയും ക്രമേണ വലിയൊരു പണ്ഡിതനായി വരികയും ചെയ്തു. യൌവനമായതോടുകൂടി തന്റെ അച്ഛൻ ബ്രഹ്മദത്തൻ മരിക്കുകയാൽ രാജ്യഭാരം കയ്യേറ്റ ധൎമ്മം തെറ്റാതെ രാജ്യം രക്ഷിച്ചുവന്നു. അങ്ങിനെയിരിക്കുമ്പോൾ പശുക്കളെ മേയ്ക്കുന്ന ഒരുവൻ ഒരു ദിവസം പശുക്കളെ തെളിച്ചു കൊണ്ടുപോരുന്ന സമയം ഒരു പശു കൂട്ടത്തിൽനിന്നു വിട്ടുപോയി. അതു കാട്ടിലലഞ്ഞു നടക്കുംകാലത്ത് ഒരു പെൺസിംഹവുമായി കണ്ടുമുട്ടി. സിംഹത്തിന്നു പശു, ഭക്ഷണദ്രവ്യമാണെങ്കിലും ഈശ്വരേച്ഛയാൽ ഈ പശുവിനെ സിംഹം സ്നേഹിക്കയാണുണ്ടായത്. അവർ തങ്ങളിൽ ഒത്തൊരുമിച്ചു നടക്കുന്ന കാലത്തു സിംഹി ഒരു സിംഹകുട്ടിയേയും പശു ഒരു കാളക്കുട്ടിയേയും പ്രസവിച്ചു. ആ കുട്ടികളും തമ്മിൽ വിശ്വാസത്തോടെ നടന്നുവന്നു. ഒരിക്കൽ കാട്ടിൽനിന്നു തേട്ടങ്ങളെടുക്കാൻ പോയ ഒരു മലയന്ന് ഈ മൃഗങ്ങളുടെ അന്യോന്യചേഷ്ട കാണാനിടയായി. അവൻ രാജധാനിയിൽ ചെന്നു തിരുമുൽക്കാഴ്ച കാണുമ്പോൾ "എടോ! കാട്ടിൽ വിശേഷവിധിയൊന്നുമില്ലല്ലേ?" എന്നു രാജാവു ചോദിച്ചു. "ഒരു സിംഹവും കാളയും തമ്മിൽ വിശ്വസ്തന്മാരായി നടക്കുന്നത് അടി

യൻ കണ്ടതൊഴികെ മററു വിശേഷങ്ങളൊന്നുമില്ല" എന്ന് അവനും പറഞ്ഞു. "എന്നാൽ ആ രണ്ടുപേരുടെ കൂടെ മൂന്നാമതൊരു ജീവി കൂടിയാൽ കാര്യം ഭയങ്കരമായിരിക്കും. അതിനാൽ അങ്ങിനെ സംഭവിച്ചതായിക്കണ്ടാൽ ഉടനെ എനിക്കു വിവരം അറിയിക്കണം" എന്നു കല്പിച്ചു രാജാവ് അവനെ അയച്ചു. വനചരൻ മടങ്ങിപ്പോവുകയും ചെയ്തു. അവൻ രാജധാനിക്കു പോയി മടങ്ങുന്നതിന്നിടയിൽ കാട്ടിൽ ഒരു കുറുക്കൻ കാളയും സിംഹവും ചേന്നിരിക്കുന്ന ദിക്കിൽ ചെന്നു കൂടിയിരിക്കുന്നു. ആ സ്ഥിതി കാട്ടാളൻ വന്നു കണ്ടു ഉടനെ രാജാവിന്നറിയിപ്പാനായി നഗരത്തിലേക്കു പോയി. "സിംഹമാംസവും പശുമാംസവും ഞാൻ തിന്നിട്ടുണ്ട്. അതു നല്ല രുചിയുള്ളതാണ്. ഇവരെയും എങ്ങിനെയെങ്കിലും കൊന്നു മാംസം തിന്നണം". ഈ ഉദ്ദേശമായിരുന്നു സൂചകനായ കുറുക്കന്ന് ആദ്യമേ ഉണ്ടായിരുന്നത്. ആ വിരുതൻ സിംഹത്തോടും കാളയോടും സേവകൂടി ഏഷണിപ്രയോഗം തുടങ്ങി. "അവൻ നിന്നെക്കൊണ്ട് അതു പറഞ്ഞു". "അവൻ ഇതു പറഞ്ഞു" എന്നും മററും കൌശലമായി രണ്ടുപേരോടും തരത്തിൽ ഛിദ്രത്തിന്നുള്ള കാരണങ്ങളായ വാക്കുകളെ പറഞ്ഞുതുടങ്ങി. ക്രമത്തിൽ കുറുക്കന്റെ ആഗ്രഹം ഫലിച്ചു. അവന്റെ വാക്കു സത്യമാണെന്നുറച്ച് ആ ജന്തുക്കൾ രണ്ടും തമ്മിൽ മുഷിഞ്ഞു ബദ്ധമത്സരികളായിത്തീരുകയും അന്യോന്യം പ്രാണാപായം വരുത്തേണ്ടതിന്നു തരം നോക്കി പാക്കുകയും ചെയ്തു. കുറുക്കനാണ് സിംഹത്തിന്നും കാളക്കും മദ്ധ്യസ്ഥനായി വന്നിട്ടുള്ളതെന്നു കേട്ടപ്പോൾ രാജാവു പറഞ്ഞു, "കുറുക്കൻ ഉടനെ അവർ രണ്ടിനേയും കൊല്ലും. അവരുടെ അവസാനകാലമാവുമ്പോഴേക്കെ നമുക്ക് അവിടെ എത്താൻ സാധിക്കയുള്ളു. ഏതായാലും പോവുക." എന്നുപറഞ്ഞു തേരിൽ കയറി വനചരൻ കാണിച്ച വഴിയിൽക്കൂടി കാട്ടിലെത്തിയപ്പോഴേക്കും സിംഹവും കാളയും തമ്മിൽ എതിർത്തു ചത്തുകിടക്കുന്ന സമയമായിരിക്കുന്നു. കുറുക്കനാകട്ടെ, സന്തുഷ്ടനായി ഒരു ദിവസം സിംഹമാംസം പിറേറന്നാൾ പശുമാംസം എന്നിങ്ങിനെ ഊഴംമാറി ഭക്ഷിച്ചു രസിച്ചുവരികയാണ്. രാജാവു രഥത്തിലിരുന്നുകൊണ്ട് ആ ജന്തുക്കൾ ചത്തുപോയ സംഗതിയെപ്പററിയും മററും സാരഥിയോടു ചിലതെല്ലാം പറഞ്ഞു. ഒടുവിൽ ഇങ്ങിനെ ചില പ്രമാണങ്ങളും ചൊല്ലി:

"ഇല്ലപെൺഭക്ഷ്യമിവയിൽ
സമാനമല്ല സാരഥേ!
ഇതിസ്സന്ധിവിഭേദത്തെ
നോക്കിയാൽതന്നെയോർത്തിടാം.

കൂർത്ത വാൾപോലെ മാംസത്തിൽ
പിശുനത്വമണഞ്ഞിടും
വൃഷസിംഹങ്ങളെത്തുല്യം
തിന്നുന്നിതുമൃഗാധമൻ".

ആരിക്കിടപ്പു കാണുന്ന
താരീദൃക്കിലകപ്പെടും!
സന്ധിഭേത്താവു പിശുനൻ
ചൊന്ന വാക്കാരറിഞ്ഞിടും?

ആ ജ്ജനങ്ങൾ സുഖിച്ചീടും
സ്വർഗ്ഗസ്ഥനരർപോലവേ
സന്ധിഭേത്താവുതൻ വാക്കി-
ന്നറിയാതാരു? സാരഥേ!

ഇങ്ങിനെ ചിലതെല്ലാം സംസാരിച്ചശേഷം രാജാവു സിംഹത്തിൻെറ അള, രോമം, തോൽ, നഖം ഇതെല്ലാമെടുപ്പിച്ചു തിരിയെ പോവുകയും ചെയ്തു.

ശുഭം:

ക. Palpoo.

…udi

…1942 | No. 290

വൈദ്യകലാനിധി മി. എസ്സ്. ഡി. ദാസ്സിന്റെ
സരോജാപൗഡർ
തീണ്ടാരിക്കാലത്തു് സ്ത്രീകൾക്കുണ്ടാകാറുള്ള
വയറുവേദനയെ ഉടനടി ഇല്ലാതാക്കും.
ഡസൻ പാക്കറ്റിനു് വില രൂപാ 1,
സരോജാഫാർമസി, ആനയറ,
പേട്ട–തിരുവനന്തപുരം.

## …ചി അന്നദാ …ണ്ടിലേക്ക്

### …ഞ്ഞ ഒരാഴ്ചയിലെ …സംഭാവനകൾ

(എ. പി. ഐ)

…ന്തപുരം, ഡി. 12—1942 ഡി …-നു- കൊണ്ടവസാനിച്ച ഒരാഴ്ച …ി ദരിദ്രാനന്ദഫണ്ടിലേക്ക 100 രൂ …ിൽ കൂടുതലും സംഭാവന ചെയ്ത …വിവരമാണ് താഴെ ചേർക്ക

…ൻകൂർ റബ്ബർ വർക്ക്സ് രൂ. 1,500
…പി. ജെ. തോമസ്, …ക്യൂട്ടീവ് എഞ്ചിനീയർ, ആലുവാ. 500
…ൻമറിഎസ്റ്റേറ്റ്, പീരുമേട്. 300
…ന്നൻ കയ്യൻ ബ്രദേഴ്സ് കോട്ടയം. 250
…കെ. സി. ഭട്ടതിരി …ക്കറ്റ്, തിരുവനന്തപുരം 200
…ആർ. നാരായണൻ …തിരിപ്പാട് എം. എൽ. എ. ചെങ്ങമനാട്. 120
…ി, കെ. രാമൻ, ഉറമ്പിക്കര …എസ്റ്റേറ്റ്, പീരുമേട്. 100

## …ന്യാനിൽ …ഷനെ തടഞ്ഞു

## അസ്വാസ്ഥ്യ വാർത്തകൾ

### പോലീസിന്റെ നേരെ ബാംബെറിഞ്ഞു

(എ. പി. ഐ)

കൽക്കട്ടാ, ഡി. 12—കൽക്കട്ടാ കാർപൊറേഷന്റെ കമ്മേഴ്സ്യൽ മ്യൂസിയത്തിനു സമീപം ഉള്ള ഒരു മുറിയിൽ ഇന്നു വൈകിട്ട് ഒരു നാടൻബാംബു പൊട്ടുകമൂലം രണ്ടുപേർക്കു പരുക്കുപറ്റിയിരിക്കുന്നു. മുറിയിലെ മതിലുകൾക്കും പ്രദർശനസാമഗ്രികൾക്കും കേടുപറ്റി.

### പോലീസിന്റെ നേരെ ബാംബെറിഞ്ഞു

ബാംബേ, ഡി. 13—ഇന്നുകാലത്തു കൽബാദേവി റോഡിൽവച്ചു ഒരു നാടൻബാംബു പൊട്ടിയതിന്റെ ഫലമായി ഒരു പോലീസ് കാൺസ്റ്റബിൾ കൊല്ലപ്പെടുകയും പത്തു കാൺസ്റ്റബിൾമാർക്കും ഒരു വഴിയാത്രക്കാരനും പരുക്കുപററുകയും ചെയ്തു. പലസ്ഥലങ്ങളിൽ ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിനായി പന്ത്രണ്ടുപേരടങ്ങിയ ഒരുസംഘം പോലീസുകാർ റോഡിൽകൂടി പോകവെ ഒരു കെട്ടിടത്തിൽനിന്നു ബാംബു എറിയുകയാണുണ്ടായതു്. ഭയങ്കരമായ ശബ്ദത്തോടെ ബാംബുപൊട്ടിത്തെറിച്ചു. ഒരു പോലീസുകാരൻ തൽക്ഷണം മൃതിയടഞ്ഞു. ഒരു കാൺസ്റ്റബിളിന്റെ സ്ഥിതി സംശയകരമാണ്. ഉയർന്ന പോലീസുദ്യോഗസ്ഥന്മാർ ആ സ്ഥലത്തെത്തി. ആസ്ഥലം പോലീസ് പ…